പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 331

# 2010-ലെ കേരള പോലീസ് ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 331

# 2010-ലെ കേരള പോലീസ് ബിൽ

333/2010.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 331

# കേരളാ പോലീസ് ബിൽ 2010

## കേരള സംസ്ഥാനത്തെ പോലീസ് സേനയുടെ രൂപീകരണവും നിയന്ത്രണവും സംബന്ധിച്ച നിയമം ക്രോഡീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികവുമായ കാര്യങ്ങൾക്കും വേണ്ടിയുള്ള

ഒരു

ബിൽ

*പീഠിക* :— സംസ്ഥാനത്തിന്റെ അഖണ്ഡതയും സുരക്ഷിതത്വവും സംരക്ഷിക്കുന്നതിനും, മനുഷ്യാവകാശങ്ങൾക്കും ഓരോ ആളിന്റെയും ജീവനും സ്വാതന്ത്ര്യത്തിനും അന്തസ്സിനും അർഹമായ പരിഗണന നൽകികൊണ്ടും യഥാവിധിയുള്ള സുതാര്യതയോടുകൂടിയ ഒരു നിയമവാഴ്ച ഉയർത്തിപ്പിടിക്കുന്നതിന് കഴിവുള്ള വളരെയേറെ വൈദഗ്ദ്യമുള്ളതും പരിശീലനം സിദ്ധിച്ചതും നിപുണതയുള്ളതും അച്ചടക്കമുള്ളതും അർപ്പണബോധമുള്ളതുമായ ഒരു പോലീസ് സർവ്വീസ് വ്യവസ്ഥചെയ്യേണ്ടത് യുക്തമായിരിക്കയാലും ;

മതിയായ വ്യവസ്ഥാപിത ആധികാരികസ്ഥാനം കൊണ്ട് പോലീസിനെ ശാക്തീകരിക്കേണ്ടതും കാര്യക്ഷമമായി അവരുടെ അധികാരങ്ങൾ വിനിയോഗിക്കുകയും അവരുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നതിന് അവരെ പ്രാപ്തമാക്കേണ്ടതും ആവശ്യമായിരിക്കുകയാലും ;

പോലീസ് അവരിൽ നിക്ഷിപ്തമായ അധികാരം ദുർവിനിയോഗം ചെയ്യുന്നില്ല എന്നും അപ്രകാരമുള്ള അച്ചടക്ക നിയന്ത്രണത്തിനു വിധേയമാവുകവഴി അവരുടെ പ്രവർത്തനങ്ങൾക്ക് ഉത്തരവാദികളാണെന്നും ഉറപ്പു വരുത്തേണ്ടതും അതുവഴി പരിഷ്കൃത ജനാധിപത്യ സമൂഹത്തിന്റെ ആവശ്യങ്ങളോട് പ്രതികരിക്കുന്നവരും ജനസൗഹാർദ്ദമുള്ളവരും ആണെന്ന് ഉറപ്പു വരുത്തേണ്ടത് അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നു എന്നതിനാലും ;

ഇപ്പോൾ, അതിനാൽ, കേരളസംസ്ഥാനത്തെ പോലീസ് സേനയുടെ രൂപീകരണവും നിയന്ത്രണവും സംബന്ധിച്ച നിയമം ക്രോഡീകരിക്കുന്നതും ഭേദഗതി ചെയ്യുന്നതും അത്യന്താപേക്ഷിതമായി തീർന്നിരിക്കുന്നതിനാലും ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും :— (1) ഈ ആക്ടിന് കേരള പോലീസ് ആക്റ്റ്, 2010 എന്ന് പേര് പറയാം.

(2) ഇതിന് കേരളാ സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ :— (1) ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കമ്മീഷൻ" എന്നാൽ 24-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന സുരക്ഷാ കമ്മീഷൻ എന്നർത്ഥമാകുന്നു ;

(ബി) "ജില്ലാ മജിസ്ട്രേറ്റ്" എന്നാൽ മറ്റേത് ഉദ്യോഗപേരിനാൽ ആ ഉദ്യോഗസ്ഥൻ അറിയപ്പെട്ടാലും, ഒരു ജില്ലയുടെ എക്സിക്യൂട്ടീവ് ഭരണത്തിന്റെ ചുമതലയുള്ളതും, ഒരു ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന്റെ അധികാരങ്ങൾ നിക്ഷിപ്തമായിട്ടുള്ളതുമായ ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(ഡി) "സ്ഥലം" എന്നതിൽ സ്ഥിരമോ താൽക്കാലികമോ ആയ ഏതെങ്കിലും കെട്ടിടം, കൂടാരം, ബൂത്ത് അല്ലെങ്കിൽ മറ്റു നിർമ്മാണങ്ങൾ, കെട്ടിയടച്ചതോ തുറസ്സായതോ ആയ ഏതെങ്കിലും പ്രദേശം എന്നിവ ഉൾപ്പെടുന്നതാകുന്നു ;

(ഇ) "പൊതു വിശ്രമസ്ഥലം" എന്നതിൽ വിനോദത്തിനോ മാറ്റത്തിനോ നേരമ്പോക്കിനോ ഉല്ലാസത്തിനോ ലഘുഭക്ഷണത്തിനോ വിശ്രമത്തിനോ ഏതെങ്കിലും സേവനം ലഭിക്കുന്നതിനോ ആസ്വദിക്കുന്നതിനോ വേണ്ടിയുള്ള ആവശ്യത്തിലേക്കായി പൊതുജനത്തിന് പ്രവേശിക്കാവുന്ന ഏതെങ്കിലും സ്ഥലം ഉൾപ്പെടുന്നതാകുന്നു ;

(എഫ്) "പോലീസ്" എന്നതിൽ 3-ഉം 4-ഉം വകുപ്പുകൾ പ്രകാരം വിനിർദ്ദേശിക്കപ്പെട്ട കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നവരും അപ്രകാരം ചെയ്യുന്നതിന് 89-ാം വകുപ്പ് പ്രകാരം അധികാരപ്പെടുത്തപ്പെട്ടവരുമായ എല്ലാ ആളുകളും എന്നർത്ഥമാകുന്നതും ഉൾപ്പെടുന്നതുമാകുന്നു ;

(ജി) "പോലീസ് സേന" എന്നാൽ 14-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട പോലീസ് സേന എന്നർത്ഥമാകുന്നു ;

(എച്ച്) "പോലീസ് ജില്ല" എന്നാൽ ഈ ആക്റ്റിന്റെ 16-ാം വകുപ്പു പ്രകാരം പ്രഖ്യാപിക്കപ്പെട്ട പ്രാദേശിക മേഖല എന്നർത്ഥമാകുന്നു ;

(ഐ) "പോലീസ് ഉദയോഗസ്ഥൻ" എന്നാൽ പോലീസ് സേനയിലെ ഏതെങ്കിലും അംഗം എന്നർത്ഥമാകുന്നതും ഇന്ത്യൻ പോലീസ് സർവീസിലെ ഒരു ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു ;

(ജെ) "വസ്തു" എന്നതിൽ പണവും, വിലപിടിപ്പുള്ള ഈടും, സ്ഥാവരമോ, ജംഗമമോ, ഡിജിറ്റലോ ആയ എല്ലാ വസ്തുക്കളും ഉൾപ്പെടുന്നതാകുന്നു ;

(കെ) "പൊതുസ്ഥലം" എന്നാൽ അവകാശമായോ അല്ലാതെയോ പൊതുജനത്തിപ് പ്രവേശിക്കാവുന്ന ഏതൊരു സ്ഥലവും എന്നർത്ഥമാകുന്നതും,—

(i) ഒരു പൊതു കെട്ടിടവും സ്മാരകവും അവയുടെ പരിസവും; കൂടാതെ

(ii) വെള്ളമെടുക്കുന്നതിനോ കഴുകുന്നതിനോ കുളിക്കുന്നതിനോ വിനോദാവശ്യങ്ങൾക്കോ വേണ്ടി പൊതുജനത്തിന് പ്രവേശനമുള്ളതായ ഏതൊരു സ്ഥലവും, ഉൾപ്പെടുന്നതുമാകുന്നു.

(എൽ) “സേവനദാതാവ്” എന്നാൽ ഏതെങ്കിലും പ്രതിഫലം സ്വീകരിച്ചോ അല്ലാതെയോ പൊതുജനത്തിനോ അതിന്റെ ഏതെങ്കിലും വിഭാഗത്തിനോ ഏതെങ്കിലും സേവനം പ്രദാനം ചെയ്യുന്നതായ ഏതെങ്കിലും ആളോ ഏജൻസിയോ എന്നർത്ഥമാകുന്നതും ഫോൺ കമ്പനികൾ, ഹോട്ടൽ നടത്തിപ്പുകാർ, ഇന്റർനെറ്റ് സേവന ദാതാക്കൾ, ആശുപത്രികൾ, ലബോറട്ടറികൾ, ശുചീകരണ സേവനങ്ങൾ, റെന്റൽ സർവീസുകൾ, ധനകാര്യസ്ഥാപനങ്ങൾ എന്നിവയും, ആവശ്യപ്പെടുമ്പോൾ പൊതുജനത്തിന് ഏതെങ്കിലും സേവനം നൽകുന്നതുമായ അത്തരത്തിലുള്ള മറ്റേതെങ്കിലും ഏജൻസിയും ഉൾപ്പെടുന്നതുമാകുന്നു.

(എം) “തെരുവ്” എന്നതിൽ പൊതുവഴിയായാലും അല്ലെങ്കിലും പൊതുജനത്തിന് പ്രവേശനമുള്ള ഏതെങ്കിലും ഹൈവേ, പാലം, വഴി, വരമ്പ്, കലുങ്ക് അല്ലെങ്കിൽ കമാനം അല്ലെങ്കിൽ ഏതെങ്കിലും റോഡ്, ഇടവഴി, നടവഴി, ചത്വരം, അങ്കണം, ഉദ്യാനവീഥി, ചാനൽ അല്ലെങ്കിൽ ഇടനാഴി ഉൾപ്പെടുന്നതാകുന്നു;

(എൻ) “ഗതാഗതം” എന്നാൽ ഏതെങ്കിലും പൊതുസ്ഥലത്തുകൂടെയുള്ള ആളുകളുടെയോ മൃഗങ്ങളുടെയോ വാഹനങ്ങളുടെയോ യാനങ്ങളുടെയോ, അല്ലെങ്കിൽ ചരക്കുകളുടെയോ നീക്കം എന്നർത്ഥമാകുന്നതും അതിൽ അത്തരം നീക്കത്തെ ഏതെങ്കിലും രീതിയിൽ സ്വാധീനിക്കുന്ന തരത്തിൽ, അപ്രകാരമുള്ള ഏതെങ്കിലും സ്ഥലത്തോ സമീപത്തോ സ്ഥിതി ചെയ്യുന്ന വാഹനങ്ങളുടെയും നിശ്ചല വസ്തുക്കളുടെയും താൽക്കാലികമോ സ്ഥിരമോ ആയ വിന്യാസം ഉൾപ്പെടുന്നതുമാകുന്നു ;

(ഒ) “വാഹനം” എന്നാൽ ഏതെങ്കിലും വണ്ടി, ചുമട്ടുവണ്ടി, വാൻ, ട്രക്ക്, കൈവണ്ടി, ബോട്ട് അല്ലെങ്കിൽ ഏത് പേരിലുള്ള ഏതെങ്കിലും വാഹനം എന്നർത്ഥമാകുന്നതും അതിൽ സൈക്കിൾ, ട്രൈസൈക്കിൾ, റിക്ഷാ, മോട്ടോർ വാഹനം, യാനം അല്ലെങ്കിൽ വിമാനം ഉൾപ്പെടുന്നതുമാകുന്നു;

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 1860-ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലോ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയയിലോ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം അവയിൽ നൽകിയിരിക്കുന്ന അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം - II

## പോലീസിന്റെ കർത്തവ്യങ്ങളും ചുമതലകളും

3. പോലീസിന്റെ കർത്തവ്യങ്ങൾ :— സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ടതും ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നതുമായ ഒരു സർവ്വീസ് എന്ന നിലയിൽ പോലീസ് ഭാരതത്തിന്റെ ഭരണഘടനയ്ക്കും അതിൻകീഴിൽ നിർമ്മിച്ചിട്ടുള്ള നിയമങ്ങൾക്കും വിധേയമായി ക്രമസമാധാനപാലനം നടത്തിക്കൊണ്ടും രാഷ്ട്രത്തിന്റെ അഖണ്ഡത ഉയർത്തിപ്പിടിച്ചുകൊണ്ടും സംസ്ഥാനത്തിന്റെ സുരക്ഷ സംരക്ഷിച്ചുകൊണ്ടും നിയമത്തിൻ കീഴിൽ എല്ലാ ആളുകൾക്കും ഉറപ്പാക്കിയിട്ടുള്ള സ്വാതന്ത്ര്യവും അവകാശങ്ങളും അവർ അനുഭവിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനായി യത്നിക്കേണ്ടതാണ്.

4. <u>പോലീസിന്റെ ചുമതലകൾ</u> :— ഈ ആക്ടിന്റെ വ്യവസ്ഥകൾക്ക് വിധേയമായി ഓരോ പൊലീസുദ്യോഗസ്ഥനും ഇനിപറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത് :—

(എ) പക്ഷഭേദം കൂടാതെ നിയമം ഉയർത്തിപ്പിടിക്കുകയും നടപ്പിലാക്കുകയും ചെയ്യുക ;

(ബി) എല്ലാ ആളുകളുടെയും ജീവൻ, സ്വാതന്ത്ര്യം, സ്വത്ത്, മനുഷ്യാവകാശങ്ങൾ, അന്തസ്സ് എന്നിവ സംരക്ഷിക്കുക ;

(സി) രാഷ്ട്രത്തിന്റെ ആഭ്യന്തര സുരക്ഷ കാത്തുസൂക്ഷിക്കുകയും, തീവ്രവാദ പ്രവർത്തനങ്ങൾ, വർഗ്ഗീയ അക്രമം, കലാപം മുതലായവയിൽ നിന്ന് കാത്തുരക്ഷിക്കുകയും ചെയ്യുക ;

(ഡി) ക്രമസമാധാനം പ്രോത്സാഹിപ്പിക്കുകയും കാത്തുസൂക്ഷിക്കുകയും പൊതു സമാധാനം നിലനിർത്തുകയും ചെയ്യുക ;

(ഇ) അപായങ്ങളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും പൊതുജനത്തെ സംരക്ഷിക്കുക ;

(എഫ്) റോഡുകൾ, റെയിൽവേ, പാലങ്ങൾ, മർമ്മ പ്രധാനമായ പ്രതിഷ്ഠാപനങ്ങൾ, സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ പൊതുസ്വത്തുക്കളും സംരക്ഷിക്കുക ;

(ജി) കുറ്റകൃത്യങ്ങൾ ചെയ്യുന്നത് അവരുടെ കഴിവിന്റെ പരമാവധി തടയുകയും കുറച്ചുകൊണ്ടുവരികയും ചെയ്യുക ;

(എച്ച്) കുറ്റകൃത്യങ്ങളുടെ അന്വേഷണം നടത്തുകയും കുറ്റവാളികളെ യഥാവിധിയുള്ള നിയമനടപടികൾക്ക് വിധേയമാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുക ;

(ഐ) ആളുകളുടെയും ചരക്കുകളുടെയും നീക്കമുള്ള എല്ലാ പൊതുസ്ഥലങ്ങളിലും ഗതാഗതം നിയന്ത്രിക്കുകയും ക്രമികരിക്കുകയും ചെയ്യുക;

(ജെ) കുറ്റകൃത്യങ്ങളിൽ അവസാനിച്ചേക്കാവുന്ന സംഘർഷങ്ങൾ പരിഹരിക്കുക ;

(കെ) പ്രകൃത്യാ ഉള്ളതോ മനുഷ്യസൃഷ്ടിയായ ദുരന്തമോ, അത്യാഹിതമോ അപകടമോ മൂലം ദുരന്തം അനുഭവിക്കുന്ന ആളുകൾക്ക് ന്യായമായ എല്ലാ സഹായവും നൽകുക ;

(എൽ) പോലീസിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും സംസ്ഥാനത്തിന്റെ സുരക്ഷക്കും വേണ്ടി സഹായകരമായ രഹസ്യവാർത്ത സമാഹരിക്കുകയും പരിശോധിക്കുകയും വ്യാപനം നടത്തുകയും ചെയ്യുക ;

(എം) കസ്റ്റഡിയിലുള്ള എല്ലാ ആളുകൾക്കും സംരക്ഷണം നൽകുക ;

(എൻ) ക്ഷമതയുള്ള അധികാരസ്ഥാനങ്ങളുടെയും മേലുദ്യോഗസ്ഥരുടെയും നിയമാനുസൃതമായ എല്ലാ ഉത്തരവുകളും അനുസരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക ;

(ഒ) ആഭ്യന്തര അച്ചടക്ക നിലവാരം ഉയർത്തിപ്പിടിക്കുകയും നിലനിർത്തുകയും ചെയ്യുക ;

(പി) ജനങ്ങൾക്കിടയിൽ പൊതുവായി ഒരു സുരക്ഷിതത്വ ബോധം ജനിപ്പിക്കുക ;

(ക്യു) സർക്കാർ, കാലാകാലങ്ങളിൽ, അവരെ ഏൽപ്പിച്ചു കൊടുക്കാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

## അദ്ധ്യായം - III

## പോലീസ് സ്റ്റേഷൻ

5. പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കൽ :— (1) സർക്കാരിന്, 1973-ലെ ക്രിമനിൽ നടപടി നിയമസംഹിതയുടെ 2-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി ഓരോ തദ്ദേശപ്രദേശത്തിനും വേണ്ടി പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്.

(2) ഓരോ പോലീസ് സ്റ്റേഷന്റെയും അധികാരിതയുള്ള പ്രദേശവും അത് പ്രവർത്തിക്കേണ്ട കെട്ടിടവും പരിസരവും (1) ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള പ്രകാരമായിരിക്കേണ്ടതാണ്.

(3) സർക്കാർ നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള പദവിയിലുള്ള സ്റ്റേഷൻ ഹൗസ് അഅഫീസർ എന്ന ഉദ്യോഗപ്പേരുള്ള ഒരു ഉദ്യോഗസ്ഥന്റെ പൊതു മേൽനോട്ടത്തിൽ ഓരോ പോലീസ് സ്റ്റേഷനും പ്രവർത്തിക്കേണ്ടതും അയാൾ ആ പോലീസ് സ്റ്റേഷന്റെ ചുമതല വഹിക്കേണ്ടതുമാണ്.

6. പോലീസ് സ്റ്റേഷനുകളിൽ സർക്കാർ മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് :—സർക്കാരിന്, വിഭവങ്ങൾക്ക് വിധേയമായി, അടിസ്ഥാന പോലീസ് സേവനങ്ങൾ ആവശ്യമുള്ള എല്ലാവർക്കും ആയത് പ്രദാനം ചെയ്യുന്നതിനായി ഉചിതമായ മനുഷ്യശക്തിയും അടിസ്ഥാനസൗകര്യങ്ങളും ഓരോ പോലീസ് സ്റ്റേഷനും ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് യത്നിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള സൗകര്യങ്ങളിൽ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ജോലി ചെയ്യുന്നതിനുള്ള മതിയായ സ്ഥലം, മതിയായ അടിസ്ഥാന സൗകര്യങ്ങൾ, പൊതുജനങ്ങൾക്കായി വേണ്ടത്ര സൗകര്യങ്ങളോടുകൂടിയ സ്വികരണസ്ഥലം, കസ്റ്റഡിയിലുള്ള സാധനങ്ങളും ഔദ്യോഗകി ആയുധങ്ങളും വെടിക്കോപ്പുകളും സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള മതിയായ സംഭരണസ്ഥലം, ജീവനക്കാർക്കും സന്ദർശകർക്കും കസ്റ്റഡിയിലുള്ളവർക്കും വാഷ് റൂമുകളും ടോയ്ലറ്റുകളും ഉൾപ്പെടെയുള്ള പൗരസംബന്ധിയായ സൗകര്യങ്ങൾക്ക് വേണ്ടിയുള്ള മതിയായ സ്ഥലം, കസ്റ്റഡിയിൽ സൂക്ഷിക്കാനുള്ള മതിയായ സൗകര്യങ്ങൾ, റെക്കാർഡ് റൂം, ഉചിതമായ ആശയനവിനിമയ സൗകര്യങ്ങൾ, മതിയായ സഞ്ചാരസൗകര്യം, പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരിൽ ഭരമേൽപ്പിച്ചിരിക്കുന്ന നിയമപരമായ ഉത്തരവാദിത്വങ്ങൾ വേണ്ടവിധത്തിൽ നിർവഹിക്കുന്നതിനുള്ള ഡിജിറ്റർ സംവിധാനങ്ങൾ, ആയുധങ്ങൾ, ഫോറൻസിക് ഉപകരണങ്ങൾ എന്നിവയുൾപ്പെടെയുള്ള മതിയായ സജ്ജീകരണങ്ങൾ എന്നിവ ഉൾപ്പെടുന്നതുമാകുന്നു.

(3) സംസ്ഥാന പോലീസ് മേധാവി ഓരോ വർഷവും സംസ്ഥാനത്തെ ഓരോ പോലീസ് സ്റ്റേഷനിലും ലഭ്യമായിട്ടുള്ള സൗകര്യങ്ങളുടെ പര്യാപ്തത പുനരവലോകനം

ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും പ്രതീക്ഷിക്കുന്ന നിലയിലേക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ എടുക്കേണ്ടതുമാണ്.

7. പൗരന്മാർക്ക് കാര്യക്ഷമമായ പോലീസ് സേവനത്തിന് അവകാശമുണ്ടായിരിക്കുന്നതാണെന്ന് :—എല്ലാ പൗരന്മാർക്കും ഓരോ പോലീസ് സ്റ്റേഷനിൽ നിന്നും സാഹചര്യങ്ങൾക്കനുസൃതമായി കാര്യക്ഷമമായ പോലീസ് സേവനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

8. *പോലീസ് സ്റ്റേഷനിൽ പൊതുജനത്തിനുള്ള അവകാശങ്ങൾ* - (1) എല്ലാ ആളുകൾക്കും ന്യായത്തിനും പ്രായോഗികതയ്ക്കും വിധേയമായി നിയമനുസൃത സേവനം ലഭിക്കുന്നതിനും ഏതൊരു സമയത്തും ഏതൊരു പോലീസ് സ്റ്റേഷനിലും സമാധാനപൂർവം പ്രവേശിക്കുവാനും സ്വീകരിക്കപ്പെടുവാനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) പൊതുജനങ്ങളിൽ ഏതൊരാൾക്കും ന്യായമായ നിയന്ത്രണങ്ങൾക്ക് വിധേയമായി ഏതൊരു പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെയും കാണുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

(3) പൊതുജനങ്ങളിൽ ഏതൊരാൾക്കും അയാൾ ബോധിപ്പിച്ചു പരാതിയുടെ ഉചിതമായ കൈപ്പറ്റു രസീതു പോലീസു സ്റ്റേഷന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനിൽ നിന്ന് ലഭിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(4) പൊതുജനങ്ങളിൽ ഏതൊരാൾക്കും അയാൾ പോലീസ് സ്റ്റേഷനിൽ വാക്കാലോ രേഖാമൂലമോ നൽകിയ ഏതൊരു പരാതിയുടെയും ചുരുക്കം പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുന്ന കാലാനുക്രമത്തിനും സമകാലീനമായി വച്ചുപോരുന്നതുമായ സ്ഥിരം രജിസ്റ്ററിൽ തൽസമയം രേഖപ്പെടുത്തണമെന്ന് നിർബന്ധിക്കുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

(5) ഏതൊരു പൗരനും, ഏതെങ്കിലും ഒരു പ്രത്യേക ആൾ പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിൽ ഉണ്ടോയെന്ന് അറിയുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) ഏതൊരാൾക്കും, അയാൾ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതി സംബന്ധിച്ചുള്ള പോലീസ് നടപടിയുടെയോ അന്വേഷണത്തിന്റെയോ അവസ്ഥ അറിയുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

9. കസ്റ്റഡിയിലുള്ള ആളുകൾക്കുവേണ്ടിയുള്ള വിഹിതം നൽകണമെന്ന് :—സംസ്ഥാന സർക്കാർ, കസ്റ്റഡിയിലുള്ള ഓരോ ആളിന്റെയും ഭക്ഷണം, വെള്ളം, മറ്റ് പ്രാഥമിക ആവശ്യങ്ങൾ എന്നിവയ്ക്കായി അവിദഗ്ദ്ധ തൊഴിലാളിക്ക് തൽസമയം നിലവിലുള്ള ഏറ്റവും കുറഞ്ഞ ദിവസവേതനത്തിന്റെ പകുതിയെന്ന പ്രതിദിന നിരക്കിൽ കസ്റ്റഡിയിലുള്ള കാലയളവിലേക്ക് ആനുപാതികമായി ഒരു തുക, ഓരോ പോലീസ് സ്റ്റേഷനും നൽകേണ്ടതാണ്.

10. പോലീസ് സ്റ്റേഷനുകൾ എല്ലായ്പ്പോഴും പ്രവർത്തനനിരതമായിരിക്കണമെന്ന് :—പോലീസ് സ്റ്റേഷൻ, പോലീസ് സേവനങ്ങൾ ആവശ്യമുള്ളവർക്കായി എപ്പോഴും പ്രവർത്തന നിരതമായിരിക്കേണ്ടതും പോലീസിന്റെ ഏതൊരു കർത്തവ്യ നിർവ്വഹണത്തിനുമായി എപ്പോഴും ജാഗരൂകമായിരിക്കേണ്ടതുമാണ്.

11. പ്രത്യേക പോലീസ് സ്റ്റേഷൻ:—(1) മേൽപ്പറഞ്ഞ 5-ാം വകുപ്പിൻ കീഴിൽ ഏതെങ്കിലും പ്രദേശത്തിനുവേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ട പോലീസ് സ്റ്റേഷനുകൾക്ക് പുറമേ സർക്കാരിന് ഏതെങ്കിരും പ്രദേശത്ത് ഏതെങ്കിലും നിശ്ചിത കാലയളവിലേക്കോ ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും പ്രത്യേക ഉദ്ദേശ്യത്തിലേക്കോ ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും പ്രത്യേക നിയമമോ നിയമനങ്ങളോ നടപ്പിലാക്കുന്നതിനോ വേണ്ടി പ്രത്യേക പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്.

(2) അത്തരം പ്രത്യേക പോലീസ് സ്റ്റേഷനുകൾക്ക് 5-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട പോലീസ് സ്റ്റേഷനുകൾക്ക് നിയമപരമായി ഉള്ള അതേ പദവി ഉണ്ടായിരിക്കേണ്ടതും, കെട്ടിടം,ക്ക പ്രദേശം, അധികാരപരിധി എന്നിവ വിനിർദ്ദേശിച്ചുകൊണ്ട് അതേ രീതിയിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണ്.

(3) ഈ വകുപ്പിലുള്ള യാതൊന്നും സഞ്ചരിക്കുന്ന ഒരു വാഹനത്തിലോ ഏതെങ്കിലും താൽക്കാലിക ഓഫീസിലോ ഒരു പ്രത്യേക പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിൽ നിന്നും സർക്കാരിനെ തടയുന്നതായി കരുതപ്പെടാൻ പാടുള്ളതല്ല.

(4) ഒരു പ്രത്യേക പോലീസ് സ്റ്റേഷൻ സ്ഥാപിക്കപ്പെട്ടു എന്ന വസ്തുത ഒരു സാധാരണ പോലീസ് സ്റ്റേഷൻ കൈക്കൊണ്ട ഏതെങ്കിലും നടപടിയെ അത് പ്രത്യേക പോലീസ് സ്റ്റേഷനെ ഭരമേൽപ്പിച്ചുകൊടുക്കാൻ കഴിയുമായിരുന്ന ഒരു കാര്യമായിരുന്നു എന്ന കാരണത്താൽ അസാധുവാക്കപ്പെടുന്നതല്ല.

(5) പ്രത്യേക പോലീസ് സ്റ്റേഷനുകൾക്ക് അതിന്റെ പ്രത്യേക ഉദ്ദേശ്യവും പ്രത്യേക സ്വഭാവവും സ്വയം വെളിപ്പെടുത്തുന്ന വിധത്തിലുള്ള പേര് നൽകേണ്ടതാണ്.

(6) സംസ്ഥാന പോലീസ് മേധാവിക്ക് പ്രത്യേക ഉത്തരവ് വഴി സാധാരണയായി ഒരു പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട ഏതെങ്കിലും ഉത്തരവാദിത്വത്തിൽ നിന്ന് ഒരു പ്രത്യേക പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ആഫിസറെ ഒഴിവാക്കാവുന്നതും സാധാരണയായി ഒരു പോലീസ് സ്റ്റേഷനെ ഏൽപ്പിച്ചുകൊടുക്കാത്ത, അധികമായതോ പ്രത്യേകമായതോ ആയ ഉത്തരവാദിത്വങ്ങൾ അയാളിൽ ഭരമേൽപ്പിക്കാവുന്നതുമാണ്.

12. പോലീസ് സ്റ്റേഷൻ ഡയറി :—ഓരോ പോലീസ് സ്റ്റേഷനും സർക്കാർ കാലാകാലങ്ങളിൽ നിർണ്ണിയിക്കപ്പെടേണ്ട അത്തരം മാതൃകയിലുള്ള ഒരു ജനറൽ ഡയറി സൂക്ഷിക്കേണ്ടതും സമർപ്പിക്കപ്പെട്ട എല്ലാ പരാതികളും ചാർജ്ജുകളും പരാതിക്കാരുടെ പേരുവിവരങ്ങളും ആർക്കെതിരെയാണോ പരാതികൾ സമർപ്പിക്കപ്പെട്ടത് അവരുടെ പേരുവിവരങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അതും, അറസ്റ്റ് ചെയ്യപ്പെട്ട എല്ലാ ആളുകളുടെയും പേരു വിവരങ്ങൾ, അവർക്കെതിരെ ചാർജ്ജുചെയ്യപ്പെട്ട കുറ്റങ്ങൾ, അവരുടെ കൈവശത്തിൽ നിന്നോ മറ്റു വിധത്തിലോ എടുത്തിട്ടുണ്ടായേക്കാവുന്ന ആയുധങ്ങളോ അല്ലെങ്കിൽ വസ്തുക്കളോ, വിസ്തരിച്ചേക്കാവുന്ന സാക്ഷികളുടെ പേരു വിവരം എന്നിവ അതിൽ രേഖപ്പെടുത്തേണ്ടതുമാണ്.

13. സ്റ്റേഷൻ ഡയറിയും കസ്റ്റഡി സൗകര്യവും പരിശോധിക്കുവാൻ ക്ഷമതയുള്ള ആളുകൾ :— (1) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെയോ സംസ്താന വനിതാ കമ്മീഷന്റെയോ സംസ്ഥാന അല്ലെങ്കിൽ ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റികളുടെയോ എല്ലാ ചെയർ പെഴ്സൺമാർക്കും അംഗങ്ങൾക്കും അല്ലെങ്കിൽ അത്തരം ചെയർപേഴ്സൺമാരോ അംഗങ്ങളോ നിയോഗിച്ച ഉദ്യോഗസ്ഥന്മാർക്കും 12-ാം വകുപ്പനു

സരിച്ച് സൂക്ഷിച്ചിരിക്കുന്ന ഏതൊരു പോലീസ് സ്റ്റേഷൻ ഡയറിയിലെയും ഉൾക്കുറിപ്പുകൾ പരിശോധിക്കാവുന്നതും കൂടാതെ കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള ഏതൊരാളിന്റെയും സ്ഥിതി പരിശോധിക്കാവുന്നതുമാണ്.

(2) മേൽപ്പറഞ്ഞ വിധം പോലീസ് സ്റ്റേഷൻ സന്ദർശിക്കുന്ന ഏതൊരാളും അദ്ദേഹത്തിന്റെ സന്ദർശനം തൽസമയം ഡയറിയിൽ രേഖപ്പെടുത്തേണ്ടതും തന്റെ നിരീക്ഷണത്തിന്റെ ചുരുക്കം ജില്ലാ പോലീസ് മേധാവിയെ അറിയിക്കേണ്ടതും അത്തരം നിരീക്ഷണങ്ങളിൽമേൽ ആവശ്യമായോക്കാവുന്ന തുടർ നടപടികൾ ജില്ലാ പോലീസ് മേധാവി സ്വീകരിക്കേണ്ടതുമാണ്.

## അദ്ധ്യായം IV

### പോലീസ് സേനയുടെ പൊതുവായ ഘടന

14. കേരള പോലീസ് :— (1) കേരള സംസ്ഥാനത്തിനൊട്ടാകെ കേരള പോലീസ് എന്നറിയപ്പെടുന്ന ഒരു പോലീസ് സേന ഉണ്ടായിരിക്കുന്നതും അതിനെ സർക്കാർ കാലാകാലങ്ങളിൽ ഭൂമശാസ്ത്രപരമായ സൗകര്യത്തിന്റെയോ പ്രവർത്തന ക്ഷമതയുടെയോ ഏതെങ്കിലും പ്രത്യേക ഉദ്ദേശ്യത്തിന്റെയോ അടിസ്ഥാനത്തിൽ തീരുമാനിക്കാവന്നത്ര എണ്ണം സബ് യൂണിറ്റുകളായോ, യൂണിറ്റുകളായോ, ബ്രാഞ്ചുകളായോ വിംഗുകളായോ വിഭജിക്കാവുന്നതുമാണ്.

(2) പോലീസ് സേന, സംസ്താന പോലീസ് മേധവിയുടേതിനേക്കാൾ ഉയർന്ന പദവി ഇല്ല എന്ന പരിധിക്കു വിധേയമായി, സർക്കാർ, കാലാകാലങ്ങളിൽ നിശ്ചയിച്ചേക്കാവുന്ന വിവിധ പദവികൾ ഉൾക്കൊള്ളുന്നതും ആ പദവികൾ നിലവിൽ ആരോഹണ ക്രമത്തിൽ ഇനി പറയുന്ന പ്രകാരം ആയിരിക്കേണ്ടതുമാണ്.

(എ) പോലീസ് കോൺസ്റ്റബിൾ ;

(ബി) പോലീസ് ഹെഡ്കോൺസ്റ്റബിൾ ;

(സി) അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ;

(ഡി) സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ;

(ഇ) ഇൻസ്പെക്ടർ ഓഫ് പോലീസ് ;

(എഫ്) ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ;

(ജി) സൂപ്രണ്ട് ഓഫ് പോലീസ് ;

(എച്ച്) ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ;

(ഐ) ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ;

(ജെ) അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ;

(കെ) ഡയറക്ടർ ജനറൽ ഓഫ് പോലീസ് ;

(എൽ) ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആന്റ് സ്റ്റേറ്റ് പോലീസ് ചീഫ്.

(3) സർക്കാരിന്, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവിലൂടെ, കേരള പോലീസിന്റെയോ മറ്റ് സംസ്ഥാനത്തിന്റെയോ കേന്ദ്രത്തിന്റെയോ സേവനത്തിലുള്ള ഏതൊരു പദവിയെയും വ്യക്തമാക്കാനുപയോഗിക്കുന്ന മറ്റേതെങ്കിലും പദപ്രയോഗങ്ങൾ മേൽപ്പറഞ്ഞ പദവികളിൽ ഏതെങ്കിലും ഒന്നിന് തുല്യമെന്ന് കരുതപ്പെടാവുന്നതാണെന്ന് വിനിർദ്ദേശിക്കാവുന്നതാണ്.

(4) (2)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നുംതന്നെ പുതിയ ഒരു പദവി സൃഷ്ടിക്കുവാനോ അതിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു പദവിക്ക് പുതിയ ഒരു ഉദ്യോഗപ്പേര് നൽകുന്നതിനോ ഉള്ള സർക്കാരിന്റെ അധികാരത്തെ തടയുന്നതായി കരുതുന്നതല്ല.

15. പോലീസ് ഘടനയെ സർക്കാർ വിനിർദ്ദേശിക്കണമെന്ന് :— ഈ ആക്ടിന്റെ വ്യവസ്ഥകൾക്ക് വിധേയമായി, പോലീസ് സേനയിൽ സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവിലൂടെ നിർണ്ണയിച്ചേക്കാവുന്നത്ര എണ്ണം പദവികൾ ഉൾപ്പെടേണ്ടതും അപ്രകാരമുള്ള ഘടനയും രൂപവും, ഓഫീസുകളും അദികാരിതക്രമവും, ആജ്ഞാശ്രേണിയും, അപ്രകാരമുള്ള ഭരണപരമായ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കേണ്ടതുമാണ്.

16. പോലീസ് ജില്ല :— സംസ്ഥാന സർക്കാരിന് വിജ്ഞാപനം വഴി സംസ്ഥാനത്തിലെ ഏതൊരു പ്രദേശത്തെയും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന തീയതി മുതൽ ഒരു പോലീസ് ജില്ലയായി പ്രഖ്യാപിക്കാവുന്നതാണ് :

എന്നാൽ ഒരു പോലീസ് ജില്ല ഒന്നിൽ കൂടുതൽ റവന്യൂ ജില്ലയുടെ അധികാരിത ഉൾപ്പെടാവുന്നതല്ല.

17. ജില്ലാ പോലീസ് മേധാവി :— (1) സർക്കാർ പുറപ്പെടുവിച്ചേക്കാവുന്ന ഉത്തരവുകൾക്ക് വിധേയമായും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സംഗതികളെ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെയും അങ്ങനെയുള്ള മറ്റു ഉദ്യോഗസ്ഥരുടെയും മേൽനോട്ടത്തിനും ആജ്ഞയ്ക്കും വിധേയമായി നിർണ്ണയിച്ചേക്കാവുന്ന പദവിയിലുള്ള ഒരു ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും പോലീസ് ജില്ലയിലെ പോലീസും പോലീസ് സ്റ്റേഷനുകളും പ്രവർത്തിക്കേണ്ടതും സർക്കാർ നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള പദവിയിലുള്ള പോലീസ് ഉദ്യോഗസ്ഥർ അദ്ദേഹത്തെ സഹായിക്കേണ്ടതുമാണ്.

(2) ജില്ലാ പോലീസ് മേധാവി, സൂപ്രണ്ട് ഓഫ് പോലീസിന്റെ പദവിയിൽ താഴെയുള്ള ഒരു ഉദ്യോഗസ്ഥൻ ആയിരിക്കുവാൻ പാടുള്ളതല്ല.

18. സംസ്ഥാന പോലീസ് മേധാവി :— (1) സംസ്ഥാനമൊട്ടാകെയുള്ള പോലീസിന്റെ ഭരണവും, മേൽനോട്ടവും, നിർദ്ദേശവും നിയന്ത്രണവും സർക്കാരിന്റെ നിയന്ത്രണത്തിന് വിധേയമായി, സംസ്ഥാന പോലീസ് മേധാവി എന്ന ഉദ്യോഗപ്പേരുള്ള ഒരു ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കേണ്ടതാണ്.

(2) ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ പദവിയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതോ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതോ ആയ, ഇന്ത്യൻ പോലീസ് സർവ്വീസിന്റെ സംസ്ഥാന കോഡറിലെ ഉദ്യോഗസ്ഥർക്കിടയിൽ നിന്നും, സംസ്ഥാന പോലീസ് സേനയെ നയിക്കുന്നതിന് അദ്ദേഹത്തിന്റെ മൊത്തത്തിലുള്ള സേവനചരിത്രവും പരിചയവും കണക്കിലെടുത്ത് സർക്കാർ ഒരു സംസ്ഥാന പോലീസ് മേധാവിയെ നിയമിക്കേണ്ടതാണ് ;

എന്നാൽ, സംസ്ഥാനത്തിനുവേണ്ടി ഏതെങ്കിലും കോടതിയിലോ, ട്രൈബ്യൂണലിലോ വകുപ്പുതല ഏജൻസിയിലോ ഫയൽ ചെയ്തിട്ടുള്ള ഒരു ചാർജ്ജിൽ സംസ്ഥാന പോലീസ് മേധാവിയായി തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥനെതിരായി യാതൊരു ചാർജ്ജും നിലവിലുണ്ടായിരിക്കുവാൻ പാടുള്ളതല്ല.

(3) ഈ ആക്റ്റിൽ കീഴിലുള്ള അധികാരം വിനിയോഗിച്ച് കേരള സംസ്ഥാനത്ത് പോലീസിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്ന എല്ലാ ആളുകളും, സംസ്ഥാന പോലീസ് മേധാവിയുടെ കീഴ് ഉദ്യോഗസ്ഥരായിരിക്കുന്നതാണ്.

(4) സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കാവുന്നത്ര എണ്ണം ഡി. ജി. പി./ എ. ഡി. ജി. പി./ഐ. ജി. പി./ ഡി. ഐ. ജി. പി/ എസ്സ്. പി./ ഡി.വൈ.എസ്.പി. എന്നീ പദവിയിലുള്ള ഉദ്യോഗസ്ഥർ സംസ്ഥാന പോലീസ് മേധാവിയെ സഹായിക്കേണ്ടതാണ്.

(5) ഡയറക്ടർ ജനറൽ ഓഫ് പോലീസന്റെ പദവിയിലുള്ള മറ്റു ഉദ്യോഗസ്ഥരെ കേരള പോലീസിൽ നിയമിക്കാവുന്നതാണ്, എന്നാൽ അവർ തമ്മിലുള്ള സീനിയോറിറ്റിയിൽ അവർ സംസ്ഥാന പോലീസ് മേധാവിയുടെ ജൂനിയറായിരിക്കുന്നതാണ്.

19. ജില്ലാ മജിസ്ട്രേറ്റ് ഏകോപിപ്പിക്കേണ്ടതാണെന്ന് :— ജില്ലാ മജിസ്ട്രേറ്റിന്, വ്യാപകമായ പൊതു സമാധാന ഭഞ്ജനം, പ്രകൃതിദുരന്തങ്ങൾ, മനുഷ്യ സൃഷ്ടിയായ ദുരന്തങ്ങൾ, തെരഞ്ഞെടുപ്പുകൾ, പകർച്ചവ്യാധികൾ, പുറമെ നിന്നുള്ള ആക്രമണം, ഭൂപരിഷ്ക്കരണം, വസ്തുതർക്കങ്ങൾ, ഭിക്ഷാടനം, ബാലവേല, മനുഷ്യക്കച്ചവടം, ജുവനൈൽ ജസ്റ്റിസ്, പ്രോസിക്യൂഷൻ, ആളുകളുടെയും ചരക്കുകളുടെയും കടത്ത് മുതലായവ ഫലപ്രദമായി കൈകാര്യം ചെയ്യുന്ന ആവശ്യത്തിലേക്കായി ഈ കാര്യങ്ങളിൽ പോലീസ് പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുകയും കൂടാതെ ജില്ലാ പോലീസിന്റെ പ്രവർത്തനങ്ങൾ മറ്റ് സർക്കാർ വകുപ്പുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഏതെങ്കിലും തരത്തിൽ പോലീസുമായി ചേർന്നു പ്രവർത്തിക്കുന്ന പൊതു അല്ലെങ്കിൽ സ്വകാര്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുകയും ചെയ്യാവുന്നതാണ്.

20. പോലീസ് മാന്വൽ :— (1)സംസ്ഥാന പോലീസ് മേധാവിക്ക്, കാലാകാലങ്ങളിൽ പോലീസിന്റെ എല്ലാ കർത്തവ്യങ്ങളുടെയും കാര്യക്ഷമമായ നിർവ്വഹണത്തിന് പൊതുവായ മേൽനോട്ടം, പോലീസ് സേനയുടെ ഭരണവും വിഭജനവും, അവരുടെ താമസ സ്ഥലം, അതിന്റെ അംഗങ്ങളുടെയോ ഓരോ പദവിയിലുള്ളവരുടെയോ ഓരോ വിഭാഗത്തിന്റെയോ പ്രത്യേക കർത്തവ്യങ്ങൾ അവരുടെ പരിശോധന, അവരുടെ ആയുധങ്ങൾ, ഉപകരണങ്ങൾ, അവർക്കു നൽകേണ്ടതായ മറ്റു ആവശ്യവസ്തുക്കൾ, രഹസ്യവാർത്തകളുടെയും വിവരങ്ങളുടെയും ശേഖരണവും, വിനിമയവും കർത്തവ്യങ്ങളുടെ നിർവ്വഹണരീതി, അധികാര ദുർവിനിയോഗമോ കൃത്യവിലോപമോ തടയുന്നത് എന്നിവ സംബന്ധിച്ച് പ്രത്യേകിച്ചും, ഈ ആക്റ്റിന് വിരുദ്ധമല്ലാത്ത സ്റ്റാന്റിംഗ് ഓർഡറുകളും മാർഗ്ഗ നിർദ്ദേശങ്ങളും രൂപഭേദപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാമെന്ന സർക്കാരിന്റെ അധികാരത്തിന് വിധേയമായി സമാഹരിപ്പിക്കാവുന്നതാണ്.

(2) സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ച പ്രകാരമുള്ള ഉത്തരവുകളുടെയും മർഗ്ഗനിർദ്ദേശങ്ങളുടെയും സമാഹരണവും അതുമായി ബന്ധപ്പെട്ട ഏതെങ്കിലും സർക്കാർ ഉത്തരവോ നിർദ്ദേശമോ കൂട്ടിച്ചേർക്കപ്പെട്ടത് ഏതെങ്കിലും ഉണ്ടെങ്കിൽ അതും ചേർന്നത് പോലീസ് മാന്വൽ എന്ന് അറിയപ്പെടുന്നതാണ്.

(3) മാന്വലിലെ ഏതെങ്കിലും വ്യവസ്ഥ സാഹചര്യം അപ്രകാരം ആവശ്യപ്പെടുകയാണെങ്കിൽ സംസ്ഥാന പോലീസ് മേധാവിക്ക് ഭേദഗതി ചെയ്യാവുന്നതാണ്.

21. പ്രത്യേക വിംഗുകൾ, യൂണിറ്റുകൾ, ബ്രാഞ്ചുകൾ,സ്ക്വാഡുകൾ :—(1)സർക്കാർ സംസ്ഥാന പോലീസ് മേധാവിയെയോ പോലീസിന്റെ ചമുതല നിർവ്വഹിക്കുന്ന മറ്റുള്ളവരെയോ ജില്ലാ പോലീസ് മേധാവിയെയോ പൊതുവായി പോലീസിനെ അവരുടെ ചുമതലകളിലോ കർത്തവ്യങ്ങളിലോ സഹായിക്കുന്നതിനോ സർക്കാർ ഉത്തരവുവഴി നിർദ്ദേശിക്കാവുന്നത്ര അംഗസംഖ്യ, സബ് യൂണിറ്റുകൾ, അധികാരങ്ങൾ, കർത്തവ്യങ്ങൾ അധികാരികത ആന്തരികമോ ബാഹ്യമോ ആയ മേൽനോട്ട ഘടന എന്നിവയോടുകൂടിയ ഏതെങ്കിലും വിംഗ്, സ്പെഷ്യൽ യൂണിറ്റ്, സ്പെഷ്യലൈസ്ഡ് ബ്രാഞ്ച് അല്ലെങ്കിൽ സ്പെഷ്യൽ പർപ്പസ് സ്ക്വാഡ്, സർക്കാരിന് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുവഴി സൃഷ്ടിക്കാവുന്നതും നിലനിർത്താവുന്നതുമാണ്.

(2) ഇനി പറയുന്നവയ്ക്കായി മറ്റു സംഗതികൾക്കൊപ്പം അപ്രകാരമുള്ള യൂണിറ്റുകൾ സൃഷ്ടിക്കുകയോ പ്രത്യേക ക്രമീകരണങ്ങൾ നടത്തുകയോ ചെയ്യാവുന്നതാണ്.

(എ) ദേശീയ സുരക്ഷയെ പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന രഹസ്യവാർത്ത ശേഖരിക്കുക, സംസ്ഥാന സുരക്ഷ, ക്രമസമാധാനപാലനം, പൊതു സുരക്ഷാപാലനം, കുറ്റകൃത്യങ്ങൾ തടയൽ, മർമ്മ പ്രധാനമായ പ്രതിഷ്ഠാപനങ്ങളുടെയും തീവ്രവാദികളിൽ നിന്നോ ഭീകരവാദികളിൽ നിന്നോ കടുത്ത ഭീഷണി നേരിടുന്ന വ്യക്തികളുടെയും സുരക്ഷ ;

(ബി) പ്രത്യേകിച്ചും സങ്കീർണ്ണമായ കേസുകൾ, നീചമായ കുറ്റകൃത്യങ്ങൾ അല്ലെങ്കിൽ പ്രമാദമായ കേസുകൾ പ്രത്യേക പ്രാധാന്യമുള്ള ഏതെങ്കിലും കേസുകൾ എന്നിവയുടെ അന്വേഷണം ;

(സി) ഗതാഗത നിയന്ത്രണം ;

(ഡി) തീരദേശം, പുഴ, കായൽപ്രദേശം എന്നിവയ്ക്കുള്ള പോലീസ് സേവനവും വിനോദസഞ്ചാരികളുടെ സംരക്ഷണത്തിനായുള്ള പോലീസ് സേവനവും ;

(ഇ) റെയിൽവേയിലെ പോലീസ് സേവനം ;

(എഫ്) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും സംബന്ധിച്ച് വിവരവും രഹസ്യവാർത്തയും ശേഖരിയ്ക്കുന്നതും പരിശോധിക്കുന്നതും പട്ടിക തയ്യാറാക്കലും അവയുടെ വിശകലനും 'ബ്യൂറോ ഓഫ് മിസ്സിംഗ് പേഴ്സൺസ്' സ്ഥാപിക്കലും ;

(ജി) കമ്പ്യൂട്ടറുകളും മറ്റു ഡിജിറ്റൽ സേവനങ്ങളും തെരഞ്ഞെടുക്കുന്നതിനും, ഉപയോഗിക്കുന്നതിനും, പ്രയോജനപ്പെടുത്തുന്നതിനും പോലീസ് ഓഫീസുകളെയും ഉദ്യോഗസ്ഥരെയും സഹായിക്കുകയും ആ ആവശ്യത്തനായി ആവശ്യമുള്ള സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കുകയും ചെയ്യുക ;

(എച്ച്) പോലീസ് ആവശ്യങ്ങൾക്കായി ടെലികമ്മ്യൂണിക്കേഷനും ഡിജിറ്റൽ വാർത്താവിനിമയ ശൃംഖലകളും പാരിപാലിക്കുക ;

(ഐ) വിരലടയാളം, ഫോട്ടോഗ്രാഫി ഏതെങ്കിലും ഡിജിറ്റൽ അഥവാ ബയോമെട്രിക് ടെക്നിക് എന്നീ മാർഗ്ഗങ്ങളിലൂടെ വ്യക്തകളുടെയും വസ്തുക്കളുടെയും തിരിച്ചറിയൽ ;

(ജെ) ജില്ലാ പോലീസിലോ തദ്ദേശ പോലീസ് സ്റ്റേഷനുകളിലോ പോലീസിന്റെ ഏതെങ്കിലും ചുമതല ശരിയായ രീതിയിൽ നിർവ്വഹിക്കുന്നതിന് എപ്പോഴായാലും എവിടെയായാലും മനുഷ്യശക്തി കുറവാകുമ്പോൾ വിന്യസിക്കുന്നതിനായി നല്ല വിധത്തിൽ പരിശീലനം സിദ്ധിച്ചതും ശരിയായ ആജ്ഞാശ്രേണിയോടുകൂടിയതുമായ റിസർവ്വ് സേന പരിപാലിക്കുക ;

(കെ) തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള പരിശീലനവും സർവ്വീസിലുള്ളവർക്കുള്ള റിഫ്രെഷൻ പരിശീലനവും സർക്കാർ നിശ്ചയിച്ചേയ്ക്കാവുന്ന മറ്റേതെങ്കിലും വ്യക്തികൾക്കോ സംഘത്തിനോ പോലീസ് സേവനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പൊതു പരിശീലനം നൽകുക ;

(എൽ) കുറ്റകൃത്യമോ ദുരന്തമോ അപകടമോ ആയി ബന്ധപ്പെട്ട് ക്ലേശമനുഭവിക്കുന്നവരുടെ അഭ്യർത്ഥനകൾക്ക് പ്രതികരിക്കത്തക്കവിധത്തിൽ സജ്ജമായിട്ടുള്ള കൺട്രോൾ റൂമുകൾ പോലെയുള്ള സ്പെഷ്യലൈസ്ഡ് റസ്പോൺസ് യൂണിറ്റുകൾ ഉണ്ടാക്കുക ;

(എം) ഏതെങ്കിലും തദ്ദേശീയമോ പ്രത്യേകമായതോ ആയ നിയമം നടപ്പിലാക്കാൻ അല്ലെങ്കിൽ പ്രത്യേക പ്രദേശത്ത് പ്രത്യേകമായി നടപ്പിലാക്കൽ ;

(എൻ) ഡിജിറ്റൽ ആന്റ് സൈബർ പോലീസിംഗ് ;

(ഒ) പോലീസിന്റെ കർത്തവ്യങ്ങളിലും ചുമതലകളിലും ഫലപ്രദമായി സഹായിക്കുന്നതിന് ഫോറൻസിക് സഹായകസേവനങ്ങൾ.

(പി) ഭരണപരം, ധനകാര്യം, ഡോക്യുമെന്റേഷൻ എന്നീ കാര്യങ്ങളിലുള്ള നടപടികളിലൂടെ പോലീസ് പ്രവർത്തനങ്ങൾക്കുവേണ്ടി ഭരണപരമായ സഹായക സേവനങ്ങൾ ;

(ക്യൂ) വിവിധതരത്തിലുള്ള ഓഫീസുകളുടെയും പോലീസ് സ്ഥാപനങ്ങളുടെയും പ്രവർത്തനത്തിൽ സഹായിക്കുന്നതിനും ആവശ്യപ്രവർത്തനങ്ങളായ വൃത്തിയാക്കൽ, വെടിപ്പാക്കൽ, പാചകം, ഉപകരണങ്ങളുടെയും പ്രദേശങ്ങളുടെയും പരിപാലനം മുതലായ പൊതുവായ സഹായക സേവനങ്ങൾ ;

(ആർ) വിവിധ പോലീസ് സേവനങ്ങളുമായി ബന്ധപ്പെട്ട സാമൂഹികവും തൊഴിൽപരവുമായ കാര്യങ്ങൾക്കും പുതിയ പോലീസ് സേവനത്തിന്റെ വികാസത്തിനും നിവാരണഅന്വേഷണാത്മക സങ്കേതങ്ങൾക്കും വേണ്ടിയുള്ള ഗവേഷണ വികസന സഹായം നൽകുക ;

(3) സംസ്ഥാന സർക്കാർ ഈ യൂണിറ്റുകളെ സജ്ജമാക്കുകയും അത്തരം യൂണിറ്റുകൾക്ക് സാങ്കേതികതയുടെയും തൊഴിൽപരവുമായ ക്ഷമതയുടെയും ഉന്നത നിലവാരത്തിൽ പ്രവർത്തിക്കുവാൻ പ്രാപ്തമാക്കുന്നതിന് ആവശ്യമായേക്കാവുന്ന ഉദ്യോഗസ്ഥവൃന്ദത്തിന് അങ്ങനെയുള്ള പരിശീലനം നൽകുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പിൽ കീഴിൽ രൂപീകരിക്കപ്പെട്ട അത്തരം യൂണിറ്റുകളിൽ സർക്കാർ വിനിർദ്ദേശിക്കാവുന്നപ്രകാരമുള്ള ഉദ്യോഗപദവിയിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാരോ പോലീസിതര ഉദ്യോഗസ്ഥന്മാരോ രണ്ടും കൂടിയോ ഉൾപ്പെടേണ്ടതും സർക്കാരിന്

അവരുടെ സേവന വ്യവസ്ഥകൾ അവർക്കു നൽകേണ്ടതായ പ്രത്യേക അലവൻസുകൾ, ആവശ്യമായ പ്രത്യേക യോഗ്യതകളും, വൈദഗ്ദ്ധ്യവും അവർക്ക് വ്യക്തിഗതമായോ കൂട്ടായോ ലഭ്യമാക്കേണ്ട പ്രത്യേക സൗകര്യങ്ങൾ എന്നിവ നിർണ്ണയിക്കാവുന്നതുമാണ്.

22. ഒരു പോലീസ് ഉദ്യോഗസ്ഥന് സ്വയം കീഴുദ്യോഗസ്ഥന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കാവുന്നതാണെന്ന് :—ഒരു പോലീസ് ഉദ്യോഗസ്ഥന്, തന്റെ കീഴുദ്യോഗസ്ഥന് നിയമപ്രകാരമോ നിയമപ്രകാരമുള്ള ഉത്തരവ് വഴിയോ ഏൽപ്പിച്ചുകൊടുത്ത ഏതൊരു ചുമതലയും സ്വയം നിർവ്വഹിക്കാവുന്നതും അപ്രകാരമുള്ള കീഴുദ്യോഗസ്ഥന് ഏതെങ്കിലും കർത്തവ്യങ്ങൾ ഏൽപ്പിച്ചിട്ടുള്ള സംഗതിയിൽ മേലുദ്യോഗസ്ഥനായ ഒരു പോലീസ് ആഫീസർക്ക് അദ്ദേഹത്തന് ആവശ്യമെന്ന് തോന്നുന്നപക്ഷം നിയമത്തിന് കൂടുതൽ പൂർണ്ണമായതോ സൗകര്യപ്രദമായതോ ആയ പ്രഭാവം നൽകുന്നതിനോ അതിന്റെ ലംഘനം ഒഴിവാക്കുന്നതിനോ ആവശ്യമെന്നോ യുക്തമെന്നോ തോന്നുമ്പോഴൊക്കെ അത്തരത്തിലുള്ള കീഴ് ഉദ്യോഗസ്ഥന്റെ നടപടി അയാളുടെ സ്വന്തം നടപടി മുഖേനയോ അല്ലെങ്കിൽ അയാളുടെ ആജ്ഞയുടെയോ അധികാരത്തിന്റെയോ കീഴിൽ നിയമപരമായി പ്രവർത്തിക്കുന്ന ഏതെങ്കിലും ആളിന്റെ നടപടി മുഖേനയോ സഹായിക്കുകയോ കൂട്ടിച്ചേർക്കുകയോ അതിലംഘിക്കുകയോ തടയുകയോ ചെയ്യാവുന്നതാണ്.

23. ക്രമസമാധനത്തിൽ നിന്നും അന്വേഷണം വേർതിരിക്കൽ :—(1) സർക്കാരിന് ഒരു പ്രദേശത്തെ ജനസംഖ്യ അല്ലെങ്കിൽ അത്തരം പ്രദേശത്ത് നിലവിലുള്ള സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഉത്തരവുവഴി വേഗത്തിലുള്ളതും ഫലപ്രദവും പ്രൊഫഷണലുമായ അന്വേഷണം ഉറപ്പുവരുത്തുന്നതിനായി വിനിർദ്ദേശിക്കാവുന്ന അത്തരം പ്രദേശത്ത് ക്രമസമാധാന ചുമതലയുള്ള പോലീസിൽ നിന്നും അന്വേഷണ ചുമതലയുള്ള പോലീസിനെ വേർതിരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം വേർതിരിക്കപ്പെട്ട പോലീസ് സേനയുടെ രണ്ട് വിഭാഗങ്ങളുടെയും സമ്പൂർണ്ണമായ ഏകോപനം ജില്ലാ പോലീസ് മേധാവി ഉറപ്പുവരുത്തേണ്ടതാണ്.

24. സംസ്ഥാന സുരക്ഷാ കമ്മീഷൻ :—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിൽ കീഴിൽ കമ്മീഷൻ ഏൽപ്പിച്ചുകൊടുക്കാവുന്ന അങ്ങനെയുള്ള ചുമതലകൾ വിനിയോഗിക്കുന്നതിനും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുമായുള്ള ആവശ്യത്തിനായി ഒരു സംസ്ഥാന സുരക്ഷാ കമ്മീഷൻ രൂപീകരിക്കാവുന്നതാണ്.

(2) കമ്മീഷനിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് : —

(i) ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം ചെയർമാനായിരിക്കുന്നതാണ് ;

(i) നിയമവകുപ്പിന്റെ ചുമതലയുള്ള മന്ത്രി ;

(ii) പ്രതിപക്ഷ നേതാവ് ;

(iii) ചീഫ് സെക്രട്ടറി, എക്സ്-ഒഫിഷ്യോ ;

(iv) ആഭ്യന്തര വകുപ്പ് സെക്രട്ടറി, എക്സ്-ഒഫിഷ്യോ ;

(vi) സംസ്ഥാന പോലീസ് മേധാവി, എക്സ് - ഒഫിഷ്യോ ;

(vii) ക്രമസമാധാന പാലനം, ഭരണനിർവ്വഹണം, മനുഷ്യാവകാശങ്ങൾ, നിയമം, സാമൂഹ്യസേവനം, പൊതുഭരണ നടത്തിപ്പ് എന്നിവയിൽ വിപുലമായ വിജ്ഞാനവും പരിചയവുമുള്ള പൊതു ജീവിതത്തിലെ പ്രമുഖരായ വ്യക്തികളിൽ നിന്നും ഗവർണ്ണർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങൾ.

(3) സംസ്ഥാന പോലീസ് മേധാവി കമ്മീഷന്റെ സെക്രട്ടറിയായിരിക്കുന്നതാണ്.

(4) (2)-ാം ഉപവകുപ്പിന്റെ (vii)-ാം ഖണ്ഡത്തിൽ കീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഓരോ അംഗവും രാജിയാലോ, മരണത്താലോ മറ്റ് വിധത്തിലോ നേരത്തേതന്നെ അവരുടെ സ്ഥാനം ഒഴിവാകാത്ത പക്ഷം മൂന്നു വർഷക്കാലത്തേക്ക് സ്ഥാനം വഹിക്കേണ്ടതും പുനർ നാമനിർദ്ദേശത്തിന് യോഗ്യരായിരിക്കുന്നതുമാണ്.

(5) കമ്മീഷന്റെ ഒരു അനൗദ്യോഗിക അംഗം മതിയായ കാരണമില്ലാതെ തുടർച്ചയായി അതിന്റെ മൂന്നിൽ കൂടുതൽ യോഗങ്ങളിൽ ഹാജരാകാത്ത പക്ഷം കമ്മീഷന്റെ ചെയർമാൻ അത്തരം അംഗത്തെ കമ്മീഷന്റെ അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ് :

എന്നാൽ അത്തരം നീക്കം ചെയ്യലിനെതിരെ കാരണം കാണിക്കാൻ ന്യായമായ ഒരു അവസരം നൽകിയ ശേഷമല്ലാതെ യാതൊരംഗത്തെയും ഈ ഉപവകുപ്പിന്റെ വ്യവസ്ഥകൾക്കു കീഴിൽ നീക്കം ചെയ്യാൻ പാടുള്ളതല്ല.

(6) കമ്മീഷന്റെ ഏതൊരു അനൗദ്യോഗിക അംഗത്തിനും രാജിവയ്ക്കാനുള്ള തന്റെ ഉദ്ദേശ്യം ചെയർമാൻ രേഖാമൂലം നോട്ടീസ് നൽകികൊണ്ട് അപ്രകാരം ചെയ്യാവുന്നതും അപ്രകാരമുള്ള രാജി സ്വീകരിക്കപ്പെട്ടാൽ അംഗം സ്ഥാനമൊഴിഞ്ഞതായി കരുതപ്പെടേണ്ടതുമാണ്.

(7) കമ്മീഷൻ അതിന്റേതായ പ്രവൃത്തികളുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും ക്രമീകരിക്കേണ്ടതാണ്.

(8) സംസ്ഥാന സുരക്ഷാ കമ്മീഷന്റെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് നൽകേണ്ടതായ ഫീസും ബത്തയും അവരുടെ സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

25. <u>കമ്മീഷന്റെ ചുമതലകൾ</u> :— (1)കമ്മീഷന് ഇനി പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) സംസ്ഥാനത്ത് പോലീസ് സേന പ്രവർത്തിക്കുന്നതിനുള്ള വിശദവും നയപരവുമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് രൂപം നൽകുക ;

(ബി) പോലീസിന്റെ തടയൽ ദൗത്യത്തിന്റെയും സേവനധിഷ്ഠിതപ്രവർത്തനങ്ങളുടെയും നടത്തിപ്പിനായി നിർദ്ദേശങ്ങൾ നൽകുക ;

(സി) പൊതുവിൽ സംസ്ഥാനത്ത് പോലീസിന്റെ കാലാകാലങ്ങളിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുക ;

(ഡി) അതിന്റെ പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക ;

(ഇ) സർക്കാർ അതിന് ഏൽപ്പിച്ചുകൊടുക്കാവുന്ന അത്തരം മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

(2) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡത്തിൽ കീഴിൽ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നിയമസഭമുമ്പാകെ വയ്ക്കേണ്ടതാണ്.

(3) കമ്മീഷന്റെ യാതൊരു പ്രവൃത്തിയോ നടപടികളോ, അങ്ങനെയുള്ള പ്രവൃത്തിയോ നടപടികളോ ചെയ്തതോ പുറപ്പെടുവിച്ചതോ ആയ സമയത്ത് ഏതെങ്കിലും ഒഴിവുണ്ടായിരുന്നു എന്ന കാരണത്താൽ മാത്രം അസാധുവായി കരുതപ്പെടുവാൻ പാടുള്ളതല്ല.

(4) കമ്മീഷൻ പുറപ്പെടുവിച്ച ഏതെങ്കിലും മാർഗ്ഗനിർദ്ദേശങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടായിരുന്നാൽതന്നെയും ഏതൊരു അടിയന്തിരഘട്ടം നേരിടുന്നതിനായി സന്ദർഭം അപ്രകാരം ആവശ്യപ്പെടുന്നപക്ഷം, സർക്കാരിന് ഏതെങ്കിലും കാര്യത്തെസംബന്ധിച്ച് അത് ആവശ്യമെന്ന കരുതുന്ന അപ്രകരമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

(5) കമ്മീഷന്റെ നിർദ്ദേശങ്ങൾ പോലീസ് വകുപ്പിന് ബാധകമായിരിക്കുന്നതാണ് :

എന്നാൽ, സർക്കാരിന് എഴുതി രേഖപ്പെടുത്താവുന്ന കാരണങ്ങളാൽ കമ്മീഷന്റെ ഏതൊരു ശുപാർശയെയോ നിർദ്ദേശത്തെയോ പൂർണ്ണമായോ ഭാഗികമായോ നിരസിക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

26. കമ്മീഷന്റെ ചുമതലകൾ :— (1)സംസ്ഥആന സുരക്ഷാ കമ്മീഷന്, മുൻ സാമ്പത്തിക വർഷത്തിലെ പോലീസിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും അടുത്ത സാനമ്പത്തിക വർഷത്തിലേക്കുള്ള പ്രവർത്തന നിരവാരം നിർദ്ദേശിക്കുന്നതിനുമായി പോലീസ് പ്രവർത്തനങ്ങളിലോ പൊതുഭരണത്തിലോ സോഷ്യോളജി അല്ലെങ്കിൽ ക്രിമിനേളജി പഠനങ്ങളിലോ സുപരിചിതരായ മൂന്നു വിദഗ്ദ്ധർ അടങ്ങുന്ന ഒരു പാനലിനെ ഓരോ വർഷവും നിയമിക്കാവുന്നതാണ്.

(2) സംസ്ഥാന സുരക്ഷാ കമ്മീഷൻ, കുറ്റ കൃത്യങ്ങൾ കുറഞ്ഞുവരുന്നു എന്ന സൂചിപ്പിക്കുന്നതിനായി കുറ്റകൃത്യങ്ങൾ പോലീസ് കുറച്ചു രജിസ്റ്റർ ചെയ്യുന്നതരം സ്ഥിതി വിവരക്കണക്കുകൾ കണക്കിലെടുക്കുന്നത് ഒഴിവാക്കാൻ ശ്രദ്ധിച്ചുകൊണ്ടും കൂടാതെ പോലീസ് ഉദ്യോഗസ്ഥരുടെ മനുഷ്യശേഷി വിനിയോഗവും വിഭവവിനിയോഗവും പോലെതന്നെ പോലീസിന്റെ എല്ലാ മേഖലകളിലുമുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള മാനദണ്ഡങ്ങൾ ഉറപ്പാക്കുവാൻ ശ്രദ്ധിച്ചുകൊണ്ടും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിക്കാവുന്നതാണ്.

(3) സംസ്ഥാന സുരക്ഷാ കമ്മീഷൻ ഓരോ വർഷവും അടുത്ത സാമ്പത്തിക വർഷത്തിൽ വിവിധ യൂണിറ്റുകളും ശാഖകളും കൈവരിക്കേണ്ടതായ കർത്തവ്യനിർവ്വഹണനിലവാരം നിശ്ചയിക്കേണ്ടതും അതിന്റെ വസ്തുതകൾ നടപ്പുസാമ്പത്തിക വർഷം മാർച്ച് മാസം ഒന്നാം തീയതിക്കുമുമ്പായി ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതുമാണ്.

## അദ്ധ്യായം - V

## പോലീസിന്റെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും

27. ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കർത്തവ്യം.— ന്യായയുക്തവും നിയമാനുനിയമാനുസൃതവുമായ എല്ലാ പ്രവർത്തികളും ഏറ്റെടുക്കേണ്ടത് ഓരോ പോലീസ് ഉദ്യോഗസ്ഥന്റെയും കർത്തവ്യമായിരിക്കുന്നതും അതിലൂടെ അത്തരം പോലീസ് ഉദ്യോഗസ്ഥനും പൊതുവായി പോലീസും പോലീസിന് നിഷ്ക്കർഷിച്ചിട്ടുള്ള ചുമതലകളിൽനിന്നുണ്ടാകുന്ന എല്ലാ ഉത്തരവാദിത്വങ്ങളും കാര്യക്ഷമവും ഫലപ്രദവുമായ രീതിയിൽ നിർവ്വഹിക്കുന്നതിന് പ്രാപ്തരാകുന്നതുമാണ്.

28. പോലീസിന്റെ പ്രതികരണം.— ഡ്യൂട്ടിയിലായിരിക്കുന്ന ഓരോ പോലീസ് ഉദ്യോഗസ്ഥനും മാനസികവും ശാരീരികവുമായി ജാഗരൂകമായ അവസ്ഥയിലായിരിക്കേണ്ടതും പോലീസിന്റെ ഏതെങ്കിലും ചുമതലകളുടെ നിർവ്വഹണം നിയമാനുസൃതം പ്രതീക്ഷിക്കാവുന്ന ഏതെങ്കിലും സാഹചര്യം സംബന്ധിച്ച് അയാളുടെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ പ്രായോഗികമായി കഴിയുന്നിടത്തോളം വേഗത്തിൽ പ്രതികരിക്കേണ്ടതുമാണ്.

29. പോലീസിന്റെ പെരുമാറ്റം.— (1) ഡ്യൂട്ടിയിലുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥരും പൊതുജനങ്ങളോടുള്ള അവരുടെ ഇടപെടലുകളിൽ മര്യാദയും ദാക്ഷിണ്യവും വിനയവും കാണിക്കേണ്ടതാണ്.

(2) അവർ നിയമപരമായ ഏതെങ്കിലും ഉദ്ദേശ്യം നിറവേറ്റുന്നതിന് ആവശ്യമില്ലാത്തപക്ഷം ബലപ്രയോഗമോ ബലപ്രയോഗഭീഷണിയോ അല്ലെങ്കിൽ പ്രതികൂലമായ ഏതെങ്കിലും പോലീസ് നടപടിയോ നിയമനടപടിയോ ശിക്ഷയോ കൊണ്ട് ഏതൊരാളെയും ഭീഷണിപ്പെടുത്തുവാൻ പാടുള്ളതല്ല.

(3) അവർ കുറ്റ കൃത്യത്തിനിരയായവരോടു പ്രത്യേകിച്ചും ദാക്ഷിണ്യമുള്ളവരായിരിക്കേണ്ടതും സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ശേഷിയിൽ വ്യത്യാസമുള്ളവർ എന്നിവരുടെ പ്രത്യേകാവശ്യങ്ങൾക്ക് പരിഗണന നൽകുന്നവരായിരിക്കേണ്ടതുമാണ്.

(4) അവർ അനാവശ്യ ആക്രമണ സ്വഭാവം വിർജ്ജിക്കേണ്ടതും പ്രകോപനമുണ്ടായാൽ തന്നെയും ആത്മനിയന്ത്രണമില്ലാത്ത പെരുമാറ്റം ഒഴിവാക്കേണ്ടതുമാണ്.

(5) അവരുടെ പരിചരണത്തിലോ കസ്റ്റഡിയിലോ ഉള്ള ആരെയും അവർ ഉപദ്രവിക്കാൻ പാടുള്ളതല്ല.

(6) അവർ പൊതു സ്ഥലത്ത് ഹാജരാകുന്ന സമയത്ത് ശാരീരികമായി സുസജ്ജരായിരിക്കേണ്ടതും, തന്റെ ഏതെങ്കിലും ചുമതല ശുഷ്കാന്തിയോടുകൂടി നിർവ്വഹിച്ചതു കാരണമായി നേരിട്ടു സംഭവിച്ചതല്ലാതെ, മലിനമായതോ വൃത്തിയോ വെടിപ്പോ ഇല്ലാത്തതോ ആയ അവസ്ഥയിൽ ഹാജരാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

30. പോലീസ് ഉദ്യോഗസ്ഥർ നല്ല ആരോഗ്യസ്ഥിതി കാത്തു സൂക്ഷിക്കേണ്ടതാണെന്ന്.—(1) എല്ലാ പോലീസ് ഉദ്യോഗസ്ഥരും നല്ല ശാരീരികവും മാനസികവുമായ ആരോഗ്യം കാത്തുസൂക്ഷിക്കാൻ പ്രയത്നിക്കേണ്ടതാണ്.

(2) സർക്കാർ, ഈ വിഷയം സംബന്ധിച്ച് പുറപ്പെടുവിച്ചേക്കാവുന്ന ഏതെങ്കിലും നിർദ്ദേശത്തിനു വിധേയമായി, സംസ്ഥാന പോലീസ് മേധാവിക്ക്, പ്രായം,

ലിംഗഭേദം, ജോലിയുടെ സ്വഭാവം, ജനസംഖ്യയിൽ പൊതുവെ നിലവിലുള്ള നിലവാരം എന്നിവയ്ക്ക് മതിയായ പരിഗണന നൽകിക്കൊണ്ട് ഒരു പോലീസ് ഉദ്യോഗസ്ഥൻ കാത്തുസൂക്ഷിക്കേണ്ട ശാരീരികവും മാനസികവുമായ കാര്യശേഷിയുടെ നിലവാരം നിർണ്ണയിക്കാവുന്നതാണ്.

(3) യാതൊരു പോലീസ് ഉദ്യോഗസ്ഥനോടും, ശാരീരിക നിലവാരം പുലർത്തുന്നതിൽ വീഴ്ച വരുത്തി എന്ന കാരണത്താൽ, അത്തരം വീഴ്ച ഏതെങ്കിലും പരിക്കു മൂലമോ അല്ലെങ്കിൽ ചുമതലാനിർവ്വഹണം മൂലമോ ചുമതല നിർവ്വഹണത്തിനിടയിലോ അനുഭവിക്കേണ്ടിവന്ന സാഹചര്യം മൂലമോ അല്ലെങ്കിൽ ദീർഘനാളത്തെ അസുഖം കൊണ്ടോ സംഭവിച്ചതാണെങ്കിൽ, വിവേചനം കാണിക്കുവാൻ പാടുള്ളതല്ല.

(4) സർക്കാരിന്, കേരളാപോലീസിലെ അംഗങ്ങൾക്കിടയിൽ നല്ല മാനസികവും ശാരീരികവുമായ ആരോഗ്യം വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനവും അടിസ്ഥാന സൗകര്യവും നൽകുന്ന സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

31. പോലീസ് വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ടതാണെന്ന്.— (1)പോലീസ് അവരുടെ കർത്തവ്യ നിർവ്വഹണത്തിനിടയിൽ ശേഖരിക്കുന്ന ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ പ്രവർത്തനങ്ങൾ സംബന്ധിച്ച എല്ലാ വിവരവും, അത്തരം വിവരം ഏതെങ്കിലും ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന ആവശ്യത്തിനല്ലാതെ, രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ഔദ്യോഗിക ആവശ്യങ്ങളിൽ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനോ തടയുന്നതിനോ സഹായകരമാകുന്നതിനുള്ള അങ്ങനെയുള്ള വിവരങ്ങളുടെ പ്രസിദ്ധപ്പെടുത്തൽ ഉൾപ്പെടുന്നതാണ്.

(3) പത്രങ്ങളിലോ ഏതെങ്കിലും ദൃശ്യമാദ്ധ്യമങ്ങളിലോ പ്രസിദ്ധീകരിക്കുന്നതിന് കസ്റ്റഡിയിലുള്ള വ്യക്തികളെ പരേഡ് നടത്തുവാനോ അവരുടെ ഫോട്ടോ എടുക്കുവാനോ പാടുള്ളതല്ല.

32. പോലീസ് ഉത്തരവാദിയായിരിക്കുമെന്ന്.— (1) ഏതൊരു ആളിനോ അയാളിൽ താല്പര്യമുള്ള അയാളുടെ പ്രതിനിധിക്കോ, ഏതൊരു പോലീസ് നടപടിയുടെ ഫലമായിട്ടാണോ തന്റെ ശരീരമോ, സ്വത്തോ, കീർത്തിയോ പ്രതികൂലമായി ബാധിക്കപ്പെട്ടത് അങ്ങനെയുള്ള ഏതൊരു പോലീസ് നടപടിയുടെയും കാരണം അന്വേഷിക്കുന്നതിനും അറിയുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഓരോ കേസിന്റെ സാഹചര്യമനുസരിച്ച്, ന്യായമായും പ്രായോഗികമാവുന്നിടത്തോളം, ഒരു പോലീസ് ഉദ്യോഗസ്ഥൻ, ഏതെങ്കിലും ഒരാളിന്റെ ശരീരത്തേയോ, സ്വത്തിനേയോ കീർത്തിയേയോ അപായപ്പെടുത്തുവാനോ അവയെ പ്രതികൂലമായി ബാധിക്കുവാനോ സാദ്ധ്യതയുള്ള ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും അത്തരം പ്രവൃത്തിയെ നിയന്ത്രിക്കുന്ന ഏതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ സംസ്ഥാന പോലീസ് മേധാവിയോ, നിർണ്ണയിച്ചേക്കാവുന്ന പ്രകാരം തന്റെ നടപടികൾ സംബന്ധിച്ച് അങ്ങനെയുള്ള രേഖകൾ സൂക്ഷിക്കേണ്ടതാണ്.

(3) ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ സംസ്ഥാന പോലീസ് മേധാവിയെ ഏതെങ്കിലും ആളിന് വിവരം നൽകുന്നത്, നിഷേധിക്കുന്നതിൽനിന്നും, നടന്നുകൊണ്ടിരിക്കുന്ന അന്വേഷണത്തിനോ വിചാരണയ്ക്കോ സംസ്ഥാനത്തിന്റെ സുരക്ഷാ താല്പര്യത്തിനോ ഹാനികരമാകുമെന്ന കാരണത്താൽ, തടയുവാൻ പാടുള്ളതല്ല.

33. പോലീസിനും പൊതുജനങ്ങൾക്കും ഓഡിയോ, വീഡിയോ, അല്ലെങ്കിൽ ഡിജിറ്റൽ റിക്കാർഡുകൾ സൂക്ഷിച്ചു വെയ്ക്കാവുന്നതാണെന്ന്.— (1) പോലീസിന്, അവരുടെ മേൽ വ്യക്തിപരമായോ കൂട്ടായോ ഏൽപ്പിച്ചുകൊടുത്ത ഏതൊരു ചുമതലയും നിർവ്വഹിക്കുന്നതിനിടയിൽ ചെയ്ത ഏതൊരു പ്രവൃത്തിയുടെയും ഓഡിയോ, വീഡിയോ അല്ലെങ്കിൽ ഡിജിറ്റൽ റിക്കാർഡുകൾ തയ്യാറാക്കി സൂക്ഷിക്കാവുന്നതും അങ്ങനെയുള്ള റിക്കാർഡുകൾ പോലീസ് നടപടിയുടെ സത്യാവസ്ഥ ചോദ്യം ചെയ്യപ്പെടുന്ന ഏതൊരു നടപടിക്രമങ്ങളിലും പ്രയോജനപ്പെടുത്താവുന്നതുമാണ്.

(2) യാതൊരു പോലീസ് ഉദ്യോഗസ്ഥനും, ഒരു പൊതുസ്ഥലത്ത് അല്ലെങ്കിൽ പൊതുജനങ്ങളിൽ ഒരാളിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും സ്വകാര്യ സ്ഥലത്ത് നടക്കുന്ന ഏതെങ്കിലും പോലീസ് പ്രവർത്തനത്തിന്റെയോ നടപടിയുടെയോ ഓഡിയോ, വീഡിയോ അല്ലെങ്കിൽ ഡിജിറ്റൽ റിക്കാർഡുകൾ പൊതുജനങ്ങളിൽ ഏതെങ്കിലും ഒരാൾ ഉണ്ടാക്കുന്നതിനെ തടയുവാൻ പാടുള്ളതല്ല.

34. പോലീസിന് പരാതി എങ്ങനെ നല്കണമെന്ന്.—പോലീസിനുള്ള ഒരു പരാതി വാങ്മൂലമോ രേഖാമൂലമോ ആഗ്യത്തിലോ അടയാളത്താലോ അല്ലെങ്കിൽ ഡിജിറ്റലോ ഇലക്ട്രോണിക്കോ ആയ ഉപാദികളിലൂടെയോ അറിയിക്കാവുന്നതും പരാതി, കള്ളപ്പേരിലോ പേരു വെക്കാതെയുള്ളതോ പ്രകടമായും അസത്യമായതോ നിസ്സാരമായതോ അർത്ഥശൂന്യമായതോ ആണെന്ന് സംശയിക്കാൻ തക്ക കാരണമില്ലാത്ത പക്ഷം, പോലീസ് ഉദ്യോഗസ്ഥൻ അതിന്മേൽ ഉചിതമായ നടപടി എടുക്കുവാൻ ബാദ്ധ്യസ്ഥാനായിരിക്കുന്നതാണ്.

35. സാക്ഷികളോട് അർഹമായ പരിഗണനയോടുകൂടി പോലീസ് പെരുമാറേണ്ടതാണെന്ന്.— (1) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്, നിയമാനുസൃത കാരണത്താൽ ആരായാണ്ടുന്ന ഏതെങ്കിലും വിഷയത്തിന്റെ വസ്തുതകളും സാഹചര്യങ്ങളും ഏതെങ്കിലും ആളിന് നന്നായി അറിയുന്നുവെങ്കിൽ പോലീസ് ഉദ്യോഗസ്ഥൻ അത്തരം ആളിനെ അനാവശ്യമായി ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാൻ ശ്രദ്ധിച്ചുകൊണ്ട് അക്കാര്യം ആരാഞ്ഞ് അറിയുന്നതിനുള്ള നടപടി എടുക്കേണ്ടതാണ്.

(2) സാധാരണയായി, അത്തരം എല്ലാ ആളുകളെയും, അവർ സാധാരണ താമസിക്കുന്ന സ്ഥലത്തോ ജോലി സ്ഥലത്തോ ഉള്ളപ്പോൾ സമീപിക്കേണ്ടതും ഈ ആവശ്യത്തിനായി കുട്ടികളെയോ, സ്ത്രീകളെയോ, മുതിർന്ന പൗരന്മാരെയോ, പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചു വരുത്തുവാൻ പാടില്ലാത്തതുമാണ്.

(3) പോലീസ് ഉദ്യോഗസ്ഥൻ ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച് ഏതെങ്കിലും വസ്തുതയോ സാഹചര്യമോ ഉറപ്പുവരുത്തുന്നതിന് സഹായം ആവശ്യപ്പെടുന്ന ഏതെങ്കിലും ആൾ, തന്റെ താമസസ്ഥലത്തുനിന്നും ദൂരെ പോകുവാൻ ആലോചിക്കുകയാണെങ്കിൽ, ആ ആളിനോട്, ഏതു സംഗതിയിലും പതിനഞ്ച് ദിവസങ്ങൾ കവിയാതെ, തുടർന്നുവരുന്ന ദിവസങ്ങളിൽ എവിടെ ഉണ്ടായിരിക്കുമെന്ന് പോലീസിനെ അറിയിക്കുവാൻ പോലീസ് ഉദ്യോഗസ്ഥൻ നിർദ്ദേശം നൽകുന്നത് നിയമാനുസൃതം ആയിരിക്കുന്നതും അങ്ങനെയുള്ള ആൾ അങ്ങനെയുള്ള നിർദ്ദേശം പാലിക്കേണ്ടതുമാണ്.

(4) ഏതെങ്കിലും വസ്തുതയോ സാഹചര്യമോ ആരാഞ്ഞറിയുന്നതിനായി പോലീസിനെ സഹായിക്കേണ്ടി വന്നു എന്ന കാരണത്താൽ ഏതെങ്കിലും ആൾക്ക് ഏതെങ്കിലും ദിവസം തന്റെ വേതനം നഷ്ടമാകുന്നത്ര ഗൗരവതരമായ അസൗകര്യം

ഉണ്ടാകുകയാണെങ്കിൽ അയാൾക്ക് ക്രിമിനൽ ജസ്റ്റിസ് മിസ്സലേനിയസ് എക്സ്പെൻസസ് ഫണ്ടിൽ നിന്ന് പൊതുവായി സംസ്ഥാന പോലീസ് മേധാവി നിർണ്ണയിച്ചേക്കാവുന്ന അപ്രകാരമുള്ള തുക നല്കേണ്ടതാണ്.

36. ആവശ്യപ്പെട്ടാൽ തിരിച്ചറിയുന്നതിനുള്ള വ്യക്തവിവരങ്ങൾ നൽകേണ്ടതാണെന്ന്.— (1) ഓരോ ആളും ഒരു പോലീസ് ഉദ്യോഗസ്ഥൻ അപ്രകാരം ആവശ്യപ്പെട്ടാൽ തിരിച്ചറിയുന്നതിനുള്ള വ്യക്തിവിവരങ്ങൾ നൽകേണ്ട്താണ്.

(2) അത്തരം പോലീസ് ഉദ്യോഗസ്ഥന് ആ വ്യക്തിയുടെ തിരിച്ചറിയൽ ഉറപ്പാക്കുന്നതിനാവശ്യമായ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതും ആ ആവശ്യത്തിലേക്കായി പോലീസ് ഉദ്യോഗസ്ഥന്, ഓരോ കേസിനും ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള വ്യക്തിപരമായ തിരിച്ചറിയൽ രേഖകൾ ഉണ്ടാക്കുകയോ എടുക്കുകയോ ചെയ്യാവുന്നതുമാണ്.

(3) യാതൊരാളിനേയും അത്തരം ആൾ നല്കിയ തിരിച്ചറിയൽ പരിശോധിക്കേണ്ടതുണ്ടെന്ന കാരണത്താൽ മാത്രം ഈ വകുപ്പിനു കീഴിലുള്ള ഏതൊരു രീതിയിലും അറസ്റ്റുചെയ്യുവാനോ കസ്റ്റഡിയിൽ സൂക്ഷിക്കുവാനോ പാടുള്ളതല്ല.

37. സ്വകാര്യ സ്ഥലങ്ങളിൽ പോലീസിനുള്ള പ്രവേശനം.—സുരക്ഷ ഉറപ്പാക്കുന്നതിനായോ ആസന്നമായ അപകടം ഒഴിവാക്കുന്നതിനോ വേണ്ടിയുള്ള ആവശ്യത്തിന് ഓരോ പോലീസ് ഉദ്യോഗസ്ഥനും, ആചാരം, മര്യാദ, സ്വകാര്യത, ഔചിത്യം എന്നിവയ്ക്ക് തക്കതായ പരിഗണന നൽകിക്കൊണ്ട്, ശരിയായതും മതിയായതുമായ കാരണമുണ്ടെങ്കിൽ, ഏതൊരു സ്വകാര്യ സ്ഥലത്തും പ്രവേശനമുണ്ടായിരിക്കുന്നതും, അതിന് അങ്ങനെയുള്ള ഉദ്യോഗസ്ഥൻ വ്യക്തിപരമായി ഉത്തരവാദിയും മറുപടി പറയാൻ ബാധ്യസ്ഥനുമായിരിക്കുന്നതുമാണ്.

എന്നാൽ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ, സാദ്ധ്യമാകുന്നിടത്തോളം ഈ അവകാശം വിനിയോഗിക്കുന്നതിനുമുമ്പ്, കെട്ടിടത്തിന്റെയും പരിസരത്തിന്റെയും ചുമതലയുള്ള വ്യക്തിയുടെ സഹകരണവും സമ്മതവും നേടാൻ ശ്രമിക്കേണ്ടതാണ്.

38. കുറ്റകൃത്യം തടയുന്നതിന് പോലീസ് ഇടപെടേണ്ടതാണെന്ന്.—(1) സ്ഥലത്ത് ഹാജരുള്ള ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ അയാളുടെ കഴിവിന്റെ പരമാവധി, അയാളുടെ സാന്നിദ്ധ്യത്തിലോ സമീപത്തോ നടന്നുകൊണ്ടിരിക്കുന്നതോ നടക്കാൻ പോകുന്നതോ ആയ ഏതെങ്കിലും കുറ്റകൃത്യം ഇടപെട്ട് അവസാനിപ്പിക്കേണ്ടതാണ്.

(2) ഈ ആവശ്യത്തിനായി അയാൾക്ക് ഏതെങ്കിലും കായശക്തിയുള്ള പ്രായപൂർത്തിയായ പുരുഷന്റെ സേവനം നിയമാനുസൃതം ആവശ്യപ്പെടാവുന്നതും സ്വീകരിക്കാവുന്നതും ന്യായമായ കാരണമില്ലാതെ യാതൊരാളും സ്ഥലത്ത് ഹാജരുള്ള ഉദ്യോഗസ്ഥൻ നല്കിയ അപ്രകാരമുള്ള നിയമാനുസൃതവും ന്യായവുമായ നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുവാനും പാടുള്ളതല്ല.

39. പോലീസ് ന്യായമായ നിർദ്ദേശങ്ങൾ നല്കേണ്ടതാണെന്ന്.—(1) ഈ ആക്ററിൽ കീഴിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനിടയിൽ അയാൾ നല്കുന്ന ന്യായമായ നിർദ്ദേശങ്ങൾ പാലിക്കാൻ എല്ലാ ആളുകളും ബാദ്ധ്യസ്ഥരാണ്.

(2) നിയമപ്രകാരമുള്ള ഏതെങ്കിലും നിർദ്ദേശം അനുസരിക്കപ്പെടുന്നു എന്നുറപ്പുവരുത്തുന്നതിനോ ഈ ആക്റ്റിനാലോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും

ചട്ടമോ, റഗുലേഷനോ, ഉത്തരവോ പ്രകാരം ഏതൊരു പോലീസ് ഉദ്യോഗസ്ഥനും തന്നിൽ നിക്ഷിപ്തമായ ഏതെങ്കിലും നിയമാനുസൃത ചുമതല നിർവ്വഹിക്കുന്നതിനിടയ്ക്ക്, ഒരു പോലീസ് ഉദ്യോഗസ്ഥന്,—

(എ) ഏതെങ്കിലും നിയമത്തിന്റെ അല്ലെങ്കിൽ ഏതെങ്കിലും നിയമത്തിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിന്റെയോ ഉത്തരവിന്റെയോ കീഴിൽ ശിക്ഷാർഹമായ ഒരു കുറ്റകൃത്യം ചെയ്യാൻ ഒരുങ്ങുന്ന ഒരാളെ മുന്നറിയിപ്പു നൽകുകയും ;

(ബി) ഏതൊരു ആളോടും, അയാൾ സ്വന്തം കാര്യത്തിലോ മറ്റൊരാളുടെ കാര്യത്തിലോ തന്റെ ചുമതലയിലുള്ള ഏതെങ്കിലും വിഷയത്തിന്റെ കാര്യത്തിലോ പ്രവർത്തിക്കേണ്ടുന്ന രീതി നിർണ്ണയിക്കുന്ന ഏതൊരു നിയമവും പാലിക്കുവാൻ ആവശ്യപ്പെടുകയും ;

(സി) (എ) യും (ബി)യും ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, കുററം ചെയ്യുന്നതോ അല്ലെങ്കിൽ പോലീസ് ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ കുറ്റകൃത്യം ചെയ്തതോ ആയ ഏതൊരാളേയും, അങ്ങനെയുള്ള അറസ്റ്റ് ആവശ്യമാണെന്ന് കരുതുന്ന പക്ഷം, അറസ്റ്റ് ചെയ്യുകയും ;

(ഡി) കുറ്റകൃത്യം ചെയ്യാനുപയോഗിച്ചതോ, ഉപയോഗിക്കാൻ പോകുന്നതോ ആയ ഏതൊരു വസ്തുവും പിടിച്ചെടുക്കുകയും ;

(ഇ) നടന്ന ഒരു കുറ്റകൃത്യം സംബന്ധിച്ച് അത്തരത്തിലുള്ള കുറ്റകൃത്യം തടയുന്നതിനോ അന്വേഷണം നടത്തുന്നതിനോ, അത്തരം പിടിച്ചെടുക്കൽ ആവശ്യമാണെങ്കിൽ, ഏതൊരു വസ്തുവും പിടിച്ചെടുക്കുകയും ചെയ്യാവുന്നതാണ്.

40. <u>പോലീസിനു നീക്കം ചെയ്യാമെന്ന.</u>— (1) ഏതെങ്കിലും ആൾ, പൊതുജനം ഹാജരുള്ള സ്ഥലത്ത്, പോലീസ് ഉദ്യോഗസ്ഥൻ നല്കിയ ന്യായമായ ഏതെങ്കിലും നിർദ്ദേശം ചെറുത്തു നില്ക്കുകയോ നിരസിക്കുകയോ അല്ലെങ്കിൽ അവ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുവാൻ, പോലീസ് ഉദ്യോഗസ്ഥൻ, ഈ ആക്റ്റിലെയോ മറ്റേതെങ്കിലും നിയമത്തിലെയോ ഏതെങ്കിലും വ്യവസ്ഥ പ്രകാരം അയാൾ കൈക്കൊള്ളാവുന്ന മറ്റേതെങ്കിലും നടപടിക്ക് ഭംഗം വരാത്തവിധം, ആ ആളിനെ അടുത്തുള്ള ഒരു സ്ഥലത്തേക്ക് നീക്കം ചെയ്യിക്കാവുന്നതും, ആറുമണിക്കൂറുകൾക്കകമോ, നീക്കം ചെയ്യേണ്ട ആവശ്യം ഇല്ലാതായിത്തീർന്നാൽ ഉടനെയോ, ഏതാണോ ആദ്യം സംഭവിക്കുന്നത്, ആ സമയത്തനികം അയാളുടെ പേരും മേൽവിലാസവും ആരാഞ്ഞത് അറിഞ്ഞതിനുശേഷം, വിട്ടയക്കാവുന്നതുമാണ്.

(2) ആറ് മണിക്കൂറുകൾക്കകം വിട്ടയക്കുന്ന അങ്ങനെയുള്ള നീക്കം ചെയ്യൽ ഒരു അറസ്റ്റായി കരുതപ്പെടുവാൻ പാടുള്ളതല്ല.

(3) പോലീസിന്, ബന്ധപ്പെട്ട ആളുകൾ സ്വയം നീങ്ങിപ്പോകാൻ ഉത്തരവായിട്ടും അങ്ങനെ ചെയ്യാൻ വിസമ്മതിക്കുകയോ നീക്കം ചെയ്യലിനെ പ്രതിരോധിക്കുകയോ ചെയ്യുമ്പോൾ അങ്ങനെയുള്ള നീക്കം ചെയ്യൽ നടപ്പിലാക്കുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ ബലപ്രയോഗം നടത്താവുന്നതാണ്.

41. <u>പ്രത്യേക അധികാരപ്പെടുത്തൽ ആവശ്യമുള്ള കുറ്റകൃത്യങ്ങളിൽ പോലീസ് നടപടി.</u>—ഒരു പോലീസ് ഉദ്യോഗസ്ഥന്, ന്യായമായും പ്രായോഗികമാകുന്നത്ര, യോഗ്യരായ പ്രാദേശിക സാക്ഷികളുടെ സാന്നദ്ധ്യത്തിൽ, ഓരോ കേസിൻെറയും സാഹചര്യത്തിനനുസരിച്ച്, ന്യായമായും സാദ്ധ്യമാവുന്നിടത്തോളം ഉചിതമായ ഏതെങ്കിലും സ്ഥലത്ത്, ഏതെങ്കിലും കൊഗ്നൈസബിൾ കുറ്റത്തിനു പ്രത്യക്ഷമായി ഉൾപ്പെട്ട ആളെയോ വസ്തുവിനെയോ, തന്റെ പദവിയാലോ അധികാരിതയാലോ അങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥനെ അറസ്റ്റുചെയ്യുവാനോ പിടിച്ചെടുക്കുവാനോ അധികാരപ്പെടുത്തിയിട്ടില്ലാത്തതിനാൽ, നിയമത്തിന്റെ കീഴിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന് നിയമപരമായി ക്ഷമതയുള്ള കീഴിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന് നിയമപരമായി ക്ഷമതയുള്ള മറ്റൊരു പോലീസ് ഉദ്യോഗസ്ഥനെയോ അധികാരസ്ഥാനത്തേയോ അപ്രകാരം ചെയ്യുന്നതിനു പ്രാപ്തമാക്കും വിധം, പരമാവധി ആറുമണിക്കൂർ സമയത്തേക്ക് സൂക്ഷിക്കാവുന്നതാണ്.

42. <u>ക്രമസമാധാനപാലനവും അപായങ്ങൾ തടയലും.</u>—(1)ഗുരുതലമായ ക്രമസമാധാന ലംഘനമോ, ഏതെങ്കിലും സ്ഥലത്ത് കൂടിയിരിക്കുന്ന ജനങ്ങൾക്ക് പ്രകടമായതും ഉടൻ സംഭവിക്കാവുന്നതുമായ അപായം തടയുന്നതിനുവേണ്ടയോ അത്തരം സ്ഥലത്തോ ജനക്കൂട്ടത്തിലോ ഹാജരുള്ള അധികാരിതയുള്ള ഏതൊരു പോലീസ് ഉദ്യോഗസ്ഥനും, അത്തരം സ്ഥലങ്ങളിൽ ആളുകളുടെ പെരുമാറ്റം സംബന്ധിച്ച് അയാൾ, ആവശ്യമെന്ന് കരുതുന്ന ന്യായമായ അത്തരം നിർദ്ദേശങ്ങൾ നല്കാവുന്നതും അത്തരം നിർദ്ദേശങ്ങൾ എല്ലാ ആളുകളും പാലിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

(2) ഓരോ പോലീസ് ഉദ്യോഗസ്ഥനും, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നല്കുന്നതിനായി, പൊതുജനങ്ങളുണ്ടായേക്കാവുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും ഉൾപ്പെടെയുള്ള, എല്ലാ പൊതുസ്ഥലങ്ങളിലേക്കും സ്വതന്ത്രമായ പ്രവേശനമുണ്ടായിരിക്കുന്നതാണ്.

43. <u>പോലീസ് യൂണിഫോം വ്യത്യസ്ഥമായതും പ്രത്യേകമായതും എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയുന്നതും ആയിരിക്കേണ്ടതാണെന്ന്.</u>—(1) സംസ്ഥാന പോലീസ് മേധാവിക്ക് സർക്കാരിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, എല്ലാ വദവിയിലും വിഭാഗങ്ങളിലും ഉള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടെ യൂണിഫോം,. വ്യത്യസ്തമായതും പ്രത്യേകമായതും പോലീസ് സംവനം ആഗ്രഹിക്കുന്നതുമായിരിക്കണം അത്തരം യൂണിഫോം എന്ന ആവശ്യം മുന്നിൽ കണ്ടുകൊണ്ട്, വിനിർദ്ദേശിക്കാവുന്നതാണ്.

(2) സംസ്ഥാന പോലീസ് മേധാവി, യൂണിഫോം ധരിയ്ക്കേണ്ട സമയവും രീതിയും വിനിർദ്ദേശിക്കാവുന്നതും, നിർബന്ധമായും യൂണിഫോം ധരിച്ചിരിക്കേണഅടതും ഇച്ഛാനുസരണം യൂണിഫോം ധരിക്കേണ്ടതും, അല്ലെങ്കിൽ യൂണിഫോം ആവശ്യമില്ലാത്തുമായ ജോലികളും വിനിർദ്ദേശിക്കാവുന്നതാണ്.

(3) പോലീസ് ഉദ്യോഗസ്ഥൻ എപ്പോഴും തന്റെ യൂണിഫോം ശരിയായ രീതിയിൽ കേടുപാട് തീർത്ത സ്ഥിതിയിൽ, നല്ലതുപോലെ കാത്തുസൂക്ഷിക്കേണ്ടതാണ്.

(4) ഔദ്യോഗികമായി പ്രവർത്തിക്കുന്ന ഒരു പോലീസ് ഉദ്യോഗസ്ഥനല്ലാതെ യാതൊരാളും കലാപരമോ ശാസ്ത്ര സംബന്ധിയായതോ ആയ ആവശ്യത്തിനല്ലതെ പോലീസ് യൂണിഫോം എന്ന് തോന്നിയേക്കാവുന്ന യാതൊരു വേഷവും ധരിക്കുവാൻ പാടില്ലാത്തതും ഒരു പ്രത്യകം വേഷം അത്തരമൊരു തോന്നൽ ഉളവാക്കുന്നുവോ എന്ന

തർക്കം ഉത്ഭവിച്ചാൽ, അതിനെ ആ വേഷം ധരിച്ചിരിക്കുന്ന വ്യക്തി അയാളിൽ നിന്ന് 25 മീറ്റർ അകലെ നില്ക്കുന്ന ഒരു സാധാരണ നിരീക്ഷകന് യൂണിഫോം ധരിച്ച ഒരു പോലീസ് ഉദ്യോഗസ്ഥനായി തോന്നപ്പെടുന്നുവോ എന്ന പരീക്ഷണത്തിലൂടെ തീരുമാനി ക്കേണ്ടതുമാണ്.

44. പോലീസ് ഡ്യൂട്ടിവാഹനങ്ങൾ വ്യത്യാസ്തമായതും പ്രത്യേകമായതും തിരിച്ച റിയാൻ കഴിയുന്നതും ആയിരിക്കേണ്ടതാണെന്ന്.—(1) സംസ്ഥാന പോലീസ് മേധാവിക്ക്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, വ്യത്യസ്തമായതും പ്രത്യേകമാ യതും പോലീസ് സേവനം ആഗ്രഹിക്കുന്ന പൊതുജനങ്ങൾക്ക് എളുപ്പത്തിൽ തിരിച്ചറി യുവാൻ കഴിയുന്നതായിരിക്കണമെന്ന ആവശ്യം മുന്നിൽ കണ്ടുകൊണ്ട് ഓര് പോലീസ് ഡ്യൂട്ടി വാഹനത്തിന്റെയും നിറം, സജ്ജീകരണങ്ങൾ കൂടുതലായി വേണ്ട സാധനങ്ങൾ എന്നിവ വിനിർദ്ദേശിക്കാവുന്നതാണ്.

(2) വിനിർദ്ദേശിക്കപ്പെട്ട രൂപത്തിലുള്ള പോലീസിന്റെ എല്ലാ ഡ്യൂട്ടിവാഹന ങ്ങളും മറ്റേതെങ്കിലും അടിയന്തിരമോ പ്രധാനമായതോ ആയ ജോലിയിൽ പ്രകടമാ യതും ഏർപ്പെട്ടിട്ടില്ലാത്തപക്ഷം, ഏതൊരാളിന്റെയും അടിയന്തിരമായ വിളിക്ക് പ്രതികരി ക്കേണ്ടതാണ്.

(3) ഒരു ഔദ്യോഗിക വാഹനമ സംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥനല്ലാതെ യാതൊരാളും, കലാപരമോ ശാസ്ത്രസംബന്ധിയായ ആവശ്യത്തിനല്ലാതെ ഏതൊരു വാഹനത്തെയും അത് പോലീസ് വാഹനമാണെന്ന് തോന്നിപ്പിക്കുന്ന സ്ഥിതിയിൽ സൂക്ഷിക്കവാൻ പാടില്ലാത്തതും ഒരു നിർദ്ദിഷ്ഠ വാഹനം അത്തരമൊരു തോന്നൽ ഉള വാക്കുന്നുവോ എന്ന തർക്കം ഉത്ഭവിച്ചാൽ, അതിനെ ആ വാഹനത്തിൽ നിന്ന 100 മീറ്റർ അകലെ നില്ക്കുന്ന ഒരു സാധാരണ നിരീക്ഷകന്, നിർണ്ണയിക്കപ്പെട്ട പോലീ സിന്റെ ഡ്യൂട്ടി വാഹനമായി അത് തോന്നപ്പെടുന്നുവോ എന്ന പരീക്ഷണത്തിലൂടെ തീരു മാനിക്കേണ്ടതുമാണ്.

45. പ്രശ്നബാധിത പ്രദേശങ്ങളിൽ പ്രത്യേക അധികാരങ്ങൾ.—(1) ഏതെങ്കിലും പ്രദേശം, വർഗ്ഗീയ അഥവാ രാഷ്ട്രീയ അക്രമത്താലോ ഭീകരപ്രവർത്തനം അഥവാ ദേശീയ വിരുദ്ധ പ്രവർത്തനങ്ങളാലോ വ്യാപകമായ അക്രമം, വിധ്വംസനം അല്ലെങ്കിൽ പൊതു സ്വത്ത് നശിപ്പിക്കലോ മൂലം ദുസ്സഹമായി ബാധിക്കപ്പെട്ടാൽ, സംസ്ഥാന സർക്കാരിന്, ആ പ്രദേശത്തെ ഒരു "പ്രശ്നബാധിത" പ്രദേശമായി പ്രഖ്യാപിക്കാവുന്ന താണ്.

(2) ഒരു പ്രദേശം പ്രശ്നബാധിത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടാൽ സ്റ്റേഷൻ ഹൗസ് ആഫീസർക്ക്, ക്രമസമാധാന പാലനത്തിന്റെ താല്പര്യാർത്ഥം,–

(എ) ആ പ്രദേശത്തെ ആളുകളുടെയും വാഹനങ്ങളുടെയും സഞ്ചാരത്തിന് ന്യായമായ പരിമിതികൾ ഏർപ്പെടുത്തുകയും;

(ബി) ഏതെങ്കിലും ആളുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി യില്ലെങ്കിൽ അയാൾ ക്രമസമാധാന പാലനത്തിനു ഭംഗം വരുത്തുന്ന പ്രവർത്തനങ്ങൾ നടത്തുമെന്ന് പോലീസിന് അഭിപ്രായമുള്ള പക്ഷം, പോലീസ് നിർണ്ണയിക്കുന്ന രീതി യിൽ അയാൾ എവിടെയാണ് എന്ന് പോലീസിനെ അറിയിച്ചുകൊണ്ടിരിക്കണമെന്ന് അയാൾക്ക് ഉത്തരവ് നൽകുകയും ;

(സി) ആയുധങ്ങളുടെയും സ്ഫോടക വസ്തുക്കളുടെയും ലൈസൻസ് സസ്പെന്റ് ചെയ്യാവുന്നതും, ലൈസൻസ് ഉള്ളവരോട് അവരുടെ ആയുധങ്ങൾ സൂക്ഷിക്കാൻ പോലീസിനെ ഏൽപ്പിക്കാൻ നിർദ്ദേശിക്കുകയും;

(ഡി) പ്രദേശത്തേക്ക് പ്രവേശിക്കുന്നതോ അല്ലെങ്കിൽ അവിടെ നിന്ന് വിട്ടു പോകുന്നതോ ആയ ഏതൊരാളെയോ, വാഹനമോ കണ്ടെയ്നറോ പരിശോധിക്കുകയും, ചെയ്യാവുന്നതാണ്.

46. അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടിക്രമം :—(1) അറസ്റ്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥൻ അറസ്റ്റ് ചെയ്യപ്പെടുന്ന ആളിനോട് അയാൾ അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നുവെന്ന് മുന്നറിയിപ്പ് നൽകേണ്ടതും അറസ്റ്റിനുള്ള കാരണങ്ങൾ അയാളെ അറിയിക്കേണ്ടതുമാണ്.

(2) അറസ്റ്റ് ചെയ്യപ്പെട്ട ആളിനെ, അറസ്റ്റ് ചെയ്ത ഉടൻ, അയാളുടെ അറസ്റ്റ് മറ്റൊരാളെ അറിയിക്കുവാനുള്ള അയാളുടെ അവകാശം അറിയിക്കേണ്ടതാണ്.

(3) അറസ്റ്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥൻ അറസ്റ്റ് ചെയ്യുന്ന സമയത്ത് ഒരു അറസ്റ്റ് മെമ്മോ തയ്യാറാക്കേണ്ടതും, അത്തരം മെമ്മോ കുറഞ്ഞത് ഒരു സാക്ഷിയെക്കൊണ്ട്, കഴിയുമെങ്കിൽ അയാൾ അറസ്റ്റ് ചെയ്യപ്പെട്ട ആളിന്റെ കുടുംബത്തിലെ ഒരംഗമോ അറസ്റ്റ് നടന്ന സ്ഥലത്തെ മാന്യനായ ഒരുആളെയോ കൊണ്ട്, സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അതിൽ അറസ്റ്റ് ചെയ്യപ്പെട്ട ആൾ മേലൊപ്പിടേണ്ടതും അറസ്റ്റ് ചെയ്ത സമയവും തീയതിയും ഉൾപ്പെടുത്തേണ്ടതുമാണ്.

(4) അറസ്റ്റ് ചെയ്യുന്ന സമയത്ത് മാന്യതയ്ക്ക് തക്ക പരിഗണന നല്കി കൊണ്ട് അറസ്റ്റ് ചെയ്യപ്പെട്ടയാളെ പരിശോധിക്കേണ്ടതും അയാളുടെ ശരീരത്തിൽ മുറിവുകൾ ഏതെങ്കിലും കാണുന്നുണ്ടെങ്കിൽ ആയത് ആ സമയത്ത് “ഇൻസ്പെക്ഷൻ മെമ്മോ” യിൽ രേഖപ്പെടുത്തേണ്ടതും അതിൽ അറസ്റ്റ് ചെയ്യപ്പെട്ടയാളും അറസ്റ്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥനും ഒപ്പിടേണ്ടതും അതിന്റെ പകർപ്പ് അറസ്റ്റ് ചെയ്യപ്പെട്ടയാൾക്ക് നല്കേണ്ടതുമാണ്.

(5) അറസ്റ്റു നടത്തുന്നതും അറസ്റ്റ് ചെയ്യപ്പെട്ട ആളിനെ ചോദ്യം ചെയ്യുന്നതുമായ പോലീസ് ഉദ്യോഗസ്ഥന്റെ കൈവശം ശരിയായ തിരിച്ചറിയൽ രേഖ ഉണ്ടായിരിക്കേണ്ടതും അങ്ങനെയുള്ള തിരിച്ചറിയൽ രേഖ ആവശ്യപ്പെടാൻ അറസ്റ്റു ചെയ്യപ്പെട്ട ആളിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതുമാണ്.

(6) ഒരാളെ അറസ്റ്റ് ചെയ്തതു സംബന്ധിച്ച് പോലീസ് സ്റ്റേഷനിലെ ഡയറിയിൽ രേഖപ്പെടുത്തൽ ഉണ്ടായിരിക്കേണ്ടതാണ്.

(7) അറസ്റ്റ് ചെയ്യപ്പെട്ട് പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലിരിക്കുന്ന ഒരാളിന്, അറസ്റ്റ് മെമ്മോ സാക്ഷ്യപ്പെടുത്തിയത് സ്വയമോ, അങ്ങനെയുള്ള ഒരു സുഹൃത്തോ, അറസ്റ്റ് ചെയ്യപ്പെട്ടയാളുടെ ബന്ധുവോ അല്ലാത്തപക്ഷം, താൻ അറസ്റ്റുചെയ്യപ്പെട്ടുവെന്നും ഒരു പ്രത്യേക സ്ഥലത്ത് തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്നുവെന്നും, ഒരു സുഹൃത്തിനെയോ ബന്ധുവിനെയോ അല്ലെങ്കിൽ തനിക്ക് അറിയാവുന്നതോ തന്റെ ക്ഷേമത്തിൽ താല്പര്യമുള്ളതോ ആയ മറ്റ് ആളിനെയോ, പ്രായോഗികമാകാവുന്നത്ര വേഗത്തിൽ അറിയിക്കുന്നതിന് അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ തടഞ്ഞുവയ്ക്കൽ പോലീസ് സ്റ്റേഷനിലല്ലാതെ മറ്റൊരു സ്ഥലത്താണെങ്കിൽ അതിനു ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ അനുവാദം ആവശ്യമായിരിക്കുന്നതും അത്തരം സ്ഥലത്തിന്റെ പേര് സ്റ്റേഷൻ ഡയറിയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(8) അറസ്റ്റു ചെയ്യപ്പെട്ടയാൾ അപ്രകാരം ആവശ്യപ്പെടുകയോ, പോലീസിന് അത് ആവശ്യമെന്ന് തോന്നുകയോ ചെയ്താൽ അറസ്റ്റ് ചെയ്യപ്പെട്ടയാളെ യോഗ്യതയുള്ള ഒരു ഡോക്ടറുടെ വൈദ്യപരിശോധനയ്ക്ക് വിധേയനാക്കേണ്ടതും, മജിസ്ട്രേറ്റ് 24 മണിക്കൂറുകൾ കവിഞ്ഞും കസ്റ്റഡിയിൽ വെയ്ക്കുവാൻ ഉത്തരവായാൽ അദ്ദേഹം, ഉചിതമെന്ന് കരുതുന്ന അത്തരം ഇടവേളകളിൽ അയാളുടെ വൈദ്യ പരിശോധന നടത്തുന്നതിനും കൂടി ഉത്തരവ് നല്കാവുന്നതാണ്.

(9) ചോദ്യം ചെയ്യുന്ന സമയത്ത് തന്റെ അഭിഭാഷകനെ കാണാൻ അറസ്റ്റ് ചെയ്യപ്പെട്ടയാളെ അനുവദിക്കാവുന്നതാണ്, എന്നാൽ ചോദ്യം ചെയ്യുന്ന സമയത്ത് അഭിഭാഷകന്റെ സാന്നിദ്ധ്യം അവിടെ ഉണ്ടായിരിക്കേണ്ടതില്ല.

(10) അറസ്റ്റ് ചെയ്യപ്പെട്ടയാളെ ചോദ്യം ചെയ്ത എല്ലാ പോലീസ് ഉദ്യോഗസ്ഥരുടെയും വിശദ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

47. <u>അറസ്റ്റ് ചെയ്യപ്പെട്ടവരുടെ മേലുള്ള നിയന്ത്രണം</u>:—(1) ഒരു പോലീസ് ഉദ്യോഗസ്ഥന്, അയാൾ അറസ്റ്റ് ചെയ്തയാൾ നിയമാനുസൃതമല്ലാതെ കസ്റ്റഡിയിൽ നിന്ന് രക്ഷപ്പെടുന്നില്ലാ എന്ന് ഉറപ്പുവരുത്തുവാൻ ഉചിതമായ ഉപകരണങ്ങളുടെ സഹായത്തോടെയോ അല്ലാതെയോ ആവശ്യമായ ബലപ്രയോഗം നടത്താവുന്നതാണ്.

(2) അറസ്റ്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥൻ, കാരണങ്ങൾ എഴുതി രേഖപ്പെടുത്തിക്കൊണ്ട്, അറസ്റ്റ് ചെയ്യപ്പെട്ടയാൾ കൈവിലങ്ങിലല്ലാത്ത പക്ഷം കസ്റ്റഡിയിൽ നിന്ന് രക്ഷപ്പെടുമെന്നോ കൈവിലങ്ങിടാത്തപക്ഷം അറസ്റ്റ് ചെയ്യപ്പെട്ട ആൾ സ്വയം ഉപദ്രവം ഏൽപ്പിക്കുമെന്നോ വിശ്വസിക്കാൻ തക്കകാരണമില്ലെങ്കിൽ, അറസ്റ്റ് ചെയ്യപ്പെട്ടയാളെ നിയന്ത്രിക്കുന്നതിനായി കൈവിലങ്ങ് ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(3) ഏതൊരാളും അറസ്റ്റ് ചെയ്യപ്പെട്ടു പോലീസ് കസ്റ്റഡിയിലിരിക്കുമ്പോൾ അയാൾ, ആവശ്യമായിടത്തോളവും ശരിയായും വസ്ത്രം ധരിച്ചിട്ടുണ്ടെന്നും അറസ്റ്റ് ചെയ്യപ്പെട്ടയാൾ പതിവായി ശീലിച്ച വേഷം ഉപയോഗിക്കുവാൻ അനുവദിക്കപ്പെടുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്, എന്നാൽ അറസ്റ്റ് ചെയ്യപ്പെട്ടയാൾ ധരിച്ചിരിക്കുന്ന വേഷമോ അല്ലെങ്കിൽ അതിനകത്തു ഒളിപ്പിച്ചുവെച്ച മറ്റേതെങ്കിലും സാധനമോ സ്വയം ഉപദ്രവിക്കുന്നതിനോ മറ്റുള്ളവരെ ഉപദ്രവിക്കുവാനോ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് മാന്യതയുടെ മാനദണ്ഡങ്ങൾക്കുള്ളിൽ നിൽക്കുന്ന, ന്യായവും ഉചിതവുമായ അത്തരം നടപടി പോലീസ് ഉദ്യോഗസ്ഥന് സ്വീകരിക്കാവുന്നതാണ്.

48. <u>ചിത്തരോഗികൾ, മദ്യപാനികൾ, അസുഖമുള്ളവർ എന്നിവരെ കസ്റ്റഡിയിൽ സൂക്ഷിക്കുന്നത്</u>:—(1) ബുദ്ധിഭ്രമമുള്ളതോ, ചിത്തരോഗമുള്ളതോ, മദ്യപാനം നടത്തിയതോ മറ്റുവിധത്തിൽ സ്വയം സംരക്ഷിക്കാൻ അശക്തരായി കാണുന്നതോ ആയ ഒരാളെ പോലീസ് സുരക്ഷാ കസ്റ്റഡിയിലേക്ക് എടുക്കാവുന്നതാണ്.

(2) ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ, സുരക്ഷാ കസ്റ്റഡിയിൽ എടുക്കപ്പെട്ട ആളിന്റെ താൽപര്യത്തിന് അത്തരം നടപടി ആവശ്യമെന്ന് കാണുന്നപക്ഷം പോലീസ് ഉദ്യോഗസ്ഥൻ ഒരു മെഡിക്കൽ സ്ഥാപനത്തോട് അത്തരമൊരു ആളിനെ അത്തരം

ആശുപത്രിയിൽ നിരീക്ഷണത്തിലോ ചികിത്സയിലോ സൂക്ഷിക്കണമെന്ന് അഭ്യർത്ഥിക്കാവുന്നതും അത്തരം സ്ഥാപനത്തിന്റെ അധികാരികൾ അത്തരം അഭ്യർത്ഥന അനുസരിക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

49. കുറ്റാരോപിതർക്കുള്ള വൈദ്യപരിശോധന :—ഏതൊരു മെഡിക്കൽ പ്രാക്ടീഷണറും, അദ്ദേഹത്തിന്റെ മുമ്പാകെ ഒരു പോലീസ് ഉദ്യോഗസ്ഥൻ വൈദ്യപരിശോധനയ്ക്കായി ഹാജരാക്കുന്ന, കുറ്റം ആരോപിക്കപ്പെട്ടതോ സംശയത്തിന്റെ നിഴലിലുള്ളതോ ആയ ഒരാളെ അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെ ആവശ്യപ്രകാരം, സാഹചര്യമനുസരിച്ച് ന്യായമായും ആവശ്യമായേക്കാവുന്ന വൈദ്യപരിശോധന നടത്തുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

50. കുറ്റാരോപിതർക്കുള്ള വൈദ്യപരിശോധന:—(1) പോലീസ് കസ്റ്റഡിയിലുള്ള ആളുകളെ ചികിത്സിക്കുന്നതിനായി എല്ലാ ആശുപത്രിയും വേണ്ടത്ര സ്ഥലസൗകര്യം നീക്കി വക്കേണ്ടതും അതുവഴി അവരെ മതിയായ കാവലിലും പോലീസ് നിരീക്ഷണത്തിലും വയ്ക്കാവുന്നതുമാണ്.

(2) പോലീസ് ആവശ്യപ്പെട്ടാൽ അത്തരം ആളുകളുടെ ചികിത്സാസംബന്ധമായ എല്ലാ മെഡിക്കൽ രേഖകളുടെയും പകർപ്പ് ഉടൻ ഹാജരാക്കാൻ ആശുപത്രി അധികാരികൾ ബാദ്ധ്യസ്ഥരാണ്.

(3) ഏതെങ്കിലും അടിയന്തിരഘട്ടത്തിൽ ഒരു സ്വകാര്യ ആശുപത്രിയിൽ തുടക്കത്തിൽ പ്രവേശിക്കപ്പെട്ട ഏതൊരു ആളേയും മെഡിക്കൽ ക്ലിയറൻസിനു വിധേയമായി കഴിയുന്നത്ര വേഗത്തിൽ സർക്കാർ ആശുപത്രിയിലേക്ക് മാറ്റേണ്ടതാണ്.

51. പോലീസ് കസ്റ്റഡിയിലുള്ളവരുടെ പരിക്ക് സംബന്ധിച്ച നടപടി :—(1)ശാരീരികമായി പരിക്കേറ്റ സ്ഥിതിയിൽ ഏതെങ്കിലും ആളിനെ പോലീസ് കസ്റ്റഡിയിൽ എടുക്കുമ്പോഴോ ഒരു പോലീസ് ഉദ്യോഗസ്ഥൻ ബലം പ്രയോഗിച്ചുകൊണ്ട് ഏതെങ്കിലും ആളിനു ശരീരത്തിൽ പരിക്കു സംഭവിക്കുകയും, പരിക്കേറ്റ ആൾ പരിക്കിനെപ്പറ്റി പരാതിപ്പെടുകയും ചെയ്യുമ്പോഴൊ പോലീസ് ഉദ്യോഗസ്ഥൻ സ്വയം പരിക്ക് ശ്രദ്ധിക്കുന്നുവെങ്കിലോ അത്തരം ആളെ ഏറ്റവും അടുത്തുള്ള മെഡിക്കൽ പ്രാക്ടീഷണറുടെ മുമ്പാകെ കൊണ്ടുപോകേണ്ടതും അദ്ദേഹം പരിക്കിനെപ്പറ്റിയും അത് എങ്ങനെ സംഭവിച്ചുവെന്നും ആരാഞ്ഞ് അറിയേണ്ടതുമാണ്. കൂടാതെ

(i) പരിക്കേറ്റ ആളെ ഒരു മജിസ്ട്രേറ്റിനു മുമ്പാകെ, വൈദ്യശാസ്ത്രപരമായി കൊണ്ടുപോകാൻ കഴിയുന്ന അവസ്ഥയിലാണെങ്കിൽ, അയാളെ സ്റ്റേഷൻ ഹൗസ് ആഫീസർ അധികാരിതയുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെയോ ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ മുമ്പാകെ ഹാജരാക്കേണ്ടതും, അദ്ദേഹം പരിക്ക് പറ്റിയ രീതിയെ സംബന്ധിച്ച് അയാളുടെ വിശദീകരണം ആരാഞ്ഞറിയേണ്ടതുമാണ്.

(ii) പരിക്കേറ്റയാൾ ചലിക്കാൻ പറ്റാത്ത സ്ഥിതിയിലല്ലായെങ്കിൽ, സംഭവത്തിന്റെയും സാഹചര്യത്തിന്റേയും വിവരണം സ്റ്റേഷൻ ഹൗസ് ഓഫീസർ ഉടൻ തന്നെ അത്തരം മജിസ്ട്രേറ്റിനു അയച്ചുകൊടുക്കേണ്ടതും പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് മെഡിക്കൽ ഓഫീസർക്കും പരിക്ക് പറ്റിയ ആൾക്കും നൽകേണ്ടതും കൈപ്പറ്റിയ വിവരം അവർ അറിയിക്കേണ്ടതുമാണ്.

52. <u>സേവനദാതാക്കൾ രേഖകൾ സൂക്ഷിക്കണമെന്ന്</u> :—സർക്കാർ, ഈ ആവശ്യത്തിലേക്കായി കാലകാലങ്ങളിൽ വിജ്ഞാപനം ചെയ്തേക്കാവുന്ന അത്തരം വിഭാഗങ്ങളിൽപ്പെടുന്ന ഏതൊരു പൊതുസേവനത്തിന്റെയും എല്ലാ ദാതാക്കളും അവർ സേവനം ലഭ്യമാക്കിയ ആളുകളെ തിരിച്ചറിയുന്നതിനാവശ്യമായ കൃത്യമായ രേഖകൾ, ലഭ്യമാക്കിയ സേവനങ്ങളുടെ വിശദാംശങ്ങളോടുകൂടി സൂക്ഷിക്കേണ്ടതും അത്തരം രേഖകൾ സർക്കാർ നിർണ്ണയിച്ചേക്കാവുന്ന അത്തരം കാലയളവിലേക്ക് റഫറൻസിനു വേണ്ടി സൂക്ഷിക്കേണ്ടതുമാണ്.

53. <u>സേവനദാതാക്കൾ പോലീസിനു വിവരം നൽകണമെന്ന്</u> :—ആവശ്യപ്പെടുമ്പോൾ പൊതുജനത്തിന് ഏതെങ്കിലും സേവനം നൽകുന്ന ഫോൺ കമ്പനികൾ, ഹോട്ടൽ നടത്തിപ്പുകാർ, ഇന്റർനെറ്റ് സേവനദാതാക്കൾ, ആശുപത്രികൾ, ലബോറട്ടറികൾ, ടാക്സി സേവനങ്ങൾ, റന്റൽ സർവ്വീസുകൾ, ധനകാര്യ സ്ഥാപനങ്ങൾപോലുള്ള പൊതു സേവനദാതാക്കൾ, ആവശ്യപ്പെടുമ്പോൾ പൊതുജനത്തിന് ഏതെങ്കിലും സേവനം നൽകുന്ന മറ്റേതെങ്കിലും ഏജൻസികൾ എന്നിവർ നിയമാനുസൃതമായി നടത്തപ്പെട്ട പോലീസ് അന്വേഷണവുമായോ പോലീസ് പരിശോധനയുമായോ ബന്ധമുള്ള സേവനത്തിൽ ഏതെങ്കിലും ഇനമോ സംഭവമോ അല്ലെങ്കിൽ സംഭവങ്ങളോ സംബന്ധിച്ച് പോലീസിൽ നിക്ഷിപ്തമാക്കപ്പെട്ട ചുമതലാനിർവ്വഹണത്തിനിടെ പോലീസിന് ആവശ്യപ്പെടുമ്പോൾ അവയുടെ എല്ലാ വിവരവും നൽകുന്നതും അങ്ങനെയുള്ള രേഖകൾ, വിവരണം, അറിവ് എന്നിവ കഴിയുന്നത്ര പെട്ടെന്ന്, ഏതു സാഹചര്യത്തിലും അവ ആവശ്യപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥൻ നിശ്ചയിച്ച സമയപരിധിക്കു മുമ്പായി നൽകുന്നത് അവരുടെ കർത്തവ്യമായിരിക്കുന്നതാണ്.

54. <u>സേവനദാതാക്കളുടെ പൂർവ്വകാലചരിത്രം പരിശോധിക്കൽ</u>:—സർക്കാരിന്, വിജ്ഞാപനത്തിലൂടെ, ഏതൊരു പ്രദേശത്തേയും ഏതൊരു വർഗ്ഗത്തിലും വിഭാഗത്തിലും പെട്ട സേവനദാതാക്കളോ സേവനദാതാക്കളുടെ സംഘമോ പൊതുജനങ്ങൾക്ക് ഏതെങ്കിലും സേവനം ലഭ്യമാക്കാൻ തുടങ്ങുന്നതിനുമുമ്പായി ജില്ലാ പോലീസ് മേധാവിയിൽ നിന്നോ നിർണ്ണയിക്കപ്പെടാവുന്ന അത്തരം മറ്റു പോലീസ് അധികാരസ്ഥാനത്തിൽ നിന്നോ അവരെപ്പറ്റിയും അവരുടെ ജീവനക്കാരെപ്പറ്റിയും പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് വാങ്ങണമെന്നും ഓരോ സേവനത്തിന്റേയും സാഹചര്യത്തിൽ ന്യായമായും ആവശ്യമായേക്കാവുന്ന അവരുടെ പ്രവർത്തനങ്ങളേയും പൂർവ്വകാല ചരിത്രത്തേയും പറ്റി അത്തരം ഉചിതമായ വിവരവും പോലീസിനു നൽകണമെന്നും, കൂടാതെ വിനിർദ്ദേശിക്കപ്പെടാവുന്ന കാലയളവിൽ അത്തരം പരിശോധന ആവർത്തിക്കേണ്ടതാണെന്നും നിർദ്ദേശിക്കാവുന്നതാണ് :

എന്നാൽ, സേവന ദാതാവിൽ നിന്നും അപ്രകാരം ലഭിക്കുന്ന വിവരങ്ങൾ ഏതെങ്കിലും ഒരു കുറ്റകൃത്യം തടയുന്നതിനോ അന്വേഷിക്കുന്നതിനോ ഏതെങ്കിലും പൊതു ആവശ്യത്തിനോ ഉപയോഗിക്കുന്നത് ഒഴികെയുള്ളവ രഹസ്യമായി സൂക്ഷിക്കേണ്ടതും ഏതെങ്കിലും വ്യക്തിക്കോ പൊതുജനത്തിനോ വെളിപ്പെടുത്താൻ പാടില്ലാത്തതുമാകുന്നു.

55. <u>മോഷ്ടിക്കപ്പെട്ടതോ നഷ്ടപ്പെട്ടതോ തേടുന്നതോ ആയ വസ്തുക്കളെ സംബന്ധിച്ച് സേവനദാതാക്കൾ റിപ്പോർട്ട് ചെയ്യണ്ടതാണെന്ന്</u>:—(1) ഏതൊരു പോലീസ് ഉദ്യോഗസ്ഥനും, ഏതെങ്കിലും കച്ചവടക്കാരനോ സേവനദാതാവിനോ, പണയത്തിന്മേൽ പണം കടം കൊടുക്കുന്നവനോ, വ്യാപാരിയ്ക്കോ കേടുപാടു തീർക്കുന്നയാൾക്കോ, മോഷണം പോയതോ നഷ്ടപ്പെട്ടു പോയതോ, ഏതെങ്കിലും കുറ്റകൃത്യത്തിന്റെ കാരണത്തിൽ കണ്ടു

പിടിക്കേണ്ടതും ആവശ്യമായതോ ആണെന്ന് കരുതുന്ന ഏതെങ്കിലും സാധനങ്ങളുടെ പട്ടിക ഏൽപ്പിക്കാവുന്നതും അതിനുശേഷം അത്തരമൊരു പട്ടികയിൽ വിവരിച്ചതുപോലെയുള്ള ഏതെങ്കിലും സാധനം അയാളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണെങ്കിൽ അത്തരം സാധനം നല്കുന്നയാളിന്റെ പേരും മേൽവിലാസവും ആരാഞ്ഞ് അറിയുകയും സാധനം പിടിച്ചെടുത്ത്, തടഞ്ഞുവെച്ച് ഉടൻ തന്നെ ആ സാഹചര്യം ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടത് അത്തരം വ്യക്തിയുടെ ചുമതലയായിരിക്കുന്നതുമാണ്.

(2) മേല്പറഞ്ഞ അങ്ങനെയുള്ള കച്ചവടക്കാരൻ, സേവനദാതാവ്, പണയത്തിന്മേൽ പണം കടം കൊടുക്കുന്നവൻ, വ്യാപാരി, കേടുപാടു തീർക്കുന്നവൻ എന്നിവർക്കും, മേല്പറഞ്ഞ അങ്ങനെയുള്ള സാധനം നൽകാമെന്ന് വാഗ്ദാനം ചെയ്യുന്ന ഏതൊരാളെയും പോലീസ് എത്തുന്നതുവരെയും തടഞ്ഞുവയ്ക്കാവുന്നതാണ്.

56. പോലീസ് പിടിച്ചെടുത്ത വസ്തുക്കളുടെ സൂക്ഷിപ്പും കൈയൊഴിക്കലും:— (1) ഓരോ പോലീസ് സ്റ്റേഷനിലും പിടിച്ചെടുത്ത വസ്തുക്കൾ സൂക്ഷിക്കുന്നതിന് പര്യാപ്തമായ സ്ഥലം നൽകേണ്ടതും പോലീസ് സ്റ്റേഷനിൽ ലഭ്യമായ സ്ഥലം പര്യാപ്തമല്ലെങ്കിൽ സംസ്ഥാന സർക്കാരിന്, അന്വേഷണ സമയത്ത് പോലീസ് പിടിച്ചെടുത്ത സാധനങ്ങൾ, അവകാശിയില്ലാത്ത സാധനങ്ങൾ മുതലായവ സൂക്ഷിക്കുന്നതിനായി പോലീസ് സ്റ്റേഷൻ അല്ലാതെയുള്ള അടച്ചുകെട്ടിയ ഒരു സ്ഥലം വിജ്ഞാപനം ചെയ്യാവുന്നതും ആണ്.

(2) ക്ഷമതയുള്ള വിദഗ്ദ്ധന്റെ സാന്നിദ്ധ്യത്തിലും കോടതികൾക്ക് മുൻകൂറായി അറിയിപ്പ് നൽകിയതിനുശേഷവും ഫോറൻസിക് പരിശോധനയ്ക് വേണ്ടി സാമ്പിൾ ശേഖരിച്ചതിനുശേഷം, സ്ഫോടകവസ്തുക്കൾ അല്ലെങ്കിൽ ഹാനികരമായ രാസവസ്തുക്കൾ തുടങ്ങിയവ പോലുള്ള അപകടകരമായ വസ്തുക്കൾ നശിപ്പിക്കാവുന്നതാണ്:

എന്നാൽ അതിന്റെ പൊട്ടിത്തെറിയോ ഹാനിയോ മൂലമുണ്ടാകുന്ന അപകടം ആസന്നമാണെങ്കിൽ അത്തരം പരിശോധന ഒഴിവാക്കാവുന്നതാണ്.

(3) നിയമപരമായ ഏതെങ്കിലും ആവശ്യത്തിന്, തുടർന്ന് ആവശ്യമില്ലാത്തതുമായ, വേഗത്തിൽ നശിച്ചു പോകുന്ന സാധനങ്ങൾ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം ലേലത്തിലൂടെ കൈയൊഴിക്കേണ്ടതും 131-ാം വകുപ്പിൻ കീഴിലെ ക്രിമിനൽ ജസ്റ്റിസ് മിസലേനിയസ് എക്സ്പെൻസസ് ഫണ്ടിലേയ്ക്ക് വരവ് വയ്ക്കേണ്ടതും ആണ്.

(4) പോലീസ് പിടിച്ചെടുത്ത ഏതെങ്കിലും വസ്തു പോലീസ് സൂക്ഷിക്കണമെന്ന് ഏതെങ്കിലും കോടതി ഉത്തരവിടുമ്പോൾ, വസ്തുവിന്റെ സൂക്ഷിപ്പ് ഭാരമേല്പിക്കപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻ, അനുയോജ്യമായ സ്ഥലം ആവശ്യപ്പെടണമെന്ന് കൂടി അപ്രകാരമുള്ള കോടതി ഉത്തരവാകാവുന്നതും, പ്രസ്തുത വസ്തു സുരക്ഷിതമായി സൂക്ഷിക്കുന്നതിന് അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിൽ അനുയോജ്യമായ സ്ഥലം ലഭ്യമല്ല എങ്കിൽ അപ്രകാരം കസ്റ്റഡിയിൽ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ചെലവുകൾ സർക്കാരോ ജില്ല സൂക്ഷിക്കുന്ന ക്രിമിനൽ ജസ്റ്റിസ് മിസലേനിയസ് എക്സ്പെൻസസ് ഫണ്ടിൽ നിന്നോ പൂർണ്ണമായും വഹിക്കേണ്ടതാണ്.

(5) പോലീസ് പിടിച്ചെടുത്ത ഏതൊരു വസ്തുവും കോടതിയുടെ പൊതുവായതോ പ്രത്യേകമായതോ ആയ അനുവാദത്തോടുകൂടി, ഓരോ സംഗതിയുടെയും സാഹചര്യങ്ങൾക്ക് അനുയോജ്യമാകാവുന്ന പ്രകാരമുള്ള ആളുകളുടെയോ ഏജൻസികളുടെയോ സ്ഥാപനങ്ങളുടെയോ സുരക്ഷിതമായ സൂക്ഷിപ്പിൽ വയ്ക്കാവുന്നതാണ്.

57. അവകാശിയില്ലാത്ത വസ്തുക്കൾ സംബന്ധിച്ച പോലീസ് നടപടി:—(1) ഓരോ പോലീസ് ഉദ്യോഗസ്ഥനും,—

(i) അയാൾ കണ്ടെടുത്തതോ, അയാൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതോ അല്ലെങ്കിൽ അയാളുടെ കൈവശമുള്ളതോ ആയ അവകാശിയില്ലാത്ത എല്ലാ ജംഗമവസ്തുക്കളുടെയും;

(ii) ഏതെങ്കിലും പൊതു തെരുവിൽ കിടക്കുന്നതായി കാണപ്പെട്ട എല്ലാ ജംഗമവസ്തുക്കളുടേയും അങ്ങനെയുള്ള വസ്തുവിന്റെ ഉടമയ്ക്കോ ചുമതലയുള്ള ആൾക്കോ വസ്തുവിൻമേലോ അതിനു സമീപത്തോ പതിച്ച നോട്ടീസ് മുഖേന ആയത് നീക്കം ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടും ന്യായമായ ഒരു സമയത്തിനകം അപ്രകാരം ചെയ്യുവാൻ വിസമ്മതിക്കുകയോ പരാജയപ്പെടുകയോ ചെയ്യുകയാണെങ്കിൽ അപ്രകാരമുള്ള എല്ലാ ജംഗമവസ്തുക്കളുടേയും;

താൽക്കാലിക ചുമതല ഏറ്റെടുക്കേണ്ടതായ കർത്തവ്യമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിനു കീഴിൽ വസ്തുവിന്റെ ചുമതല ഏറ്റെടുക്കുന്ന പോലീസ് ഉദ്യോഗസ്ഥൻ ആ പ്രദേശത്ത് അപ്രകാരമുള്ള സാധനങ്ങൾ സാധാരണ കൈകാര്യം ചെയ്യുന്ന മാന്യനായ ഏതെങ്കിലും വ്യാപാരിയിൽ നിന്നും ഒപ്പുവച്ച അസെസ്സ്മെന്റ് വാങ്ങിയതിനുശേഷം ആയതിന്റെ ഏകദേശ വിപണിവില തിട്ടപ്പെടുത്തി അതിന്റെ ഇൻവെന്ററി, അധികാരിതയുള്ള ജില്ലാ പോലീസ് മേധാവിക്കും എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിനും നൽകേണ്ടതാണ്.

(3) ഏതെങ്കിലും വസ്തുവോ അതിന്റെ ഭാഗമോ വേഗത്തിലും സ്വാഭാവികവുമായുള്ള നാശത്തിനു വിധേയമാവുകയാണെങ്കിലോ കന്നുകാലി ഉൾപ്പെടുന്നുവെങ്കിലോ സ്റ്റേഷൻ ഹൗസ് ആഫീസർക്ക് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അതിനെ ഉടൻ ലേലത്തിലൂടെ വിൽക്കാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻ കീഴിൽ ഏതെങ്കിലും വസ്തുവിന്റെ ചുതമല ഏറ്റെടുത്തിട്ടുള്ളിടത്ത് ജില്ലാ പോലീസ് മേധാവി വസ്തുവിന്റെ വിശദവിവരം വിനിർദ്ദേശിച്ചുക്കൊണ്ടും അതിന്മേൽ അവകാശമുന്നയിക്കാവുന്ന ഏതൊരാളോടും വിളംബരത്തിന്റെ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥന്റെ മുമ്പാകെ അത്തരം വിളംബരത്തിന്റെ തീയതിമുതൽ 30 ദിവസങ്ങൾക്കകം ഹാജരായി തന്റെ അവകാശവാദം സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഒരു വിളംബരം പുറപ്പെടുവിക്കേണ്ടതാണ്.

(5) അവകാശവാദം ഉന്നയിക്കുന്ന വിളംബരത്തിൽ വ്യക്തമാക്കിയ വസ്തുവിന്റെ കൈവശത്തിനോ ഭരണത്തിനോ ഉടമസ്ഥതയ്ക്കോ ഏതെങ്കിലും ആൾക്ക് അവകാശമുണ്ടെന്ന് ജില്ലാ പോലീസ് മേധാവിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, ആയതിന്റെ പിടിച്ചെടുക്കലിനും സൂക്ഷിപ്പിനും ചെലവായ തുക ഈടാക്കിയതിന് ശേഷം അയാൾക്ക് അത് വിട്ടുകൊടുക്കാൻ ഉത്തരവാകാവുന്നതാണ്.

(6) ജില്ലാ പോലീസ് മേധാവിക്ക് അദ്ദേഹത്തിന്റെ വിവേചനമനുസരിച്ച് (5)-ാം ഉപവകുപ്പിനു കീഴിൽ ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പായി പ്രസ്തുത വസ്തു ആർക്കാണോ വിട്ടുകൊടുക്കേണ്ടത് അയാളിൽ നിന്നും അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന അത്തരം സെക്യൂരിറ്റി വാങ്ങാവുന്നതും ഇതിന് മുമ്പ് അടങ്ങിയിരിക്കുന്ന യാതൊന്നും അത്തരം ഉത്തരവിനനുസൃതമായി വിട്ടുകൊടുത്തേക്കാവുന്ന ആളിൽ നിന്ന് അതിനെ പൂർണ്ണമായോ ഭാഗികമായോ വീണ്ടെടുക്കാനുള്ള ഏതൊരാളിന്റെയും അവകാശത്തെ ബാധിക്കുന്നതുമല്ല.

(7) വിളംബരത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ യാതൊരാളും അപ്രകാരമുള്ള വസ്തുവിൽ അവകാശവാദം സ്ഥാപിച്ചിട്ടില്ലെങ്കിൽ (3)-ാം ഉപവകുപ്പിൻ കീഴിൽ ഇതിനകം വിൽപ്പന നടന്നിട്ടില്ലാത്ത പ്രസ്തുത വസ്തു അല്ലെങ്കിൽ അപ്രകാരമുള്ള അതിന്റെ ഭാഗം സാധാരണ ഗതിയിൽ വാങ്ങേണ്ട ആവശ്യമുള്ള സമാനമായ സാധനത്തിന് പകരമായി ഏതെങ്കിലും ഔദ്യോഗിക ആവശ്യത്തിനായി ഉപയോഗിക്കേണ്ടതും അല്ലെങ്കിൽ (2)-ാം ഉപവകുപ്പിലോ (3)-ാം ഉപവകുപ്പിലോ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം, ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവുകൾ പ്രകാരം, അപ്രകാരമുള്ള വസ്തു പൊതുലേലത്തിലൂടെ വിൽപ്പന നടത്താവുന്നതും അതിന്റെ ആദായം ക്രിമിനൽ ജസ്റ്റിസ് മിസ്സലേനിയസ് എക്സ്പെൻസസ് ഫണ്ടിലേക്ക് വരവ് വയ്ക്കേണ്ടതുമാണ്.

(8) അവകാശിയില്ലാത്ത വസ്തുവിന്റെ അളവും വലിപ്പവും അതിനെ സുരക്ഷിതമായും നല്ല സ്ഥിതിയിലും സൂക്ഷിച്ചുവെയ്ക്കാൻ ആവശ്യമുള്ള സ്ഥലവിസ്തൃതിയും പരിഗണിച്ചുകൊണ്ട്, സുരക്ഷിതമായ സൂക്ഷിപ്പിന് ഈടാക്കേണ്ട ദിവസ ചെലവിന്റെ നിരക്ക് സംസ്ഥാന പോലീസ് മേധാവിക്ക് കാലാകാലങ്ങളിൽ നിർണ്ണയിക്കാവുന്നതും കോടതിയിൽ ഹാജരാക്കേണ്ടതില്ലാത്ത, അവകാശിയില്ലാത്ത വസ്തുവോ പിടിച്ചെടുത്ത സാധനത്തെയോ സുരക്ഷിതമായി സൂക്ഷിക്കാൻ ചെലവാകുന്ന തുക അവകാശിയില്ലാത്ത സാധനത്തിന്റെ തിട്ടപ്പെടുത്തിയ മൂല്യത്തിന്റെ പകുതിയാകുന്ന ദിവസം പൊതുലേലത്തിൽ വിൽപ്പന നടത്തേണ്ടതുമാണ്:

എന്നാൽ സാധനം കസ്റ്റഡിയിൽ സൂക്ഷിച്ച ആദ്യത്തെ ഏഴ് ദിവസത്തേക്കോ വസ്തുവിന്റെ ലേലത്തീയതിക്കും ലേലം ഉറപ്പിച്ച ആൾക്ക് അത് കൈമാറിയ തീയതിക്കും അല്ലെങ്കിൽ സർക്കാർ ഉപയോഗത്തിനായി എടുത്ത തീയതിക്കും ശേഷമുള്ള ഏതൊരു കാലയളവിലേക്കും വസ്തുവിന്റെ യഥാർത്ഥ ഉടമസ്ഥനിൽ നിന്നും അപ്രകാരമുള്ള യാതൊരു ചെലവും ഈടാക്കാൻ പാടുള്ളതല്ല.

(9) അവകാശിയില്ലാത്ത ഒരു സാധനം ലേലത്തിൽ വില്പന നടത്തിയിട്ടുണ്ടെങ്കിലും പിന്നീട് മറ്റൊരാൾ മുഖേന യഥാർത്ഥ ഉടമയ്ക്ക് സാധനം അന്യായമായി കൈവശത്തിലില്ലാതായിതീർന്നു എന്നും അപ്രകാരമുള്ള കൈവശമില്ലാതാക്കൽ യഥാസമയം അധികാരസ്ഥാനത്തെ നിയമപരമായി അറിയിച്ചിട്ടുണ്ട് എന്നുമുള്ള കാരണത്താൽ പ്രസ്തുത സാധനത്തിന്റെ പൂർണ്ണമൂല്യത്തിന് യഥാർത്ഥ ഉടമക്ക് അവകാശമുണ്ടായിരിക്കുന്നതാണ് എന്ന് പിന്നീട് കണ്ടെത്തുകയും ചെയ്യുന്ന പക്ഷം, സാധനം വിറ്റുകിട്ടിയ മുഴുവൻ തുകയും അയാൾക്ക് തിരികെ നൽകേണ്ടതാണ്.

(10) യാതൊരു പോലീസ് ഉദ്യോഗസ്ഥനും, വേഗത്തിൽ നശിച്ചുപോകുന്ന സാധനങ്ങളെയോ കന്നുകാലികളെയോ ഒരു ദിവസത്തിൽ കൂടുതൽ കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതില്ലാത്തതും വേഗത്തിൽ നശിച്ചുപോകുന്ന അങ്ങനെയുള്ള സാധനങ്ങൾ ഉടനടി ലേലം നടത്തിയ കാരണത്താൽ ആർക്കെങ്കിലും എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ അദ്ദേഹം അതിന് ബാദ്ധ്യസ്ഥനല്ലാത്തതുമാകുന്നു.

(11) അവകാശിയില്ലാത്ത വേഗത്തിൽ നശിക്കാത്തതുമായ ഏതെങ്കിലും സാധനം പോലീസിന്റെ കൈവശം വന്നതിന് ശേഷം മുപ്പത് ദിവസത്തിലധികമായിട്ടാണ് പോലീസ് ഉദ്യോഗസ്ഥൻ ലേലം നടത്തുന്നതിനുള്ള നടപടികൾ എടുത്തത് എങ്കിൽ, അപ്രകാരമുള്ള സാധനങ്ങൾ ലേലം നടത്തി എന്ന കാരണത്താൽ ഏതെങ്കിലും ആളിന് യഥാർത്ഥ മായോ സാങ്കല്പികമായോ നഷ്ടമുണ്ടായി എന്ന കാരണത്താൽ ഏതൊരാൾക്കും ഉണ്ടായ ഏതൊരു നഷ്ടവും യാതൊരു പോലീസ് ഉദ്യോഗസ്ഥനും നികത്തേണ്ടതില്ലാത്തതാണ്.

58. കാണാതായ ആളുകളെ കണ്ടുപിടിക്കാൻ പോലീസ് ശ്രമിക്കണമെന്ന്:—(1) സ്റ്റേഷൻ ഹൗസ് ആഫീസർക്ക് ഏതെങ്കിലും ഒരാൾ തന്റെ സാധാരണമായ അല്ലെങ്കിൽ താൽക്കാലികമായ താമസസ്ഥലത്ത് നിന്ന് കാണാതായി എന്ന് ന്യായമായും സംശയിക്കാവുന്ന ഏതെങ്കിലും വിവരം ലഭിക്കുമ്പോഴെല്ലാം,—

(എ) അത്തരം ആൾ അപകടത്തിലോ നിയമാനുസൃത രക്ഷകർതൃത്വത്തിന്റെ സംരക്ഷണത്തിലല്ല എന്നോ; അഥവാ

(ബി) അത്തരം ആൾ ആപൽക്കരമായ കുറ്റകൃത്യത്തിന് ഇരയായിരിക്കാമെന്നോ; അല്ലെങ്കിൽ

(സി) അത്തരം ആൾ ഏതെങ്കിലും കോടതി പ്രഖ്യാപിച്ച നിയമാനുസൃത അവകാശം നടപ്പിൽ വരുത്തുന്നതിൽ നിന്ന് ആരെയെങ്കിലും തടയുന്നതിനായി സ്വയം ഒളിച്ചിരിക്കുന്നതായോ വിശ്വസിക്കാൻ തക്ക സാഹചര്യങ്ങൾ ഉണ്ടെങ്കിലോ, അത്തരം ഉദ്യോഗസ്ഥന് കൊഗ്നൈസെബിൾ കുറ്റത്തിനായി നിർണ്ണയിക്കപ്പെട്ട അത്തരം രീതിയിൽ വിവരം രജിസ്റ്റർ ചെയ്യാവുന്നതും കാണാതായ സംഗതി അന്വേഷിക്കാൻ സത്വരം പ്രവർത്തിക്കേണ്ടതുമാണ്.

(2) അത്തരം അന്വേഷണത്തിൽ അത്തരം ഉദ്യോഗസ്ഥനോ അയാൾ നിയോഗിക്കുന്ന ഏതെങ്കിലും ആൾക്കോ ഏതൊരു സാക്ഷിയെയും പരിശോധിക്കാവുന്നതും അവരുടെ മൊഴി രേഖപ്പെടുത്താവുന്നതും ഏതൊരു സ്ഥലവും പരിശോധിക്കാവുന്നതും അല്ലെങ്കിൽ ഏതൊരു സ്ഥലത്തും തെരച്ചിൽ നടത്താവുന്നതുമാണ്.

(3) എല്ലാ ആളുകളും ഇക്കാര്യം അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥൻ ചോദിക്കുന്ന ഏതൊരു ചോദ്യത്തിനും സത്യസന്ധമായി ഉത്തരം നൽകേണ്ടതും അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥൻ അയാളിൽ നിന്നും രേഖപ്പെടുത്തുന്ന ഏതൊരു മൊഴിയിലും പോലീസ് ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും അതിന്റെ ഒരു പകർപ്പ് ലഭിച്ചതിനുശേഷം ഒപ്പിടേണ്ടതുമാണ്.

(4) ഈ വകുപ്പിന് കീഴിലുള്ള എല്ലാ തെരച്ചിലുകളും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ വ്യവസ്ഥകൾക്കനുസരിച്ച് നടത്തേണ്ടതാണ്.

(5) അന്വേഷണത്തിൽ ആളിനെ കണ്ടെത്തുന്നവരിൽ വിജയിച്ചാൽ, അതതുസംഗതിപോലെ, അധികാരിതയുള്ള എക്സ്ക്യൂട്ടീവ് മജിസ്ട്രേറ്റിന്റെയോ ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ മുമ്പാകെ അയാളെ ഉടൻ തന്നെ ഹാജരാക്കേണ്ടതാണ്.

59 കാണാതാകുന്ന സാധനങ്ങൾ സംബന്ധിച്ച രജിസ്റ്റർ പോലീസിന് സൂക്ഷിക്കാമെന്ന്:—(1) ഏതൊരു സ്റ്റേഷൻ ഹൗസ് ആഫീസർക്കും ഏതെങ്കിലും ആളിൽ നിന്ന് ആ ആളിന്റെ ഏതെങ്കിലും വിലപിടിപ്പുള്ള സാധനമോ സെക്യൂരിറ്റിയോ നഷ്ടപ്പെട്ടിട്ടു

ണ്ടെന്ന ഏതെങ്കിലും വിവരം ലഭിക്കുമ്പോഴെല്ലാം ആ ആഫീസർക്ക്, നഷ്ടപ്പെട്ട സാധനത്തിന്റെ മൂല്യവും സ്വഭാവവും അത്തരം ഒരു നടപടിക്രമത്തെ ന്യായീകരിക്കുന്നുവെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ആ ആവശ്യത്തിനായി സൂക്ഷിക്കുന്ന ഒരു രജിസ്റ്ററിൽ വിവരം രേഖപ്പെടുത്താവുന്നതും, സാധനം കണ്ടെത്താൻ ന്യായമായും ആവശ്യമായേക്കാവുന്ന അത്തരം അന്വേഷണം നടത്തിപ്പിക്കാവുന്നതുമാണ് .

(2) അത്തരം അന്വേഷണങ്ങൾക്ക് ഈടാക്കേണ്ട ചാർജ്ജ് നിർണ്ണയിക്കാവുന്ന രീതിയിലായിരിക്കേണ്ടതാണ്.

(3) നഷ്ടപ്പെട്ട സാധനം നിസ്സാരവിലയുള്ളതാണെന്നോ അല്ലെങ്കിൽ അത് തിരിച്ചറിയുന്നതിനോ കണ്ടെടുക്കുന്നതിനോ ന്യായമായ സാധ്യതയില്ലെന്നോ അല്ലെങ്കിൽ എന്തെങ്കിലും അന്വേഷണം നടത്തുന്നത് വളരെ ചെലവേറിയതോ സമയമെടുക്കുന്നതോ ആണെന്ന് ഇത് സംബന്ധിച്ച് ഏതെങ്കിലും അന്വേഷണം നടത്തുന്ന ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന് ന്യായമായും തോന്നുന്ന പക്ഷം, ഈ വകുപ്പിലുള്ള യാതൊന്നും തന്നെ ഏതൊരു പോലീസ് ഉദ്യോഗസ്ഥനെയും ഈ സംഗതിയിൽ എന്തെങ്കിലും അന്വേഷണം നടത്തുന്നതിന് നിർബന്ധിതനാക്കുന്നതായി കരുതപ്പെടേണ്ടതില്ല.

60. കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റുകൾ പോലീസിൽ നൽകാമെന്ന്:—ഏതൊരു ജില്ലാ പോലീസ് മേധാവിക്കും ഏതെങ്കിലും ആളിൽ നിന്നും അയാൾ അദ്ദേഹത്തിന്റെ അധികാരിതയിലുള്ള യാതൊരു കുറ്റകൃത്യത്തിലും ഉൾപ്പെട്ടിട്ടില്ലാ എന്നുള്ള ഒരു സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന് ഏതെങ്കിലും അഭ്യർത്ഥന ലഭിച്ചാൽ, ജില്ലാ പോലീസ് മേധാവിക്ക് അദ്ദേഹത്തിനു ഉചിതമെന്ന് തോന്നുന്ന രീതിയിൽ അന്വേഷണം നടത്താവുന്നതും അതിനുശേഷം സർക്കാർ ഇതിലേക്കായി നിശ്ചയിച്ചേക്കാവുന്ന അത്തരം ചാർജ് ഈടാക്കിയതിനുശേഷം അത്തരമൊരു സർട്ടിഫിക്കറ്റ് നൽകാവുന്നതുമാണ്.

61. സുരക്ഷാ ഉപദേശം പോലീസ് നൽകാമെന്ന്:—ഏതെങ്കിലും ജില്ലാ പോലീസ് മേധാവിക്ക് അദ്ദേഹത്തിന്റെ അധികാരപരിധിയിലുള്ള ഏതെങ്കിലും സ്ഥലത്ത് അസാധാരണമായി വൻതുകയോ വളരെ വിലപിടിപ്പുള്ള ജംഗമവസ്തുക്കളോ സൂക്ഷിച്ചിരിക്കുന്നുവെന്നോ അല്ലെങ്കിൽ പൊതു പ്രാധാന്യമുള്ള ഏതെങ്കിലും പ്രദേശം ഗുരുതരമായ സുരക്ഷാഭീഷണി നേരിടുന്നുവെന്നോ ഏതെങ്കിലും വിവരം ലഭിച്ചാൽ അദ്ദേഹം സ്വമേധയാ, ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള ആളിനോടോ ആളുകളോടോ കൂടിയാലോചിച്ച്, ജില്ലാ പോലീസ് മേധാവി തെരഞ്ഞെടുത്ത ആളുകളെക്കൊണ്ട്, ഒരു സുരക്ഷാപരിശോധന നടത്തിക്കാവുന്നതും അത്തരം സുരക്ഷാപരിശോധനയുടെ അടിസ്ഥാനത്തിൽ കെട്ടിട പരിസരങ്ങളുടെ പരിസരങ്ങളിൽ ചുമതലയുള്ള ആളുകളോട് കെട്ടിട പരിസരങ്ങളിൽ സ്ഥിതിചെയ്യുന്ന ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ചില നടപടികളെടുക്കുവാനോ ചില മുൻകരുതലുകൾ എടുക്കുവാനോ നിർദ്ദേശിക്കാവുന്നതുമാണ്: എന്നാൽ ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും ഏതൊരാളെയും അയാളെ മറ്റ് വിധത്തിൽ നിർബന്ധിതനാക്കാത്ത ഒരു കാര്യം ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ നിർബന്ധിക്കുന്നതായി കരുതപ്പെടേണ്ടതില്ല.

62. ഗതാഗതം പോലീസ് ക്രമീകരിക്കേണ്ടതും നിയന്ത്രിക്കേണ്ടതുമാണെന്ന്:—(1) ജില്ലാ പോലീസ് മേധാവിക്കോ സംസ്ഥാന പോലീസ് മേധാവിക്കോ സ്റ്റേഷൻ ഹൗസ് ആഫീസർക്കോ സ്വമേധയായോ അല്ലെങ്കിൽ ഏതെങ്കിലും മാർഗ്ഗത്തിലൂടെ കിട്ടുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലോ, ഏതൊരു അടിയന്തിരസാഹചര്യത്തിലും, ഏതെങ്കിലും

സ്ഥലത്ത്, പൊതുസ്ഥലത്തോ സ്വകാര്യസ്ഥലത്തോ, പൊതുജനത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ഏതെങ്കിലും വ്യക്തിക്കോ സമൂഹത്തിനോ സ്ഥാപനത്തിനോ ആസന്നമായ കുറ്റകൃത്യം തടയുന്നതിനോ ആസന്നമായ അപകടം തടയുന്നതിനോ ഒഴിവാക്കുന്നതിനോ വേണ്ടി, സൗജന്യമായി , കൂടുതൽ പോലീസ് സേനയെ വിന്യസിപ്പിക്കുന്നതിനു തീരുമാനം എടുക്കാവുന്നതാണ്.

(2) പൊതുജനങ്ങൾക്കായുള്ള സാധാരണ പോലീസ് സേവനത്തിന്റെ ഭാഗമായി പൊതുവായി ഏർപ്പെടുത്തിയിട്ടുള്ള, സാധാരണഗതിയിലുള്ള പോലീസ് ക്രമീകരണങ്ങൾക്ക് ഉപരിയായി, ഗുരുതരമായ കുറ്റകൃത്യം സംഭവിക്കുമെന്നുള്ള അപകടം ആസന്നമാണെന്ന് സംസ്ഥാന പോലീസ് മേധാവിക്കോ ജില്ലാ പോലീസ് മേധാവിക്കോ സ്റ്റേഷൻ ഹൗസ് ആഫീസർക്കോ മറ്റുവിധത്തിൽ ബോദ്ധ്യപ്പെടുന്നിടത്തൊഴികെയുള്ള സാഹചര്യങ്ങളിൽ ഏതൊരു സ്വകാര്യ വ്യക്തിക്കോ സ്വകാര്യസ്വത്തിനോ മാത്രമായി സൗജന്യമായോ ഫീസ് ഈടാക്കിക്കൊണ്ടോ ഉള്ള സ്പെഷ്യൽ പോലീസ് വിന്യസിപ്പിച്ചു കിട്ടുവാൻ വ്യക്തിക്കോ സ്ഥാപനത്തിനോ അവകാശമുണ്ടായിരിക്കുന്നതല്ല.

(3) സർക്കാരിനോ സംസ്ഥാന പോലീസ് മേധാവിക്കോ, ഒരു വ്യക്തിക്കോ സ്ഥാപനത്തിനോ വ്യക്തികളുടെ ഒരു സംഘത്തിനോ അത്തരം വ്യക്തിക്കോ സ്ഥാപനത്തിനോ സംഘത്തിനോ അല്ലെങ്കിൽ അവരുടെ സ്വത്തുക്കളുടെ സംരക്ഷണത്തിനോ വേണ്ടി മാത്രമായി കൂടുതൽ പോലീസിനെ വിന്യസിപ്പിക്കാനുള്ള മാനദണ്ഡവും നടപടിക്രമവും നിർണ്ണയിക്കാവുന്നതാണ്.

(4) സർക്കാരിനോ സംസ്ഥാന പോലീസ് മേധാവിക്കോ, ഏതൊക്കെ നിബന്ധനകളിൻമേലാണ് ഓരോ സംഗതിയിലും ബാധകമാകാവുന്നതോ അഭിലഷണീയമാകാവുന്നതോ ആയ പ്രകാരത്തിലുള്ള അധിക വിന്യാസം സൗജന്യമായോ ഭാഗികമായി ചെലവ് ഈടാക്കിക്കൊണ്ടോ മുഴുവൻ ചെലവ് ഈടാക്കിക്കൊണ്ടോ നൽകാവുന്നതൊന്നന്ന് കൂടുതലായി നിർണ്ണയിക്കാവുന്നതാണ്.

(5) ജില്ലാ പോലീസ് മേധാവിയുടെ തീരുമാനത്തിൽ ഏതെങ്കിലും പ്രദേശത്ത് പൊതുജനങ്ങൾക്കും പോലീസിന്റെ സാധാരണ ചുമതലയ്ക്കായി പോലീസ് സേവനത്തിന്റെയും പോലീസ് ഉദ്യോഗസ്ഥരുടെയും ലഭ്യത പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ, ഏതൊരു സ്വകാര്യ സ്ഥാപനത്തിനോ വ്യക്തിക്കോ ആളിനോ, സ്വത്തിനോ , ഭീഷണി സംഭവിച്ചേക്കാവുന്നത് തടയുന്നതിനായി പ്രത്യേകമായോ അതിനുവേണ്ടി മാത്രമായോ സൗജന്യമായി പോലീസിനെ വിന്യസിപ്പിക്കാൻ പാടുള്ളതല്ല.

64 കൊഗ്നൈസിബിഗായ കുടത്തിലേയ്ക്ക് നയിക്കാവുന്ന തർക്കങ്ങളിൽ പോലീസ് നടപടി:—ഏതെങ്കിലും വ്യക്തികളോ സംഘങ്ങളോ തമ്മിലുള്ള തർക്കം എത്രയും പെട്ടെന്ന് പരിഹരിക്കാത്ത പക്ഷം ഒരു കൊഗ്നൈസബിൾ കുറ്റമായി പരിണമിക്കുവാൻ സാധ്യതയുള്ള സാഹചര്യത്തിൽ, പോലീസ് സ്റ്റേഷന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയാണെങ്കിൽ , സ്റ്റേഷൻ ഹൗസ് ആഫീസർ,

(എ) ബന്ധപ്പെട്ട കക്ഷികളുമായോ അക്കാര്യം അറിയാവുന്ന മറ്റുള്ളവരുമായോ സംസാരിച്ച് വസ്തുതകളും സാഹചര്യവും തിട്ടപ്പെടുത്തുവാനോ ;

(ബി) തർക്കമുള്ള കക്ഷിയെയോ അല്ലെങ്കിൽ ഇരുകക്ഷികളെയും തർക്കത്തിന്റെ തുടർച്ചയായി നിയമവിരുദ്ധമായി എന്തെങ്കിലും പ്രവൃത്തി നടത്തുന്നതിനെതിരെ രേഖാമൂലം മുന്നറിയിപ്പു നൽകുവാനോ ;

(സി) തർക്കമുള്ള കക്ഷിയെയോ ഇരുകക്ഷികളെയുമോ പരസ്പര ചർച്ചയിലൂടെയോ മധ്യസ്ഥതയിലൂടെയോ പ്രശ്നം പരിഹരിക്കുന്നതിനു പ്രോത്സാഹിപ്പിക്കുവാനോ ;

(ഡി) തർക്കം പരിഹരിക്കുന്നതിന് അധികാരിതയും ക്ഷമതയുള്ള ഒരു കോടതിയെ സമീപിക്കണമെന്ന് കക്ഷിയെയോ ഇരുകക്ഷികളെയുമോ ഉപദേശിക്കുന്നതിനോ ; അല്ലെങ്കിൽ

(ഇ) 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ വ്യവസ്ഥകൾ പ്രകാരം കക്ഷിയെയോ ഇരുകക്ഷികളെയുമോ ബാധകമാക്കുന്നതിന് അധികാരിതയുള്ള മജിസ്ട്രേറ്റിന് വസ്തുതകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി എടുക്കുവാനോ,—

നടപടി എടുപ്പിക്കാൻ ഇടയാക്കേണ്ടതാണ്.

65 കമ്മ്യൂണിറ്റി പോലീസിംഗ്:—(1) ജില്ലാ പോലീസ് മേധാവി, പോലീസിന്റെ കൃത്യനിർവ്വഹണത്തിൽ പൊതുസഹായം നൽകാൻ വേണ്ടി ആ പ്രദേശത്തെ താമസക്കാരിൽ മാന്യരായ തദ്ദേവാസികൾ കമ്മ്യൂണിറ്റിയുടെ പ്രതിനിധികളായി ഉൾപ്പെടുന്ന കമ്മ്യൂണിറ്റി ലെയ്സൺ ഗ്രൂപ്പുകൾ ഓരോ പോലീസ് സ്റ്റേഷനുവേണ്ടിയും രൂപീകരിക്കേണ്ടതാണ്.

(2) കമ്മ്യൂണിറ്റി ലെയ്സൺ ഗ്രൂപ്പിൽ പോലീസ് സ്റ്റേഷൻ പ്രദേശത്തിലെ, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും സേവനങ്ങളിലും പെട്ട സ്ത്രീപുരുഷന്മാർക്കും ന്യായമായ പ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടതാണ്.

(3) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ക്രിമിനൽ കോടതി ശിക്ഷിച്ചതോ അല്ലെങ്കിൽ അഴിമതി, സാന്മാർഗ്ഗിക അധ:പതനം പെരുമാറ്റദൂഷ്യം എന്നീകാരണങ്ങളാൽ ഏതെങ്കിലും ഉദ്യോഗത്തിൽ നിന്ന് ഡിസ്മിസ് ചെയ്തതോ നീക്കം ചെയ്യപ്പെട്ടതോ, ഡിസ്ചാർജ്ജ് ചെയ്യപ്പെട്ടതോ അല്ലെങ്കിൽ നിർബന്ധിതമായി വിരമിക്കാൽ നൽകപ്പെട്ടതോ ആയ യാതൊരാളെയും കമ്മ്യൂണിറ്റി ലെയ്സൺ ഗ്രൂപ്പിലെ ഒരംഗമായി നാമനിർദ്ദേശം ചെയ്യാൻ പാടുള്ളതല്ല.

(4) കമ്മ്യൂണിറ്റി ലെയ്സൺ ഗ്രൂപ്പ് പോലീസിന്റെ അർഹമായ പരിഗണനയ്ക്കായി ആ പ്രദേശത്ത് നിലവിലുള്ളതും ഉണ്ടായേക്കാവുന്നതുമായ പോലീസ് സേവനാവശ്യങ്ങൾ കണ്ടെത്തുകയും ആ പ്രദേശത്തിന്റെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സുരക്ഷ ഉറപ്പാക്കാനുള്ള കർമ്മപദ്ധതികൾ വികസിപ്പിക്കേണ്ടതുമാണ്.

(5) കമ്മ്യൂണിറ്റി ലെയ്സൺ ഗ്രൂപ്പ് ആവശ്യാനുസരണം ഇടയ്ക്കിടെ യോഗം ചേരണ്ടേതാണ്.

(6) ഗ്രൂപ്പിന്റെ യോഗങ്ങളിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്.

(7) കുറ്റകൃത്യങ്ങൾ നടന്നതിന്റെയും കുറ്റകൃത്യങ്ങൾ നടക്കാനുള്ള സാദ്ധ്യതയെയും കുറിച്ചുള്ള വിവരം പോലീസിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഓരോ പൗരനെയും പ്രോൽസാഹിപ്പിക്കേണ്ടതാണ്.

(8) കമ്മ്യൂണിറ്റി ലെയ്സൺ ഗ്രൂപ്പിന് ഒരു പ്രത്യേക ആവശ്യം പരിഗണിക്കുന്നതിനായി, പ്രത്യേക പ്രദേശങ്ങൾക്കായോ അല്ലെങ്കിൽ പ്രത്യേക ചുമതലകൾക്കായോ സബ്കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

(9) കമ്മ്യൂണിറ്റി ലെയ്സൺ ഗ്രൂപ്പിന് സുരക്ഷിതത്വബോധം, രക്ഷാബോധം, കുറ്റകൃത്യം തടയുന്നതിനുള്ള അനുകൂല നടപടി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനും നിയമ സാക്ഷരത പ്രോൽസാഹിപ്പിക്കുന്നതിനും നടപടിയെടുക്കാവുന്നതാണ്.

(10) കമ്മ്യൂണിറ്റി ലെയ്സൺ ഗ്രൂപ്പ് നിയമം മൂലം പോലീസ് ഉദ്യോഗസ്ഥർക്ക് മാത്രം നിർവ്വഹിക്കാൻ കഴിയുന്ന പോലീസിന്റെ യാതൊരു ചുമതലയും നിർവഹിക്കാൻ പാടില്ലാത്തതും അതുമായി അന്വേഷണാത്മകമോ ശിക്ഷാപരമോ ആയ ഏതെങ്കിലും ചുമതല അവർ സ്വയം ഏറ്റെടുക്കാൻ പാടില്ലാത്തതുമാണ്.

66 ബീറ്റ് പോലീസ് സേവനം:—(1) എല്ലാ പോലീസ് സ്റ്റേഷന്റെയും പ്രദേശം പോലീസ് ബീറ്റുകളായി വിഭജിക്കേണ്ടതും ഓരോ ബീറ്റ് പ്രദേശത്തിനും സ്ഥിര അടിസ്ഥാനത്തിൽ ബീറ്റു നടത്തുന്നതിന് മതിയായി ബീറ്റ്പട്രോളുകൾ നിയോഗിക്കേണ്ടതുമാണ്.

(2) ബീറ്റ്പട്രോളിന്റെ കർത്തവ്യങ്ങൾ, ഉത്തരവാദിത്വങ്ങൾ, എന്നിവ മറ്റുള്ളവയ്ക്കൊപ്പം,—

(എ) ആ പ്രദേശത്ത് താമസിക്കുന്ന കമ്മ്യൂണിറ്റി ലെയ്സൺ ഗ്രൂപ്പിലെ അംഗങ്ങളുടെയും കമ്മ്യൂണിറ്റിയിലെ സജീവ അംഗങ്ങളുമായും ഉള്ള ബന്ധം നിലനിർത്തുക ;

(ബി) പ്രദേശത്ത് കുറ്റകൃത്യങ്ങൾ തടയാനുള്ള നടപടികൾ ഓരോ സന്ദർശന സമയത്തും പുനഃപരിശോധിക്കുക ;

(സി) പ്രദേശത്ത് കുറ്റകൃത്യങ്ങൾ, കുറ്റവാളികൾ, വിധ്വംസക പ്രവർത്തനങ്ങൾ, തീവ്രവാദികൾ, സാമൂഹ്യവിരുദ്ധർ, എന്തെങ്കിലും ഉണ്ടെങ്കിൽ, അവയുമായി ബന്ധപ്പെട്ട വിവരം ശേഖരിക്കലും അവ പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ അറിയിക്കുക ;

(ഡി) ഹിസ്റ്ററി ഷീറ്റഡ് കുറ്റവാളികൾ ആരെങ്കിലും ഉണ്ടെങ്കിൽ അവയോ, ക്രിമിനൽ പശ്ചാത്തലം ഉള്ളവരെയോ ദുസ്വഭാവമുള്ളവരെയോ നിരീക്ഷിച്ചുകൊണ്ടിരിക്കുക ;

(ഇ) അക്രമത്തിന് സാദ്ധ്യതയുള്ള പ്രാദേശിക തർക്കങ്ങളെക്കുറിച്ച് സ്വയം മനസ്സിലാക്കുകയും ലഭ്യമായ എല്ലാ വിവരണങ്ങളോടു കൂടി പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ അറിയിക്കുകയും ചെയ്യുക;

(എഫ്) മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന്മാർ ഏല്പിച്ചുകൊടുക്കുന്ന പ്രദേശത്തെ സംബന്ധിച്ച മറ്റേതെങ്കിലും പോലീസ് ജോലികൾ നിർവ്വഹിക്കുക.

(ജി) പോലീസ് സേവനം സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നുള്ള ഏതെങ്കിലും സങ്കടങ്ങളും, പരാതികളും രേഖപ്പെടുത്തുക; കൂടാതെ

(എച്ച്) സന്ദർശന സമയത്ത് നടപ്പിലാക്കിയ മേൽപ്പറഞ്ഞ കർത്തവ്യങ്ങളുടെയും ചുമതലകളുടെയും രേഖകൾ സൂക്ഷിക്കുകയും അവ പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന് സമർപ്പിക്കുകയും ചെയ്യുക, ആയിരിക്കുന്നതാണ്.

67. പൊതുജനങ്ങൾക്ക് പാരിതോഷികം:—ജില്ലാ പോലീസ് മേധാവിക്ക്, സർക്കാർ ഇതിനായി നിർണ്ണയിച്ചിട്ടുള്ള ചട്ടങ്ങൾക്ക് വിധേയമായി, പ്രത്യേകിച്ച് മികച്ച സേവനം നൽകിയതിനോ, കുറ്റകൃത്യം തടയുന്നതിലോ ഏതെങ്കിലും കേസിന്റെ അന്വേഷണ ത്തിലൊ അല്ലെങ്കിൽ ക്രമസമാധാനപാലനം, സുരക്ഷ അല്ലെങ്കിൽ ഗതാഗതസുരക്ഷകാ ത്തുസൂക്ഷിക്കുക എന്നിവയിലോ വിവരം നൽകിയതിനോ പൊതുജനങ്ങൾക്ക് പാരിതോ ഷികം വാഗ്ദാനം ചെയ്യാവുന്നതും അത് സമ്മാനിക്കാവുന്നതുമാണ്.

68. ലഹള തടയുന്നതിനായി കെട്ടിടവും പരിസരവും കൈവശപ്പെടുത്തൽ:—(1) ആസന്നമായ ലഹളയോ അല്ലെങ്കിൽ ആസന്നവും ഗുരുതരവുമായ സമാധാനഭഞ്ജനമോ തടയുന്നതിനോ അടിച്ചമർത്തുന്നതിനോ വേണ്ടി സംഭവസ്ഥലത്ത് ഹാജരുള്ള ഏറ്റവും സീനിയറായ പോലീസ് ഉദ്യോഗസ്ഥൻ 48 മണിക്കൂറിൽ കവിയാത്ത ഒരു കാലയളവി ലേയ്ക്ക് ഏതൊരു കെട്ടിടമോ മറ്റ് പ്രദേശമോ താൽക്കാലികമായി അടച്ചിടുകയോ കൈവശപ്പെടുത്തുകയോ അവിടെ നിന്നും എല്ലാവരെയോ ഏതെങ്കിലും ആളുകളെയോ മാറ്റിനിർത്താവുന്നതും അദ്ദേഹം ആവശ്യമെന്ന് കരുതുന്ന വ്യവസ്ഥകളിന്മേൽ അത്തരം ആളുകൾക്ക് മാത്രം അവിടെ പ്രവേശനം നൽകുകയും ചെയ്യാവുന്നതും ബന്ധപ്പെട്ട എല്ലാ ആളുകളും അത്തരം ഉത്തരവുകളനുസരിച്ച് പെരുമാറാൻ ബാദ്ധ്യസ്ഥരായിതിക്കേ ണ്ടതുമാണ്.

എന്നാൽ, കെട്ടിടം തുടർന്നും കൈവശം വയ്ക്കുന്നതിനോ ഏതെങ്കിലും നിർദ്ദേശം അറുപതു ദിവസ കാലയളവുവരെ നടപ്പിലാക്കുന്നതിനോ ജില്ലാ മജിസ്ട്രേറ്റിന് ഉത്തരവിടാവുന്നതാണ്.

(2) ജില്ലാ മജിസ്ട്രേറ്റിന് സ്വമേധയായോ (1)-ാം ഉപവകുപ്പിൽ കീഴിലുള്ള ഒരു ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആളിന്റെ അപേക്ഷയിന്മേലോ അങ്ങ നെയുള്ള ഏതൊരുത്തവും റദ്ദു ചെയ്യുകയോ രൂപഭേദപ്പെടുത്തുകയോ മാറ്റം വരുത്തു കയോ ചെയ്യാവുന്നതാണ്.

69 അപകടങ്ങളോ ദുരന്തങ്ങളോ കൈകാര്യം ചെയ്യൽ:—ഏതെങ്കിലും പ്രദേശത്ത് ഗുരുതമായ ഒരു അപകടമോ ഒരു ദുരന്തമോ സംഭവിക്കുന്ന സമയത്ത് സ്ഥലത്ത് ഹാജ രുള്ള ഏറ്റവും സീനിയറായ പോലീസ് ഉദ്യോഗസ്ഥൻ, ആസന്നവും ഗുരുതരവുമായ സമാധാനഭഞ്ജനമോ പൊതുസമാധാനലംഘനത്തിനോ പൊതുജനങ്ങൾക്ക് കാരയമായ അസൗകര്യത്തിനോ ആപത്തിനോ കാരണമാകാൻ സാദ്ധ്യതയുള്ള ഏതെങ്കിലും തർക്കം, അഭിപ്രായഭിന്നത, വിവാദം, കുഴപ്പം എന്നിവ നിലനിൽക്കുന്നുവെന്ന് കരുതുന്ന പക്ഷം, എല്ലാ ആളുകൾ തമ്മിലും പൊതുജനങ്ങളോടും പെരുമാറേണ്ടതെങ്ങനെയെന്ന് സന്ദർഭമനുസരിച്ച് ആവശ്യമെന്നും ന്യായമെന്നും കരുതുന്ന അപ്രകാരമുള്ള ഉത്തരവു കൾ അദ്ദേഹത്തിനു നൽകാവുന്നതും അങ്ങനെയുള്ള ഉത്തരവുകൾ ബന്ധപ്പെട്ട എല്ലാ ആളുകളും അനുസരിക്കേണ്ടതുമാണ്.

70 അഗ്നിബാധ, ദുരന്തം അല്ലെങ്കിൽ അപകടം ഉണ്ടാകുന്ന അവസരങ്ങളിലെ നടപടികൾ:—(1) ഏതെങ്കിലും പ്രദേശത്ത് അഗ്നിബാധയോ ദുരന്തമോ അപകടമോ ഉണ്ടാകുന്ന അവസരങ്ങളിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ ഫയൽ സർവ്വീ സിലെ ഏതെങ്കിലും അംഗത്തിനോ ഏതെങ്കിലും മജിസ്ട്രേറ്റിനോ അത്തരത്തിലുള്ള ഏതെങ്കിലും ആളിന്റെ അസാന്നിദ്ധ്യത്തിൽ ഏതെങ്കിലും പബ്ലിക് സർവ്വന്റിനോ ഇനി പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്, അതായത്:—

(എ) ജീവനോ സ്വത്തോ സംരക്ഷിക്കുന്നതിനുള്ള രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏതെങ്കിലും ആളുകൾ അവരുടെ സാന്നിദ്ധ്യംകൊണ്ട് ഇടപെടുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ അവരെ നീക്കം ചെയ്യുകയോ നീക്കം ചെയ്യാൻ ഉത്തരവിടുകയോ ചെയ്യുക ;

(ബി) രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഏതെങ്കിലും പൊതുവായയോ സ്വകാര്യമായതോ ആയ തെരുവ് അല്ലെങ്കിൽ വഴി അടയ്ക്കുക;

(സി) ജീവനും സ്വത്തും രക്ഷിക്കാനുള്ള രക്ഷാദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി അദ്ദേഹത്തിനോ അദ്ദേഹത്തിന്റെ നിർദ്ദേശത്തിൻ മേൽ പ്രവർത്തിക്കുന്നവർക്കോ പൊതുവായതോ സ്വകാര്യമായതോ ആയ ഏതെങ്കിലും വളപ്പിൽ കടക്കുകയോ തുറക്കുകയോ പൊളിക്കുകയോ ഹോസ് പൈപ്പോ മറ്റുപകണരങ്ങളോ കടത്തിവിടാൻ ഉപയോഗിക്കുക;

(ഡി) ജീവനും സ്വത്തും സംരക്ഷിക്കുന്നതിന് ആവശ്യമെന്നു തോന്നുന്ന പ്രകാരമുള്ള നടപടികൾ എടുക്കുക ;

(2) മേൽപ്പറഞ്ഞ (1)-ാം ഉപവകുപ്പിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി സംഭവിച്ച ഏതൊരു നാശനഷ്ടവും, അഗ്നിബാധ, ദുരന്തം അല്ലെങ്കിൽ അപകടം എന്നിവയ്ക്കായുള്ള ഏതെങ്കിലും ഇൻഷ്വറൻസ് പോളിസിയുടെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന അഗ്നിബാധ, ദുരന്തം അല്ലെങ്കിൽ അപകടം എന്നിവമൂലമുള്ള നാശനഷ്ടമായി കരുതപ്പെടേണ്ടതും അത്തരത്തിലുള്ള ഇൻഷ്വറൻസിന്റെ അഭാവത്തിൽ ജില്ലാ മജിസ്ട്രേട്ട് തിട്ടപ്പെടുത്തിയോക്കാവുന്ന തുക ന്യായമായ നഷ്ടപരിഹാരമായി ബാധിക്കപ്പെട്ട കക്ഷികൾക്ക് സർക്കാരിന് നൽകാവുന്നതുമാണ്.

(3) ഈ വകുപ്പിലെ യാതൊന്നും ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെയോ ഫയർ സർവ്വീസിലെ ഏതെങ്കിലും അംഗത്തെയോ ഏതെങ്കിലും മജിസ്ട്രേട്ടിനെയോ പബ്ലിക് സർവ്വന്റിനെയൊ ന്യായമായ കാരണങ്ങളില്ലാതെ അയാൾ ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ മൂലമുണ്ടായ നാശനഷ്ടങ്ങളുടെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതല്ല.

71. പോലീസ് ഉപകരണം ലൈൻസിംഗിൽ നിന്നും ഒഴിവാക്കണമെന്ന്:— സർക്കാരിന്, പോലീസ്, അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കേണ്ട ആവശ്യത്തിലേക്കായി ഔദ്യോഗികമായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും ഉപകരണങ്ങൾക്കോ വസ്തുക്കൾക്കോ ഏതെങ്കിലും നിയമത്തിൻകീഴിൽ ലൈൻസ് എടുക്കേണ്ടതാണെന്നോ ഏതെങ്കിലും സർക്കാർ ഏജൻസിക്കോ പബ്ലിക് അതോറിറ്റിക്കോ ഏതെങ്കിലും വാർഷിക ഫീസോ, ലൈൻസ് ഫീസോ നൽകേണ്ടതാണെന്നോ ഉള്ള നിബന്ധനകളിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

72. പോലീസ് ഉദ്യോഗസ്ഥൻ വിവരം മുതലായവ ബോധിപ്പിക്കാമെന്ന് - ഏതൊരു പോലീസ് ഉദ്യോഗസ്ഥനും ഏതൊരു വിവരവും ഒരു മജിസ്ട്രേട്ട് മുമ്പാകെ ബോധിപ്പിക്കാവുന്നതും കുറ്റം ചെയ്ത ഏതെങ്കിലും ആളിനെതിരായോ ഒരു സാധനം കണ്ടുപിടിക്കുന്നതിനായോ നിയമം മൂലം സമൻസോ, വാറണ്ടോ, സെർച്ച്-വാറണ്ടോ അത്തരത്തിലുള്ള നിയമപരമായ മറ്റ് പ്രോസസുകളോ പുറപ്പെടുവിക്കാൻ അപേക്ഷിക്കാവുന്നതുമാണ്.

## അധ്യായം VI

### പോലീസ് റഗുലേഷനുകൾ

73. ഗതാഗതത്തിന്റെ നിയന്ത്രണവും നടത്തിപ്പും:—(1) ജില്ലാ പോലീസ് മേധാവിക്ക് ക്ഷമതയുള്ള ഏതെങ്കിലും അധികാര സ്ഥാനം പുറപ്പെടുവിച്ചേക്കാവുന്ന പ്രാബല്യത്തിലുള്ള നിയമങ്ങളും ഉത്തരവുകളും യഥാവിധി കണക്കിലെടുത്തുകൊണ്ട് ട്രാഫിക്

മാനേജ്മെന്റ് റഗുലേറ്ററി കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായും സർക്കാരിന്റെ രൂപഭേദപ്പെടുത്തിലിനോ, റദ്ദാക്കലിനോ വിധേയമായും പൊതുജനങ്ങൾക്കുണ്ടാകുന്ന ഉപായം, തടസ്സം, അസൗകര്യം മുതലായവ തടയുന്നതിനായി പൊതുവായോ പ്രത്യേകമായോ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്.

(എ) പൊതുസ്ഥലങ്ങളിലെ എല്ലാത്തരത്തിലുമുള്ള ഗതാഗതവും, പൊതു സ്ഥലത്തും തെരവിലും ആളുകളുടെ ആളുകളുടെ സവാരി ചെയ്യൽ, ഡ്രൈവിംഗ്, സൈക്കിൾസവാരി, നടത്തം, സ്റ്റിയറിംഗ്, നാവിഗേറ്റിംഗ്, ഏതെങ്കിലും മൃഗത്തെ നയിക്കുകയോ അനുഗമിക്കുകയോ മുതലായവ ക്രമീകരിക്കുക;

(ബി) പൊതുനിരത്ത് ഉപയോഗിക്കുന്നവരുടെ ശ്രദ്ധതിരിക്കാൻ സാദ്ധ്യതയുള്ള ഏതെങ്കിലും വസ്തുവിലെ കമാനം ഉയർത്തൽ, തോരണം , ബാനർ, ഹോർഡിംഗുകൾ, അടയാളങ്ങൾ, പ്രതിരൂപങ്ങൾ, ലൈറ്റ് ഉപയോഗിച്ചുള്ള പ്രദർശനങ്ങൾ , നിർമ്മാണ പ്രവൃത്തി എന്നിവ ക്രമീകരിക്കുക;

(സി) വാഹനങ്ങളും, യാനങ്ങളും പൊതുസ്ഥലങ്ങളിൽ പാർക്ക് ചെയ്യുന്നതും പൊതുതെരുവുകൾ വാഹനങ്ങളോ ഏതെങ്കിലും മ,ഗത്തെയോ നിറുത്താനുള്ള സ്ഥലമായി ഉപയോഗിക്കുന്നതും ക്രമീകരിക്കുക;

(ഡി) തെരുവുകളിലൂടെ പ്രത്യേക തരത്തിൽപ്പെട്ടതോ പ്രത്യേക ദൗത്യത്തിലുള്ളതോ ആയ വാഹനങ്ങളെയോ മൃഗങ്ങളെയോ കൊണ്ടുപോകുന്നതിനുള്ള സമയവും രീതിയും ക്രമീകരിക്കുക;

(ഇ) ഏതെങ്കിലും തെരുവിലോ അതിലൂടെയോ ഏതെങ്കിലും ആന, വന്യമൃഗം അല്ലെങ്കിൽ അപകടകരമായ മൃഗം എന്നിവയെ നയിക്കുന്നതോ സവാരി ചെയ്യുന്നതോ നടത്തിക്കൊണ്ടുപോകുന്നതോ, കയറ്റികൊണ്ടു പോകുന്നതോ ക്രമീകരിക്കുക;

(എഫ്) തെരുവികളിലൂടെ തടി, കഴ, ഏണി, ഇരുമ്പുപാളി, ബീമുകൾ, ബാറുകൾ , ബോയിലറുകൾ കൈകാര്യം ചെയ്യാൻ പ്രയാസമുള്ള മറ്റ് വസ്തുക്കൾ എന്നിവ കൊണ്ടു പോകുന്നതിന്റെ വിധവും രീതിയും ക്രീമികരിക്കുക;

(എച്ച്) റോഡ് ഉപയോഗിക്കുന്നവർക്ക് അപകടമുണ്ടാക്കാവുന്ന സ്ഫോടക വസ്തുക്കളോ അല്ലെങ്കിൽ ഹാനികരമായ രാസവസ്തുക്കളോ പൊതുസ്ഥലങ്ങളിലൂടെ കൊണ്ടുപോകുന്നത് ക്രമീകരിക്കുക;

(ഐ) പൊതുസ്ഥലങ്ങളിലോ തെരുവികളിലോ അതിന് സമീപമോ പാറ പൊട്ടിക്കുന്നതോ, ഉത്ഖനനം ചെയ്യുന്നതോ , ഏതെങ്കിലും വസ്തു കത്തിക്കുന്നതോ, വെടിക്കോപ്പുകൾ, ഉപയോഗിക്കുന്നതോ, പടക്കം പൊട്ടിക്കുന്നതോ പട്ടം , ബലൂൺ അല്ലെങ്കിൽ റോക്കറ്റ് ഉപയോഗിക്കുന്നതോ ക്രമീകരിക്കുക;

(ജെ) ന്യായമായി കാണുന്നതൊഴികെ നാശോന്മുഖ കെട്ടിടങ്ങളിൽ നിന്നോ മറ്റ് കാരണങ്ങളാലോ ഉള്ള അപകടം ഉണ്ടാകുന്ന സംഗതികളിൽ ചില തെരുവുകളോ സ്ഥലങ്ങളോ താല്ക്കാലികമായി അടച്ചിടുക.

(കെ) റോഡരികിൽ സ്ഥിതിചെയ്യുന്ന പൊതു കെട്ടിടത്തിലേക്കും പരിസരങ്ങളിലേക്കും, തെരുവിലേക്കും, സ്വകാര്യ കെട്ടിടത്തിലേക്കും പരിസരങ്ങളിലേക്കുമുള്ളതും അവിടെ നിന്നും ഉള്ള പ്രവേശനത്തിന്റെ രീതിയും മാർഗ്ഗവും ക്രമീകരിക്കുക.

(എൽ) ഇത് സംബന്ധിച്ച് സംസ്ഥാനത്തിനോ പോലീസ് വകുപ്പിനോ ഏതെങ്കിലും സാമ്പത്തിക ബാദ്ധ്യത വരുത്താതെ പൊതുജനങ്ങൾക്ക് ഗതാഗത നടത്തിപ്പിൽ സ്വമേധയാ സഹായിക്കാവുന്ന രീതി നിർണ്ണയിക്കുക.

(2) ജില്ലാ പോലീസ് മേധാവി പുറപ്പെടുവിച്ച ഉത്തരവുകൾ ഈ ആക്റ്റിൻ കീഴിൽ പോലീസ് നൽകിയ ന്യായമായ നിർദ്ദേശങ്ങളായി കരുതപ്പെടേണ്ടതാണ്.

(3) ജില്ലാ പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ച തീയതി മുതൽ, ആപ്രദേശത്തെ ട്രാഫിക്മാനേജ്മെന്റ് റഗുലേറ്ററി കമ്മിറ്റി മുമ്പാകെ വച്ചിട്ടില്ലാത്തപക്ഷം 7 ദിവസത്തേക്കുമാത്രം സാധുവായിരിക്കുന്നതാണ്.

(4) തദ്ദേശ ഭരണത്തലവൻ അദ്ധ്യക്ഷനായി ജില്ലാ മജിസ്ട്രേട്ട്ഷ ജില്ലാ പോലീസ് മേധാവിഷ റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർ നാമനിർദ്ദേശം ചെയ്യുന്നവർ അടങ്ങിയ ഒരു ട്രാഫിക് മാനേജ്മെന്റ് റഗുലേറ്ററി കമ്മിറ്റി ഓരോ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/പഞ്ചായത്തിലും ഉണ്ടായിരിക്കേണ്ടതും ജില്ലാ പോലീസ് മേധാവി പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും അത് പുറപ്പെടുവിച്ച് 30 ദിവസത്തിനുള്ളിൽ അത്തരം കമ്മിറ്റി മുമ്പാകെ വയ്ക്കാവുന്നതുമാണ്.

74. കായിക പരിശീലനത്തിന്റെ നിയന്ത്രണം:—(1) തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുക്കാലും യാതൊരാളും,

(എ) നിർണ്ണയിക്കപ്പെടാവുന്ന ഒരു അധികാരസ്ഥാനം ഇതിലേക്കായി നല്കിയിട്ടുള്ള ഒരു പെർമിറ്റ് കൈവശമില്ലാത്തപക്ഷം ആക്രമണമോ സ്വയരക്ഷയോ സംബന്ധിച്ച രീതികൾ ഉൾക്കൊള്ളുന്ന കായികാഭ്യാസ പരിശീലനം പോതുജനത്തിലെ ഏതെങ്കിലും ആളിനോ ആളുകൾക്കോ അയാൾ സ്വയമോ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആളോ നൽകുക;

(ബി) ഇക്കാര്യത്തിൽ ഒരു പെർമിറ്റ് കൈവശമില്ലാത്ത ഏതെങ്കിലും ആൾ നൽകാവുന്ന പ്രകാരമുള്ള പരിശീലനം നടത്തുന്നതിനായി അയാളുടെ ഉടമസ്ഥതയിലോ കൈവശത്തിലോ ഉള്ള ഏതെങ്കിലും കേട്ടിടവും പരിസരവും ഉപയോഗിക്കുന്നതിന് അനുവദിക്കുകയോ അപ്രകാരമുള്ള പരിശീലനം സംഘടിപ്പിക്കുകയും അതിന് പ്രേരിപ്പിക്കുകയും അല്ലെങ്കിൽ അതിൽ പങ്കെടുക്കുകയും ചെയ്യുക;

എന്നു മാത്രമല്ല ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ

(i) സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതോ സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതോ ആയ ഒരു വിദ്യാഭ്യാസ സ്ഥാപനം അതിന്റെ പാഠ്യപദ്ധതിയുടെയോ പഠന ക്രമത്തിന്റെയോ ഭാഗമായി ഉള്ളതോ;

(ii) കേരള സ്പോർട്ട്സ് കൗൺസിൽ അംഗീകരിച്ച ഒരു ക്ലബോ, ജിംനേഷ്യമോ നൽകുന്നതോ ;

ആയ ഏതെങ്കിലും പരിശീലനത്തിന് ബാധകമാകുന്നതല്ല.

2. (1)-ാം ഉപവകുപ്പിൽ കീഴിലുള്ള പെർമിറ്റ് ചട്ടങ്ങൾപ്രകാരം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായും അപ്രകാരമുള്ള ഫീസ് നൽകിയതിനുശേഷവും നൽകേണ്ടതാണ്.

3. ഈ ആക്റ്റോ അതിൻകീഴിലുള്ള ചട്ടങ്ങളോ പ്രകാരമാണ് അത്തരം പരിശീലനം നടതതുന്ന ഏതൊരു സ്ഥലത്തും ഒരു സബ്ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതൊരു പോലീസ് ഉദ്യോഗസ്ഥനും സ്വതന്ത്രമായ പ്രവേശനമുണ്ടായിരിക്കുന്നതാണ്.

75. പെർമിറ്റ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം:—71-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് പ്രസ്തുത ഉപവകുപ്പിൻ കീഴിൽ നൽകിയിട്ടുള്ള ഒരു പെർമിറ്റ്.

(എ) അത്തരം പെർമിറ്റ് കൈവശമുള്ളവർ നൽകേണ്ടതായ ഏതെങ്കിലും ഫീസ് യഥാവിധി നൽകിയിട്ടില്ലെങ്കിലോ;

(ബി) പെർമിറ്റ് കൈവശമുള്ളയാളോ അയാളുടെ ജോലിക്കാരനോ അല്ലെങ്കിൽ അയാളുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ അനുമതിയോടുകൂടി അയാൾക്കു വേണ്ടി പ്രവർത്തിക്കുന്ന മറ്റാരെങ്കിലുമോ പ്രസ്തുത പെർമിറ്റിലെ ഏതെങ്കിലും നിബന്ധനകളും വ്യവസ്ഥകളും ലംഘിക്കുകയാണെങ്കിലോ;

(സി) ഒരു കോടതി, സാന്മാർഗികദൂഷ്യം ഉൾപ്പെടുന്ന ഏതെങ്കിലും കുറ്റത്തിന് അത് കൈവശം വയ്ക്കുന്ന ആളെ ശിക്ഷിച്ചിട്ടുണ്ടെങ്കിലോ, ഉത്തരവ് വഴി റദ്ദാക്കുകയോ സസ്പെന്റ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ കീഴിലെ ഉത്തരവിനെതിരെയുള്ള ഒരു അപ്പീൽ പരിശീലനം നടത്തുന്ന സ്ഥലം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് അധികാരതയുള്ള ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് മുമ്പാകെ നൽകേണ്ടതാണ്.

76. മാസ്സ്ഡ്രിൽ നിരോധിക്കുന്നതിനുള്ള അധികാരം:—(1) ജില്ലാ മജിസ്ട്രേട്ടിന്ഷ പൊതുസമാധാനമോ പൊതുസുരക്ഷയോ സംരക്ഷിക്കുന്നതിനോ ക്രമസമാധാന പാലനത്തിനോ അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് കരുതുമ്പോഴൊക്കെയും ആയുധമേന്തിക്കൊണ്ടുള്ള ഏതെങ്കിലും മാസ്സ്ഡ്രില്ലോ കൂട്ടം ചേർന്നുള്ള പരിശീലനമോ ഏതെങ്കിലും ഘോഷയാത്രയിൽ ആയുധങ്ങൾ കൊണ്ടു നടക്കുന്നതോ അതിൽ പങ്കെടുക്കുന്നതോ അദ്ദേഹത്തിന്റെ അധികാരിതയുള്ള ഏതെങ്കിലും പ്രദേശത്ത് പൊതുനോട്ടീസ് മൂലമോ വ്യക്തികൾക്ക് നൽകുന്ന ഉത്തരവ് വഴിയോ നിരോധിക്കാവുന്നതാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി "ആയുധങ്ങൾ എന്നാൽ ആക്രമണം നടത്താനുള്ള ആയുധമായി ഉപയോഗിക്കാൻ കഴിയുന്ന ഏതൊരു വസ്തുവും എന്നർത്ഥമാകുന്നതും അതിൽ ഏതെങ്കിലും തരത്തിലുള്ള ലാത്തിയോ വടിയോ ഉൾപ്പെടുന്നതുമാകുന്നു.

(2) ഈ വകുപ്പു പ്രകാരമുള്ള യാതൊരു നിരോധനത്തിനു മൂന്നു മാസത്തിൽ കൂടതൽ പ്രാബല്യമുണ്ടായിരിക്കുന്നതല്ല ; എന്നാൽ പൊതു സമാധാനമോ പൊതുസുരക്ഷയോ സംരക്ഷിക്കുന്നതിനോ ക്രമസമാധാന പാലനത്തിനോ അപ്രകാരം ചെയ്യണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നവെങ്കിൽ അതിന് ഗസ്റ്റ് വിജ്ഞാപനം വഴി, ഈ വകുപ്പ് പ്രകാരം ഒരു മജിസ്ട്രേട്ട് പുറപ്പെടുവിച്ചിട്ടുള്ള പൊതുനോട്ടീസോ ഉത്തരവോ പ്രസ്തുത വിജ്ഞാപനത്തിൽ അവർ നിർദ്ദേശിച്ചേക്കാവുന്ന പ്രകാരം അത്തരത്തിലുള്ള നോട്ടിസിന്റെയോ ഉത്തരവിന്റെയോ കാലാവധി അപ്രകാരമുള്ള ഉത്തരവില്ലായിരുന്നുവെങ്കിൽ അവസാനിക്കുമായിരുന്ന ദിവസം മുതൽ ആറ് മാസം കവിയാതെയുള്ള കാലയളവിലേക്ക് കൂടി പ്രാബല്യത്തിലുണ്ടായിരിക്കുമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

77. ഏതെങ്കിലും തെരുവോ പൊതു സ്ഥലോ റിസർവ്വ് ചെയ്യുന്നതിനുള്ള അധികാരം:—ജില്ലാ പോലീസ് മേധാവിക്ക് സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പൊതുവായ നോട്ടീസ് മൂലം ഏതെങ്കിലും തെരുവോ, പൊതുസ്ഥലമോ, ഏതെങ്കിലും പൊതുആവശ്യത്തിനായി താൽക്കാലികമായി നീക്കിവയ്ക്കാവുന്നതും അദ്ദേഹം നിർണ്ണയിച്ചേക്കാവുന്ന നിബന്ധനകൾ പ്രകാരമല്ലാതെ അപ്രകാരം റിസർവ്വ് ചെയ്യപ്പെട്ട പ്രദേശത്ത് ജനങ്ങൾ പ്രവേശിക്കുന്നതിന് നിരോധിക്കാവുന്നതുമാണ്.

78. ശബ്ദ മൂലമുണ്ടാകുന്ന ശല്യം നിയന്ത്രിക്കൽ:—(1) ജില്ലാ പോലീസ് മേധാവിയ്ക്ക് ഒരു പ്രദേശത്ത വസിക്കുന്ന പൊതജനത്തിനോ ആളിനോ ശൽ്യം, ഉപദ്രവം, അരോചകത്വം, ആവശ്യമെന്ന് ബോധ്യപ്പെടുന്നുവെങ്കിൽ അദ്ദേഹത്തിന് ആവശ്യമെന്നു തോന്നുന്ന പ്രത്യേകമായതോ പൊതുവായതോ ആയ സ്വഭാവത്തിലുള്ള അത്തരം നിർദ്ദേശങ്ങൾ, ഏതെങ്കിലും തെരുവിലോ തുറസ്സായ സ്ഥലത്തോ, മറ്റേതെങ്കിലും കെട്ടിടത്തിലോ;

(എ) ഏതെങ്കിലും വായ്പ്പാട്ടോ ഉപകരണ സംഗീതമോ പ്രസംഗമോ ;

(ബി) ശബ്ദം ഉണ്ടാക്കുകയോ ഉല്പാദിപ്പിക്കുകയോ പുനരുല്പാദിപ്പിക്കുകയോ വർദ്ധിപ്പിക്കുകയോ ചെയ്യാൻ കഴിയുന്ന ഏതെങ്കിലും ഉപകരണമോ ഉപായമോ എന്തുതന്നെ ആയിരുന്നാലും ഏത് രീതിയിൽ വായിച്ചാലും ഉപയോഗിച്ചാലും ഉണ്ടകുന്ന ഏതെങ്കിലും ശബ്ദമോ;

(സി) ശബ്ദമോ ഒച്ചയോ ഉണ്ടാക്കുന്നതോ കാരണമാകുന്നതോ ആയ ഏതെങ്കിലും കച്ചവടമോ തൊഴിലോ പ്രവർത്തനമോ ഏതെങ്കിലും നടത്തുന്നത്.

അപ്രകാരം സംഭവിക്കുന്നത് അല്ലെങ്കിൽ തുടരുന്നത് തടയുന്നതിന് നിരോധിക്കുന്നതിനോ ക്രമീകരിക്കുന്നതിനോ വേണ്ടി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

(2) ജില്ലാ പോലീസ് മേധാവിക്ക് സ്വമേധയായോ (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് മൂലം സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആളിന്റെ അപേക്ഷയിൻമേലോ അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് റദ്ദാക്കുകയോ രൂപ ഭേദപ്പെടുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

79. അക്രമത്ധ തടയുന്നതിനുള്ള റഗുലേഷനുകൾ:—(1) ജില്ലാ പോലീസ് മേധാവിക്ക് പൊതുസമാധാനവും പൊതുസുരക്ഷയും സംരക്ഷിക്കേണ്ടതിന് ആവശ്യമെന്ന് അദ്ദേഹം കരുതുമ്പോഴൊക്കെയും അപ്രകാരമുള്ള സമയത്തേയ്ക്കും പൊതുവായി വിളംബരപ്പെടുത്തിയതോ വ്യക്തികളെ സംബോധന ചെയ്തുകൊണ്ടോ ഉള്ള വിജ്ഞാപനം വഴി ഏതെങ്കിലും സ്ഥലത്ത്

(i) ശാരീരകമായി ആക്രമണം നടത്താൻ ഉപയോഗിക്കാൻ കഴിയുന്ന എതൊരു തരത്തിലുള്ള ആയുധങ്ങളോ മറ്റേതെങ്കിലും വസ്തുക്കളോ കൊണ്ടുപോകുന്നതോ ;

(ii) ഏതെങ്കിലും നശികരണ വസ്തുവോ, സ്ഫോടകവസ്തുക്കളോ വെടിമരുന്നുകളോ കൊണ്ടുപോകുന്നതോ ;

(iii) കല്ലുകളോ മറ്റ് മിസൈലുകളോ അല്ലെങ്കിൽ മിസൈലുകൾ ഉണ്ടാക്കുന്നതിനനോ തൊടുത്തുവിടുന്നതിനോ കഴിവുള്ള ഉപകരണങ്ങൾ കൊണ്ടുപോകുന്നതോ ശേഖരിക്കുന്നതോ തയ്യാറാക്കുന്നതോ ;

(iv) ജീവനുള്ളവരെയോ മതൃതദേഹങ്ങളെയോ പ്രദർശിപ്പിക്കുന്നതേ;

(v) സാമുദായികമോ മതപരമോ ആയ വികാരം ആളിക്കത്തിക്കുന്നതോ, സദാചാരത്തിന്റെ പൊതു നിലവാരത്തെ ധ്വംസിക്കുന്നതോ പൊതു സമാധാനത്തെ ഗുരുതരമായി ബാധിക്കുന്നതോ സംസ്ഥാനത്തിന്റെ സുരക്ഷ അപായപ്പെടുത്തുന്നതോ ആയ ചിത്രങ്ങൾ, ചിഹ്നങ്ങൾ, പ്ലക്കാർഡുകൾ, അച്ചടിച്ച കടലാസുകൾ, ലഘുലേഖകൾ, പുസ്തകങ്ങൾ, ഓഡിയോ വീഡിയോ റെക്കാർഡിംഗുകൾ, ഡിപിറ്റൽ റെക്കാർഡുകൾ, പൊസ്റ്ററുകൾ എന്നിവ തയ്യാറാക്കുന്നതോ, പ്രദർശിപ്പിക്കുന്നതോ, പ്രതിനിധീകരിക്കുന്നതോ, വിതരണം ചെയ്യുന്നതോ പ്രചരിപ്പിക്കുന്നതോ ;

ഏതെങ്കിലും രീതിയിൽ നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യാവുന്നതാണ്.

(2) (1) -ാം ഉപവകുപ്പുന് കീഴിലുള്ള ഏതൊരു നരോധനവും ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആൾ ഉപയോഗിച്ചതോ കൊണ്ടുപോയതോ ആയ ഏതൊരു വസ്തുവിനെയും ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥന് പിടിച്ചെടുക്കാവുന്നതാണ്.

80. <u>പൊതുസമ്മേളനങ്ങൾ നിയന്ത്രിക്കൽ</u>:—(1) ജില്ലാ പോലീസ് മേധാവിക്ക് പൊതുവായി വിളംബരം ചെയ്ത വിജ്ഞാപനം വഴി ഒരു പ്രദേശത്തെ പൊതുസമാധാനമോ ശാന്തിയോ ക്രമസമാധാനമോ സംരക്ഷിക്കുന്നതിനായി ആവശ്യമെന്നുതോന്നുന്ന അനുവാദം, നിയന്ത്രിണം, ക്രമീകരണം അല്ലെങ്കിൽ നിരോധനം എപ്പോഴൊക്കെയും ഏതൊക്കെ സമയത്തും ആവശ്യമെന്ന് അദ്ദേഹം കരുതുന്നുവോ അപ്പോൾ ഏതൊരു രീതിയിലുള്ള പൊതുസമ്മേളനമോ ഘോഷയാത്രയോ അനുവദിക്കാവുന്നതോ നിയന്ത്രിക്കാവുന്നതോ ക്രമീകരിക്കാവുന്നതോ നിരോധിക്കാവുന്നതോ ആണ്.

(2) (1)-ാം ഉപവകുപ്പുൽ കീഴിൽ വിളംബരപ്പെടുത്തിയ ഏതൊരു വിജ്ഞാപനവും അതിന്റെ വിളംബരംത്തീയതി മുതൽ പതിനഞ്ചു ദിവസത്തിൽ കൂടുതൽ പ്രബല്യ്യ്തിരിക്കുത്ല്ല.

(3) സംസ്ഥാന സർക്കാരിന് സ്വമേധയായോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയുടെ അപേക്ഷയിന്മേലോ (1) -ാം ഉപവകുപ്പിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ഉത്തരവും റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ അതിന്റെ കാലാവധി നീട്ടുകയോ ചെയ്യാവുന്നതാണ്.

(4) തിരക്കുള്ള പൊതുനര്ത്തുകളിലെ പ്രദർശനങ്ങൾ ജനജീവിത്തെ സാരമായി ബാധിക്കുന്നില്ലായെന്ന് ഉറപ്പുവരുത്താപായി സംസ്ഥാന സർക്കാരിന് പൊതുവയോ പ്രത്യേകമായോ ഉള്ള ഒരു ഉത്തരവിലുടെ അത്തരം പ്രകടനങ്ങളോ, റാലിയോ, സമ്മേളനമോ, നിർദ്ദിഷ്ട സ്ഥലങ്ങളിലോ നഗര പ്രദേശങ്ങളിലെ ഏതെങ്കിലും നിർദ്ദേശിക്കപ്പെട്ട വഴികളിലൂടെ മാത്രമോ നടത്തത്താവു എന്ന് വ്യക്തമാക്കാവുന്നതാണ്.

81. <u>ജില്ലാ മജിസ്ട്രേറ്റ് ചട്ടങ്ങളും റഗുലേഷനുകളും ഉണ്ടാക്കണമെന്ന്</u>:—(1) ജില്ലാ മജിസ്ട്രേട്ടിന് അദ്ദേഹംരധ ഉചിതമെന്ന് കരുതുന്ന എ.തെങ്കിലും തദ്ദേശ പ്രദേശത്ത് തദ്ദേശാധികാരസ്ഥാനവും ജില്ലാ പോലീസ് മേധാവിയുമായി കൂടിയാലോചിച്ച് കാലാകാങ്ങളിൽ താഴെ പറയുന്നവയ്ക്കായി ചട്ടങ്ങൾ ഉണ്ടാക്കി വിജ്ഞാപനം ചെയ്യേണ്ടതാണ്:—

(എ) പൊതു സ്വത്തിന് കേടുപാട് വരുത്തുന്നതോ വൃത്തിഹീനമാക്കുന്നതോ നശിപ്പിക്കുന്നതോ ആയതും പൊതു ശുചിത്വത്തെ അല്ലെങ്കിൽ പരിസരത്തെ അപക്കടപ്പെടുത്തുന്ന ഏതൊരു പ്രവൃത്തിയും തടയുന്നതിന്;

(ബി) തദ്ദേശാധികാരസ്ഥാപനങ്ങൾ ഉൾപ്പെടെ ക്ഷമതയുള്ള അധികാര സ്ഥാനം നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള സമയങ്ങളിലും ആ ഉദ്ദേശ്യത്തിനായി പ്രത്യേകമായി നിർണ്ണയിച്ചിട്ടുള്ള സ്ഥലങ്ങളിലും അല്ലാതെ ഏതെങ്കിലും റോഡിലോ പൊതു സ്ഥലത്തോ ഏതൊരു സമയത്തും ഏതെങ്കിലും വസ്തിക്കൾ നിക്ഷേപിക്കുന്നത് തടയുന്നതിന്;

(സി) നിർദ്ദിഷ്ട റഗുലേഷനുകൾക്കനുസൃതമായിട്ടില്ലാതെ നിർദ്ദിഷ്ട തെരുവുകളിലെ വീടുകളിലേയ്ക്കോ, കെട്ടിടങ്ങളിലേയ്ക്കോ, വീടികളിൽ നിന്നോ കെട്ടിടങ്ങളിൽ നിന്നോ അല്ലെങ്കിൽ അത്തരം തെരുവുകളിലുടെയോ വിസർജ്ജ്യവസ്തുക്കളോ ഉപദ്രവകരമായ വസ്തുകളോ സാധനങ്ങളോ കൊണ്ടുപോകാൻ പാടില്ലാത്തതായ നിർദ്ദിഷ്ട സമയങ്ങൾ വ്യക്തമാക്കുന്നതിന്;

(ഡി) ഏതെങ്കിലും തെരുവിലൂടെ പകർച്ചവ്യാധികളോ സാംക്രമികരോഗങ്ങ ളുള്ളതോ ആയ ആളുകളെയോ മൃഗങ്ങളെയോ മൃഗങ്ങളുടെ ശവശരീരമോ അവയുടെ ഭാഗങ്ങളോ മനുഷ്യരുടെ മൃതശരീരമോ അറവുശാലകളിൽ നിന്നുള്ള ഉച്ഛിഷ്ടമോ അതുപോലുള്ള മാരകമായ ജൈവമോ രാസപരമോ ആയ പദാർത്ഥങ്ങളോ പ്രദർശിപ്പിക്കുന്നതോ കൊണ്ടുപോകുന്നതോ ക്രമീകരിക്കുന്നത്;

(ഇ) ഏതെങ്കിലും തെരുവോ പൊതുസ്ഥലമോ ഉപയോഗിക്കുന്നവർക്ക് അപകടം ഉണ്ടായേക്കാവുന്ന തരത്തിലുള്ള കെട്ടിടങ്ങൾ, പ്ലാറ്റ്ഫോമുകൾ, മറ്റുതരത്തിലുള്ള എടുപ്പുകൾ എന്നിവ നിർമ്മാണം, അറ്റകുറ്റപണി, പൊളിച്ചുനീക്കൽ എന്നിവ ക്രമീകരിക്കുന്നതിന്;

(എഫ്) ഗതാഗത സംവിധാനത്തെ ബാധിക്കാവുന്ന വിധത്തിൽ വൈദ്യുതി, ജലം, സ്വിവറേജ്, ടെലികമ്മ്യൂണിക്കേഷൻ അല്ലെങ്കിൽ സിവിൽ എൻജിനീയറിംഗ് ആവശ്യങ്ങൾക്കായി റോഡുകൾ കുഴിക്കുക/നന്നാക്കുക, ഹോർഡിംഗുകൾ സ്ഥാപിക്കുക, തൂണുകൾ, ലൈറ്റുകൾ, ട്രാഫിക് ചിഹ്നങ്ങൾ, സ്പീഡ് ബ്രേക്കറുകൾ, റമ്പിൾ സ്ട്രിപ്പുകൾ മുതലായവ പോലുള്ള ഏതെങ്കിലും പ്രവൃത്തി ഏറ്റെടുക്കുന്നതിനോ ഏതെങ്കിലും പദ്ധതി ആരംഭിക്കുന്നതിനോ മുമ്പ് അത്തരം ജോലി നടക്കുന്ന വേളയിൽ പോലീസിന് ബദൽ സംവിധാനം ചെയ്യുന്നതിനും പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനും അത്തരത്തിലുള്ള ജോലികൾ വിവിധ വകുപ്പുകൾ തമ്മിൽ ഏകോപിപ്പിച്ചു നടത്തുന്നതിനുമായി എല്ലാ ബന്ധപ്പെട്ട വകുപ്പുകളും എത്രയും നേരത്തെ ആ വിവരം പോലീസിനെ അറിയിക്കുന്നത് ഉറപ്പു വരുത്തുക;

(ജി) ബോട്ട് ജെട്ടികൾ, വാർഫുകൾ, ലാന്റിംഗ് സ്ഥലങ്ങൾ, ബസ് സ്റ്റാൻഡുകൾ, എയർപോർട്ടുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ യാത്രക്കാരുടെ ബാഗേജുകൾ കൊണ്ടുപോകുന്ന തൊഴിലിൽ ഏർപ്പെടാൻ തയ്യാറാകുന്ന അത്തരം ആളുകൾക്ക് ലൈസൻസ് നൽകുന്നതിനും നിയന്ത്രിക്കുന്നതിനും അങ്ങനെ നിയമിക്കുന്ന അത്തരം ആളുകൾക്ക് തൊഴിലിനുള്ള കൂലിയുടെ നിരക്ക് നിശ്ചയിക്കുന്നതിനും പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനും;

(എച്ച്) മനുഷ്യർക്കോ മൃഗങ്ങൾക്കോ പകർച്ച വ്യാധിയോ സാംക്രമിക രോഗമോ ഉണ്ടെന്നോ ഉണ്ടാകുമെന്ന് ആശങ്കപ്പെടുകയോ ചെയ്യുന്ന സംഗതിയിൽ സ്ഥലവാസികളെക്കൊണ്ട് കെട്ടിടവും പരിസരവും ശുചിയാക്കുന്നതിനും അണുവിമുക്തമാക്കുന്നതിനും രോഗം തടയുന്നതിനോ അത് പടരുന്നത് തടയുന്നതിനോ രോഗബാധിതരോ

രോഗം ഉണ്ടെന്ന് സംശയിക്കപ്പെടുന്നതോ ആയ ആളുകളെയോ, മൃഗങ്ങളെയോ മാറ്റി പാർപ്പിക്കാനും ക്രമീകരണം ചെയ്യാനും;

(ഐ) താഴെപ്പറയുന്ന പ്രദേശത്തെ വഴിയാത്രക്കാർക്കോ പരിസരവാസികൾക്കോ ഉണ്ടാകുന്ന തടസ്സങ്ങൾ, അസൗകര്യങ്ങൾ, ബുദ്ധിമുട്ടുകൾ, അപായസാദ്ധ്യത, അപകടം അല്ലെങ്കിൽ മുറിവ് തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്രമീകരിക്കുക :-

(i) പൊതുവിഹാരസ്ഥലങ്ങൾ;

(ii) തെരുവുകൾ, പൊതുസ്ഥലങ്ങൾ, അവിടെയുള്ള കെട്ടിടങ്ങളുടെ ബാഹ്യഭാഗങ്ങൾ എന്നിവ പ്രകാശിപ്പിക്കുക;

(iii) പാറ പൊട്ടിക്കുക;

(iv) ഏതെങ്കിലും നിർമ്മാണം, കേടുപാട് തീർക്കൽ അല്ലെങ്കിൽ അറ്റകുറ്റപ്പണി;

(v) ഏതെങ്കിലും വാണിജ്യ വാണിജ്യ പ്രവർത്തനം

(2) അപ്രകാരമുള്ള ഓരോ ചട്ടവും അത് എവിടെയാണോ നടപ്പിലാക്കേണ്ടത് അവിടെ പ്രസിദ്ധീകരിക്കേണ്ടതും ബന്ധപ്പെട്ട എല്ലാ ആളുകളും ആയത് പാലിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

82. തർക്കം നിലനിൽക്കുന്ന ആൾക്കൂട്ടങ്ങളിലെ ക്രമസമാധാനം നിലനിർത്തൽ:— (1) ഏതെങ്കിലും തെരുവിലോ പൊതുസ്ഥലത്തോ ഉള്ള യഥാർത്ഥമായതോ ഉദ്ദേശിച്ചതോ ആയ മതപരമായ ചടങ്ങോ സംഘടനയുടെ പ്രകടനമോ പ്രദർശനമോ സുസംഘടിതമായ ജനക്കൂട്ടമോ; അതിലെ അതിന്റെ നടത്തിപ്പിലോ അതിൽ പങ്കെടുക്കുന്നതിനെപ്പറ്റിയോ ഉള്ള ഒരു തർക്കമോ വാഗ്വാദമോ നിലനിൽക്കുന്നുവെന്നും ആയത് സമാധാന ഭഞ്ജനത്തിലേയ്ക്ക് വഴി തെളിക്കാൻ സാദ്ധ്യതയുണ്ടെന്നും വരുമ്പോൾ ജില്ലാ മജിസ്ട്രേറ്റിന് ബന്ധപ്പെട്ട വ്യക്തികൾ പരസ്പരവും പൊതുജനങ്ങളോടും എങ്ങനെ പെരുമാറണമെന്നതിനെ സംബന്ധിച്ച് അത്തരം സാഹചര്യങ്ങൾക്കനുസൃതമായി അദ്ദേഹം ആവശ്യമെന്നും ഉചിതമെന്നും കരുതുന്ന അങ്ങനെയുള്ള ഉത്തരവുകൾ നൽകാവുന്നതാണ്.

(2) അത്തരം ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ ജില്ലാ മജിസ്ട്രേറ്റ് ബന്ധപ്പെട്ട ആളുകളുടെയും കക്ഷികളുടെയും പ്രത്യക്ഷമായ നിയമാവകാശങ്ങൾക്കും ഏതെങ്കിലും സ്ഥാപിത ആചാരങ്ങൾക്കും ന്യായമായ പരിഗണന നൽകിയിരിക്കേണ്ടതാണ്.

(3) അങ്ങനെയുള്ള എല്ലാ ഉത്തരവുകളും അത് നടപ്പിലാക്കുന്ന പ്രദേശത്ത് പ്രസിദ്ധപ്പെടുത്തേണ്ടതും ബന്ധപ്പെട്ട എല്ലാ ആളുകളും ആയതിനു വിധേയമാകുംവിധം പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരുമാണ്.

(4) (1)-ാം ഉപവകുപ്പിൻ കീഴിലെ ഏതൊരു ഉത്തരവും അധികാരിതയുള്ള ഒരു കോടതി പുറപ്പെടുവിച്ച ഡിക്രിയ്ക്കോ നിരോധന ഉത്തരവിനോ ഉത്തരവിനോ വിധേയമായിരിക്കേണ്ടതും ആയത് അത്തരം കോടതിയുടെ വിധിന്യായത്തിനോ, ഡിക്രിയ്ക്കോ നിരോധന ഉത്തരവിനോ ഉത്തരവിനോ വിരുദ്ധമാണെന്ന് ജില്ലാ മജിസ്ട്രേറ്റിന് ബോധ്യപ്പെടുകയാണെങ്കിൽ അവ പിൻവലിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ടതാണ്.

83. അവശ്യസേവനങ്ങൾ നൽകേണ്ട ആളുകൾ:—(1) ജില്ലാ മജിസ്ട്രേറ്റിനോ സർക്കാരിനോ ഏതെങ്കിലും പ്രാദേശിക സ്ഥലങ്ങളിൽ നിലനിൽക്കുന്ന പ്രാദേശിക സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട്, സമാധാനം നിലനിർത്തുന്നതിന് ആവശ്യമായതോ പൊതുജനങ്ങൾക്ക് അപകടം ഒഴിവാക്കുന്നതിനോ ഏതെങ്കിലും അപകടങ്ങളിൽ നിന്നോ ദുരന്തങ്ങളിൽ നിന്നോ ജീവനും സ്വത്തിനും അപായം സംഭവിക്കുന്നത് തടയുന്നതിനോ വേണ്ടി ഏതെങ്കിലും ആളുകളുടെയോ ആളുകളുടെ ഗ്രൂപ്പുകളുടെയോ തൊഴിൽപരമായതോ മാനസികമോ ശാരീരികമോ അല്ലെങ്കിൽ കായികമായതോ ആയ സേവനങ്ങളെ തരംതിരിക്കാവുന്നതും അത്തരം ആളുകൾ അത്തരം സേവനങ്ങൾ അവരുടെ കഴിവിന്റെ പരമാവധി നൽകുവാൻ ബാധ്യസ്ഥരുമാണ്.

(2) അത്തരം സേവനം നൽകുന്ന ആളുകൾ ന്യായമായ പ്രതിഫലത്തിനും അവർക്ക് ചെലവായ തുക മടക്കിക്കിട്ടുവാനും അർഹരായിരിക്കുന്നതും ജില്ലാ മജിസ്ട്രേറ്റിന് അങ്ങനെയുള്ള പണം കൊടുക്കാൻ ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

(3) അങ്ങനെയുള്ള യാതൊരു ഉത്തരവും ഒരു സമയം ഏഴു ദിവസത്തിൽ കൂടുതൽ പ്രാബല്യത്തിലുണ്ടായിരിക്കുന്നതല്ല.

84. പ്രത്യേക സുരക്ഷാ മേഖലകൾ:—(1) സർക്കാർ, സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശയിന്മേലോ മറ്റു വിധത്തിലോ ആ പ്രദേശത്തുള്ള വിശിഷ്ട വ്യക്തിക്കോ അല്ലെങ്കിൽ സംരക്ഷണം നൽകപ്പെടുന്ന ആളിനോ അല്ലെങ്കിൽ അവിടെ സ്ഥിതി ചെയ്യുന്ന ഏതെങ്കിലും പ്രധാനപ്പെട്ട സ്ഥാപനത്തിനോ പരിസരങ്ങൾക്കോ നേരെയുള്ള കടുത്ത സുരക്ഷാ ഭീഷണിയുടെ കാരണത്താൽ, ഏതെങ്കിലും പ്രദേശത്തെ ഒരു പ്രത്യേക സുരക്ഷാ മേഖലയായി താൽക്കാലികമായോ ശാശ്വതമായോ പ്രഖ്യാപിക്കാവുന്നതാണ്.

(2) മേൽപ്പറഞ്ഞ പ്രകാരം ഏതെങ്കിലും പ്രദേശം ഒരു പ്രത്യേക സുരക്ഷാ മേഖലയായി വിജ്ഞാപനം ചെയ്യപ്പെടുമ്പോൾ, സർക്കാരിന്, അങ്ങനെയുള്ള പ്രദേശങ്ങളിലെ കെട്ടിട പരിസരങ്ങളുടേയും വാഹനങ്ങളുടേയും ഉപയോഗത്തെ സംബന്ധിച്ചും പ്രസ്തുത പ്രദേശത്തെ വ്യക്തികളുടേയും വാഹനങ്ങളുടേയും വസ്തുക്കളുടേയും നീക്കങ്ങളെ സംബന്ധിച്ചും ഉചിതമായ നിയന്ത്രണങ്ങൾ നിർദ്ദേശിക്കാവുന്നതും, എല്ലാ ആളുകളോടും പോലീസുകാരുടെ അങ്ങനെയുള്ള നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ച ന്യായമായ നിർദ്ദേശങ്ങൾ അനുസരിക്കാൻ നിർദ്ദേശിക്കാവുന്നതാണ്.

## അദ്ധ്യായം VII

## സേവന വ്യവസ്ഥകൾ

85. സേവന വ്യവസ്ഥകൾ സർക്കാർ നിർണ്ണയിക്കണമെന്ന്:—പോലീസ് ഉദ്യോഗസ്ഥരുടെ റിക്രൂട്ട്മെന്റ്, പരിശീലനം, ശമ്പളം, ബത്തകൾ, നിയമനം, മറ്റ് സേവന വ്യവസ്ഥകൾ എന്നിവ കാലാകാലങ്ങളിലെ പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവ് വഴി സർക്കാർ നിർണ്ണയിക്കുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കുന്നതാണ് :

എന്നാൽ ഇന്ത്യൻ പോലീസ് സർവ്വീസിലെ ഉദ്യോഗസ്ഥരെ സംബന്ധിക്കുന്ന വ്യവസ്ഥകൾ ഓൾ ഇന്ത്യാ സർവ്വീസസ് ആക്റ്റും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും അനുശാസിക്കുംവിധം ആയിരിക്കേണ്ടതാണ്.

86. <u>പോലീസ് ഉദ്യോഗസ്ഥർ അച്ചടക്കത്തിന് വിധേയരായിരിക്കണമെന്ന്</u>:—പോലീസ് ഉദ്യോഗസ്ഥനായി നിയമിക്കപ്പെടാൻ തെരഞ്ഞെടുക്കപ്പെട്ടശേഷം പോലീസ് പരിശീലനത്തിന് വിധേയരാകുകന്ന എല്ലാ പോലീസ് ഉദ്യോഗസ്ഥരുെ ആളുകളുടെ അച്ചടക്ക നിയമ സംഹിതയ്ക്ക് കർശനമായും ബാദ്ധ്യസ്ഥനായിരിക്കേണ്ടതും അവർ,

(എ) സർക്കാരോ സംസ്ഥാന പോലീസ് മേധാവിയോ നിർണ്ണയിക്കുന്ന വിധത്തിൽ പൊതു അഭിപ്രായ പ്രകടനം, സംഘം ചേരൽ, യോഗം കൂടൽ, രാഷ്ട്രീയ പ്രവർത്തനം, കർത്തവ്യത്തിൽ നിന്ന് പിൻമാറൽ എന്നിവ സംബന്ധിച്ച് അവരുടെ ഭരണഘടനാപരമായ അവകാശങ്ങളിൻമേലും ന്യായമായ നിയന്ത്രണങ്ങൾ സ്വീകരിക്കുന്നതിനനും ;

(ബി) അവരുടെ നിയമാനുസൃത കർത്തവ്യങ്ങൾ നിയമാനുസൃത രീതിയിൽ യഥാവിധിയുള്ള നിശ്ചയദർഢ്യത്തോടെയും ധൈര്യത്തോടെയും അവരുടെ കഴിവുകൾ ഏറ്റവും നന്നായി നിർവ്വഹിക്കുന്നതിനും ;

(സി) എല്ലായിപ്പോവും നിയമം ഉയർത്തിപ്പിടിക്കുവാനും അവരുടെ കഴിവിന്റെ പരമാവധി കൊഗ്നൈസബിൾ കുറ്റകൃത്യങ്ങൾ നടക്കുന്നത് തടയുന്നതിനും ;

(ഡി) ക്ഷമതയുള്ള മേലുദ്യോഗസ്ഥരുടേയും മജിസ്റ്റീരിയൽ അല്ലെങ്കിൽ ജുഡീഷ്യൽ അധികാരികളുടേയും നിയമപരമായ ആജ്ഞകൾ നിയമപരമായി നടപ്പിലാക്കുവാനും മേൽ ഉദ്യോഗസ്ഥരുടെ പ്രകടമായതോ വ്യംഗ്യമായതോ ആയ അനുവാദം കൂടാതെ തങ്ങളുടെ ചുമതലകളിൽനിന്ന് സ്വയം പിൻവാങ്ങാതിരിക്കുന്നതിനും ;

(ഇ) നിർണ്ണയിക്കപ്പെട്ട ഇനം യൂണിഫോം നിർണ്ണയിക്കപ്പെട്ട സമയത്തും നിർണ്ണയിക്കപ്പെട്ട കർത്തവ്യങ്ങൾ നിർവഹിക്കുന്ന സമയത്തും ക്ഷമതയുള്ള അധികാരസ്ഥാനം നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ധരിക്കുന്നതിനും ;

(എഫ്) സംസ്ഥാന പോലീസ് മേധാവി പൊതുവായതോ പ്രത്യേകമായതേ ആയ ഉത്തരവിലൂടെ നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയങ്ങളിലും ; അങ്ങനെയുള്ള കർത്തവ്യങ്ങളിന്മേലും അവസരങ്ങളിലും എത്തിച്ചേരുന്നതിനും, പെരുമാറുന്നതിനും,

ബാധ്യസ്ഥരായിരിക്കേണ്ടതാണ്.

87. <u>പോലീസ് ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്നതിനുള്ള അയോഗ്യതകൾ</u> :—(1) അയാൾ,

(എ) ഭാരത പൗരനല്ലായെങ്കിലോ; അല്ലെങ്കിൽ,

(ബി) സാന്മാർഗ്ഗിക അധഃപതനം ഉൾപ്പെടുന്ന ഒരു ക്രിമിനൽ കുറ്റത്തിന് കോടതിയാൽ ശിക്ഷിച്ചിട്ടുള്ളതോ; അല്ലെങ്കിൽ

(സി) മാനസികമായോ ശാരീരിമായോ പെരുമാറ്റപരമായോ മനഃശാസ്ത്രപരമായോ പോലീസ് ഡ്യൂട്ടിക്ക് അയോഗ്യനായി കാണപ്പെടുന്നതോ; അല്ലെങ്കിൽ

(ഡി) ഒരു രാഷ്ട്രീയ പാർട്ടിയുടെ അംഗമായിരിക്കുകയും നിയമനത്തിനുശേഷവും സജീവ അംഗത്വം അവസാനിപ്പിക്കാൻ തയ്യാറാകാതിരിക്കുയോ; അല്ലെങ്കിൽ

(ഇ) സാമൂഹ്യമായതോ, മതപരമായതോ, സാംസ്ക്കാരികപരമായതോ അല്ലെങ്കിൽ ശാസ്ത്രപരമായതോ ആയ സംഘടനകളിലെ ഒരു ഔദ്യോഗിക ഭാരവാഹി ആയിരിക്കുകയും, ജില്ലാ പോലീസ് മേധാവിയോ സംശ്താന പോലീസ് മേധാവിയോ സർക്കാരോ അപ്രകാരം ആവശ്യപ്പെടുന്ന പക്ഷം അയാളുടെ ബന്ധം അവസാനിപ്പിക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്യുകയോ; അല്ലെങ്കിൽ

(എഫ്) നിരോധിക്കപ്പെട്ട ഒരു സംഘടനയിലെ അംഗമായിരിക്കുന്നതോ അംഗമായിരുന്നിട്ടുള്ളതോ; അല്ലെങ്കിൽ

(ജി) ന്യായമായ കാരണത്താലും വിശ്വാസയോഗ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിലും നിയമാനുസൃതമല്ലാത്ത പ്രവൃത്തികളിലും സംഘടനകളിലും ഉൾപ്പെട്ട കാരണത്താൽ ഒരു പോലീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ അയാളുടെ കർത്തവ്യങ്ങൾ ശരിയായ വിധത്തിൽ നിർവ്വഹിക്കാൻ തടസ്സമാകുന്നുവെന്നു വിശ്വസിക്കപ്പെടുന്നതുമായ,

ഏതൊരാളും പോലീസ് ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുവാൻ പാടുള്ളതല്ല.

(2) സംസ്ഥാനത്തിനുവേണ്ടി ഫയൽ ചെയ്യപ്പെട്ട ഒരു ചാർജ്ജിന്റെ അടിസ്ഥാനത്തിൽ ഒരു ക്രിമിനൽ കേസ് ഒരു ആളിനെതിരെ നിലവിലുണ്ടെങ്കിൽ അയാൾ റിക്രൂട്ട്മെന്റിന് ഹാജരാകുന്നതിനും തെരഞ്ഞെടുക്കപ്പെടുന്നതിനും അർഹനായിരിക്കുന്നതും എന്നാൽ അയാൾ കുറ്റവിമുക്തനായ ശേഷം മാത്രം പരിശീലനത്തിനു ചേരാൻ അനുവദിക്കുന്നതുമാണ്.

(3) നിയമനത്തിനുശേഷവും ഏതെങ്കിലും സമയത്ത് ഒരു പോലീസ് ഉദ്യോഗസ്ഥൻ നിയമന സമയത്തോ ഖേഷമോ മേൽ (1)-ാം ഉപവകുപ്പിലെ (എ) മുതൽ (ജി) വരെയുള്ള വിഭാഗങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഒന്നിൽ വരികയാണെങ്കിൽ അത്തരത്തിലുള്ള ഉദ്യോഗസ്ഥനെ നിയമനാധികാരി സേവനത്തിൽ നിന്നും ഉടൻതന്നെ സസ്പെന്റ് ചെയ്യേണ്ടതും മറിച്ച് തെളിയിക്കുന്നതിന് ന്യായമായി പ്രതിരോധിക്കുന്നതിനുള്ള അവസരം നൽകിയതിനുശേഷം ബന്ധപ്പെട്ട ഡിസിപ്ലിൻ, പണിഷ്മെന്റ് ആന്റ് അപ്പീൽ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള വിശദമായ നടപടിക്രമങ്ങൾ പാലിക്കാതെതന്നെ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവാടാനോ നീക്കം ചെയ്യുവാനോ നിർബന്ധിത വിരമിക്കലിനോ അങ്ങനെയുള്ള ഉദ്യോഗസ്ഥനെചച ബാധ്യസ്ഥനാക്കേണ്ടതുമാണ്.

88. പോലീസ് ഉദ്യോഗസ്ഥർ സത്യപ്രതിജ്ഞ ചെയ്യേണ്ടതാണെന്നന്:—(1)ആ അക്റ്റിൻ കീഴിൽ എൻ റോൾ ചെയ്യപ്പെട്ട പോലീസ് സേനയിലെ ഓരാ അംഗവും പരിശീലനത്തിനുശേഷം പോലീസ് ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുമ്പോൾ നിയമനാധികാരിയുടെയോ ഇതിനായി അദ്ദേഹത്തിനാൽ നിയമിക്കപ്പെട്ട മറ്റു ആളിന്റെ മുമ്പാകെയോ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിനനുസൃതമായി ഒരു ശപഥമോ ദൃഢപ്രതിജ്ഞയോ ചെയ്യേണ്ടതും അതിൽ ഒപ്പുവയ്ക്കേണ്ടതുമാണ്.

(2) അയാൾ അത്തരമൊരു പ്രതിജ്ഞ ചെയ്യൻ വിസമ്മതിക്കുകയാണെങ്കിൽ നിയമനം സ്വയമേവ അസാധുവാക്ുന്നതുമാണ്.

89. <u>പോലീസ് ഉദ്യോഗസ്ഥർക്ക് സർട്ടിഫിക്കറ്റ് ഓഫ് അതോറിറ്റി നൽകേണ്ടതാണെന്ന്.</u>—എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും, നിയമിക്കപ്പെടുമ്പോൾ ഈ ആക്റ്റിൻ കീഴിൽ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ചുമതലകൾ നിർവ്വഹിക്കാനധികാരപ്പെട്ട ഒരു പോലീസ് ഉദ്യോഗസ്ഥനാണെന്ന 'സർട്ടിഫിക്കറ്റ് ഓഫ് അതോറിറ്റി' നൽകേണ്ടതാണ്.

എന്നാൽ ഒരാൾ സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന ഒരു പരിശീലന കാലാവധി വിജയകരമായി പൂർത്തിയാക്കിയതിനുശേഷം മാത്രമേ പോലീസ് ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുവാൻ പാടുള്ളൂ.

90. <u>പോലീസ് ഉദ്യോഗസ്ഥർ സദാ ഡ്യൂട്ടിയിൽ ആയിരിക്കണമെന്ന്.</u>—അവധിയിലോ പ്രത്യേക ഒഴിലാക്കലിലോ സസ്പെൻഷനിലോ അല്ലാത്ത എല്ലാ പോലീസ് ഉദ്യഗസ്ഥരും ഈ ആക്റ്റിലടങ്ങിയിട്ടുള്ള എല്ലാ കാര്യങ്ങൾക്കും സദാ ഡ്യൂട്ടിയിൽ ആയിരിക്കുന്നതാണെന്ന് കണക്കാക്കേണ്ടതും, സംസ്ഥാന പോലീസ് മേധാവി തീരുമാനിക്കുന്നതുപോലെ എല്ലായ്പ്പോഴും ഡ്യൂട്ടിയിൽ ആയിരിക്കുമെന്നും ഭാരതത്തിന്റെ ഏതു ഭാഗത്തും ഏതു സമയത്തും പോലീസ് ഉദ്യോഗസ്ഥനായി സേവനമുഷ്ഠിക്കുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

91. <u>പോലീസ് ഉദ്യോഗസ്ഥർ ഏത് ബ്രാഞ്ചിലും സേവനമനുഷ്ഠിക്കണമെന്ന്.</u>—പോലീസ് സേനയുടെ എല്ലാ അംഗങ്ങളും സംസ്ഥാന പോലീസ് മേധാവി അത്തരത്തിൽ ഉത്തരവിട്ടാൽ അംഗം നിയമിക്കപ്പെട്ടതോ തിരഞ്ഞെടുക്കപ്പെട്ടതോ ആയ കേഡർ, യൂണിറ്റ് അല്ലെങ്കിൽ വിംഗ് എന്നിവ പരിഗണിക്കാതെ ഏത് യൂണിറ്റിലും, വിംഗിലും അല്ലെങ്കിൽ ബ്രാഞ്ചിലും നിയമിക്കപ്പെടുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

92. <u>പോലീസ് ഉദ്യോഗസ്ഥർ ഡ്യൂട്ടിയിൽ നിന്ന് പിൻമാറാൻ പാടില്ലെന്ന്.</u> (1) യാതൊരു പോലീസ് ഉദ്യോഗസ്ഥനും സംസ്ഥാന പോലീസ് മേധാവിയിൽ നിന്നോ അത്തരം അനുവാദം നൽകുവാൻ വേണ്ടി അദ്ദേഹം അധികാരപ്പെടുത്താവുന്ന അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥനിൽ നിന്നോ അങ്ങനെ ചെയ്യുവാൻ രേഖാമൂലം വ്യക്തമായി അനുവദിക്കപ്പെടാത്തപക്ഷം, തന്റെ ഉദ്യോഗത്തിൽ നിന്നും രാജി വയ്ക്കുവാനോ തന്റെ ഡ്യൂട്ടിയിൽനിന്ന് സ്വയം പിൻമാറുവാനോ പാടുള്ളതല്ല.

(2) അവധിയിലായിരിക്കുന്നതിനാൽ ഹാജരല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥൻ, അത്തരം അവധിയുടെ കാലാവധി അവസാനിച്ചിട്ടും ന്യായമായ കാരണമില്ലാതെ ഡ്യൂട്ടിക്ക് ഹാജരാകുന്നതിൽ വീഴ്ച വരുത്തിയാൽ അത്തരം അവധി, ഈ വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന, അയാൾ തന്റെ ജോലിയിൽ നിന്നും സ്വയം പിൻവാങ്ങിയതായി കരുതപ്പെടുന്നതാണ്.

93. <u>പോലീസ് ഉദ്യോഗസ്ഥർ മറ്റ് തൊഴിലിൽ ഏർപ്പെടരുതെന്ന്.</u>—സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥനല്ലാത്ത യാതൊരു പോലീസ് ഉദ്യോഗസ്ഥനും ഈ ആക്റ്റ് പ്രകാരം ഏർപ്പെട്ടുകൊണ്ടിരിക്കുന്ന തന്റെ കർത്തവ്യങ്ങളൊഴികെ മറ്റ് യാതൊരു തൊഴിലിലും ഉദ്യോഗത്തിലും ഏർപ്പെടുവാൻ പാടില്ലാത്തതാണ്.

94. <u>സസ്പെൻഷനിലിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ അധികാരം വിനിയോഗിക്കാൻ പാടില്ലെന്ന്.</u>—(1) ഒരു പോലീസ് ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായ അധികാരങ്ങൾ, ചുമതലകൾ, പ്രത്യേകാവകാശങ്ങൾ എന്നിവ പോലീസ് ഉദ്യോഗസ്ഥൻ തന്റെ ഉദ്യോഗത്തിൽനിന്നും സസ്പെൻഷനിലായിരിക്കുമ്പോൾ തൽക്കാലത്തേക്ക് നിറുത്തിവയ്ക്കപ്പെടുന്നതാണ്.

(2) അങ്ങനെ സസ്പെൻഷനിലായിരുന്നാൽ തന്നെയും അങ്ങനെയുള്ളയാൾ ഒരു പോലീസ് ഉദ്യോഗസ്ഥൻ അല്ലാതായിത്തീരാത്തതും അയാൾ സസ്പെൻഷനിൽ അല്ലാതിരന്നുവെങ്കിൽ അയാൾക്ക് ബാധകമാകുനായിരുന്ന അതേ അച്ചടക്ക ചട്ടങ്ങൾക്കും അതേ അധികാരസ്ഥാനങ്ങളുടെ നിയന്ത്രണങ്ങൾക്കും വിധേയമായി തുടരേണ്ടതുമാണ്.

(3) തന്നെക്കാൾ പദവിയിൽ കുറഞ്ഞതും തന്റെ കീഴുദ്യോഗസ്ഥനു മായ മറ്റൊരു ഉദ്യോഗസ്ഥന്റെ പ്രവർത്തനങ്ങൾ നേരിട്ട് മേൽനോട്ടം വഹിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനും, ഏത് സമയത്തും അത്തരം ഉദ്യോഗസ്ഥനെ അദ്ദേഹത്തിന്റെ എല്ലാമോ ഭാഗികമോ ആയ ജോലികൾ നിർവ്വഹിക്കുന്നതിൽ നിന്ന്, അയാളെ സസ്പെന്റ് ചെയ്തി ട്ടില്ലെങ്കിൽ പോലും മാറ്റി നിർത്താവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഏത് ഉദ്യോഗസ്ഥനും അത്ത രത്തിൽ ചുമത്തിയ മാറ്റി നിർത്തപ്പെടലിന് 24 മണിക്കൂറിനകം നിയമനാധികാരിയെ അതിന്റെ കാരണം വസ്തുതകൾ സഹിതം ഉടൻതന്നെ അറിയിക്കേണ്ടതും ചുമത്തലിന് ഏഴുദിവസങ്ങൾക്കുള്ളിൽ നിയമനാധികാരി അത്തരത്തിലുള്ള നടപടിയെ സ്ഥിരീകരിക്കു കയോ രൂപഭേദം വരുത്തുകയോ ചെയ്യാത്തപക്ഷം, ചുത്തപ്പെട്ട മാറ്റി നിർത്തലുകൾക്ക് പ്രാബല്യമില്ലാതാകുന്നതുമാണ്.

95. പോലീസ് ഉദ്യോഗസ്ഥർക്ക് അധികമായ ജോലിക്ക് പ്രതിഫലം നൽകണ മെന്ന്.—(1) പോലീസ് ഉദ്യോഗസ്ഥർ, ആവശ്യപ്പെടാവുന്ന എത്ര സമയംവരെയും ജോലി നിർവ്വഹിക്കുന്നതിന് ബാദ്ധ്യസ്ഥരാണെങ്കിലും, സാധാരണമായി ഒരു ദിവസം ജോലി ചെയ്യണമെന്ന് കണക്കാക്കാവുന്നത് എട്ട് മണിക്കൂറാണ്.

(2) അടിയന്തിരമോ അത്യാവശ്യമോ ആയ ഏതെങ്കിലും ജോലിയുടെ കാര്യ ത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഏത് ദിവസത്തെയും ഡ്യൂട്ടി സമയം എട്ട് മണിക്കൂ റിൽ കവിയാവുന്നതാണ്.

(3) ഏതെങ്കിലും ഇരുപത്തിനാല് മണിക്കൂർ സമയ ദൈർഘ്യത്തിനുള്ളിൽ എട്ട് മണിക്കൂറിൽ കൂടുതൽ സാരവത്തായി നിർവ്വഹിക്കപ്പെടുന്ന ജോലികൾക്ക്, ഒരു പോലീസ് ഉദ്യോഗസ്ഥന് സംസ്ഥാന സർക്കാരിനാൽ നിശ്ചയിക്കപ്പെടുന്ന ന്യായമായ നിരക്കിൽ, യഥാവിധി പ്രതിഫലം നൽകുകയോ മതിയായ മണിക്കൂറുകൾ വദൽ വിശ്രമം നൽകുകയോ ചെയ്യാവുന്നതാണ്.

(4) എന്നിരുന്നാലും, യാതൊരു പോലീസ് ഉദ്യോഗസ്ഥനും ഏതെങ്കിലും ഇരു പത്തിനാലു മണിക്കൂർ സമയത്തിൽ എട്ടു മണിക്കൂറിൽ കൂടുതൽ ജോലി ചെയ്തുവെന്ന കാരണത്താൽ അയാൾക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള ഏതെങ്കിലും ഡ്യൂട്ടി നിർവ്വഹിക്കു ന്നതിൽ നിന്നും സ്വയം പിൻവാങ്ങി നിൽക്കുന്നതിനോ ഒരു പോലീസ് ഉദ്യോഗസ്ഥൻ അയാൾക്ക് ഡ്യൂട്ടിയിൽ നിന്നും വിട്ടുനിൽക്കാമെന്ന് തന്റെ മേലുദ്യോഗസ്ഥന്റെ പക്കൽനിന്നും പ്രത്യക്ഷമോ വ്യംഗ്യമോ ആയ അനുമതി നേടാത്ത പക്ഷമോ അയാൾ ഏത് ഡ്യൂട്ടി നിർവ്വഹിക്കുന്നതിൽ നിന്നും സ്വയം പിൻമാറാൻ പാടുള്ളതല്ല.

(5) ഈ വകുപ്പിലുള്ള യാതൊന്നുംതന്നെ,—

(എ) ജോലിയിൽ നിന്നുള്ള താൽക്കാലിക ഇടവേളകളിൽ വിശ്രമമോ ഉറ ക്കമോ ഒരു പോലീസ് ഉദ്യോഗസ്ഥന് അനുവദിച്ചിട്ടുള്ള; അല്ലെങ്കിൽ

(ബി) പോലീസ് ഉദ്യോഗസ്ഥന് മറ്റു തരത്തിൽ പരിഹാരം നൽകുന്ന യാത്രകൾ ഉൾപ്പെടെയുള്ള, ചിലതരം ഡ്യൂട്ടികളിൽ ചിലവഴിച്ച മണിക്കൂറുകളുടെ എണ്ണം ഡ്യൂട്ടിയിൽ നിയോഗിക്കുന്നതും അതിൽ നിന്നും വിടുതൽ ചെയ്യുന്നതിനും ഇടയ്ക്കുള്ള ആകെ കാലയളവിന്റെ നിർണ്ണയിച്ചിട്ടുള്ള അംശനിരക്കു പ്രകാരം മാത്രം കണക്കാക്കുമെന്ന് നിർണ്ണയിക്കുന്നതിൽ നിന്നും സംസ്ഥാന പോലീസ് മേധാവിയെ തടയുന്നതല്ല.

96. പോലീസ് ഉദ്യോഗസ്ഥൻ ഭീരുത്വം പ്രകടിപ്പിക്കരുതെന്ന്.—(1) എല്ലാ പോലീസ് ഉദ്യോഗസ്ഥരും സാഹചര്യങ്ങൾക്കനുസരിച്ച് ന്യായമായേക്കാവുന്ന ഒരളവുവരെ അവരുടെ കർത്തവ്യങ്ങൾ നിയമാനുസൃതം നിർവ്വഹിക്കുന്നതിൽനിന്നും ഉണ്ടാകുന്ന ശാരീരിക അപായങ്ങൾ നേരിടുന്നതിന് സദാ സന്നദ്ധരായിരിക്കേണ്ടതാണ്.

(2) കർത്തവ്യ നിർവ്വഹണത്തിലുള്ള യാതൊരു പോലീസ് ഉദ്യോഗസ്ഥനും ഭീരുത്വം കാരണം ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ നടത്താൻ പാടുള്ളതല്ല.

(3) ഒരു പോലീസ് ഉദ്യോഗസ്ഥൻ, ഏതെങ്കിലും ആളിനോടോ വസ്തുവിനോടോ ഉള്ള ഭയം നിമിത്തം ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ ആയ പ്രവൃത്തിയാൽ അയാളുടെ നിയമാനുസൃതമായ കർത്തവ്യത്തിൽ നിന്ന് ഒഴിഞ്ഞുമാറുകയോ അനധികൃതമായി പിൻവാങ്ങുകയോ ഹാജരാകാതിരിക്കുകയോ ആണെങ്കിൽ, ആയാളെ ഭീരുത്വത്തിന് കുറ്റക്കാരനായി കരുതേണ്ടതാണ്.

(4) ഈ വകുപ്പിലുള്ള യാതൊന്നുതന്നെ ഒരു പോലീസ് ഉദ്യോഗസ്ഥനെ അതുതന്നെ സംഭവിക്കുമെന്ന് ന്യായമായും അനുമാനിക്കാവുന്ന സാഹചര്യങ്ങൾക്കു കീഴീൽ സുനിശ്ചിതമായ ആസന്ന മരണത്തെ സ്വയം വരിക്കുവാൻ നിർബന്ധിക്കുന്നതായി കരുതുവാൻ പാടുള്ളതല്ല.

97. പോലീസ് ഉദ്യോഗസ്ഥർ അഴിമതിക്കും ഭേദ്യം ചെയ്യലിനും പരിരക്ഷ നൽകരുതെന്ന്:—(1) ഓരോ പോലീസ് ഉദ്യോഗസ്ഥനും, അയാളുടെ സാന്നിദ്ധ്യത്തിൽ മറ്റൊരു പോലീസ് ഉദ്യോഗസ്ഥൻ എന്തെങ്കിലും അഴിമതി പ്രവർത്തനങ്ങളോ ഭേദ്യം ചെയ്യുന്ന ഏതെങ്കിലും പ്രവൃത്തയോ ചെയ്തത് സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിക്കോ സംസ്ഥാന പോലീസ് മേധാവിക്കോ നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതിന് കടമപ്പെട്ടവനായിരിക്കുന്നതാണ്.

(2) ഉത്തമ വിശ്വാസപൂർവ്വം ചെയ്ത അങ്ങനെയുള്ള യാതൊരു റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത ആൾ ആർക്കെതിരായാണോ റിപ്പോർട്ട് നൽകിയത് അയാൾ തന്നെക്കാൾ താഴ്ന്ന പദവിയിൽ ഉള്ള ആളാണെന്ന കാരണത്താൽ ഒരു അച്ചടക്ക ലംഘനമായി കരുതപ്പെടുവാൻ പാടുള്ളതല്ല.

98. പോലീസ് ഉദ്യോഗസ്ഥരുടെ ഏറ്റവും കുറഞ്ഞ ഉദ്യോഗ കാലാവധി.—(1) സർക്കാരിന്, പോലീസ് ഡയറക്ടർ ജനറലിനും റേഞ്ചിൽ ചുമതലയുള്ള എല്ലാ ഇൻസ്പെക്ടർ ജനറൽമാർക്കും ജില്ലയുടെ ചുമതലയുള്ള പോലീസ് സൂപ്രണ്ടുമാർക്കും പോലീസ് സ്റ്റേഷനുകളുടെ ചുമതലയുള്ള സ്റ്റേഷൻ ഹൗസ് ആഫീസർമാർക്കും തസ്തികയുടെ ചുമതല ഏറ്റെടുത്ത തീയതി മുതൽ രണ്ടു വർഷ കാലയളവ് ഏറ്റവും കുറഞ്ഞ ഉദ്യോഗകാലാവധിയായി ഉറപ്പാക്കാവുന്നതാണ്:

എന്നാൽ സൂപ്പറാനുവേഷന്റെയും, പ്രൊമോഷന്റെയും, റിവർഷന്റെയും, സസ്പെൻഷന്റേയും, അവധിയുടേയും സംഗതികളിൽ സാധാരണ നിലയിലുള്ള ഉദ്യോഗ കാലാവധി ബാധകമാക്കേണ്ടതില്ല.

(2) സർക്കാരിനോ നിയമാധികാരിക്കോ ഏതൊരു പോലീസ് ഉദ്യോഗസ്ഥ നേയും മറ്റേതെങ്കിലും നിയമപരമോ വകുപ്പുതല നടപടിക്കോ യാതൊരുവിധ ഭംഗവും കൂടാതെ, അങ്ങനെ ചെയ്യേണ്ടത് പ്രഥമദൃഷ്ട്യാ ആവശ്യമാണെന്ന് ബോദ്ധ്യമാകുന്നതി ന്മേൽ ഇനിപറയുന്ന ഏതെങ്കിലും കാരണങ്ങളാൽ, അതായത്:—

(എ) അയാൾ പോലീസ് സേനയുടെ പ്രവർത്തനത്തെ ബാധിക്കത്തക്ക വണ്ണം കൃത്യനിർവ്വഹണത്തിൽ അപ്രാപ്തനോ ക്ര്യക്ഷമതയില്ലാത്തവനോ ആണെന്ന് കാണപ്പെടുകയാണെങ്കിൽ;

(ബി) സാന്മാർഗ്ഗികാധപതനം ഉൾപ്പെടുന്ന ഒരു ക്രിമിനൽ കേസ്സിൽ അയാൾ കുറ്റാരോപിതനാണെങ്കിൽ;

(സി) അയാൾക്കെതിരെ വകുപ്പുതല നടപടികള് ആരംഭിച്ചിട്ടുണ്ടെങ്കിൽ;

(ഡി) അയാൾ കൃത്യനിർവ്വഹണത്തിൽ വ്യക്തമായ പക്ഷപാതം കാണിക്കു കയാണെങ്കിൽ;

(ഇ) തന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ അയാൾ ദുരുപയോഗപ്പെ ടുത്തുകയോ ദുർവിനിയോഗിക്കുകയോ ചെയ്യുകയാണെങ്കിൽ;

(എഫ്) ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ കഴിവില്ലായ്മ കാണ്ക്കുകയാ ണെങ്കിൽ;

(ജി) കർത്തവ്യ നിർവ്വഹണത്തിൽ അയാൾക്കെതിരെ ഗുരുതരമായ അഴി മതി ആരോപണത്തിനോ നിസ്സംഗതയ്ക്കോ ഒരു അന്വേഷണം ക്ഷമതയുള്ള അധികാര സ്ഥാനത്തു നിന്നും ആര്ഭിച്ചിട്ടുണ്ടെങ്കിൽ;

(എച്ച്) ഏതെങ്കിലും നീതിന്യായ അധികാരി അദ്ദേഹത്തിന്റെ സ്വഭാവത്തെ ക്കുറിച്ച് പ്രതികൂലമായി അഭിപ്രായം പറഞ്ഞിട്ടുണ്ടെങ്കിൽ;

(ഐ) അദ്ദേഹത്തിന്റെ അധികാര പരിധിയിലുള്ള പ്രദേശത്ത് സമാധാന ലംഘനമോ വ്യാപകമായ കുറ്റകൃത്യമോ ഉണ്ടെങ്കിൽ;

(ജെ) അധികാര പരിധിക്കുള്ളിലെ ഫലപ്രദമായ പോലീസ് വിന്യാസത്തിൽ പൊതുജനത്തിന് അതൃപ്തിയുണ്ടെങ്കിൽ;

(കെ) പ്രസ്തുത തസ്തികയിൽ നിന്ന് മാറ്റപ്പെടണമെന്ന് അയാൾ അപേക്ഷി ച്ചിട്ടുണ്ടെങ്കിൽ,

അയാളെ രണ്ടു വർഷത്തെ സാധാരണ ഉദ്യോഗകാലാവധി പൂർത്തിയാക്കും മുമ്പായി സ്ഥലം മാറ്റാവുന്നതാണ്.

99. <u>സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥർ</u>:—(1) ജില്ലാ പോലീസ് മേധാവിക്ക്, സർക്കാർ ഈ വിഷയത്തിൽ പുറപ്പെടുവിക്കാവുന്ന ഏതെങ്കിലും ഉത്തരവുകൾക്ക് വിധേ യമായി, ഏതു സമയത്തും അദ്ദേഹം തന്നെ ഒപ്പുവച്ച രേഖാമൂലമുള്ള ഉത്തരവിലൂടെ ആരോഗ്യമുള്ളതും നല്ല സ്വഭാവവും, താല്പര്യമുള്ള, സെക്കണ്ടറി സ്ക്കൂൾ ലീവിംഗ് പരീക്ഷയോ തത്തുല്യ പരീക്ഷയോ പാസ്സായിട്ടുള്ള 18-നും 60 വയസ്സിനും ഇടയിലുള്ള തുമായ സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥനാകാൻ യോഗ്യനെന്ന് അദ്ദേഹം കരുതുന്ന

ഏതൊരു ആളിനെയും ഒരേ സമയത്ത് രണ്ട് മാസത്തിൽ കുറഞ്ഞ കാലയളവിലേക്ക് ക്രമസമാധാന പരിപാലനത്തിൽ പോലീസിനെ സഹായിക്കുവാനായി കൂലിക്ക് നിയമിക്കാവുന്നതാണ്.

(2) അപ്രകാരം കൂലിക്ക് നിയമിക്കപ്പെടുന്ന ഓരോ സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥനും, കൂലിക്ക് നിയമിക്കപ്പെടുമ്പോൾ,—

(എ) സംസ്ഥാന സർക്കാർ ഇതിലേക്കായി അംഗീകരിച്ച ഫാറത്തിലുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കേണ്ടതാണ്;

(ബി) ഒരു റെഗുലർ പോലീസ് ഉദ്യോഗസ്ഥനുള്ളതുപോലുള്ള അതേ അധികാരങ്ങളും വിശേഷാധികാരങ്ങളും പരിരക്ഷകളും ഉണ്ടായിരിക്കുന്നതും അതേ കൃത്യനിർവ്വഹണത്തിനും, ചുമതലകൾക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതും അതേ അധികാരസ്ഥാനത്തിന് വിധേയനായിരിക്കുന്നതുമാണ്;

(സി) സംസ്ഥാന സർക്കാർ, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവിലൂടെ നിശ്ചയിക്കുന്ന നിരക്കിലുള്ള ദിവസ വേതനം സ്വീകരിക്കേണ്ടതുമാണ്.

(3) സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥനായി ഒരു ആളിനെ കൂലിക്ക് നിയമിക്കുന്നത്, സർക്കാർ ജോലിയിൽ താൽകാകിലികമോ സ്ഥിരമോ ആയി നിയമിച്ചതായി കുരതപ്പെടാൻ പാടില്ലാത്തതും അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ആളിന് ഈ കാരണത്താൽ റെഗുലർ ജോലിക്കായി ഭാവിയിൽ അവകാശമുണ്ടയിരിക്കുന്നതുമല്ല;

എന്നാൽ ഒരു സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥന് എൺപത്തി ഒൻപത് ദിവസങ്ങൾക്കുശേഷം, ഏറ്റവും കുറഞ്ഞത് ഒരു ദിവസത്തെ ഇടവേളയ്ക്കുശേഷം വീണ്ടും പുതുതായി കൂലിക്ക് നിയമിക്കാവുന്നതും അത് പുതുതായി വീണ്ടും കൂലിക്ക് നിയമിച്ചതായി കരുതപ്പെടുന്നതുമാണ്.

(4) സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥരായി,—

(എ) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഒരു ക്രിമിനൽ കോടതി ശിക്ഷിച്ചതായുള്ള രേഖപ്പെടുത്തലോ സാന്മാർഘ്ഘികാധപതനം ഉൾക്കൊള്ളുന്ന ഒരു കേസ്സിൽ കുറ്റകാകരനാവുകയോ; അല്ലെങ്കിൽ

(ബി) അഴിമതി, സാന്മാർഗ്ഗികാധപതനം അല്ലെങ്കിൽ നടപടി ദൂഷ്യം എന്നീ കാരണങ്ങളാൽ ഏതെങ്കിലും ജോലിയിൽ നിന്ന് പിരിച്ചുവുടുക അല്ലെങ്കിൽ നീക്കം ചെയ്യുക, പുറത്താക്കുക അല്ലെങ്കിൽ നിർബന്ധമായി റിട്ടയർ ചെയ്യിപ്പിക്കുക; അല്ലെങ്കിൽ

(സി) സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥനായി ജോലിചെയ്യുന്ന സമയത്ത് ഒരു രാഷ്ട്രീയ പാർട്ടിയുടെ അംഗമായി തുടർച്ചയായി പ്രവർത്തിക്കുക; അല്ലെങ്കിൽ

(ഡി) ഉഗ്രവാദി, തീവ്രവാദി, ഭീകരവാദി അല്ലെങ്കിൽ വിധ്വംസക സംഘടനയിൽ ഒരു അംഗമാണെങ്കിൽ,

അവർക്കിടയിൽനിന്നും ഒരാളെ തെരഞ്ഞെടുക്കുവാൻ പാടുള്ളതല്ല.

എന്നാൽ ഒരു ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ടതുകൊണ്ട് സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥനായി കൂലിക്ക് നിയമിക്കപ്പെട്ട ഒരാളെ പിരിച്ചുവിട്ടാൽ, അയാളെ കോടതി പൂർണ്ണമായും കുറ്റവിമുക്തനാക്കിയാൽ വീണ്ടും കൂലിക്ക് നിയമിക്കപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതാണ്.

(5) ജില്ലാ പോലീസ് മേധാവിക്ക്, സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥന്റെ സേവനം അയാളുടെ സേവനത്തിനിടയിൽ ഏത് സമയത്തും യാതൊരു നോട്ടീസും നൽകാതെയും കാരണം കാണിക്കാതെയോ യാതൊരു നഷ്ടപരിഹാരവും നൽകാതെയോ അവസാനിപ്പിക്കാവുന്നതാണ്.

(6) യാതൊരു സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥനും ഏതെങ്കിലും ആയുധം നൽകുവാനോ പോലീസിനു മുമ്പാകെ ഏതൊരു പൗരനും നൽകിയ പരാതിയിന്മേൽ അന്വേഷണമോ അന്വേഷണ വിചാരണയോ നടത്തുന്നതിന് ചുമതലപ്പെടുത്തുവാനോ പാടുള്ളതല്ല.

100. സബോർഡിനേറ്റ് പദവിയിലുള്ള ഉദ്യോഗസ്ഥരുടെ പിരിച്ചുവിടൽ, സസ്പെൻഷൻ അല്ലെങ്കിൽ തരംതാഴ്ത്തൽ.—ഭരണഘടനയുടെ 311-ാം അനുച്ഛേദത്തിന്റെയും സർക്കാർ അപ്പോഴപ്പോൾ ഈ ആക്റ്റിന്റെ കീഴിൽ ഉണ്ടാക്കുന്ന അത്തരം ചട്ടങ്ങളുടെയും വ്യവസ്ഥകൾക്ക് വിധേയമായി, ഡയറക്ടർ ജനറൽ, അഡീഷണൽ ഡയറക്ടർ ജനറൽ, ഇൻസ്പെക്ടർ ജനറൽ, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, പോലീസ് സൂപ്രണ്ടുമാർ എന്നിവർക്ക് ഇൻസ്പെക്ടറുടെ പദവിയിലും അതിന് താഴെയുള്ള ഏതൊരു ഉദ്യോഗസ്ഥനെയും അയാളുടെ കടമ നിർവ്വഹിക്കുന്നതിൽ ഉപേക്ഷ കാണിക്കുന്നുവെന്നോ അശ്രദ്ധ കാണിക്കുന്നുവെന്നോ മറ്റുവിധത്തിൽ അതിന് അയോഗ്യനെന്ന് അവർ കരുതുന്നവരെ ഏത് സമയത്തും പിരിച്ചുവുടുകയോ നീക്കം ചെയ്യുകയോ സസ്പെന്റ് ചെയ്യുകയോ താഴ്ന്ന തസ്തികയിലേക്ക് താഴ്ന്ന ടൈം സ്കെയിലേലേക്കോ ടൈം സ്കെയിലിലേ ഒരു താഴ്ന്ന സ്കെയിലിലേക്കോ താരം താഴ്ത്തുകയോ ചെയ്യാവുന്നതാണ്.

101. വ്യക്തിപരമായ ദാസ്യവൃത്തി നിരോധിച്ചിരിക്കുന്നുവെന്ന്:—(1) യാതൊരു പോലീസ് ഉദ്യോഗസ്ഥനോടും മറ്റേതെങ്കിലും ആളിനോ ഉദ്യോഗസ്ഥനോ വ്യക്തിപരമായ ദാസ്യവൃത്തി ചെയ്തുകൊടുക്കുവാൻ ആവശ്യപ്പെടാൻ പാടില്ലാത്തതും ഏതൊരു ഉദ്യോഗസ്ഥനോടും അന്തസ്സിന് നിരക്കാത്ത രീതിയിൽ പെരുമാറാൻ പാടില്ലാത്തതുമാണ്.

(2) ഈ വകുപ്പിലെ യാതൊന്നും ഒരു പോലീസ് ഉദ്യോഗസ്ഥന് സ്വയം അല്ലെങ്കിൽ ഒരു മേലുദ്യോഗസ്ഥൻ ആജ്ഞാപിച്ച പ്രകാരം, ഒരു പോലീസിന്റെ കർത്തവ്യത്തിലും ചുമതലകളാലും നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും ജോലിയുടെ ശരിയായ നിർവ്വഹണത്തിനായി ചേയ്യേണ്ട ആവശ്യമുള്ള കായിക പ്രവർത്തനമോ, മാനസിക പ്രവർത്തനമോ ചെയ്യുന്നതിൽ നിന്നും വിട്ടുനിൽക്കാനുള്ള ഒരു ഒഴിവായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.

എന്നാൽ സംസ്ഥാന പോലീസ് മേധാവിക്ക്, സർക്കാരിന്റെ പുനഃപരിശോധനയ്ക്ക് വിധേയമായി, ഏതെങ്കിലും പ്രത്യേക പ്രവൃത്തി വ്യക്തിപരമായ ദാസ്യപ്രവൃത്തിയാണോ, അന്തസ്സില്ലാത്ത പ്രവൃത്തിയാണോ എന്ന് തീരുമാനിക്കാവുന്നതാണ്.

102. പ്രവർത്തി കൃത്യനിർവ്വഹണമാണോ അല്ലയോ എന്നുള്ള തർക്കം.—ഏതെങ്കിലും കോടതിയുടെയോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയുടേയോ മുമ്പകെയുള്ള ഏതെങ്കിലും വ്യവഹാരവുമായോ നടപടിയുമായോ ബന്ധപ്പെട്ട്,—

(എ) പോലീസ് ഉദ്യോഗസ്ഥന്റെ പ്രവൃത്തി ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയ്ക്കോ ഔദ്യോഗിക പദവിയുടെ മറവിലോ ചെയ്താണെന്നോ;

(ബി) നിയമാനുസൃത ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ നിന്നും ഉണ്ടയിട്ടുള്ള സാഹചര്യങ്ങളാലോ ബാധിത വ്യക്തിയിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള വിദ്വേഷം നിമിത്തമാണോ നടപടിക്രമം ആരംഭിച്ചിട്ടുള്ളതെന്ന്;

(സി) പോലീസ് ഉദ്യോഗസ്ഥനുണ്ടായ പരിക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ കാരണത്താൽ സംഭവിച്ചതാണെന്ന്;

(ഡി) പോലീസ് ഉദ്യോഗസ്ഥനുണ്ടയ പരിക്ക് നിയമാനുസൃത കൃത്യ നിർവ്വഹണത്തിനിടയ്ക്ക സംഭവിച്ച ചില വിദ്വേഷത്തിന്റെ ഫലമായിരുന്നുവെന്ന്, ഉള്ള ഒരു ചോദ്യം ഉത്ഭവിച്ചാൽ അങ്ങനെയുള്ള ചോദ്യം ബാധിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്റെ അപേക്ഷയിൻമേൽ സംസ്ഥാന പോലീസ് മേധാവിയോ ജില്ലാ പോലീസ് മേധാവിയോ അന്വേഷണം നടത്തുകയോ അന്വേഷണം നടത്തിക്കാൻ ഉടയാക്കുകയോ ചെയ്യേണ്ടതും അക്കാര്യത്തിൽ അദ്ദേഹത്തിന്റെ തീരുമാനം ബന്ധപ്പെട്ട എല്ലാവർക്കും, നോട്ടീസ്, അനുമതി തുടങ്ങിയവ സംബന്ധിച്ച നടപടിക്രമങ്ങളുടെ ആനുകൂല്യങ്ങളുടെയും, ചോദ്യം ഉത്ഭവിച്ച വ്യവഹാരത്തിന്റെയോ നടപടിക്രമങ്ങളുടെ തീരുമാനത്തിന് ഹാനികരമാകാതെ അങ്ങനെയുള്ള സംഗതികളിൽ ചട്ടങ്ങളിൻ കീഴിൽ അനുവദനീയമായ സാമ്പത്തിക സഹായത്തിന്റെയും പരിധിയുടെ വ്യാപ്തിയോളം ബാധകമായിരിക്കുന്നതാണ്:

എന്നാൽ, സർക്കാരോ സംസ്ഥാന പോലീസ് മേധാവിയോ സ്വമേധയാലോ ബന്ധപ്പെട്ട കോടതിയിൽ നിന്നോ അധികാരസ്ഥാനത്ത് നിന്നോ പരാതിയുള്ള ഏതെങ്കിലും ആളിൽ നിന്നോ അവർക്ക് നൽകപ്പെട്ട റഫറൻസിൻമേലോ സംസ്ഥാന പോലീസ് മേധാവിയോ ജില്ലാ പോലീസ് മേധാവിയോ, ബാധകമാകുന്ന പ്കാരം എടുത്ത തീരുമാനം പുനഃപരിശോധിക്കാവുന്നതും അതിന്മേലുള്ള സർക്കാർ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(2) ഈ വകുപ്പിലെ യാതൊന്നും തന്നെ അങ്ങനെയുള്ള നടപടിക്രമങ്ങളെ ന്യായീകരിക്കുവാൻ പ്രഥമദൃഷ്ട്യാ കാരണമുണ്ടെങ്കിൽ, ഏതെങ്കിലും കോടതിയെയോ അധികാരസ്ഥാനത്തെയോ അത്തരത്തിലുള്ള കോടതിയുടെയോ അധികാരസ്ഥാനത്തിന്റെയോ മുമ്പകെയുള്ള നടപടികൾ നടക്കുമ്പോൾ അതിന്റെ മുമ്പാകെ തെളിയിക്കാനായി ഹാജരാക്കിയ തെളിവുകളുടെ അടിസ്ഥാനത്തിൽ അതേ ചോദ്യങ്ങൾ സംബന്ധിച്ച് ഒരു സ്വതന്ത്ര തീരുമാനത്തിലേക്ക് എത്തിച്ചേരുന്നതിന് അത് ഉചിതമെന്ന് കരുതുന്ന തുടർ അന്വേഷണം നടത്തുന്നതിൽനിന്ന് തടയുന്നതല്ല.

103. ഔദ്യോഗിക നടപടി ദൂഷ്യത്തിന് പോലീസ് ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്നതിനുള്ള നടപടി.—(1) ഒരു പോലീസ് ഉദ്യോഗസ്ഥൻ ആയിരിക്കുന്ന ഏതൊരാളും, ഈ ആക്റ്റിൻ കീഴിലോ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനോ ഉത്തരവിനോ കീഴിൽ എതെങ്കിലും കുറ്റമോ നടപടി ദൂഷ്യമോ ചെയ്യുകയാണെങ്കിൽ സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന പ്രാബല്യത്തിലുള്ള പോലീസ് ഡിസിപ്ലിൻ പണിഷ്മെന്റ് ആന്റ് അപ്പീൽ ചട്ടങ്ങൾ പ്രകാരം വകുപ്പ് തലത്തിൽ കൈകാര്യം ചെയ്യേണ്ടതാണ്.

(2) സംസ്ഥാന പോലീസ് മേധാവി, ഏതെങ്കിലും പ്രത്യേക സംഗതിയിൽ സന്ദർഭത്തിന്റെ ഗുരുതര അവസ്ഥയുടെ കാരത്താോ, പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പോലീസ് ഡിസിപ്ലിന്ഡ, പണിഷ്മെന്റ് ആന്റ് അപ്പീൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾക്ക് പകരമായി ക്രിമിനൽ പ്രോസിക്യൂഷൻ ആരംഭിക്കുവാൻ ഉത്തരവാകവുന്നതാണ്.

(3) ഒരു പോലീസ് ഉദ്യോഗസ്ഥനെ ഏതെങ്കിലും ഔദ്യോഗിക നടപടി ദൂഷ്യമോ ഏതെങ്കിലും കൃത്യവിലോപമോ ഈ ആക്റ്റിലെ ഏതെങ്കിലും ഉത്തരവിന്റെയോ ചട്ടത്തിന്റെയോ വ്യവസ്ഥയുടെ ലംഘനമോ സംബന്ധിച്ച് സർക്കാർ പൊതു ഉത്തവിലൂടെ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെ ഉത്തരവുകൾക്കു കീഴിൽ അച്ചടക്ക വിചാരണയ്ക്ക് വിധേയനാക്കേണ്ടതും അങ്ങനെയുള്ള വിചാരണയുടെ നടത്തിപ്പ് രീതി പോലീസ് ഡിസിപ്ലിൻ, പണിഷ്മെന്റ് ആന്റ് അപ്പീൽ ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കാവുന്നതുമാണ്.

(4) ഒരു വകുപ്പുതല നടപടി ക്രമത്തിൽ ഒരു പോലീസ് ഉദ്യോഗസ്ഥൻ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും അതിൻ കീഴിൽ ഒരു പിഴ ചുമത്തുകയും ചെയ്താൽ ഈ ആക്റ്റ് ഉൾപ്പെടെയുള്ള ഏതൊരു നിയമത്തിൻ കീഴിലും ശിക്ഷിച്ചതായോ കുറ്റം ചുമത്തിയതായോ വ്യാഖ്യാനിക്കുവാൻ പാടില്ലാത്തതാണ്.

(5) ഇനി വിനിർദ്ദേശിച്ചിട്ടുള്ളതൊഴികെ, അങ്ങനെയുള്ള അന്വേഷണം ഉചിതമായ രീതിയിൽ അവസാനിച്ചതിനുശേഷം, ചുമത്തപ്പെട്ട കുറ്റത്തിന് അയാൾ കുറ്റകാകരനാണെന്ന് സ്ഥാപിക്കപ്പെട്ടാൽ പോലീസ് ഉദ്യോഗസ്ഥന് ഇനി പറയുന്ന ശിക്ഷകളിൽ ഒന്ന് ചുമത്താവുന്നതാണ്, അതായത്:

(എ) പിഴ;

(ബി) ഡ്രില്ലും കായിക പരിശീലനവും ഉൾപ്പെടെയുള്ള എക്സ്ട്രാ ഡ്യൂട്ടി;

(സി) ശമ്പളത്തിൽ നിന്നും സർക്കാരിനുണ്ടായ നഷ്ടം ഈടാക്കൽ;

(ഡി) ശമ്പളത്തിൽ നിന്നും ബാധിക്കപ്പെട്ട കക്ഷിക്ക് ഉണ്ടായ നഷ്ടം ഈടാക്കൽ;

(ഇ) റിഫോർമേറ്ററി ട്രെയിനിംഗിന് വിധേയമാക്കൽ;

(ഏഫ്) വിനിർദ്ദേശിച്ചിട്ടുള്ള ഡ്യൂട്ടി നിർവ്വഹിക്കുന്നതിൽ നിന്നും അല്ലെങ്കിൽ പ്രത്യേക തരം നിയമനങ്ങളിൽ നിയോഗിക്കപ്പെടുന്നതിൽ നിന്ന് തടയൽ;

(ജി) താക്കീത്;

(എച്ച്) ശാസന;

(ഐ) സഞ്ചിത പ്രാബല്യത്തോടയല്ലാതെയുള്ള ഇൻക്രിമെന്റ് തടയൽ;

(ജെ) സഞ്ചിത പ്രാബല്യത്തോടെ ഇൻക്രിമെന്റ് തടയൽ;

(കെ) ഉദ്യോഗ കയറ്റം തടഞ്ഞുവെയ്ക്കൽ;

(എൽ) സഞ്ചിത ബ്രാബല്യമില്ലാതെ ശമ്പളത്തിൽ കുറവ് വരുത്തൽ;

(എം) സഞ്ചിത പ്രാബല്യത്തോടെ ശമ്പളത്തിൽ കുറവ് വരുത്തൽ;

(എൻ) സീനിയോറിറ്റി തരംതാഴ്ത്തൽ;

(ഒ) നിർബന്ധിത വിരമിക്കൽ;

(പി) നീക്കം ചെയ്യൽ;

(ക്യു) പിരിച്ചു വിടൽ.

(6) മേൽപ്പറഞ്ഞ (എ) മുതൽ (എഫ്) വരെ നിർണ്ണയിക്കപ്പെട്ട ശിക്ഷകൾ അവ മാത്രമായും അല്ലെങ്കിൽ പോലീസ് ഉദ്യോഗസ്ഥനുമേൽ ചുമത്തപ്പെട്ട (ജി) മുതൽ (ക്യു) വരെയുള്ള ഏതെങ്കിലും ശിക്ഷകളോടൊപ്പം അധികമായും ചുമത്താവുന്നതാണ്.

(7) (എ) മുതൽ (ജെ) വരെയുള്ള യാതൊരു ശിക്ഷയും ഉദ്യോഗ കയറ്റത്തിനുള്ള യോഗ്യത ഏതെങ്കിലും ചട്ടത്തിൻ കീഴിൽ ആ ഉദ്ദേശ്യത്തിനായി നിയമിക്കപ്പെട്ട ഏതെങ്കിലും ബോർഡ് അല്ലെങ്കിൽ കമ്മിറ്റി തീരുമാനിക്കേണ്ടുന്ന ഒരു നടപടി ക്രമത്തിലും കണക്കിലെടുക്കാൻ പാടില്ലാത്തും ഒരാൾക്കും അയാൾ ഏതെങ്കിലും ഒരു സമയത്ത് അത്തരം ശിക്ഷ അനുഭവിച്ചു എന്ന കാരണത്താൽ ഉദ്യോഗ കയറ്റം നിഷേധിക്കുവാൻ പാടില്ലാത്തതുമാണ്.

(8) ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ നേരിട്ട് ബാധിക്കപ്പെട്ട ഏതെങ്കിലും കക്ഷിയെ ഈ ആക്റ്റിൻ കീഴിലോ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എവിയെയെങ്കിലും നിർദ്ദേശിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി ഏതെങ്കിലും കോടതിയിലോ അധികാരസ്ഥനത്തോ വിഷയം ഉന്നയിക്കുന്നതിൽ നിന്നും തടയുന്നതല്ല.

(9) വകുപ്പ് തലത്തിൽ കൈകാര്യം ചെയ്യപ്പെടുവാൻ ബാദ്ധ്യസ്ഥമായിരിക്കുന്ന അല്ലെങ്കിൽ ബാദ്ധ്യസ്ഥനായ ഒരു പോലീസ് ഉദ്യോഗസ്ഥനെ ഏതെങ്കിലും ക്രിമിനൽ കോടതി വിചാരണയ്ക്കുശേഷം കുറ്റവിമുക്തനാക്കുകയോ കുറ്റക്കാരനാണെന്ന് കണ്ടെത്തിയശേഷം ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനനെ ശിക്ഷിക്കുകയോ ചെയ്യുകയാണെങ്കിൽ, അയാളെ വകുപ്പ് തലത്തിൽ അതേ സംഗതിയിൽ അതേ കുറ്റത്തിന് അതേ വിഷയത്തിൽ ശിക്ഷിക്കുവാൻ പാടുള്ളതല്ല:

എന്നാൽ സംസ്ഥാന പോലീസ് മേധാവിയോ സംസ്ഥാന സർക്കാരോ തീരുമാനിക്കാവുന്ന പ്രകാരം സാന്മാർഗ്ഗികാധപതനമോ ഗുരുതരമായ വ്യക്തിപരമോ ഔദ്യോഗികമോ ആയ പെരുമാറ്റദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെട്ട സംഗതിയിൽ, ഓരോ കേസ്സിന്റെയും മെരിറ്റ് പരിഗണിച്ച് തീരുമാനിക്കാവുന്നു പ്രാകാരം ഉദ്യോഗസ്ഥനെ നിർബന്ധിതമായി വിരമിപ്പിക്കുകയോ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുകയോ പിരിച്ചു വിടുകയോ ചെയ്യാവുന്നതാണ്.

(10) മുകളിൽ (എ) മുതൽ (എച്ച്) വരെ വിനിർദ്ദേശിച്ചിട്ടുള്ള ശിക്ഷകൾ, ക്ഷമതയുള്ള അധികാരസ്ഥാനം ഡിസിപ്ലിൻ പണിഷ്മെന്റ് ആന്റ് അപ്പീൽ ചട്ടങ്ങളിൽ

വിനിർദ്ദേശിച്ചിട്ടുള്ള വിശദമായ നടപടിക്രമങ്ങൾ അനുവർത്തിക്കാതെ എന്നാൽ അധികാരസ്ഥാനം വസ്തുത സംബന്ധിച്ച് സ്വയം ബോദ്ധ്യപ്പെട്ടശേഷവും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന് പറയുവാനുള്ളത് കേൾക്കാൻ ഒരു അവസരം നൽകിയതലനുശേഷവും ചുമത്താവുന്നതാണ്.

(11) ഓരോ പദവിയിന്മേലും ഓരോ ശിക്ഷ ചുമത്തുന്നതിന് ക്ഷമതയുള്ള അധികാരസ്ഥാനങ്ങളെ പോലീസ് ഡിസിപ്ലിൻ പണിഷ്മെന്റ് ആന്റ് അപ്പീൽ ചട്ടങ്ങളിൽ വിനിർദ്ദേശിക്കാവുന്നതാണ്.

104. സംസ്ഥാന പോലീസ് മേധാവി ശിക്ഷ സംബന്ധിച്ച നിയമ സംഹിത നിർണ്ണയിക്കേണ്ടതാണെന്ന്.—സർക്കാർ പുറപ്പെടിവിച്ചേക്കാവുന്ന ഏതൊരു നിർദ്ദേശങ്ങൾക്കും വിധേയമായി, സംസ്ഥാന പോലീസ് മേധാവിക്ക് സാധാരണ നടപടി ദൂഷ്യപ്രവർത്തികൾക്ക് അച്ചടക്ക നടപടിയെടുക്കുന്ന അധികാരസ്ഥാനങ്ങൾ നൽണ്ടേ ശിക്ഷകൾ എടുത്തു പറഞ്ഞിട്ടുള്ള വ്യത്യസ്ത സാഹചര്യങ്ങളിൽ ഓരോതരം നടപടിദൂഷ്യങ്ങൾക്കും നൽകാൻ കഴിയുന്ന ഏറ്റവും കൂടിയതും ഏറ്റവും കുറഞ്ഞതുമ.യ ശിക്ഷകൾ വിനിർദ്ദേശിച്ചുകൊണ്ട് തരംതിരിച്ച് നിലവാരം നുർണ്ണയിക്കാവുന്നതും, ക്രോഡീകരിക്കാവുന്നതും ാതിൽ നിന്നുള്ള അച്ചടക്ക നടപടിയെടുക്കുന്ന അധികാരസ്ഥാനങ്ങളുടെ ഏതൊരു വ്യതിയാനവും പോലീസ് മേധാവിയുടെ അംഗീകാരത്തിന് വിധേയമായിരിക്കേണ്ടതുമാണ്.

105. അപ്പീലും റിവിഷനും.—സർക്കാരിന്, പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്ന വകുപ്പുതല ശിക്ഷകളെ സംബന്ധിച്ചുള്ള അപ്പീലിനും റിവിഷനുമുള്ള നടപടിക്രമങ്ങൾ വിജ്ഞാപനം ചെയ്യാവുന്നതാണ്.

106. വെൽഫയർ ബ്യൂറോ.—(1) സംസ്ഥാന പോലീസ് മേധാവിയുടെ ആഫീസിൽ പോലീസ് ഉദ്യോഗസ്ഥരുടെ ക്ഷേമകാര്യങ്ങൾ നടപ്പിലാക്കുന്നതിനാൽ അദ്ദേഹത്തിന് ഉപദേശം നൽകാവുന്നതും സഹായിക്കുവാനും പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു പോലീസ് വെൽഫയർ ബ്യൂറോ (ഇതിനുശേഷം 'ബ്യൂറോ' എന്നാണ് പരാമർശിക്കപ്പെടുക) ഉണ്ടായിരിക്കേണ്ടതാണ്.

(2) ബ്യറോയുടെ ചുമതലകളും കർത്തവ്യങ്ങളും മറ്റു വിഷയങ്ങളോടൊപ്പം, പോലീസ് ഉദ്യോഗസ്ഥരുടെ ക്ഷേമകാര്യങ്ങളുടെ ഷരണനിർവ്വഹണവും നിരീക്ഷണവും ഉൾപ്പെടെ ഇനി പറയുന്നവ ആയിരിക്കുന്നതാണ്,—

(എ) ആരോഗ്യസുരക്ഷ, പ്രത്യേകിച്ചും സ്ഥിരമായതും ഗുരുതരമായതുമായ അസുഖങ്ങൾ സംബന്ധിച്ച്, കൂടാതെ വിരമിക്കലിനുശേഷം പോലീസ് ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതർക്കും വേണ്ടിയുള്ള ആരോഗ്യ സുരക്ഷാ പദ്ധതികൾ ഉൾപ്പെടെ ;

(ബി) കർത്തവ്യ നിർവ്വഹണത്തിലേർപ്പെട്ടിരിക്കുമ്പോഴോ കർത്തവ്യ നിർവ്വഹണം നിമിത്തമോ പ്രോസിക്യൂഷനോ, സിവിൽ വ്യവഹാരങ്ങൾക്കോ വിധേയമാകേണ്ടിവരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സമ്പൂർണ്ണവും ഉദാരവുമായ വൈദ്യസഹായം ;

(സി) ഉദ്യോഗത്തിലിരിക്കെ മരണമടയുന്നവരുടെ അനന്തരാവകാശികൾക്ക് സാമ്പത്തിക സുരക്ഷ ;

(ഡി) വിരമിക്കലിനുശേഷമുള്ള സാമ്പത്തിക സുരക്ഷ ;

(ഇ) ഗ്രൂപ്പ് ഭവനനിർമ്മാണവും ഗ്രൂപ്പ് വായ്പാ സൗകര്യങ്ങളും ;

(എഫ്) പോലീസ് ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് വിദ്യഭ്യാസ സൗകര്യങ്ങൾ ; കൂടാതെ

(ജി) ഉത്തമവിശ്വാസ പൂർവ്വമായ കർത്തവ്യ നിർവ്വഹണം സംബന്ധിച്ച കാര്യങ്ങളിലോ അപ്രകാരമുള്ള കർത്തവ്യ കാരണത്താലോ അത്തരം കർത്തവ്യം നിമിത്തമുണ്ടായിട്ടുള്ള വിദ്വേഷഫലമായോ കോടതി നടപടിക്രമങ്ങൾ അഭിമുഖീകരിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ രക്ഷയ്ക്കായി ഉചിതമായ നിയമ സൗകര്യങ്ങൾ.

(3) ബ്യൂറോയുടെ സംസ്ഥാന പോലീസ് മേധാവിയാൽ നാമനിർദ്ദേശം ചെയ്യാവുന്ന നിർണ്ണയിക്കപ്പെടാവുന്ന അത്രയും അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും, അതിൽ പോലീസിന്റെ എല്ലാ പദവികളിൽ നിന്നും പ്രതിനിധികൾ ഉൾപ്പെട്ടിരിക്കേണ്ടതും ഒരു ഉപദേഷ്ടാവിന്റെ നിലയിലുള്ള അംഗങ്ങൾ കൂടി ഉൾപ്പെടാവുന്നതാണ്.

(4) ബ്യറോ, പോലീസ് ക്ഷേമവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളും നയങ്ങളും നിശ്ചയിക്കേണ്ടതും സംസ്ഥാനത്ത് വിവിധ പോലീസ് യൂണിറ്റുകൾ ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതുമാണ്.

(5) പോലീസ് ഉദ്യോഗസ്ഥരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും കർമ്മ പദ്ധതികൾക്കുമായി ബ്യൂറോയുടെ ഭരണനിർവ്വഹണത്തിനും നിയന്ത്രണത്തിനും കീഴിൽ ഒരു പോലീസ് ക്ഷേമനിധി രൂപീകരിക്കേണ്ടതും അതിൽ ഇനി പറയുന്ന ഘടകങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്,—

(എ) സംസ്ഥാനത്തിന്റെ സഹായധനം ;

(ബി) ക്ഷേമനിധിയിലേക്ക് പോലീസ് ഉദ്യോഗസ്ഥർ നൽകിയ അംശദായങ്ങൾ ;

(സി) പോലീസ് സബ് ഇൻസ്പെക്ടറുടെ പദവിയിലും അതിനുതാഴെയുമുള്ള ഏതൊരു പോലീസ് ഉദ്യോഗസ്ഥനുമേലും ചുമത്തുന്ന ഇൻക്രിമെന്റ് തടയൽ ഉൾപ്പെടെ, നഷ്ടം വസൂലാക്കുന്നതുമായി ബന്ധപ്പെട്ടതൊഴികെ, സാമ്പത്തിക ശിക്ഷയുടെ സാമ്പത്തികമൂല്യം ;

(ഡി) സർക്കാർ അതതു സമയം അനുവദിക്കാവുന്ന ഏതെങ്കിലും മാർഗ്ഗത്തിൽനിന്നുള്ള മറ്റേതെങ്കിലും സംഭാവന.

107. പോലീസ് എസ്റ്റാബിഷ്മെന്റ് ബോർഡ്.—(1) സംസ്ഥാന സർക്കാരിന്, പോലീസ് ഡയറക്ടർ ജനറൽ ചെയർമാനായും, പോലീസ് അഡീഷണൽ ഡറയക്ടർ ജനറലിന്റെ പദവിയിലുള്ള വകുപ്പിലെ മറ്റു നാലു സീനിയർ പോലീസ് ഉദ്യോഗസ്ഥർ അംഗങ്ങായും ഉൾപ്പെടുന്ന ഒരു വകുപ്പുതല നികായമായിട്ടുള്ള പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും ബോർഡിന്റെ പ്രവർത്തനത്തിനായുള്ള നടപടിക്രമവും ബോർഡ് അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതുമാണ്.

108. ബോർഡിന്റെ ചുമതലകൾ.—(1) ബോർഡ് ഇനി പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത് :—

(എ) ഓരോ വിഭാഗം പോലീസ് ഉദ്യോഗസ്ഥർക്കും ബാധകമായേക്കാവുന്ന ബന്ധപ്പെട്ട സർവ്വീസ് നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പോലീസ് ഇൻസ്പെക്ടറുകടെയും അതിനു താഴെയും പദവിയിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ എല്ലാ സ്ഥലംമാറ്റവും, നിയമനവും, ഉദ്യോഗക്കയറ്റവും, സേവന സംബന്ധമായ മറ്റു കാര്യങ്ങളുമായി ബന്ധപ്പെട്ട അപ്പീലുകൾ, പരാതികൾ, പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയിന്മേൽ തീരുമാനമെടുക്കുക ;

(ബി) സംസ്ഥാനത്തെ പോലീസ് പ്രവർത്തനങ്ങൾ, പൊതുവിലോ പ്രത്യേക വിഷയങ്ങൾ സംബന്ധിച്ചോ, പുനരവലോകനം ചെയ്യുക ; കൂടാതെ

(സി) സർക്കാർ, ബോർഡിന് ഏൽപ്പിച്ചുകൊടുക്കാവുന്ന മറ്റേതെങ്കിലും ചുമതലകൾ നിർവ്വഹിക്കുക.

(2) സർക്കാർ ബോർഡിന്റെ ശുപാർശകൾക്ക് അർഹമായ പരിഗണന നൽകേണ്ടതാണ്.

(3) സർക്കാരിന്, സ്വമേധയാ അല്ലെങ്കിൽ സങ്കടമനുഭവിക്കുന്നയാൾ ബോധിപ്പിച്ച നിവേദനത്തിന്മേലോ കാരണങ്ങൾ എഴുതിരേഖപ്പെടുത്തികൊണ്ട് ബോർഡിന്റെ ഏതൊരു തീരുമാനമോ ഉത്തരവോ അസ്ഥിരപ്പെടുത്തുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

109. കീഴുദ്യോഗസ്ഥരുടെ സങ്കടങ്ങൾക്കുള്ള പരിഹാരം.—(1) സംസ്ഥാന പൊലിസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ്, പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ ജില്ലയുടെ പോലീസ് വെൽഫയർ ആഫീസറായി നാമനിർദ്ദേശം ചെയ്യേണ്ടതും അദ്ദേഹം എല്ലാ ആഴ്ചയിലും ഒരു ദിവസം പോലീസ് സബ് ഇൻസ്പെക്ടറുടെയും അതിനു താഴെയും പദവിയിലുള്ള പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും പരാതികൾ കേൾക്കുന്നതിനോ സ്വീകരിക്കുന്നതിനോ വേണ്ടി നീക്കിവെയ്ക്കേണ്ടതുമാണ്.

(2) ജില്ലാ പോലീസ് വെൽഫയർ ആഫീസർ, സങ്കടം പഠിക്കുകയും പരിശോധിക്കുകയും ഉചിതമായ പരിഹാര നടപടി ജില്ലാ പോലീസ് മേധാവിക്ക് നൽണ്ടേതും അത് ജില്ലാ പോലീസ് മേധാവിയുടെ അധികാരപരിധിക്ക് പുറത്താണെങ്കിൽ സംസ്ഥാന പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡിനും നൽകേണ്ടതുമാണ്.

110. ഇൻഷ്വറൻസ് പരിരക്ഷയും, ബത്തകളും, ചികിത്സസൗകര്യങ്ങളും.—(1) സർക്കാർ, എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും അവരുടെ കർത്തവ്യനിർവ്വഹണത്തിനിടയിലോ ചുമതല നിർവ്വഹിച്ച കാരണത്താലോ ഉളവായ വിദ്വേഷത്തിന്റെ കാരണത്താൽ അവരുടെമേൽ നടത്തിയ ആക്രമണങ്ങളാലോ സംഭവിച്ച ഏതൊരു പരിക്കിനോ അവശതയ്ക്കോ മരണത്തിനോ പര്യാപ്തമായ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തേണ്ടതാണ്.

(2) ഭീകരപ്രവർത്തനം തടയുന്ന യൂണിറ്റുകൾ, ബോംബ് നിർവ്വീര്യസ്ക്വാഡുകൾ, കമാന്റോ ഗ്രൂപ്പുകൾ തുടങ്ങിയവപോലുള്ള പ്രത്യേക വിഭാഗങ്ങളിൽ നിയമിച്ചിട്ടുള്ള

പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ ജോലിയിൽ ഉൾപ്പെട്ടിരിക്കുന്ന അപകട സാധ്യതകൾക്ക് ആനുപാതികമായി പ്രത്യേക റിസ്ക് അലവൻസ് നൽകേണ്ടതാണ്.

(3) പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമുള്ള നിലവാരത്തിൽ ആരോഗ്യവും കായികയോഗ്യതയും നിലനിർത്തുവൻ അവരെ പ്രാപ്തരാക്കുന്ന മെഡിക്കൽ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുവാൻ അവരെ പ്രാപ്തരാക്കുന്ന മെഡിക്കൽ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തേണ്ടതാണ്.

(4) സംസ്ഥാന സർക്കാർ, ഒരു പോലീസ് ഉദ്യോഗസ്ഥന് കർത്തവ്യനിർവ്വഹണത്തിനിടയിൽ അയാളുടെ മേൽ നടത്തിയ ആക്രമണത്തിന്റെ ഫലമായിക്കോ അയാളുടെ കർത്തവ്യനിർവ്വഹണത്തിനിടയിൽ ഗുതുരമായ അപകടമോ അയാൾ അപകടകരമായ സാഹചര്യത്തിൽ അപകടം വരത്തക്കവിധം ഹാജരായതിന്റെ ഫലമായിട്ടോ, ചുമതല നിർവ്വഹിച്ചതുനിമിത്തം ഉണ്ടായിട്ടുള്ള വിദ്വേഷത്തിന്റെ കാരണത്താൽ അയാളുടെ മേൽ നടത്തിയ ആക്രമണത്തിന്റെ ഫലമായിട്ടോ പരിക്ക് അല്ലെങ്കിൽ അംഗഭംഗം അനുഭവിക്കുന്നുവെങ്കിൽ അയാൾക്ക് അതിനായി ഉചിതമായതും പര്യാപ്തമായ നഷ്ടപരിഹാരം നൽകേണ്ടതാണ് :

എന്നാൽ അങ്ങനെയുള്ള നഷ്ടപരിഹാരം അയാൾക്ക് ചട്ടങ്ങൾ പ്രകാരം അർഹതയുള്ള തന്റെ ചികിത്സാചെലവുകൾ തിരിച്ചുനൽകുന്നതിന് പുറമേയായിരിക്കേണ്ടതതാണ്.

(5) ഒരു പോലീസുകാരൻ (4)-ാം ഉപവകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള പ്രകാരം തന്റെ കർത്തവ്യ നിർവ്വഹണത്തിനിടയിൽ മരിക്കുകയാണെങ്കിൽ അയാളുടെ നിയമ പ്രകാരമുള്ള അവകാശികൾക്ക് സർക്കാർ, അർഹമായതും പര്യാപ്തവുമായ നഷ്ടപരിഹാരം നൽകേണ്ടതാണ്, എന്നാൽ അങ്ങനെയുള്ള നഷ്ടപരിഹാരം അയാളുടെ കുടുംബത്തിന് ചട്ടങ്ങൾപ്രകാരം അർഹമായിട്ടുള്ള ആനുകൂല്യങ്ങൾക്ക് പുറമേയായിരിക്കേണ്ടതാണ്.

(6) കർത്തവ്യ നിർവ്വഹണത്തിനിടയിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥത്തിന് പരിക്കേറ്റ പോലീസ് ഉദ്യോഗസ്ഥന് അതിന് തുടർന്ന് ഉടൻ പ്രവേശിപ്പിക്കപ്പെട്ട മെഡിക്കൽ സ്ഥാപനത്തിന്റെ മേധാവിയുടെ ശുപാർശയിന്മേൽ ഏതൊരു സ്ഥാപനത്തിലും പൊതു ചെലവിൽ, മതിയായതും നല്ല ഗുണനിലവാരമുള്ളതുമായ ചികിത്സയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

111. <u>പോലീസ് അസ്സോസിയേഷനുകൾ.</u>—സർക്കാരിന് മാർഗ്ഗനിർദ്ദേശങ്ങൾ നിർണ്ണയിച്ചുകൊണ്ട്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി വ്യത്യസ്ത പദവികളിലോ വിഭാഗങ്ങളിലോ ഉള്ള പോലീസ് ഉദ്യോഗസ്ഥരുടെ അസ്സോസിയേഷനോ അസ്സോസിയേഷനുകളോ രൂപീകരിക്കുവാൻ അനുമതി നൽകാവുന്നതാണ്.

112. <u>പോലീസ് കംപ്ളെയിന്റ്സ് അതോറിറ്റി.</u>—(1) സർക്കാർ,—

(i) പോലീസ് സൂപ്രണ്ടിന്റെയും അതിനുമുകളിലുള്ള പോലീസ് ഉദ്യോഗസ്ഥരുടേയും എല്ലാ തരത്തിലുള്ള ഗുരുതരമായ നടപടി ദൂഷ്യത്തെപ്പറ്റിയുമുള്ള പരാതികൾ ;

(ii) കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗീകമായി പീഡിപ്പിക്കൽ അല്ലെങ്കിൽ ഏതെങ്കിലും ആളുടെ മരണത്തിന് കാരണമാകൽ അല്ലെങ്കിൽ ഏതെ

ങ്കിലും ആളെ ഗുരുതരമായി പരിക്കേൽപ്പിക്കൽ അല്ലെങ്കിൽ ബലാൽസംഗം എന്നിവ സംബന്ധിച്ച് മറ്റു പദവികളിലുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള ഗുരുതരസ്വഭാവതിലുള്ള പരാതികൾ എന്നിവ പരിശോധിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു പോലീസ് കംപ്ളെയിന്റ്സ് അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(5) സംസ്ഥാന അതോറിറ്റിയിൽ ഇനി പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നതാണ്, അതായത്.—

(i) ഹൈക്കോടതിയിൽ നിന്നും വിരമിച്ച ഒരു ജഡ്ജി, അദ്ദേഹം അതോറിറ്റിയുടെ ചെയർമാനായിരിക്കേണ്ടതാണ് ;

(ii) സർക്കാർ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത, സർവ്വീസിലുള്ള ഒരു ഉദ്യോഗസ്ഥൻ ; കൂടാതെ

(iii) പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ പദവിയിൽ താഴെയല്ലാത്ത, സർവ്വീസിലുള്ള ഒരു ഉദ്യോഗസ്ഥൻ.

(3) സർക്കാർ, പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെയും പ്രസ്തുത പദവിവരെയുമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ പരിശോധിക്കുന്നതിനായി ജില്ലാ തലത്തിൽ പോലീസ് കംപെളയിന്റ്സ് അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(4) ജില്ലാ അതോറിറ്റിയിൽ ഇനി പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നതാണ്, അതായത് :—

(i) വിരമിച്ച ഒരു ജഡ്ജി, അദ്ദേഹം ചെയർമാനായിരിക്കേണ്ടതാണ് ;

(ii) ജില്ല കളക്ടർ ; കൂടാതെ

(iii) ജില്ലാ പോലീസ് സൂപ്രണ്ട്.

എന്നാൽ ഒരു ജില്ലാ അതോറിറ്റിയുടെ ചെയർമാനെ ഒന്നിലധികം ജില്ലാ അതോറിറ്റികളുടെ ചെയർമാനായി നിയമിക്കാവുന്നതണ്.

(5) സംസ്ഥാന അതോറിറ്റിലെയും ജില്ലാ അതൊറിറ്റികളിലെയും അംഗങ്ങളുടെ സേവന വ്യവസ്ഥകളും വേതനവും മറ്റു ബത്തകളും അതോറിറ്റിയുടെ അല്ലെങ്കിൽ അതോറിറ്റികളുടെ പ്രവർത്തനത്തിനായുള്ള നടപടിക്രമവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലായിരിക്കേണ്ടതാണ്.

(6) സർക്കാർ, അതോറിറ്റിയുമായോ അതോറിറ്റികളുമായോ കൂടിയാലോചിച്ച്, അവയുടെ ശരിയായ പ്രവർത്തനങ്ങൾക്കായുള്ള ആവശ്യമായ എല്ലാ സൗകര്യങ്ങളും നൽകേണ്ടതാണ്.

(7) സംസ്ഥാന അതോറിറ്റിയ്ക്കും ജില്ലാതല അതോറിറ്റികൾക്കും, അവ അന്വേഷണ വിചാരണ നടത്തുമ്പോൾ, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ നടത്തുമ്പോൾ ഇനി പറയുന്ന സംഗതികളെ സംബന്ധിച്ച് ഒരു സിവിൽ കോടതിയ്ക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്.—

(എ) ഏതൊരു ആളിനേയും സമൺ ചെയ്യുന്നതിനും ഹാജരാകുവാൻ നിർബന്ധിക്കുന്നതിനും സത്യപ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുന്നതിനും ;

(ബി) ഏതൊരു രേഖയും കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും ; കൂടാതെ

(ഡി) നിർണ്ണയിക്കപ്പെടുന്ന മറ്റേതെങ്കിലും കാര്യങ്ങൾക്കും.

(8) സർക്കാരിന്റെ എല്ലാ ഏജൻസികളും, അതോറിറ്റിക്കോ അതോറിറ്റികൾക്കോ അത്തരം അതോറിറ്റിയോ അതോറിറ്റികളോ അല്ലെങ്കിൽ അത്തരം അതോറിറ്റിയുടെയോ അതൊറിറ്റികളുടെയോ ഉത്തരവുകൾ പ്രകാരം പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥനോ അവയുടെ സഹായം ആവശ്യപ്പെടുന്ന ഏതൊരു സംഗതിയിലും രേഖകൾ ഹാജരാക്കുക, റിക്കാർഡുകൾ പരിശോധിക്കുക, തെളിവുകൾ വിശകലനം ചെയ്യുക, വിദഗ്ദ്ധ സഹായം ഏർപ്പെടുത്തുക എന്നിവ സംബന്ധിച്ച് സാദ്ധ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കേണ്ടതാണ്.

(9) കുറ്റക്കാരനായ ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ വകുപ്പുതലത്തിലോ ക്രിമിനലോ ആയ ഏതൊരു നടപടിക്കുംവേണ്ടയുള്ള അതോറിറ്റിയുടേയോ അതോറിറ്റികളുടേയോ ശുപാർശകൾ ബന്ധപ്പെട്ട വകുപ്പുതല നടപടികൾ ആരംഭിക്കുന്നതിനേയും ഒരു ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനേയോ സംബന്ധിച്ചിടത്തോളം ബാധമായിരിക്കുന്നതാണ്. എന്നിരുന്നാലും, അത്തരം ശുപാർശകൾ, അന്വേഷണ വിചാരണ നടത്തുന്ന ഉദ്യോഗസ്ഥനോ അല്ലെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥനോ, വകുപ്പുതല അന്വേഷണ വിചാരണയോ ക്രിമിനൽ അന്വേഷണമോ, അതതു സംഗതിപോലെ, അദ്ദേഹം നടത്തുമ്പോൾ അദ്ദേഹം നടത്തുമ്പോൾ അദ്ദേഹത്തിന്റെ ചിന്തയെ സ്വാധീനിക്കുവാൻ പാടുള്ളതല്ല.

113. ഒന്നിലധികം അന്വേഷണ വിചാരണകൾ ഒഴിവാക്കൽ.—(1) ഏതൊരു പൊലീസ് ഉദ്യോഗസ്ഥനും എതിരായി പൊതുജനങ്ങൾക്കുള്ള എല്ലാ പരാതികളും പൊതുവിൽ പ്രസ്തുത ആവശ്യത്തിനായി രൂപീകരിക്കപ്പെട്ട സംസ്ഥാന അല്ലെങ്കിൽ ജില്ലാതല പോലീസ് കംപ്ളെയിന്റസ് അതോറിറ്റി മുൻപാകെ ബോധിപ്പിക്കേണ്ടതാണ്.

(2) ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി ഏജൻസി ഒറ്റയ്ക്കോ അല്ലെങ്കിൽ ഒരേ സമയത്തോ അത്തരം പരാതികൾ സ്വീകരിക്കുന്നുണ്ടെങ്കിൽ,—

(എ) അവയ്ക്ക് അത് നടപടിയ്ക്ക് എടുക്കാവുന്നതും എന്നാൽ അക്കാര്യം മുൻപേതന്നെ സംസ്ഥാന അല്ലെങ്കിൽ ജില്ലാതല പോലീസ് കംപ്ളെയിന്റ്സ് അതോറിറ്റിയുടെ പരിഗണനയിലുള്ളതാണെങ്കിൽ യാതൊരു അന്തിമ ഉത്തരവും പാസ്സാക്കുവാനോ യാതൊരു അന്വേഷണ വിചാരണയും നടത്തുവാനോ പാടുള്ളതല്ലാത്തതും ബന്ധപ്പെട്ട കംപ്ളെയിന്റസ് അതോറിറ്റിക്ക് റഫർ ചെയ്യാവുന്നതാണ്.

(ബി) അവയ്ക്ക്, അക്കാര്യം ആവശ്യമായ അന്വേഷണ വിചാരണയ്ക്കും റിപ്പോർട്ടിനും വേണ്ടി കംപ്ളെയിന്റ്സ് അതോറിറ്റിക്ക് റഫർ ചെയ്യാവുന്നതാണ്.

(3) ഒരു സ്റ്റാറ്റ്യൂട്ടറി അധികാരസ്ഥാനം കംപ്ളെയിന്റ്സ് അതോറിറ്റിയ്ക്ക് റഫർ ചെയ്ത ഏതൊരു കാര്യത്തിലും, അതോറിറ്റിയുടെ കണ്ടെത്തലും, ശുപാർശയും, അതോറിറ്റി, ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടറി അധികാരസ്ഥാനത്തിന് കൂടി നൽകേണ്ടതും അനന്തരം അങ്ങനെയുള്ള സ്റ്റാറ്റ്യൂട്ടറി അധികാരസ്ഥാനം അക്കാര്യത്തിൽ തുടർനടപടികളുമായി മുന്നോട്ടു പോകുവാനോ തുടർനടപടി വേണ്ടെന്നുവയ്ക്കുവാനോ യുക്തമെന്നു അതു കരുതുന്ന അത്തരം നടപടി സ്വീകരിക്കേണ്ടതുമാണ്.

(4) ഈ വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന യാതൊന്നുംതന്നെ സർക്കാരോ അല്ലെങ്കിൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥനോ ഒരു അന്വേഷണ വിചാരണ നടത്തുന്നതിന് തടസ്സമാകുന്നതല്ല.

114. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ പരാതികൾ നൽകാവുന്നതാണ്.—പൊലീസിപെതിരെയുള്ള പരാതികൾ പഞ്ചായത്ത് പ്രസിഡന്റുമാർ, നിയമ സഭാംഗങ്ങൾ, പാർലമെന്റ് അംഗങ്ങൾ എന്നിവർ ബന്ധപ്പെട്ട പോലീസ് കംപ്ളെയിന്റ്സ് അതോറിറ്റിയ്ക്ക് നൽകാവുന്നതും അങ്ങനെയുള്ള അതോറിറ്റി അക്കാര്യത്തിൽ ഉചിതമായ അന്വേഷണ വിചാരണ നടത്തുവാനുടയാക്കേണ്ടതും അന്വേഷണ വിചാരണയുടെ ഫലം എം.പി/എം.എൽ.എ/പഞ്ചായത്ത് പ്രസിഡന്റ്-നെ അറിയിക്കേണ്ടതുമാണ്.

115. കംപ്ളെയിന്റ്സ് അതോറിറ്റികളാൽ സത്വര തീർപ്പാക്കൽ.—(1) ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള പോലിസ് കംപ്ളെയിന്റ്സ് അതോറിറ്റികൾ അവയുടെ പരിഗണനയിലുള്ള പരാതികളെക്കുറിച്ചുള്ള അന്വേഷണ വിചാരണ പൂർത്തിയാക്കുവാൻ സത്വര നടപടികൾ എടുക്കേണ്ടതാണ്.

(2) ഏതൊരു കംപ്ളെയിന്റ്സ് അതോറിറ്റിയുടെയും മുമ്പാകെ പരിഗണനയിലുള്ള ഏതൊരു കാര്യത്തിലും, അങ്ങനെയുള്ള അതോറിറ്റിയ്ക്ക് ഏതൊരു പബ്ളിക്ക് സെർവെന്റിനോട്,—

(എ) ഏതൊരു സാക്ഷിയേയും ചോദ്യം ചെയ്ത് അയാളുടെ പ്രസ്താവന രേഖപ്പെടുത്തുവാനും ;

(ബി) ബന്ധപ്പെട്ട ഏതൊരു രേഖയും കണ്ടെടുക്കുവാനോ പരിശോധക്കുവനോ പിടിച്ചെടുക്കുവാനോ ;

(സി) ഏതെങ്കിലും ടെസ്റ്റോ പരിശോധനയോ അവ പ്രസ്തുത പബ്ളിക്ക് സെർവെന്റിന് ചെയ്യുവാൻ ക്ഷമതയുണ്ടെങ്കിൽ, നടത്തുവാനോ ;

(ഡി) ഓരോ പരാതികളുടെയും സാഹചര്യമനുസരിച്ച് ന്യായമാകാവുന്ന ഏതൊരു സഹായവും നൽകുവാനും,

നിർദ്ദേശിക്കാവുന്നതാണ്.

(3) ഏതെങ്കിലും കംപ്ളെയിന്റ്സ് അതോറിറ്റിയുടെ മുമ്പാകെ പരിഗണനയിലുള്ള ഏതൊരു കാര്യത്തിലും അങ്ങനെയുള്ള അതോറിറ്റിയ്ക്ക് ഏതൊരു പോലീസ് അല്ലെങ്കിൽ സർക്കാർ അധികാരസ്ഥാനത്തിൽ നിന്നും ഏതെങ്കിലും വസ്തുതാപ്രശ്നം സംബന്ധിച്ച് ഒരു റിപ്പോർട്ട് ആവശ്യപ്പെടാവുന്നതാണ്.

(4) ഏതൊരു അന്വേഷണ വിചാരണയിലും, ബാധിതമായ പോലീസ് ഉദ്യോഗസ്ഥന് അയാൾക്കുവേണ്ടി തെളിവ് ഹാജരാക്കുന്നതിനും അതോറിറ്റി അതിന്റെ തിരുമാനത്തിന് അന്തിമരൂപം നൽകുന്നതിനുമുൻപായി അയാൾക്ക് പറയുവാനുള്ളത് കേൾക്കുവാനും അവസരം നൽകാവുന്നതിനുമുമ്പായി അയാൾക്ക് പറയുവാനുള്ളത് കേൾക്കുവാനും അവസം നൽകാവുന്നതും, എന്നാൽ അങ്ങനെയുള്ള നടപടിപ്രമം ഓരോ സംഗതിലേയും സാഹര്യങ്ങളനുസരിച്ച് പ്രായോഗികമല്ലെന്നോ ആവശ്യമില്ലെന്നോ കരുതുന്ന പക്ഷം, എതെങ്കിലും സാക്ഷിയെ എതിർവിസ്താരം നടത്തുന്നതിന് അയാൾക്ക് അവസരം നൽകേണ്ടതില്ലാത്തതുമാണ്.

## അദ്ധ്യായം VIII

### കുറ്റങ്ങളും ശിക്ഷകളും

116. പോലീസ് ഉദ്യോഗസ്ഥർക്ക് സംരക്ഷണം.—(1) സർക്കാരിനോ ഏതൊരു പോലീസ് ഉദ്യോഗസ്ഥനോ ഈ ആക്റ്റ്പ്രകാരം നിയമിക്കപ്പെട്ട അല്ലെങ്കിൽ അധികാരപ്പെടുത്തിയ ഒരു പബ്ളിക്ക് സെർമെന്റിനോ എതിരായി ഈ ആകറ്റ്പ്രകാരമോ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമോ കർത്തവ്യത്തിന്റെ ഭഗമായോ അല്ലെങ്കിൽ ഔദ്യോഗിക പദവിയുടെ മറവിലോ ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ ഏതൊരു കാര്യത്തെ സംബന്ധിച്ചും യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ അല്ലെങ്കിൽ മറ്റ് നിയമനടപടികളോ നിലനിലക്കുന്നതല്ല.

(2) യാതൊരു കോടതിയും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ ഈ ആക്റ്റിൻ കീഴിൽ ഏതൊരു പോലീസ് ഉദ്യോഗസ്ഥനെതിരായും ആരോപിച്ചിട്ടുള്ള ഏതൊരു കുറ്റവും നടപടിക്കെടുവാൻ പാടുള്ളതല്ല.

(3) ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ഭാഗത്തും നിന്നും ഈ ആക്റ്റ്പ്രകാരവും കുറ്റം ആയിട്ടുള്ള ഒരു കൃത്യവിലോപം അങ്ങനെയുള്ള ഉദ്യോഗസ്ഥൻ മറ്റാർക്കാണോ കീഴ്ദ്യോഗസ്ഥനായിട്ടുള്ളത്, ഇത് അദ്ദേഹത്തിനുമുമ്പിൽ കൊണ്ടുവരുന്ന പക്ഷം, അദ്ദേഹം അത് പരിശോധിക്കേണ്ടതും അത് ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ആണെന്നിരിക്കിലും അങ്ങനെയുള്ള കൃത്യവിലോപനം വകുപ്പുതല അച്ചടക്കനടപടി മാത്രം അധികാരപ്പെടുത്തുന്നതാണോ എന്നു തിരുമാനിക്കേണ്ടതുമാണ്.

എന്നാൽ അങ്ങനെയുള്ള മേലുദ്യോഗസ്ഥന് വകുപ്പുതല അച്ചടക്ക നടപടി ആശ്രയിക്കാതെ പ്രസ്തുത വിഷയത്തിൽ ക്രിമിനൽ പ്രോസിസ്യൂക്യൂഷൻ നടപടി സ്വീകിരിക്കേണ്ടതുണ്ടോ എന്നു തീരുമാനിക്കുവാനും ക്ഷമതയുണ്ടായിരിക്കുന്നതാണ്.

(4) (2)-ഉം (3)-ഉം ഉപവകുപ്പുകളിലെ യാതൊന്നും, മറ്റേതെങ്കിലും നിയമത്തിൻകിഴിൽ ഒരു പോലീസ് ഉദ്യോഗസ്ഥൻ ചെയ്തതായി ആരോപിക്കപ്പെടുന്ന ഒരു കുറ്റം സംബന്ധിച്ച് ഫ്രോസിക്യൂഷനോ വ്യവഹാരം നടത്തുന്നതിനോ വേണ്ടി ഒരു കോടതിയെ സമീപിക്കുന്നതിൽ നിന്നും ബാധിതമായ ഒരുളുടെ അവകാശത്തെ ഇല്ലാതാക്കുന്നതല്ല.

117. പ്രോസിസ്യൂഷനോ വ്യവഹാരം നടത്തുന്നതിനുമുള്ള സമയപരിധി.—(1) ഒരു പോലീസ് ഉദ്യോഗസ്ഥൻ തന്റെ കൃത്യനിർവ്വഹണത്തിനിടയിലോ തന്റെ ഔദ്യോഗിക പദവിയുടെ മറവിലോ ചെയ്തതായി ആരോപിക്കപ്പെടുന്ന ഏതൊരു കുറ്റവും പരാതിപ്പെട്ടിട്ടുള്ള കൃത്യം നടന്ന് മൂന്നുമാസത്തിനുശേഷമാണ് പരാതിപ്പെടുന്നതെങ്കിൽ, അത് ഒരു കോടതിയിലും നടപടിയെടുക്കുവാൻ പാടുള്ളതല്ല.

എന്നാൽ കൃത്യത്തിനെക്കുറിച്ച് പരാതിക്കാരന് അറിവില്ലായിരുന്നുവെങ്കിലോ, പരാതിപ്പെടുവാൻ അയാൾ മറ്റുവിധത്തിൽ അപ്രാപ്തനായിരുന്നുവെങ്കിരോ, ഈ കാലഹ രണം ബാധകമാകുന്നതല്ലാത്തതാണ്.

എന്നുമാത്രമല്ല കുറ്റകൃത്യം നടന്ന് മൂന്ന് മാസത്തിനുള്ളിൽ ഏതെങ്കിലും മേലിദ്യോഗസ്ഥനു മുമ്പാകെ പോലിസ് കംല്ളയിന്റ്സ് അതോറിറ്റികളുടെ മുമ്പാകെയോ പരാതിപ്പെട്ടിട്ടുള്ള വിഷയങ്ങൾക്കും പ്രോസിസ്യൂഷന് സർക്കാർ അനുമതി നൽകുന്ന വിഷയങ്ങൾക്കും പ്രസ്തുത കാലഹരണം ബാധകമല്ലാത്തതാണ്.

118. ഒരു പോലിസ് ഉദ്യോഗസ്ഥൻ ചെയ്യുന്ന കൃത്യവിലോപം.—ഒരു പോലീസ് ഉദ്യോഗസ്ഥനായിരിക്കെ, ആരെങ്കിലും,—

(എ) ഈ ആക്റ്റ്പ്രകാരം പോലിസ് സർവ്വീസിലെ അംഗങ്ങൾക്ക് ബാധകമായിട്ടുള്ള ഏതെങ്കിലും നിയമവ്യവസ്ഥയോ, നടപടിക്രമമോ ചട്ടങ്ങളോ റഗുലേഷനുകളോ ലംഘിക്കുകയോ അനുവർത്തിക്കാൻ ഉപേക്ഷ കാണിക്കുകയോ ; അല്ലെങ്കിൽ

(ബി) കർത്തവ്യത്തിൽ നിന്നും ഒഴിഞ്ഞുമാറണമെന്ന ലക്ഷ്യത്തോടെ രോഗം നടിച്ച് കിടക്കുകയോ രോഗമോ പരിക്കോ ഉണ്ടെന്ന് ഭാവിക്കുകയോ സ്വേച്ഛയാ തനിക്ക് ദേഹമോപദ്രവം ഏല്പിക്കുകയോ ; അല്ലെങ്കിൽ

(സി) മറ്റേതെങ്കിലും രിതിയിൽ ഒരു പോലീസ് ഉദ്യോഗസ്ഥന് ചേരുന്നതല്ലാത്ത രീതിയിൽ പ്രവർത്തിക്കുകയോ ; അല്ലെങ്കിൽ

(ഡി) ബിരുത്വത്തിന് അപരാധിയാക്കുകയോ ചെയ്താൽ കുറ്റസ്ഥാപനത്തിന്മേൽ, മൂന്നുമാസം വരെയാകാവുന്ന ഒരു കാലയളവിലേക്കുള്ള തടവോ പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

119. പോലിസ് ഉദ്യോഗസ്ഥൻ കൈക്കൂലി വാങ്ങുന്നതും ഭയപ്പെടുത്തി അപഹരിക്കുന്നതും.—യാതൊരു പോലീസ് ഉദ്യോഗസ്ഥനാണോ, അയാൾ ഏതെങ്കിലും ഭീഷണിയിലുടെയോ കപടാഭിനയത്തിലൂടെയോ ഏതെങ്കിലും കൃത്യം, അത് ചെയ്യുന്നതിനോ ചെയ്യാനിടയാക്കുന്നതോ അയാളുടെ കർത്തവ്യമായിരിക്കാവുന്നതും, ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ വൈകിപ്പിക്കുന്നതിനോ അല്ലെങ്കിൽ അയാൾ നൽകുന്നതിനോ വിനിമയം ചെയ്യുന്നതിനോ ബദ്ധ്യസ്ഥമായ ഏതെങ്കിലും കൈകൂലി, വിശേഷാദായം അല്ലങ്കിൽ അദധികൃത പാരിതോഷികമോ പ്രതിഫലമോ ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ അല്ലെങ്കിൽ മേൽപ്പറഞ്ഞ കുറ്റങ്ങളിൽ ഏതെങ്കിലും ചെയ്യുന്നതിന് പ്രേരണ നൽകുകയോ അല്ലെങ്കിൽ ആരെങ്കിലും കപടാഭിനത്തിലൂടെയോ അല്ലങ്കിൽ ഏതെങ്കിലും സാഹചര്യത്തിൽ അയാൾ പിരിച്ചെടുക്കുന്നതിനോ സ്വീകരിക്കുന്നതിനോ സർക്കാരോ സംസ്ഥാന പോലീസ് മേധാവിയോ ജില്ലാ പോലീസ് മേധാവിയോ യഥാവിധി അധികാരപ്പെടുത്തുവുന്നവ ഒഴികെയുള്ള ഏതെങ്കിലും ഫീസോ ഗ്രാറ്റിവിറ്റിയോ ഡയറ്റ്മണിയോ ബത്തയോ പ്രത്യക്ഷമായോ പരോക്ഷമായോ പിരിച്ചെടുക്കുകയോ സ്വീകരിക്കുകയോ ചെയ്താൽ, കുറ്റസ്ഥാപനത്തിനമേൽ, പന്ത്രണ്ടു മാസത്തെ ശമ്പളത്തിൽ കവിയാത്ത പിഴയോ ഏഴുവർഷം വരെയാകാവുന്ന ഒരു കാലയളവിലേക്ക് തടവോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ ഉള്ള ശിക്ഷ വിധേയമാക്കുന്നതാണ്.

120. ശല്യമുണ്ടാക്കുന്ന അറസ്റ്റോ, പിശോധന, പിടിച്ചെടുക്കൽ, അക്രമം എന്നിവ. —ഒരു പോലീസ് ഉദ്യോഗസ്ഥനായിരിക്കെ ആരെങ്കിലും,—

(എ) ശല്യമുണ്ടാക്കിയും നിയമാനുസൃതമുള്ള അധികാരമോ കാരണമോ ഇല്ലാതെ ഏതെങ്കിലും കെട്ടിടം, ഉരു, കൂടാരം അല്ലെങ്കിൽ സ്ഥലം ഇവയിൽ പ്രവേശിക്കുകയോ പരിശോധ നടത്തുകയോ അല്ലെങ്കിൽ പ്രവേശിക്കുന്നതിനോ പരിശോധ നടത്തുന്നതിനോ ഇടയ.ക്കുകയോ ; അല്ലെങ്കിൽ

(ബി) ശല്യമണ്ടാക്കിയും നിയമവിരുദ്ധമായും ന്യാമായ കാരണം കൂടാതെയും ഏതെങ്കിലും ആളുടെ വസ്തു പിടിച്ചെടുകയോ ; അല്ലെങ്കിൽ

(സി) ശല്യമുണ്ടാക്കിയും നിയമവരുദ്ധമായും ന്യായമായ കാരണം കൂടാതെയും ഒരാളെ തടങ്കലിൽ വയ്ക്കുകയൊ പരിശോധന നടത്തുകയോ അറസ്റ്റ് ചെയ്യുകയോ ; അല്ലെങ്കിൽ

(ഡി) കസ്റ്റഡിയിലുള്ളതോ തന്റെ കർത്തവ്യത്തിനിടയിൽ താൻ ബന്ധം സ്ഥാപിക്കാവുന്ന ഏതൊരുളെയും കരുതിക്കൂട്ടി പീഡനത്തിനോ ഏതെങ്കിലും വിധത്തിലുള്ള മനുഷ്യത്വരഹിതമോ നിയമവിരുദ്ധമോ ആയ വ്യക്തിപരമായ ആക്രമത്തിനോ ഗുരുതരമായ ദുർവൃത്തിയ്ക്കോ വിധേയമാക്കുകയോ ; അല്ലെങ്കിൽ

(ഇ) കരുതിക്കൂട്ടിയും അറിവോടെയും ദുരുദ്ദേശ്യപരമായും, ഒരു നിരപരാധിയെ ഒരു ക്രിമിനൽ കുറ്റത്തിൽ ഉൾപ്പെടുത്തുവാൻ, ഒരു വ്യാജ സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തുകയോ ; അല്ലെങ്കിൽ

(എഫ്) ഏതെങ്കിലും നിരപരാധിയായ ആളിനെ ഒരു ക്രിമിനൽ കളടത്തിൽ ഉൾപ്പെടുത്തുന്നതിനായി കരുതിക്കൂട്ടി വ്യാജരേഖ ഉണ്ടാക്കുകയോ ; അല്ലെങ്കിൽ

(ജി) കരുതിക്കൂട്ടിയും അറിവോടെയും പോലീനുമേൽ അക്രമണത്തിന്റെ വ്യാജമായ ഒരു ആരോപണംഉന്നയിക്കുകയോ; അല്ലെങ്കിൽ

(എച്ച്) ഒരു പോലീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ അയാൾ തടയുവാൻ ബാധ്യസ്ഥനായ ഒരു കുറ്റകൃത്യം ചെയ്യുന്നതിന് കരുതിക്കൂട്ടിയും പ്രത്യക്ഷമായും സഹായമോ പ്രേരണയോ നൽകുകയോ;

ചെയ്താൽ, കുറ്റസ്ഥാപനത്തിൻമേൽ, മൂന്ന് വർഷംവരെയാകാവുന്ന ഒരു കാലയളവിലേയ്ക്ക് തടവിനും പിഴയ്ക്കുംകൂടി വിധേയനാക്കുന്നതാണ്:

എന്നാൽ ഈ വകുപ്പിലെ യാതൊന്നും പ്രസ്തുത പോലീസ് ഉദ്യോഗസ്ഥനെ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെലും നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് അതേ വിഷയത്തിൽ കൂടുതലായുള്ള ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതിൽ നിന്നും തടയുന്നതല്ലാത്തതാണ്.

121. പോലീസിന്റെ ചുമതലകളിൽ ഇടപെടുന്നതിനുള്ള ശിക്ഷ.—ആരെങ്കിലും,—

(എ) പോലീസ് സേനയിലെ ഏതൊരംഗത്തേയും അയാളുടെ സേവനങ്ങളെ തടയുന്നതിനോ ഒരു അച്ചടക്കലംഘനം നടത്തുന്നതിനോ പ്രേരിപ്പിക്കുകയോ പ്രേരിപ്പിക്കുവാൻ ശ്രമിക്കുകയോ പ്രേരിപ്പിക്കുവാൻ സാധ്യതയുണ്ടെന്ന അറിവോടെ ഏതെങ്കിലും ഒരു കൃത്യം ചെയ്യുകയോ; അല്ലെങ്കിൽ

(ബി) പോലീസിന്റേതായ ഏതെങ്കിലും ചുമതലയോ അധികാരമോ നിയമവിരുദ്ധമായി ഏറ്റെടുക്കുകയോ; അല്ലെങ്കിൽ

(സി) നിർദ്ദോഷമായി വിനോദ ആവശ്യത്തിനൊഴികെ പോലീസ് ഉദ്യോഗസ്ഥനായി ആൾമാറാട്ടം നടത്തുന്ന; അല്ലെങ്കിൽ

(ഡി) പോലീസിനെ ഒരു അന്വേഷണത്തിലോ യഥാവിധയായ പോലീസിന്റെ കൃത്യനിർവ്വഹണത്തിലോ സാരവത്തായ വിവരങ്ങളിൽ വഴിതെറ്റിക്കുക എന്ന ഉദ്യോശ്യത്തോടെ തെറ്റായ സ്റ്റേറ്റ്മെന്റ മനഃപൂർവ്വം ഒരു പോലീസ് ഉദ്യോഗസ്ഥന് നൽകുന്ന ; അല്ലെങ്കിൽ

(ഇ) ഒരു പോലീസ് ഉദ്യോഗസ്ഥനെ അദ്ദേഹം നിർവ്വഹിക്കാൻ തുടങ്ങിയ ഏതെങ്കിലും കൃത്യനിർവ്വഹണത്തിൽ നിന്നും തടയണമെന്ന പ്രത്യക്ഷമായ ഉദ്ദേശ്യത്തോടെ ഭീഷണിപ്പെടുത്തുകയോ തടയുകയോ കയ്യേറ്റം ചെയ്യുകയോ അപമാനിക്കുകയോ ചെയ്യുന്ന,

ഏതൊരാളും കുറ്റസ്ഥാപനത്തിൻ മേൽ പതിനായിരം രൂപയിൽ കവിയാത്ത പിഴയോ മൂന്നുവർഷം വരെയാകാവുന്ന തടവോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

122. ഗുരുതരമായ ക്രമസമാധാന ലംഘനമോ അപായമോ ഉണ്ടാക്കുന്നതിനുള്ള ശിക്ഷ.—ഏതെങ്കിലും വ്യക്തി,—

(എ) പൊതുസ്ഥലത്ത് ലഹരി പിടിച്ച അവസ്ഥയിലോ ലഹളയുണ്ടാക്കുന്നവനായോ; അയാളെ തന്നെ ശ്രദ്ധിക്കാൻ അശക്തനായോ കാണപ്പെട്ടാൽ; അല്ലെങ്കിൽ

(ബി) അറിഞ്ഞുകൊണ്ട് പോലീസിനെയോ ഫയർ ബ്രിഗേഡിനെയോ മറ്റേതെങ്കിലും അവശ്യ സർവ്വീസിനെയോ വഴിതെറ്റിക്കാൻ കിംവദന്തി പരത്തുകയോ വ്യാജമായി അപകട സൂചന നൽകുകയോ ചെയ്യുന്നുവെങ്കിൽ; അല്ലെങ്കിൽ

(സി) അറിഞ്ഞുകൊണ്ടും മനഃപൂർവ്വമായും പൊതുജനങ്ങൾക്കിടയിൽ പൊതു പരിഭ്രാന്തിയുണ്ടാക്കുവാനായി ഒരു അവശ്യ സർവ്വീസിന് കേടു സംഭവിപ്പിക്കുന്നുവെങ്കിൽ ; അല്ലെങ്കിൽ

(ഡി) അസഭ്യമായ പ്രസ്താവനയാലോ, വാക്കാലുള്ള അഭിപ്രായ പ്രകടനത്താലോ, ടെലഫോൺ വിളിയിലൂടെയോ ഏതെങ്കിലും വിധത്തിലുള്ള വിളികളാലോ അനുധാവനം ചെയ്തോ അഭിപ്രായ പ്രകടനങ്ങൾ നടത്തിയോ ഏതെങ്കിലും ഉപാധിയിലൂടെ സന്ദേശങ്ങളോ കത്തുകളോ അയയ്ക്കുകയോ ചെയ്ത് ഏതെങ്കിലും ആളിന് അസഹ്യത ഉണ്ടാക്കുകയോ ചെയ്യുന്നുവെങ്കിൽ ; അല്ലെങ്കിൽ

(ഇ) അറിഞ്ഞുകൊണ്ട് പൊതുജനങ്ങൾക്ക് അപായമുണ്ടാക്കുന്നതോ പൊതു സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്യുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നുവെങ്കിൽ ; അല്ലെങ്കിൽ

(എഫ്) നിയമാനുസൃതം അങ്ങനെ ചെയ്യാൻ അധികാരപ്പെടുത്താതെ സ്ഫോടക വസ്തുക്കളോ അപകടകരമായ പദാർത്ഥങ്ങളോ കടത്തികൊണ്ടുപോകുന്നു വെങ്കിൽ ; അല്ലെങ്കിൽ

(ജി) ഒരു ഗുണ്ടയേയോ ഒരു റൗഡിയേയോ സംശയാസ്പദമായ സാഹചര്യങ്ങളിൽ ഒരു പൊതുസ്ഥലത്ത്, 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്ത നങ്ങൾ (തടയൽ) ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ള ഏതെങ്കിലും സാമൂഹ്യ വിരുദ്ധ പ്രവർത്തനം സുസാധ്യമാക്കുന്നതാനായി സമീപപ്രദേശത്ത് ഏതെങ്കിലും കൃത്യത്തിന് ഉപയോഗിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സാമഗ്രികൾ കൈവശം വച്ചുകൊണ്ട് കാണപ്പെടു ന്നുവങ്കിൽ, കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കവിയാത്ത പിഴയോ മൂന്നു വർഷം വരെയാകാവുന്ന തടവോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെ ടേണ്ടതാണ്.

123. <u>ശല്യം ഉണ്ടാക്കൽ, ക്രമസമാധാനലംഘനം എന്നിവയ്ക്കുള്ള ശിക്ഷ.</u>— ഏതൊരാളും,—

(എ) ഒരു പൊതുസ്ഥലത്ത്, പൊതുജനങ്ങൾക്ക് അസഹ്യതയോ അസൗകര്യമോ ഉണ്ടാക്കിക്കൊണ്ട് ഏതെങ്കിലും മൃഗത്തെ കശാപ്പു ചെയ്യുകയോ മൃഗത്തിന്റേ ശവമോ ഫർണിച്ചർ സാധനങ്ങളോ വാഹനമോ വൃത്തിയാക്കുകയോ ഏതെങ്കിലും മൃഗത്തെ പരിപാലിക്കുകയോ ചെയ്യുന്നുവെങ്കിൽ ; അല്ലെങ്കിൽ

(ബി) പൊതുജനത്തിന് തടസ്സമുണ്ടാക്കുന്ന വിധത്തിൽ അസൗകര്യമോ അപായമോ ഉണ്ടാക്കുന്ന അങ്ങനെയുള്ള രീതിയിൽ ഏതെങ്കിലും വാഹനത്തെയോ ഗതാഗത ഉപാധിയേയോ നിലകൊള്ളാൻ കാരണമാക്കുന്നുവെങ്കിൽ; അല്ലെങ്കിൽ

(സി) ഒരു ട്രാഫിക് ചിഹ്നത്തേയോ സൈൻ ബോർഡിനെയോ അതിന്റെ ദൃശ്യതയോ പാരായണ ക്ഷമതയേയോ കുറച്ചുകൊണ്ട് വികൃതമാക്കുകയോ മറയ്ക്കുകയോ ചെയ്യുന്നുവെങ്കിൽ ; അല്ലെങ്കിൽ

(ഡി) വസ്തുവിന്റെ സൂക്ഷിപ്പുകാരന്റെ മുൻകൂർ അനുവാദമില്ലാതെ ഭിത്തി കൾ, കെട്ടിടങ്ങൾ അല്ലെങ്കിൽ മറ്റു നിർമ്മിതികൾ എന്നിവയെ വികൃതമാക്കുന്നുവെങ്കിൽ ; അല്ലെങ്കിൽ

(ഇ) ഏതെങ്കിലും സർക്കാർ കെട്ടിടത്തിൽ ക്ഷമതയുള്ള അധികാരസ്ഥാനം പൊതുവായി പ്രദർശിപ്പിച്ച ഒരു നോട്ടീസ് എതിരായി പ്രവർത്തിക്കുന്നുവെങ്കിൽ ; അല്ലെങ്കിൽ

(എഫ്) ജലസ്രോതസ്സുകളെയോ ജലവിതരണത്തെയോ പൊതുശുചീകരണ നട പടികളേയോ മലിനമാക്കുകയോ പൊതുസ്ഥലങ്ങൾ വൃത്തിഹീനമാക്കുകയോ നിയമ വിരുദ്ധമായി പരിസ്ഥിതിക്ക് സാരമായ കേടുണ്ടാക്കുകയോ ചെയ്യുന്നുവെങ്കിൽ; അല്ലെങ്കിൽ

(ജി) ഒരു സർക്കാർ കെട്ടിടത്തിലോ സർക്കാർ ഭൂമിയിലോ അതിക്രമിച്ചു കടക്കുന്നുവെങ്കിൽ; അല്ലെങ്കിൽ

(എച്ച്) മോട്ടോർ ഘടിപ്പിക്കാത്ത ഏതൊരു വാഹനവും സൂര്യാസ്തമയത്തിന് അര മണിക്കൂർ ശേഷവും സൂര്യോദയത്തിന് ഒരു മണിക്കൂറിന് മുൻപുള്ള ഏതൊരു സമയത്തും ആവശ്യമായ വെളിച്ചമില്ലാതെ ഓടിച്ചുകൊണ്ടോ വലിച്ചുകൊണ്ടോ തള്ളിക്കൊണ്ടോ പോവുകയാണെങ്കിൽ; അല്ലെങ്കിൽ

(ഐ) മോട്ടോർ ഘടിപ്പിക്കാത്ത ഏതെങ്കിലും വാഹനം (വ്യതിചലനത്തിന് യഥാർത്ഥമായ ആവശ്യമോ തക്കതായ കാരണമോ ഇല്ലാതെ) ഓടിക്കുകയോ വലിച്ചുകൊണ്ടോ തള്ളിക്കോണ്ടോ പോവുകയും തെരുവിൽ മറ്റേതെങ്കിലും വാഹനത്തെ കടന്നു പോകുമ്പോൾ തെരുവിന്റെ വലതു ഭാഗത്തിലൂടെയുള്ള മറ്റേതെങ്കിലും വാഹനത്തെ അഭിമുഖീകരിക്കുമ്പോൾ അങ്ങനെയുള്ള തെരുവിന്റെ ഇടതുവശം ചേർന്ന് പോകാതിരിക്കുന്നുവെങ്കിൽ; അല്ലെങ്കിൽ

(ജെ) വാഹനത്തിൻറെയോ വാഹനങ്ങളുടെയോ മുന്നിൽ നിന്നും അല്ലെങ്കിൽ പിന്നിൽ നിന്നും അഞ്ച് അടി കവിഞ്ഞ് തള്ളിനിൽക്കുന്ന ഏതെങ്കിലും സാധനം വെച്ചിട്ടുള്ള വാഹനമോ വാഹനങ്ങളോ തെരുവിലൂടെ കടത്തുന്നുവെങ്കിൽ; അല്ലെങ്കിൽ

(കെ) ഏതെങ്കിലും മൃഗത്തെയോ വാഹനത്തെയോ ഓടിക്കുന്നതിലോ നോക്കി നടത്തുന്നതിലോ ശ്രദ്ധിക്കുന്നതിലോ എന്തെങ്കിലും ഉദാസീനതമൂലമോ തെറ്റായ ഉപയോഗംമൂലമോ എന്തെങ്കിലും കുഴപ്പം ഉണ്ടാകുന്നുവെങ്കിൽ; അല്ലെങ്കിൽ

(എൽ) പൊതുസ്ഥലത്ത് മറ്റുള്ളവർക്ക് ശല്യമുണ്ടാക്കുന്നവിധം സ്വയം വിശ്രമിക്കുന്നുവെങ്കിൽ ; അല്ലെങ്കിൽ

(എം) തന്റെ കരുതലിലോ നിയന്ത്രണത്തിലോ ഉള്ളതും അരുമായായി വളർത്തുന്നതുമായ മൃഗങ്ങളെ തക്കതായി ശ്രദ്ധിക്കാതിരിക്കുകയും അയൽവാസികൾക്കോ പൊതുജനങ്ങൾക്കോ അസൗകര്യങ്ങൾ ഉണ്ടാക്കുന്നവിധം അവയെ അലക്ഷ്യമായി വിടുന്നുവെങ്കിൽ ; അല്ലെങ്കിൽ

(എൻ) ഉടമസ്ഥന്റെ അറിവും സമ്മതവും ഇല്ലാത പ്രകടമായി പതിനാലു വയസ്സിന് താഴെയുള്ള ഏതൊരാളിൽ നിന്നും ആഭരണം, വാച്ച്, പേന, സൈക്കിൾ, പാത്രം അല്ലെങ്കിൽ വിലപിടിപ്പുള്ള മറ്റു സാധനം വാങ്ങുകയോ അത്തരം ആളിൽ നിന്ന് ഏതെങ്കിലും സാധനം പണയത്തിൻമേലോ ഈടിൻമേലോ എടുക്കുകയോ ചെയ്യുന്നുവെങ്കിൽ; അല്ലെങ്കിൽ

(ഒ) വേണ്ടത്ര മുകരുതലല്ലാതെയും പൊതുസുരക്ഷ കണക്കിലെടുക്കാതെയും ഏതെങ്കിലും സന്തോഷ സൂചിക ദീപം കത്തിക്കുകയോ വെടിക്കോപ്പുകളോ എയർഗണ്ണോ പൊട്ടിക്കുകയോ ഏതെങ്കിലും കരിമരുന്ന് പ്രയോഗം നടത്തുകയോ പടക്കം പൊട്ടിക്കുകയോ ഏതെങ്കിലും ഫയർ ബലൂൺ അയയ്ക്കുകയോ അയാൾക്ക് നിയന്ത്രണമുള്ള പരിസരത്ത് അത്തരം പ്രവർത്തി ചെയ്യാൻ അനുവദിക്കുകയോ ചെയ്യുന്നുവെങ്കിൽ; അല്ലെങ്കിൽ

(പി) ഏതെങ്കിലും തരത്തിലുള്ള ഫോണിലൂടെ അസഭ്യമായതോ ആവർത്തിച്ചുള്ള അനഭിമതമായതോ അജ്ഞാതമായതോ ആയ വിളികളിലൂടെയോ അത്തരം കത്തുകൾ ദൂതൻ, തപാൽ, ഈ-മെയിൽ എന്നിവവഴി എഴുതി എത്തിക്കുകയോ ചെയ്ത് സ്വയം ഏതെങ്കിലും ഒരാളിന് ശല്യമായിത്തീരുന്നുവെങ്കിൽ; അല്ലെങ്കിൽ

(ക്യു) ഏതെങ്കിലും പൊതുസ്ഥലത്ത് പൊതുവായതോ സ്വകാര്യമായതോ ആയ ഏതെങ്കിലും സേവനം ക്രമപ്രകാരം കൊടുക്കുവാനോ സ്വീകരിക്കുവാനോ ഉപയോഗിക്കുവാനോവേണ്ടി രൂപീകരിച്ച ഏതെങ്കിലും ക്യൂ തർക്കുന്നുവെങ്കിൽ; അല്ലെങ്കിൽ

(ആർ) മാനനഷ്ടമുണ്ടാക്കുന്ന അല്ലെങ്കിൽ ഭീഷണിയുണ്ടാക്കുന്ന സ്വഭാവത്തിലുള്ള ഏതെങ്കിലും വസ്തു അതിന്റെ രചയിതാവിന്റെ തിരിച്ചറിയൽ രഹസ്യമാക്കക്കൊണ്ട് എവിടെയങ്കിലും ഒട്ടിച്ചുവയ്ക്കുകയോ പതിക്കുകയോ ; ചെയ്യുന്നുവെങ്കിൽ

കുറ്റസ്ഥാപനത്തിന്മേൽ ഒരു വർഷം വരെയാകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ ഇവ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

124. <u>പ്രത്യേകം വ്യവസ്ഥയില്ലാത്ത കുറ്റങ്ങൾക്കുള്ള ശിക്ഷ</u>,—(1) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയ ഏതങ്കിലും ഉത്തരവിലേയോ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ, അത കുറ്റത്തിന് ഈ ആക്റ്റിൽ മറ്റു ശിക്ഷ നിർണ്ണയിക്കപ്പെടുന്നില്ലെങ്കിൽ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അയാൾക്ക് നൽകാവുന്ന അത്തരം മറ്റു ശിക്ഷയ്ക്കു പുറമോ രണ്ണായിരം രൂപ വരെയാകാവുന്ന പിഴയും അല്ലെങ്കിൽ ആറുമാസത്തിൽ കവിയാത്ത തടവും അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിപ്പെടേണ്ടതാണ്.

(2) കുറ്റം ഒന്നിൽ കൂടുതൽ വ്യക്തികൾ ചെയ്തതാണെങ്കിൽ അവരിലേരോരുത്തരും വെവ്വേറെ ശിക്ഷിക്കപ്പെടേണ്ടതാണ്.

125. <u>കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ</u>,—(1) ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്യുന്നപക്ഷം കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചുമതല വഹിച്ചതോ കമ്പനിയുടെ കാര്യങ്ങളുടെ നടത്തിപ്പിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതോ ആയ വ്യക്തിയും കമ്പിയും കുറ്റത്തിന് ഉത്തരവാദിയായി കരുതപ്പെടേണ്ടതും അതനനുസൃതമായ നടപടികൾക്ക് വിധേയരാക്കേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന് കീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്യുകയും കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ ആണ് ആ കുറ്റം നടന്നതെന്ന് തെളിയുകയും ചെയ്യുന്നപക്ഷം കമ്പനിയുടെ അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോകൂടി ആ കുറ്റഥ്തിന് ഉത്തരവാദയായി കരുതപ്പെടേണ്ടതും അതനുസരിച്ച് അയാൾക്കെതിരെ നടപടിയെടുക്കേണ്ടതും അയാൾ ശിക്ഷിക്കപ്പെടേണ്ടതുമാണ്.

<u>വിശദീകരണം</u>,—(1) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി

(എ) "കമ്പനി" എന്നാൽ ഒരു ഏകാംഗീകൃത നികായമോ എന്നർത്ഥമാക്കുന്നതും അതിൽ ഒരു ഫേമോ മറ്റ് സംഘടനകളോ വ്യക്തികളോ ഉൾപ്പെടുന്നതുമാകുന്നു ;

(ബി) ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം "ഡയറക്ടർ" എന്നാൽ ആ ഫേമിലെ പങ്കാളി എന്നർത്ഥമാകുന്നതുമാണ്.

126. മറ്റു നിയമങ്ങൾ പ്രകാരമുള്ള പ്രോസിക്യൂഷനെ ബാധിക്കുന്നതല്ലെന്ന്,—ഈ ആക്റ്റിൽ അടങ്ങിയിരിക്കുന്ന യാതൊന്നും മറ്റേതെങ്കിലും നിയമത്തിൻകീഴിൽ ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും കുറ്റത്തിന് ഏതൊരു ആളെയും പ്രോസിക്യൂട്ട് ചെയ്യുന്നതിൽ നിന്ന് അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരം അത്തരം കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, മറ്റേതെങ്കിലും ആക്റ്റിൻകീഴിൽ മറ്റു പിഴയ്ക്കോ ശിക്ഷയ്ക്കോ ബാദ്ധ്യസ്ഥനാകുന്നതിനെ തടയുന്നതായി വ്യാഖാനിക്കപ്പെടുവാൻ പാടുള്ളതല്ല.

127. നടപടിക്രമത്തിലെ ക്രമക്കേട് സാരമുള്ളതല്ലെന്ന്—(1) ഈ ആക്റ്റിന്റെ ഏതെങ്കിലും വ്യവസ്ഥകൾക്ക് കീഴിൽ അല്ലെങ്കിൽ ഈ ആക്റ്റിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിൻകീഴിൽ അല്ലെങ്കിൽ അവയ്ക്ക് അടിസ്ഥാനപരമായി യോജിച്ചുകൊണ്ട് പുറപ്പെടുവിച്ച അല്ലെങ്കിൽ പ്രസിദ്ധീകരിച്ച ഏതൊരു ചട്ടം, ഉത്തരവ്, നിർദ്ദേശം, ന്യായ നിർണ്ണയം, അന്വേഷണ വിചാരണ, വിജ്ഞാപനം, കൈക്കൊണ്ട ഏതെരു നടപടി, ഫോറത്തിലുള്ള ഏതെങ്കിലും പിശക് അല്ലെങ്കിൽ നടപടിക്രമത്തിലെ ഏതെങ്കിലും ക്രമക്കേടിന്റെ കാരണത്താൽ മാത്രം, അത്തരം പിശക് അല്ലെങ്കിൽ ക്രമക്കേട് മൂലം സാരമായ ഭംഗം സംഭവിക്കാത്തപക്ഷം നിയമാനുസൃതമല്ലെന്നോ ഒഴിവായതെന്നോ അസാധുവെന്നോ അപൂർണ്ണമെന്നോ കരുതുവാൻ പാടുള്ളതല്ല.

128. കൊഗ്നൈസിബിൾ കുറ്റങ്ങളും ജാമ്യം കിട്ടാവുന്ന കുറ്റങ്ങളും,—(1) ഈ ആക്റ്റിലെ 120, 121, 122 എന്നീ വകുപ്പുകൾക്ക് കീഴിലുള്ള കുറ്റങ്ങൾ കൊഗ്നൈസിബിളും ജാമ്യം കിട്ടാവുന്നതുമായ കുറ്റങ്ങൾ ആയിരിക്കേണ്ടതും 119-ാം വകുപ്പിൻ കീഴിലുള്ള ഒരു കുറ്റം കൊഗ്നൈസിബിൾ ജാമ്യം ലഭിക്കാത്ത ഒരു കുറ്റവുമായിരിക്കുന്നതാണ്.

(2) മേൽപ്പറഞ്ഞ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു പോലീസ് ഉദ്യോഗസ്ഥന് ഒരാളെ അയാളുടെ അറസ്റ്റ് കുറ്റകൃത്യം തുടരുന്നത് തടയുന്നതിനോ അങ്ങനെയുള്ള ആളിനെ പിന്നീട് കണ്ടുകിട്ടാൻ സാദ്ധ്യതയില്ല എന്ന് പ്രത്യക്ഷത്തിൽ വ്യക്തമാണെങ്കിൽ ആ ആൾ സ്വയം അല്ലെങ്കിൽ മറ്റൊരാൾക്ക് പരിക്കേൽപ്പിക്കുവാൻ സാദ്ധ്യതയുണ്ടെങ്കിലോ അറസ്റ്റ് ആവശ്യമായിരിക്കുന്ന ചില പ്രത്യേകമായതും അടിയന്തിരവുമായ സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലോ മാത്രം അറസ്റ്റ് ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിൻകീഴിൽ വരുന്ന മറ്റെല്ലാ കുറ്റങ്ങളും നോൺ കൊഗ്നൈസിബിളും ജാമ്യം ലഭിക്കുന്നവയുമായിരിക്കുന്നതാണ്; എന്നാൽ ഒരു പോലീസ് ഉദ്യോഗസ്ഥന് അത്തരത്തിലുള്ള ഒരു കുറ്റം തുടരുന്നത് തടയുവാനായി ഒരു ആളിനെ താൽക്കാലികമായി നീക്കം ചെയ്യാവുന്നതാണ്.

129. കുറ്റങ്ങൾ നടപടിയ്ക്കെടുക്കൽ,—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം യാതൊരു കോടതിയും അധികാരിതയുള്ള സ്റ്റേഷൻ ഹൗസ് ഓഫീസറുടെയോ പ്രത്യേകം കേസിൽ അദ്ദേഹം പ്രാധികാരം ചെയ്ത മറ്റൊരാളുടെ റിപ്പോർട്ടിന്മേലോ അല്ലാതെ നടപടിയെടുക്കാൻ പാടുള്ളതല്ല.

130. കുറ്റങ്ങൾ രാജിയാക്കൽ,—(1) ഈ ആക്റ്റിൻകീഴിലുള്ള എല്ലാ കൊഗ്നൈസിബിൾ അല്ലാത്ത കുറ്റങ്ങളും കുറ്റാരോപിതന്റെ അപേക്ഷയിന്മേൽ സ്റ്റേഷൻ ഹൗസ് ആഫീസർക്ക് രാജിയാക്കാവുന്നതാണ്.

(2) ജില്ലാ പോലീസ് മേധാവിക്ക് 121-ഉം 122-ഉം വകുപ്പുകൾക്കുകീഴിലുള്ള കുറ്റങ്ങൾ കുറ്റാരോപിൻ നൽകിയ ഏതെങ്കിലും അപേക്ഷയിന്മേൽ ആ വിഷയം ക്ഷമതയുള്ള അധികാരിതയുള്ള കോടതി മുമ്പാകെ പ്രോസിക്യൂട്ട് ചെയ്യാൻ മതിയായ ഗൗരവമുള്ള വിഷയം അല്ലെന്ന് അദ്ദേഹം കരുതുന്നപക്ഷം രാജിയാക്കാവുന്നതാണ്. എന്നാൽ അധികാരിതയുള്ള കോടതി, പോലീസ് കുറ്റപത്രം സമർപ്പിച്ചതിനുശേഷം നടപടി തുടങ്ങിയ വിഷയത്തിൽ അങ്ങനെയുള്ള യാതൊരു രാജിയാക്കലും പാടില്ലാത്തതും അത്തരം സന്ദർഭങ്ങളിൽ അങ്ങനെയുള്ള കോടതി മുൻപാകെ രാജിയാക്കാവുന്നയുമാണ്.

(3) ഓരോ ഇനം കുറ്റത്തെയും സംബന്ധിച്ച് ഈടാക്കേണ്ടുന്ന കോമ്പൗണ്ടിംഗ് ഫീസ് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി സംസ്ഥാന പോലീസ് മേധാവി വിജ്ഞാപനം പുറപ്പെടുവിച്ചപ്രകാരം ആയിരിക്കേണ്ടതും അത്തരം കോമ്പൗണ്ടിംഗ് ഫീസ് ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ആഫീസർ വാങ്ങേണ്ടതാണ്.

(4) രാജിയാക്കൽ ഒരു കുറ്റസ്ഥാപനമായി കണക്കാക്കാൻ പാടില്ലാത്തതും, എന്നാൽ ഏതെങ്കിലും നടപടിക്രമങ്ങളിൽ പൂർവ്വകാല നടപ്പ് പ്രസക്തമായി വരുന്നിടത്ത് പൂർവ്വകാല നടപ്പ് തെളിയിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്.

131. ക്രിമിനൽ ജസ്റ്റിസ് മിസ്സേല്ലേനിയസ് എക്സ്പെൻസ് ഫണ്ട്,—(1) ഇനി പറയുന്ന ചെലവുകൾ വഹിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി കേന്ദ്രീകൃതമായി നടത്തിപ്പോരുന്നതും ഭരണനിർവ്വഹണം നടത്തുന്നതുമായ ഒരു ഫണ്ട് ഉണ്ടായിരിക്കേണ്ടതുമാണ്.

(എ) ചികിത്സാ ചെലവ് ഉൾപ്പെടെ കസ്റ്റഡിയിലുള്ളവരുടെ ചെലവുകൾ;

(ബി) പോലീസ് ഉദ്യോഗസ്ഥന് ഉണ്ടായിട്ടുള്ള ചെലവുകളോ പൊലീസ് ഉദ്യോഗസ്ഥർക്ക് കൊടുത്തിട്ടുള്ള ബത്തകളോ അല്ലാതെയുള്ള ക്രിമിനൽ കുറ്റങ്ങളുടെ അന്വേഷണം സംബന്ധിച്ച് സാക്ഷികളുടെ ബത്തകളോ ചെലവുകൾ തിരിച്ചുകൊടുക്കലോ ഉൾപ്പെടെ ഉണ്ടായിട്ടുള്ള ചെലവുകൾ ;

(സി) കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള വസ്തുക്കളുടെ പരിപാലനവും സൂക്ഷിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ ;

(ഡി) മൃതശരീരങ്ങൾ, പരിക്കേറ്റവരെ ആശുപത്രിയിലേയ്ക്ക് നീക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്കും അപകടങ്ങൾക്കും ദുരന്തങ്ങൾക്കും ഇരയായവർക്ക് അടിയന്തിര സഹായം നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും ചെലവായ തുകകൾ ;

(2) ഫണ്ടിന്റെ ഭരണ നിർവ്വഹണം സർക്കാർ നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കനുസൃതമായിരിക്കേണ്ടതാണ്.

(3) ഈ ആക്റ്റിൻകീഴിലെ കുറ്റങ്ങൾക്ക് പോലീസ് ഈടാക്കി ശേഖരിച്ച മുഴുവൻ കോമ്പൗണ്ടിംഗ് ഫീസും അവകാശികളില്ലാത്ത വസ്തുക്കളുടെയും നശിച്ച്പോകുന്ന വസ്തുക്കളുടെയും വിൽപ്പനയിലൂടെ ഈടാക്കിയ എല്ലാ തുകകളും ഫണ്ടലേയ്ക്ക് അടക്കേണ്ടതാണ്.

(4) ചെലവുകൾക്കായി ഫണ്ടിൽ വേണ്ടത്ര തുകയുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സർക്കാർ, ഫണ്ടിലേയ്ക്ക് അഡീഷണൽ റമിറ്റൻസുകൾക്കും കൂടി വകയിരുത്താവുന്നതാണ്.

132. നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി സർക്കാരിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

133. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം—സർക്കാരിന്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിലേക്കായി, ഗസറ്റ് വിജ്ഞാപനംവഴി, മുൻകാല പ്രാബല്യത്തോടെ പിൽകാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ചട്ടങ്ങൾ പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗംവരാതെയും അപ്രകാരമുള്ള ചട്ടങ്ങൾ ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്,—

(എ) ഈ ആക്റ്റ് പ്രകാരം നിർണ്ണയിക്കാൻ വ്യക്തമായി ആവശ്യപ്പെട്ടതോ അനുവദിച്ചതോ ആയ എല്ലാ സംഗതികളും, കൂടാതെ

(ബി) നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റെല്ലാ സംഗതികളും.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തൽ വരുത്തുകയോ, ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചക്കത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുകതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

134. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം സർക്കാരിന്, വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമരല്ലാത്തതും ആവശ്യമെന്ന് അതിന് തോന്നുന്നതുമായ ഏതൊരു കാര്യവും ഉത്തരവു മൂലം ചെയ്യാവുന്നതാണ്:

എന്നാൽ ഈ ആക്റ്റ് പ്രകാരം പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ടു വർഷം കഴിഞ്ഞതിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കിയ എല്ലാ ഉത്തരവുകളും, അത് പുറപ്പെടുവിച്ചശേഷം, എത്രയുംവേഗം, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

135. റദ്ദാക്കലും ഒഴിവാക്കലും,—(1) 1960-ലെ കേരള പോലീസ് ആക്റ്റ് ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, അങ്ങനെ റദ്ദാക്കിയ ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ആരംഭിച്ചിട്ടുള്ള എന്തെങ്കിലും നടപടിക്രമമോ, ഈ ആക്റ്റിലെ ക്രമാനുഗതമായ വ്യവസ്ഥകൾക്ക് കീഴിൽ ചെയ്തതായോ എടുത്തതായോ ആരംഭിച്ചതായോ കതുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

കേരളത്തിന്റെ വിവിധ വിഭാഗങ്ങളിൽ നിലനിന്നിരുന്ന പോലീസ് സമ്പ്രദായങ്ങൾ 1960-ലെ കേരള പോലീസ് ആക്റ്റ് പ്രകാരം ഏകീകരിച്ചു. പ്രസ്തുത ആക്റ്റ് വസ്തുതാപരമായി 1861-ലെ ഇന്ത്യൻ പോലീസ് ആക്റ്റിന് സമാനമായിട്ടുള്ളതായിരുന്നു. പ്രസ്തുത ആക്റ്റിന്റെ ഘടന 1858-ൽ ബ്രട്ടീഷ് രാജാവ്, 1857-ലെ സ്വാതന്ത്ര്യസമരത്തിനുശേഷം ഈസ്റ്റ് ഇന്ത്യ കമ്പനിയിൽ നിന്നും ഇന്ത്യയുടെ ഭരണം ഏറ്റെടുത്തപ്പോൾ ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന അവസ്ഥയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതയിരുന്നു. 1861-ലെ പോലീസിന്റെ ഘടന സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയാത്ത പൗരമാരുടെ സമൂഹത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. ജനാതിപത്യത്തിന്റെ വരവ് പോലീസിന്റെ പ്രവർത്തന ശൈലിക്ക് മാറ്റം വരുത്തി. സാമ്രാജ്യത്വ ശക്തികളുടെ കീഴ്പ്പെടുത്തൽ ഉറപ്പാക്കുന്നതിന് തക്ക സമ്പ്രദായം അടങ്ങിയ ഒരു പോലീസ് സംവിധാനം കണ്ടെത്തി രൂപീകരിക്കുന്ന കാര്യത്തിൽ എല്ലായ്പോഴുമെന്നപോലെ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം ആയിരുന്നു. മുന്നിൽ. തുടർന്ന് വന്ന വർഷങ്ങളിൽ പോലീസ് പരിഷ്കരണത്തിനായുള്ള ആഹ്വാനം വളരെ ശക്തമായി. പോലീസ് പരിഷ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി വിവിധ സംസ്ഥാനങ്ങളും കേന്ദ്രവും നിരവധി കമ്മിഷനുകളെയും കമ്മിറ്റികളെയും നിയമിക്കുക്കയുണ്ടായി.

ബഹു. സുപ്രീം കോടതി ആവശ്യപ്പെട്ടപ്രകാരം ദേശീയ മനുഷ്യവകാശ കമ്മീഷൻ, സോളി സൊറാബ്ജി കമ്മിറ്റി, പോലീസ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് ബ്യൂറോ എന്നിവയോട് ഇത് സംബന്ധച്ച് അവരുടെ അഭിപ്രായം ഫയൽ ചെയ്യുവാൻ ആവശ്യപ്പെടുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ 1960-ലെ പോലീസ് ആക്റ്റിനുപകരം പുതിയ ഒരു ആക്റ്റ് കൊണ്ടുവരുന്നതിലേയ്ക്കായി പോലീസ് ആക്റ്റ് ഡ്രാഫ്റ്റിംഗ് കമ്മിറ്റി സമർപ്പിച്ച 2006-ലെ കരട് മാതൃകാ പോലീസ് ആക്റ്റ് ഭാരത സർക്കാർ അയച്ചുതരുകയുണ്ടായി. അത് പ്രകാരം, സർക്കാർ നിയമിച്ച ശ്രീ. ജേക്കബ് പുന്നൂസ് ഐ. പി. എസ്. ചെയർമാനായുള്ള പോലീസ് ആക്റ്റ് റിവ്യൂ കമ്മിറ്റി 2010-ലെ കരട് പോലീസ് ബിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത കരട് ബില്ലിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് ഈ ബിൽ.

മേൽപറഞ്ഞ ഉദ്ദേശ്യം നിർവ്വഹിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബില്ല്.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 6-ാം ഖണ്ഡപ്രകാരം സർക്കാർ, വിഭവങ്ങൾക്ക് വിധേയമായി അടിസ്ഥാന പോലീസ് സേവനങ്ങൾ ആവശ്യമുള്ള എല്ലാപേർക്കും ആയത് പ്രദാനം ചെയ്യുന്നതി

നായി ഉചിതമായ മനുഷ്യശക്തിയും അടിസ്ഥാന സൗകര്യങ്ങളും ഓരോ പോലീസ് സ്റ്റേഷനിലും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മേൽപ്പറഞ്ഞ കണക്കിൽ പ്രതി വർഷം ഏകദേശം രണ്ടുകോടി ഇരുപത്തഞ്ചു ലക്ഷം രൂപയുടെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

ബില്ലിലെ 9-ാം ഖണ്ഡപ്രകാരം സംസ്ഥാന സർക്കാർ, കസ്റ്റഡിയിലുള്ള ഓരോ ആളിന്റെയും ഭക്ഷണം, വെള്ളം മറ്റ് പ്രാഥമിക ആവശ്യങ്ങൾ എന്നിവയ്ക്കായി അവിദഗ്ദ്ധ തൊഴിലാളികൾക്ക് തൽസമയം നിലവിലുള്ള ഏറ്റവും കുറഞ്ഞ ദിവസവേതനത്തിന്റെ പകുതിയെന്ന പ്രതിദിന നിരക്കിൽ കസ്റ്റഡിയിലുള്ള കാലയളവിലേക്ക് ആനുപാതികമായി ഒരു തുക, ഓരോ പോലീസ് സ്റ്റേഷനും നൽകേണ്ടതാണ്. മേൽപറഞ്ഞ കണക്കിൽ പ്രതിവർഷം ഏകദേശം ഒരു കോടി രൂപയുടെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

ബില്ലിലെ 30-ാം ഖണ്ഡം (4)-ാം ഉപഖണ്ഡ പ്രകാരം സർക്കാരിന്, കേരളാ പോലീസിലെ അംഗങ്ങൾക്കിടയിൽ നല്ല മാനസികവും ശാരീരികവുമായ ആരോഗ്യം വർദ്ധിപ്പിക്കുന്നതിന് പ്രോൽസാഹനവും അടിസ്ഥാന സൗകര്യവും നൽകുന്ന സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. മേൽ പറഞ്ഞ കണക്കിൽ പ്രതി വർഷം ഏകദേശം ഒരു കോടി രൂപയുടെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

ബില്ലിലെ 110-ാം ഖണ്ഡ പ്രകാരം സർക്കാർ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും അവരുടെ കർത്തവ്യനിർവ്വഹണത്തിനടയിലോ ചുമതല നിർവ്വഹിച്ച കാരണത്താലോ ഉളവായ വിദ്വേഷത്തിന്റെ കാരണത്താൽ അവരുടെ മേൽ നടത്തിയ ആക്രമണങ്ങളാലോ സംഭവിച്ച ഏതൊരു പരിക്കിനോ അവശതയ്ക്കോ മരണത്തിനോ പര്യാപ്തമായ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തേണ്ടതാണ്. മേൽപറഞ്ഞ കണക്കിൽ പ്രതിവർഷം ഏകദേശം ഒരു കോടി രൂപയുടെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഗസറ്റ് വിജ്ഞാപനംമൂലം ഓരോ പ്രാദേശിക സ്ഥലത്തും പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 5-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

5-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡത്തിനുകീഴിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധി പ്രവർത്തിക്കേണ്ട കെട്ടിടവും പരിസരവും വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ മേൽപ്പറഞ്ഞ ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

2. ഏതെങ്കിലും പ്രദേശത്തിൽ പ്രത്യേകകാലത്തേക്കോ, അല്ലെങ്കിൽ ഏതെങ്കിലും പ്രദേശത്ത് പ്രത്യേക ആവശ്യത്തിനോ അല്ലെങ്കിൽ ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും പ്രത്യേക നിയമമോ, നിയമങ്ങളോ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് പ്രത്യേക പേലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 11-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

പ്രത്യേക പോലീസ് സ്റ്റേഷന്റെ പരിസരം, വിസ്തൃതി, അധികാരിതയുടെ വ്യാപ്തി എന്നിവ വ്യക്തമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ മേൽപ്പറഞ്ഞ ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

പ്രത്യേക പോലീസ് സ്റ്റേഷൻ ഒരു സഞ്ചരിക്കുന്ന വാഹനത്തിലോ, എതെങ്കിലും താൽക്കാലിക ആഫീസിലോ സ്ഥാപിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ മേൽപ്പറഞ്ഞ ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

3. ഓരോ പോലീസ് സ്റ്റേഷനിലും സൂക്ഷിക്കേണ്ടുന്ന പോലീസ് സ്റ്റേഷൻ ഡയറിയുടെ മാതൃക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 12 -ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

4. സംസ്ഥാനത്താട്ടാകെ കേരള പോലീസ് എന്ന പേരിൽ പോലീസ് സേന സ്ഥാപിക്കുന്നതിനും അതിനെ ഭൂമിശാസ്ത്രപരമായ സൗകര്യത്തിനും പ്രവർത്തന മേന്മയ്ക്കും, മറ്റ് പ്രത്യേക ആവശ്യത്തിനോ വേണ്ടി ഉപയൂണിറ്റുകളായോ, യുണിറ്റുകളായോ, ശാഖകളായോ, വിഭാഗങ്ങളായോ വിഭജിക്കുവാനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 14-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

പോലീസ് സേനയിലെ പോലീസ് ഉദ്യോഗസ്ഥരുടെ വിവധ പദവികൾ തീരുമാനിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ആയതിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

കേരള പോലീസിന്റെയോ മറ്റ് സംസ്ഥാനത്തിന്റെയോ കേന്ദ്രത്തിന്റെയോ സേവനത്തിലുള്ള ഏതൊരു പദവിയെയും വ്യക്തമാക്കാനുപയോഗിക്കുന്ന മറ്റേതെങ്കിലും പദപ്രയോഗങ്ങൾ മേൽപറഞ്ഞ ഏതെങ്കിലും പദവിയ്ക്ക് തുല്യമാണെന്ന് വിനിർദ്ദേശിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡം സർക്കാരിനെ പുതിയ പദവി സൃഷ്ടിക്കാനോ, പുതിയ ഉദ്യോഗപ്പേര് നൽകാനോ അധികാരപ്പെടുത്തുന്നു.

5. പോലീസ് സേനയിലെ ഓരോ പദവിയിലുമുള്ളവരുടെ എണ്ണം, ഘടന, ഓഫീസുകൾ, അധികാരിത, ആജ്ഞാശ്രേണി, ഭരണപരമായ അധികാരങ്ങൾ, കർത്തവ്യങ്ങൾ, ചുമതലകൾ എന്നിവ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവ്മൂലം നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 15-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

6. വിജ്ഞാപനംവഴി, സംസ്ഥാനത്ത് ഏതൊരു പ്രദേശത്തെയും ഒരു പോലീസ് ജില്ലയായി പ്രഖ്യാപിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 16-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

7. ഏതൊരു ഉത്തരവിന് വിധേയമായിട്ടാണോ ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ജില്ലയിലെ പോലീസും പോലീസ് സ്റ്റേഷനും പ്രവർത്തിക്കേണ്ടത് ആ ഉത്തരവുകൾ പുറപ്പെടുവിക്കാൻ ബില്ലിന്റെ 17-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. കൂടാതെ ജില്ലാ പോലീസ് മേധാവിയി

ടെയും അദ്ദേഹത്തെ സഹായിക്കുന്നതിനുള്ള പോലീസ് ഉദ്യോഗസ്ഥരുടെയും പദവി നിശ്ചയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

8. സംസ്ഥാന പോലീസ് മേധാവിയെ നിയമിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 18-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. സംസ്ഥാന പോലീസ് മേധാവിയെ സഹായിക്കുന്നതിന് ഡി.ജി.പി., എ.ഡി.ജി.പി., ഐ.ജി.പി., ഡി.ഐ.ജി.പി., എസ്.പി., ഡി.വൈ.എസ്.പി. എന്നീ പദവികളിലുള്ള എത്ര മാത്രം ഉദ്യോഗസ്ഥർ വേണമെന്ന് തിരുമാനിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ മേൽപ്പറഞ്ഞ ഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

9. പോലീസ് അതിന്റെ കർത്തവ്യത്തിലും ചുമതലകളിലും സഹായിക്കുന്നതിന് പ്രത്യേക വിംഗോ, പ്രത്യേക യൂണിറ്റോ, പ്രത്യേക വിഭാഗമോ, പ്രത്യേക ആവശ്യത്തിലേയ്ക്കുള്ള സ്ക്വാഡോ സൃഷ്ടിക്കാനും നിലനിർത്തിപ്പോരാനും, ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 21-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

പ്രത്യേക വിംഗ്, പ്രത്യേക വിഭാഗം, മികച്ച പ്രാവീണ്യമുള്ള വിഭാഗം, പ്രത്യേക ആവശ്യത്തിനുള്ള സ്ക്വഡ് എന്നിവയിലെ വ്യക്തികളുടെ സേവനവ്യവസ്ഥ, പ്രത്യേക ആനുകൂല്യം എന്നിവ നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ മേൽപ്പറഞ്ഞ ഖണ്ഡത്തിന്റെ 4-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

10. കേസന്വേഷണം വേഗത്തിലും കാര്യക്ഷമതയോടെയും വൈദഗ്ദ്ധ്യത്തോടെയും തടത്തുന്നതിലേക്കായി ക്രമസമാധാനം പോലീസ് വിഭാഗത്തിൽ നിന്നും അന്വേഷണവിഭാഗം പോലീസിനെ ഉത്തരവുമൂലം വേർതിരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 23-ാം ഖണ്ഡത്തിന്റെ 1-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

11. ആക്റ്റിൻകീഴിൽ സംസ്ഥാന സെക്യൂരിറ്റി കമ്മീഷന് നൽകിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനും കർത്തവ്യങ്ങൾ നിവേറ്റുന്നതിനും, വിജ്ഞാപനംമൂലം ഒരു സംസ്ഥാന സുരക്ഷാ കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 24-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. സംസ്ഥാന സുരക്ഷാ കമ്മീഷനിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ സേവന വ്യവസ്ഥകൾ, നൽകാവുന്ന ഫീസ്, അലവൻസുകൾ എന്നിവ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ മേൽപ്പറഞ്ഞ ഖണ്ഡത്തിന്റെ 8-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

12. ഏതെങ്കിലും അടിയന്തിര ഘട്ടം തരണംചെയ്യുന്നതിന് സാഹചര്യങ്ങൾ അപ്രകാരം ആവശ്യപ്പെടുന്നപക്ഷം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 25-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

13. കേരളാ പോലീസിലെ അംഗങ്ങൾക്ക് നല്ല മാനസികവും ശാരീരികയവുമായ ആരോഗ്യം നിലനിർത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിന് പാരിതോഷികങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ ബില്ലിന്റെ 30-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

14. വർഗ്ഗീയ അഥവാ രാഷ്ട്രീയ ആക്രമണത്താലോ ഭീകരപ്രവർത്തനത്താലോ അല്ലെങ്കിൽ വൻതോതിലുള്ള അക്രമത്താലോ പ്രവർത്തികളാലോ വിധ്വംസകം അല്ലെങ്കിൽ പൊതുസ്വത്ത് നശിപ്പിക്കപ്പെടുന്നതിനാലോ ദുസ്സഹമായിട്ടുള്ള ഏതൊരു പ്രദേശത്തെയും പ്രശ്നബാധിത പ്രദേശമായി പ്രഖ്യാപിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിന്റെ 45-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഏതെല്ലാം തരത്തിലും, വിഭാഗത്തിലുംപെട്ട സേവനദാതാക്കൾ, അങ്ങനെയുള്ള സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിന് മുമ്പ് പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ വാങ്ങണമെന്ന് വിജ്ഞാപനം മുഖേന വ്യവസ്ഥ ചെയ്യാനും അങ്ങനെ സർട്ടിഫിക്കറ്റ് നൽകുന്നതിന് പോലീസ് മേധാവി കൂടാതെയുള്ള അധികാരസ്ഥസ്ഥാനം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 54-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

16. പോലീസ് സ്റ്റേഷനുകളിൽ അന്വേഷണ സമയത്ത് പോലീസ് പിടിച്ചെടുത്ത സാധനങ്ങൾ, അവകാശി ഇല്ലാത്ത സാധനങ്ങൾ എന്നിവ സൂക്ഷിക്കുന്നതിന്, പോലീസ് സ്റ്റേഷനല്ലാതെയുള്ള അടച്ചുകെട്ടിയ ഒരു സ്ഥലം വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 56-ാം ഖണ്ഡം 1-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

17. സ്വാഭാവിമായുള്ള നാശത്തിന് വിധേയമാവുന്ന ഒരു വസ്തുവോ അതിന്റെ ഭാഗമോ, അല്ലെങ്കിൽ കന്നുകാലി ഉൾപ്പെടുന്നതോ ആയത് ഏതൊരു വസ്തുവും ലേലം ചെയ്യുന്നതിനുള്ള രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 57-ാം ഖണ്ഡം 3-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

18. ഏതെങ്കിലും ഒരാളിൽ നിന്ന് വിലപിടിപ്പുള്ള സാധനമോ സെക്യൂരിറ്റിയോ നഷ്ടപ്പെട്ടിട്ടുള്ള വിവരം ലഭിച്ചാൽ ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തി, അന്വേഷണം നടത്തുന്നതിനലേയ്ക്ക് ഈടാക്കേണ്ട ചാർജ് നിർണ്ണയിക്കാൻ ബില്ലിന്റെ 59-ാം ഖണ്ഡത്തിന്റെ 2-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

19. ഏതെങ്കിലും ഒരാൾ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ലാ എന്നുള്ള സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന് ഏതെങ്കിലും അഭ്യർത്ഥന ലഭിച്ചാൽ അതിന്മേൽ അന്വേഷണം നടത്തി ആയത് ലഭ്യമാക്കാൻ ഈടാക്കേണ്ട ചാർജ്ജ് നിശ്ചയിക്കാൻ ബില്ലിന്റെ 60-ാം ഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

20. ഒരു വ്യക്തിക്കോ, സ്ഥാപനത്തിനോ, വ്യക്തികളുടെ സംഘത്തിനോ, അത്തരം വ്യക്തിക്കോ, സ്ഥാപനത്തിനോ, സംഘത്തിനോ, അല്ലെങ്കിൽ അവരുടെ സ്വത്തുക്കളുടെ സംരക്ഷണത്തിനോ വേണ്ടി കൂടുതൽ പോലീസിനെ വിന്യസിക്കാനുള്ള മാനദണ്ഡവും നടപടിക്രമവും നിർണ്ണയിക്കാൻ ബില്ലിന്റെ 63-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

21. മികച്ച സേവനം നൽകിയതിനോ, കുറ്റകൃത്യം തടയുന്നതിലോ, ഏതെങ്കിലും കേസിന്റെ അന്വേഷണത്തിനോ അല്ലെങ്കിൽ ക്രമസമാധാനപാലനം, സുരക്ഷ അല്ലെങ്കിൽ ഗതാഗത സുരക്ഷ കാത്തു സൂക്ഷിക്കുക എന്നിവയിലോ വിവരം നൽകിയതിനോ പൊതുജനങ്ങൾക്ക് പാരിതോഷികം വാഗ്ദാനം ചെയ്യുന്നതിനായിട്ടുള്ള ചട്ടങ്ങൾ നിർണ്ണയിക്കാൻ ബില്ലിന്റെ 67-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

22. പോലീസ് അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി കൈവശം വച്ചിരിക്കുന്ന ഏതെങ്കിലും ഉപകരണങ്ങൾക്കോ അഥവാ വസ്തുക്കൾക്കോ ലൈസൻസ് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 71-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

23. അപായം, തടസ്സം, പൊതുജനത്തിനുള്ള അസൗകര്യം എന്നിവ തടയുന്നതിനും പൊതുസ്ഥലങ്ങളിലെ ഗതാഗതം, മറ്റു അനുബന്ധ സംഗതികൾ ക്രമീകരിക്കുന്നതിനു വേണ്ടി ജില്ലാ പോലീസ് മേധാവി പുറപ്പെടുവിപ്പിക്കുന്ന ഉത്തരവുകൾ ഭേദഗതി ചെയ്യാനോ, ഇല്ലാതാക്കാനോ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 73-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

24. പൊതുജനത്തിന് കായികാഭ്യാസ പരിശീലനം നൽകുന്നതിന് പെർമിറ്റ് നൽകുന്ന അധികാരസ്ഥാനത്തെ നിശ്ചയിക്കുന്നതിനും അപ്രകാരം പെർമിറ്റ് ലഭിക്കുന്നയാൾ പാലിക്കേണ്ടുന്ന നിബന്ധനകൾ പുറപ്പെടുവിക്കാനും സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിന്റെ 74-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

25. പൊതു അറിയിപ്പോ, ഉത്തരവോ വഴി കൂട്ടായ കായികാഭ്യാസത്തെയോ അഥവാ ആയുധങ്ങളോടുകൂടിയോ, കൂട്ടായ കായികാഭ്യാസമോ അല്ലെങ്കിൽ ആയുധങ്ങൾ വഹിച്ചു കൊണ്ടോ ആളുകൾ നടത്തുന്ന ഏതൊരു ജാഥയേയോ, ആറുമാസക്കാലത്തേക്ക് നിരോധിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിന്റെ 76-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

26. ഏതെങ്കിലും തെരുവോ, പൊതു സ്ഥലമോ ഏതെങ്കിലും പൊതു ആവശ്യത്തിലേയ്ക്കായി താൽക്കാലികമായി നീക്കിവയ്ക്കുന്നതിന് വിധേയമായിട്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിന്റെ 77-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

27. ഒരു പ്രദേശത്തെ പൊതുവ്യവസ്ഥയോ, സമാധാനമോ, നിയമവാഴ്ചയോ സംരക്ഷിക്കുന്നതിനായി ഏതെങ്കിലും ജനക്കൂട്ടത്തെ തടയുന്നതിന് വേണ്ടി പോലീസ് മേധാവി പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ കാലാവധി നീട്ടുന്നതിനോ, ആവശ്യമായ ഭേദഗതി വരുത്തുന്നതിനോ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിന്റെ 80-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

28. സമാധാനം നിലനിർത്തുന്നതിന് ഏതെങ്കിലും ആളിന്റെയോ, ആളുകളുടെ കൂട്ടത്തിന്റെയോ സേവനങ്ങളെ തൊഴിൽപരമായോ, മാനസികമായോ ശാരീരികമായോ അല്ലെങ്കിൽ കായികമായതോ ആയ സേവനങ്ങളെ തരംതിരിക്കുന്നതിന് ജില്ലാ മജിസ്ട്രേറ്റിനെയോ അഥവാ സർക്കാരിനെയോ ചുമതലപ്പെടുത്താൻ ബില്ലിന്റെ 83-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

29. ഏതെങ്കിലും പ്രദേശത്തെ പ്രത്യേക സുരക്ഷാമേഖലയായി വിജ്ഞാപനം ചെയ്യുന്നതിനും അപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട മേഖലകളുടെ ഉപയോഗം സംബന്ധിച്ച് ഉചിതമായി നിയന്ത്രണങ്ങൾ നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിന്റെ 84-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

30. പോലീസ് ഉദ്യോഗസ്ഥന്മാരുടെ നിയമനം, പരിശീലനം, ശമ്പളം, മറ്റു സേവന വ്യവസ്ഥകൾ എന്നിവ കാലാകാലങ്ങളിൽ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുകളാൽ നിർണ്ണവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 85-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

31. പരിശീലനത്തിനുശേഷം നിയമിക്കപ്പെടുന്ന ഒരു പോലീസ് ഉദ്യോഗസ്ഥൻ ചെയ്യേണ്ടുന്ന സത്യപ്രതിജ്ഞയുടെയോ, ദൃഢപ്രതിജ്ഞയുടെയോ മാതൃക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിന്റെ 88-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

32. പോലീസ് ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുമ്പോൾ ഉള്ള പരിശീലനത്തിന്റെ കാലാവധി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിന്റെ 89-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

33. എട്ട് മണിക്കൂറിൽ കൂടുതൽ സാരവത്തിനായി നിർവ്വഹിക്കപ്പെടുന്ന ജോലികൾക്കുള്ള പ്രതിഫലം നിശ്ചയിക്കൽ ബില്ലിന്റെ 95-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

34. നല്ല സ്വഭാവമുള്ള 18-നും 60-നും ഇടയ്ക്ക് പ്രായമുള്ളവരുമായ ഏതൊരാളെയും ക്രമസമാധാന പാലനത്തിന് പോലീസിനെ സഹായിക്കുന്നതിനായി സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥനായി കുറഞ്ഞ കാലയളവിലേയ്ക്ക് കൂലിക്ക്, ജില്ലാ പോലീസ് മേധാവി നിയമിക്കുന്നതിന് ബാധകമായ ഉത്തരവുകൾ പുറപ്പെടുവിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 99-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

35. ഇൻസ്പെക്ടറുടെ പദവിയിലും അതിനു താഴെയുമുള്ള ഉദ്യോഗസ്ഥരുടെ പിരിച്ചുവിടൽ, നീക്കം ചെയ്യൽ, സസ്പെൻഡ് ചെയ്യൽ തസ്തികയിലേക്കോ ടൈം സ്കെയിലിലേയ്ക്കോ അവസ്ഥയിലേയ്ക്കോ തരം താഴ്ത്തൽ എന്നിവയ്ക്ക് ബാധകമായ ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 100-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

36. ഒരു പ്രവൃത്തി, വ്യക്തിപരമായ ദാസ്യവൃത്തിയാണോ അല്ലയോ എന്നത് സംബന്ധിച്ച സംസ്ഥാന പോലീസ് മേധാവിയുടെ തീരുമാനം പുനഃപരിശോധിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 101-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

37. കേരള പോലീസ് (വകുപ്പുതല അന്വേഷണങ്ങളും ശിക്ഷയും അപ്പീലും) ചട്ടങ്ങളിൽ കീഴിൽ അന്വേഷണങ്ങൾ നടത്തുവാനുള്ള അധികാരസ്ഥാനം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 103-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

38. പോലീസ് ഉദ്യോഗസ്ഥന്മാർക്ക് നൽകുന്ന വകുപ്പിലെ ശിക്ഷകളിന്മേലുള്ള അപ്പീലും റിവിഷനും വേണ്ട നടപടിക്രമം വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 105-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

39. വെൽഫെയർ ബ്യൂറോയിലെ നാമനിർദ്ദേശം ചെയ്യേണ്ട അംഗങ്ങളുടെ എണ്ണം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 106-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

40. പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് സ്ഥാപിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 107-ാം ഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു. അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും ബോർഡ് ചുമതലകൾ നിർവ്വഹിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ പ്രസ്തു ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡിന്റെ ഏത് തീരുമാനവും സ്വമേധയാലോ നിവേദനത്തിൻമേലോ റദ്ദാക്കുന്നതിനോ രൂപഭേദപ്പെടുത്തുന്നതിനോ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 108-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

41. എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും അവരുടെ കർത്തവ്യ നിർവ്വഹണത്തിനിടയിലോ ചുമതല നിർവ്വഹിച്ച കാരണത്താലോ ഉളവായ വിദ്വേഷത്തിന്റെ കാരണത്താൽ അവരുടെ മേൽ നടത്തിയ ആക്രമണങ്ങളാലോ സംഭവിച്ച ഏതൊരു പരിക്കിനോ അവശതയ്ക്കോ മരണത്തിനോ പര്യാപ്തമായ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിന്റെ 110-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

42. പോലീസ് അസോസിയേഷൻ, ചില നിയന്ത്രണങ്ങളോടുകൂടി രൂപീകരിക്കുന്നതിനുള്ള, മാർഗ്ഗനിർദ്ദേശങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 111-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

43. സംസ്ഥാനതലത്തിൽ ഒരു പോലീസ് കംപ്ലയന്റ്സ് അതോറിറ്റി സ്ഥാപിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 112-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ജില്ലാതലത്തിൽ പോലീസ് കംപ്ലയന്റ്സ് അതോറിറ്റി രൂപീകരിക്കുന്നതിന് മേൽപ്പറഞ്ഞ ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

സംസ്ഥാന കംപ്ലയൻസ് അതോറിറ്റിയിലേയും ജില്ലാ കംപ്ലയിന്റ്സ് അതോറിറ്റികളിലേയും അംഗങ്ങളുടെ സേവന വ്യവസ്ഥകളും, വേതനവും മറ്റ് അലവൻസുകളും അതോറിറ്റികളുടെ പ്രവർത്തനത്തിനും വേണ്ടിയുള്ള നടപടിക്രമങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഖണ്ഡത്തിന്റെ (5)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഏതെല്ലാം കാര്യങ്ങളെ സംബന്ധിച്ച് ജില്ലാ കംപ്ലയിന്റ്സ് അതോറിറ്റിയ്ക്കും ജില്ലാതല കംപ്ലയിന്റ്സ് അതോറിറ്റിയ്ക്കും ഒരു സിവിൽ കോടതിയുടെ അധികാരമുണ്ടായിരിക്കുമെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് മുൻപറഞ്ഞ ഖണ്ഡത്തിന്റെ 7-ാം ഉപഖണ്ഡം (ഡി) ഇനം കൊണ്ടുദ്ദേശിക്കുന്നു.

44. ക്രിമിനൽ ജസ്റ്റിസ് മിസലേനിയസ് എക്സ്പെൻസസ് ഫണ്ടിന്റെ ഭരണ നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 131-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

45. ഈ ആക്ടിന്റെ ആവശ്യത്തിലേയ്ക്കായി സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിന്റെ 132-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

46. ഈ ആക്ടിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി ഗസറ്റ് വിജ്ഞാപനം മുഖേന ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിന്റെ 133-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

47. ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാതെ, ആയത് നീക്കം ചെയ്യുന്നതിന് വേണ്ട ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 134-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കേണ്ടത്, അവ, നടപടിക്രമം സംബന്ധിച്ചുള്ളതോ, സാധാരണമോ, ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതാണ്. കൂടാതെ ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതുമാണ്.

കോടിയേരി ബാലകൃഷ്ണൻ

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

ഖണ്ഡം 2.—ഈ ബില്ലിൽ ഉപയോഗിച്ചിട്ടുള്ള ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 3.—പോലീസിന്റെ കർത്തവ്യങ്ങൾ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 4.—പോലീസിന്റെ ചുമതലകൾ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 5.—സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും ഓരോ പോലീസ് സ്റ്റേഷന്റെയും അധികാരപരിധി നിശ്ചയിക്കുന്നതിനും, പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറെ നാമകരണം ചെയ്യുന്നതിനും ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 6.—പോലീസ് സ്റ്റേഷനിലേക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ നൽകുന്നതിനും അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനും എല്ലാ പോലീസുകാർക്കും മതിയായ സ്ഥലസൗകര്യവും സജ്ജീകരണവും ഏർപ്പെടുത്തുന്നതിനും ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 7.—എല്ലാ പൗരന്മാർക്കും കാര്യക്ഷമമായ പോലീസ് സേവനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 8.—എല്ലാ പോലീസ് സ്റ്റേഷനുകളിലും സമാധാനപരമായ പ്രവേശനത്തിനും പോലീസ് സ്റ്റേഷനുകളിൽ നിന്നു നിയമപരമായിട്ടുള്ള സേവനങ്ങൾ ലഭിക്കുന്നതിനുമുള്ള അവകാശവും വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 9.—കസ്റ്റഡിയിലിരിക്കുന്ന ഓരോ ആളിനും ഭക്ഷണം, വെള്ളം, മറ്റ് പ്രാഥമിക ആവശ്യങ്ങൾ എന്നിവയ്ക്കായി സർക്കാർ, ഒരു തുക നൽകുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 10.—പോലീസ് സ്റ്റേഷനുകൾ, സേവനങ്ങൾ ആവശ്യമായവർക്കുവേണ്ടി എല്ലാ സമയവും പ്രവർത്തനസജ്ജമാക്കുന്നതിനും പോലീസിന്റെ കർത്തവ്യം നിർവ്വഹിക്കുന്നതിന് ജാഗരൂകരാക്കുന്നതിനും ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 11.—ഗസറ്റ് വിജ്ഞാപനംവഴി പ്രത്യേക പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും അതിന്റെ പദവി നിശ്ചയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 12.—ഓരോ പോലീസ് സ്റ്റേഷനിലും സൂക്ഷിക്കേണ്ടുന്ന ജനറൽ ഡയറിയുടെ മാതൃക നിർണ്ണയിക്കുന്നതിനും അതിൽ രേഖപ്പെടുത്തേണ്ടുന്ന പരാതികളുടേയും കുറ്റങ്ങളുടേയും വിശദാംശങ്ങളെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 13.—12-ാം ഖണ്ഡപ്രകാരം സൂക്ഷിച്ചിരിക്കുന്ന പോലീസ് സ്റ്റേഷൻ

ഡയറി പരിശോധിക്കുന്നതിനുള്ള അധികാരികൾ ആരെല്ലാമാണെന്ന് നിശ്ചയിക്കാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 14.—സംസ്ഥാനത്തൊട്ടാകെ കേരള പോലീസെന്ന പേരിൽ പോലീസ് സേന സ്ഥാപിക്കാനും അതിനെ ഭൂമിശാസ്ത്രപരമായ സൗകര്യത്തിനോ പ്രവർത്തന മേന്മയ്ക്കോ സർക്കാർ നിശ്ചയിക്കുന്ന മറ്റ് പ്രത്യേക ആവശ്യത്തിനോവേണ്ടി പോലീസ് സേനയിലെ ഉദ്യോഗസ്ഥന്മാരുടെ ആരോഹണക്രമത്തിലുള്ള പദവി നിശ്ചയിക്കുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 15.—പോലീസ് സേനയിലെ ഓരോ പദവിയിലും വിഭാഗത്തിലും ഉള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടെ എണ്ണം, ഘടന, ഓഫീസുകൾ, അധികാരിത, ആജ്ഞാ ശ്രേണി, ഭരണപരമായ അധികാരങ്ങൾ, കർത്തവ്യങ്ങൾ, ചുമതലകൾ എന്നിവ ഉത്തരവുമൂലം നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 16.—വിജ്ഞാപനംവഴി സംസ്ഥാനത്തെ ഏതൊരു പ്രദേശത്തെയും ഒരു പോലീസ് ജില്ലയായി പ്രഖ്യാപിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 17.—ജില്ലാ പോലീസുമേധാവിയുടെയും അദ്ദേഹത്തെ സഹായിക്കുന്നതിനുള്ള പോലീസ് ഉദ്യോഗസ്ഥൻമാരുടെയും പദവി നിശ്ചയിക്കുന്നതിനും അവർ ആരുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആയിരിക്കണമെന്നും പോലീസ് ജില്ലയിലെ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതിനുള്ള രീതിയും വ്യവസ്ഥ ചെയ്യുന്നതിനും പോലീസ് സൂപ്രണ്ടിന്റെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥനായിരിക്കണം ജില്ലാ പോലീസ് മേധാവി എന്നു നിശ്ചയിക്കുന്നതിനും ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 18.—സർക്കാരിന്റെ നിയന്ത്രണത്തിനു വിധേയമായി സംസ്ഥാന പോലീസ് മേധാവിയായി നാമകരണം ചെയ്തിട്ടുള്ള ഒരു ഉദ്യോഗസ്ഥനിൽ സംസ്ഥാനത്തൊട്ടാകെ ഉള്ള പോലീസിന്റെ ഭരണം, മേൽനോട്ടം, കൃത്യനിർവ്വഹണം, നിയന്ത്രണം എന്നിവ നിക്ഷിപ്തമാക്കുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 19.—പോലീസിന്റെ കാര്യനിർവ്വഹണം തടസ്സപ്പെടുത്തൽ, പ്രകൃതിദുരന്തം, മനുഷ്യസൃഷ്ടിയായ ദുരന്തം, തെരഞ്ഞെടുപ്പ്, പകർച്ചവ്യാധികൾ, പുറത്തുനിന്നുള്ള കലാപം, ഭൂപരിഷ്കരണം, വസ്തുതർക്കം, യാചനവൃത്തി, ബാലവേല, മനുഷ്യവാണിഭം, കുട്ടികളിലെ കുറ്റകൃത്യം, വ്യവഹാരം തുടങ്ങിയവ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ പോലീസ് നടപടി നിർദ്ദേശിക്കുന്നതിന് ജില്ലാ മജിസ്ട്രേട്ടിനെ ചുമതലപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 20.—സർക്കാരിന്റെ അധികാരിതയ്ക്ക് വിധേയമായി നിലവിലുള്ള ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും ശേഖരിച്ച് പരിഷ്കരിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തുകൊണ്ട് പോലീസ് മാന്വൽ ആയി ക്രോഡീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 21.—പ്രത്യേക വിഭാഗമോ പ്രത്യേക യൂണിറ്റോ, പ്രത്യേക പരിശീലനം സിദ്ധിച്ച വിഭാഗമോ പ്രത്യേക ആവശ്യത്തിലേയ്ക്കായുള്ള സ്ക്വാഡോ രൂപീകരിക്കുന്നതിനും പരിപാലിക്കുന്നതിനും പൊതുവായതോ, പ്രത്യേകമായതോ ആയ ഉത്തരവ്

പുറപ്പെടുവിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തന്നതിനും അത്തരം പ്രത്യേക വിഭാഗങ്ങളോ, യൂണിറ്റുകളോ രൂപീരിച്ചതിന്റെ ആവശ്യകത നിശ്ചയിക്കുന്നതിനും പ്രസ്തുത വിഭാഗങ്ങൾക്ക് സംസ്ഥാന പോലീസു മേധാവിയെ സഹായിക്കുന്നതിനാവശ്യമായ അധികാരങ്ങളും ചുമതലകളും അധികാരിതയും, അധികാരശ്രേണിയും നിശ്ചയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നതിനും ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 22.—ആവശ്യമായി വരുന്നിടത്ത്, ഒരു കീഴുദ്യോഗസ്ഥനിൽ നിയമപ്രകാരമോ, നിയമപരമോ ഉത്തരവ് വഴിയോ ഏൽപ്പിച്ചു കൊടുത്തിട്ടുള്ള ചുമതല നിർവ്വഹിക്കുന്നതിന് ഒരു പോലീസ് ഉദ്യോഗസ്ഥനെ പ്രാപ്തമാക്കാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 23.—കേസന്വേഷണം വേഗത്തിലും, കാര്യക്ഷമതയോടെയും വൈദഗ്ദ്ധ്യത്തോടെയും നടത്തുന്നതിലേയ്ക്കായി പ്രത്യേകമായി നിശ്ചയിക്കുന്ന അത്തരം പ്രദേശത്ത് ക്രമസമാധാനം പോലീസ് വിഭാഗത്തിൽ നിന്നും അന്വേഷണവിഭാഗം പോലീസിനെ ഉത്തരവുമൂലം വേർതിരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 24.—വിജ്ഞാപനംമൂലം ഒരു സംസ്ഥാന സുരക്ഷാ കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 25.—സംസ്ഥാന സുരക്ഷാ കമ്മിഷന്റെ പ്രവർത്തനങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 26.—മുൻ സാമ്പത്തികവർഷത്തെ പോലീസിന്റെ കാര്യനിർവ്വഹണം വിലയിരുത്തുന്നതിനും തുടർന്നു വരുന്ന വർഷത്തിലെ കാര്യനിർവ്വഹണത്തിന്റെ നിലവാരം നിർദ്ദേശിക്കുന്നതിനുംവേണ്ടി, പോലീസിന്റെ പ്രവർത്തനങ്ങളിലോ, പൊതുഭരണനിർവ്വഹണത്തിലോ, സാമൂഹ്യശാസ്ത്രത്തിലോ, ക്രിമിനോളജിയിലോ പരിചിതമായ മൂന്നു വിദഗ്ദ്ധരടങ്ങിയ ഒരു പാനലിനെ നിയമിക്കാൻ സംസ്ഥാന സുരക്ഷാ കമ്മിഷനെ ചുമതലപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 27.—പോലീസുദ്യോഗസ്ഥരുടെ കർത്തവ്യങ്ങൾ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 28.—ഡ്യൂട്ടിയിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനും മാനസികമായും ശാരീരികവുമായും ഊർജ്ജസ്വലരായിരിക്കേണ്ടതും, നിയമപരമായി പോലീസ് അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കേണ്ടുന്ന സാഹചര്യം ശ്രദ്ധയിൽപെടുന്നിടത്ത് അപ്രകാരമുള്ള ചുമതല നിർവ്വഹിക്കുന്നതിനും പ്രാപ്തമാക്കുന്നതിലേക്ക് വ്യവസ്ഥ ചെയ്യുവാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 29.—ഡ്യൂട്ടിയിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ പൊതുജനങ്ങളോട് ഇടപെടുമ്പോഴുള്ള പെരുമാറ്റവും അവരുടെ സംരക്ഷണത്തിലും കസ്റ്റഡിയിലും ഉള്ളവരോടുമുള്ള സമീപനവും നിശ്ചയിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 30.—പോലീസ് ഉദ്യോഗസ്ഥൻ നല്ല ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിന് പ്രവർത്തിക്കണമെന്നും അത്തരം ശാരീരികവും മാനസികവുമായ പ്രാപ്തിയുടെ നിലവാരം നിശ്ചയിക്കുന്നതിനു സംസ്ഥാന പോലീസ് മേധാവിയെ അധികാരപ്പെടുത്തുന്നതിനും അങ്ങനെയുള്ള കാര്യങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് പാരിതോഷികങ്ങൾ ഏർപ്പെടുത്താൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 31.—പോലീസ് ഉദ്യോഗസ്ഥൻ അവരുടെ ഡ്യൂട്ടിക്കിടയിൽ ശേഖരിക്കുന്ന ഏതെങ്കിലും വ്യക്തിയുടെയോ, സ്ഥാപനത്തിന്റെയോ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 32.—പോലീസിന്റെ ഏതെങ്കിലും നടപടിയുടെ ഫലമായി ഏതെങ്കിലും ആളിനോ, വസ്തുവിനോ അയാളുടെ പ്രശസ്തിയേയോ പ്രതികൂലമായി ബാധിച്ചിട്ടുള്ളിടത്ത്, അയാൾക്കോ അയാളുടെ പ്രതിനിധിക്കോ, പ്രസ്തുത കാരണത്തെപ്പറ്റി അന്വേഷിക്കുവാനും, അറിയുവാനും ഉള്ള അവകാശം ഉണ്ടെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 33.—പോലീസ് ഉദ്യോഗസ്ഥൻ അവരുടെ ഏതെങ്കിലും ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് നിർവ്വഹിക്കപ്പെടുന്ന ഏതൊരു പ്രവൃത്തിയെ സംബന്ധിച്ചുള്ള ആഡിയോ, വീഡിയോ, ഡിജിറ്റൽ റിക്കോർഡുകൾ തയ്യാറാക്കുന്നതിനും സൂക്ഷിക്കാനും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 34.—പോലീസിന് നൽകുന്ന പരാതികൾ ഏത് രീതിയിലായിരിക്കണം എന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 35.—പോലീസ് സാക്ഷികളോട് ഇടപെടേണ്ടുന്ന രീതിയും പോലീസിന് സഹായം നൽകിയെന്ന കാരണത്താൽ ശമ്പളം നഷ്ടപ്പെട്ട ആൾക്ക് ക്രിമിനൽ ജസ്റ്റീസ് മിസലേനിയസ് എക്സ്പെൻസസ് ഫണ്ടിൽ നിന്നും പണം നൽകുന്നതിനും വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 36.—ഒരു പോലീസ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം സ്വയം തിരിച്ചറിയൽ വെളിപ്പെടുത്തുന്നതിന് ഓരോ ആളിനെയും പ്രാപ്തമാക്കുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 37.—ഏതൊരു പോലീസ് ഉദ്യോഗസ്ഥനും, സുരക്ഷ ഉറപ്പാക്കുന്നതിനും ആസന്നമായ അപകടം ഒഴിവാക്കുന്നതിനും വേണ്ടി, ഏതൊരു സ്വകാര്യ സ്ഥലത്തും പ്രവേശിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 38.—കുറ്റകൃത്യം നടക്കുന്ന സ്ഥലത്ത് സന്നിഹിതനാകുന്ന ഏതൊരു പോലീസ് ഉദ്യോഗസ്ഥനും, കുറ്റകൃത്യം ഇടപെട്ട് അവസാനിപ്പിക്കുന്നതിനും, ആ ആവശ്യത്തിലേയ്ക്കായി യുക്തമമൊയ ശാരീരിക യോഗ്യതയുള്ള പ്രായപൂർത്തിയായ പുരുഷന്റെ സേവനം ആധികാരികമായി ആവശ്യപ്പെടാനും സ്വീകരിക്കാനും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടാള്ളതാണ് ഈ ഖണ്ഡം

ഖണ്ഡം 39.—ഈ ആക്റ്റിൻ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി, ഒരു പോലീസ് ഉദ്യോഗസ്ഥൻ നൽകുന്ന ന്യായമായ നിർദ്ദേശങ്ങൾ അനുസരിക്കാൻ ഏതൊരാളെയും ബാദ്ധ്യസ്ഥനാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 40.—ഒരു പോലീസ് ഉദ്യോഗസ്ഥൻ നൽകുന്ന ഏതൊരു ന്യായമായ നിർദ്ദേശത്തേയും നിരസിക്കുകയോ, തടയുകയോ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിൽ പരാജയപ്പെടുകയോ ചെയ്യുന്ന ഏതൊരാളേയും നീക്കം ചെയ്യുന്നതിനും അയാളുടെ വിവരങ്ങൾ, ഈ ആക്റ്റിൻകീഴിൽ എടുത്തിട്ടുള്ള മറ്റേതൊരു നടപടികൾക്കും ഭംഗംവരാതെ ശേഖരിക്കുന്നതിനും, പോലീസ് ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 41.—നേരിട്ട് നടപടിയെടുക്കാവുന്ന കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ള ഏതൊരു ആളിനെയോ, വസ്തുവിനെയോ തക്കതായ തദ്ദേശീയ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ പരമാവധി ആറുമണിക്കൂർ സമയംവരെ അനുയോജ്യമായ ഏതൊരു സ്ഥലത്തും സൂക്ഷിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥന് അധികാരം നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 42.—ക്രമസമാധാനം പരിപാലിക്കുന്നതിനും ജനങ്ങൾ കൂട്ടം കൂടുന്നിടത്ത് സംഭവിക്കാവുന്ന അപായം തടയിന്നതിനും ആവശ്യമായ നിർദ്ദേശംനൽകാൻ അപ്രകാരം ജനങ്ങൾ കൂട്ടം കൂടുന്നിടത്ത് ഹാജരാകുന്നതിന് അധികാരമുള്ള ഉദ്യോഗസ്ഥനെ അധികാരപ്പെടുത്താനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 43.—സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയൊടെ എല്ലാ വിഭാഗത്തിലും പദവിയിലുമുള്ള പോലീസുദ്യോഗസ്ഥരുടെ യൂണിഫോം ഏതായിരിക്കണമെന്ന് നിശ്ചയിക്കാൻ സംസ്ഥാന പോലീസു മേധാവിയെ ചുമതലപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 44.—സർക്കാരിന്റെ മുൻകട്ടിയുള്ള അനുമതിയൊടെ, പോലീസ് സേവനങ്ങൾ തേടുന്ന പൊതുജനങ്ങൾക്ക് എളുപ്പത്തിൽ തിരിച്ചറിയുവാൻ സാധ്യമാകുന്ന തരത്തിൽ ഓരോ പോലീസ് ഡ്യൂട്ടി വാഹതന്നിന്റെയും നിറവും സജ്ജീകരണവും അനുബന്ധ ഉപകരണങ്ങളും എന്തൊക്കെയായിരിക്കണമെന്ന് നിശ്ചയിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയെ ചുതെലപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 45.—വർഗ്ഗീയ അഥവാ രാഷ്ട്രീയ അക്രമാണത്താലോ ഭീകരപ്രവർത്തനത്താലോ അഥവാ ദേശീയ വിരുദ്ധ പ്രവർത്തനത്താലോ അല്ലെങ്കിൽ വൻതോതിലുള്ള അക്രമത്താലോ നശീകരണ പ്രവർത്തനത്താലോ ബുദ്ധിമുട്ടുന്ന ഏതൊരു പ്രദേശത്തെയും പ്രശനബാധിത പ്രദേശമായി പ്രഖ്യാപിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 46.—ഏതൊക്കെരീതിയിൽ ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യാമെന്നും അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയുടെ അവകാശങ്ങൾ എന്തൊക്കെയാണെന്നും വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം

ഖണ്ഡം 47.—അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തി നിമാനുസൃതമല്ലാരെ തന്റെ കസ്റ്റഡിയിൽ നിന്നും ലക്ഷപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ, അനുയോജ്യമായ ചെറു ഉപകരണങ്ങളുടെ സഹായത്താലൊ അല്ലാതെയോ മതിയായ ബലം പോലീസ് ഉദ്യോഗസ്ഥന് ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 48.—ബുദ്ധിഭ്രമമോ മാസനികരോഗമോ ലഹരിക്ക് ആധീനനോ അല്ലെങ്കിൽ മറ്റു തരത്തിലോ സ്വയം സംരക്ഷിക്കാൻ കഴിവില്ല എന്ന് തോന്നിക്കുന്ന ഒരാളെ സംരക്ഷിത കസ്റ്റഡിയിൽ എടുക്കാൻ പോലീസിനെ അധികാരപ്പെടുത്തന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം

ഖണ്ഡം 49.—ഒരു കുറ്റക്കാരനെയോ അല്ലെങ്കിൽ സംശയാസ്പദനായ ആളിനെയോ ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ വൈദ്യപരിശോധനയ്ക്ക് വിധേയനാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 50.—പോലീസ് കസ്റ്റഡിയിലുള്ള വ്യക്തികളുടെ വൈദ്യ ചിക്തിസക്കായി മതിയായ സ്ഥലം ഓരോ ആശുപത്രിയിലും നീക്കിവയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 51.—പോലീസ് കസ്റ്റഡിയിലെടുത്ത ഒരാൾ ശാരീരികമായി പരിക്കേറ്റയാളാണെങ്കിൽ അയാളെ ഏറ്റവുമടുത്തുള്ള മെഡിക്കൽ പ്രാക്ടീഷണറുടെ മുമ്പാകെ കൊണ്ടുപോകുന്നതിന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 52.—ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായുള്ള പൊതു സേവനങ്ങൾ വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താവാനും ആർക്കൊക്കെയാണോ സേവനം ലഭ്യമാക്കിയത് അവരുടെ വിശദാംശങ്ങൾ സേവന ദാതാക്കൾ സൂക്ഷിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളാതണ് ഈ ഖണ്ഡം.

ഖണ്ഡം 53.—പോലീസ് ആവശ്യപ്പെടുന്ന വിശദാംശങ്ങളോ വിവരങ്ങളോ, രേഖകളോ. സേവന ദാതാക്കൾ നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുവാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 54.—ഏതെങ്കിലും വിഭാഗത്തിലോ തരത്തിലോ പെട്ട സേവന ദാതാക്കൾ അങ്ങനെയുള്ള സേവനം പൊതുജനങ്ങൾക്കു നൽകുന്നതാരംഭിക്കുന്നതിനു മുമ്പ് പോലീസ് മേധാവിയിൽ നിന്ന് പോലീസ് വേരിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ നേടേണ്ടതാണെന്ന് വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണീ ഖണ്ഡം.

ഖണ്ഡം 55.—സേവന ദാതാവ്, അയാളുടെ ശ്രദ്ധയിൽപെട്ട നഷ്ടപ്പെട്ടതോ തേടുന്നതോ ആയ വസ്തു സംബന്ധിച്ച വിശദാംശങ്ങൾ ഏറ്റവുമടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയയക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണീ ഖണ്ഡം.

ഖണ്ഡം 56.—പോലീസ് സ്റ്റേഷനുകളിൽ പ്രത്യേക സാധനങ്ങൾ സൂക്ഷിക്കുന്നതിനായി മതിയായ സ്ഥലം ഉണ്ടായിരിക്കേണ്ടാതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിനും പിടിച്ചെടുത്ത സാധനങ്ങൾ സൂക്ഷിക്കുന്നതിന്, പോലീസ് സ്റ്റേഷനിൽ മതിയായ സ്ഥലം ലഭ്യമല്ലാതിരിക്കുന്ന സംഗതിയിൽ പ്രസ്തുത സാധനങ്ങൾ സുക്ഷിക്കുന്നതിനായി പോലീസ് സ്റ്റേഷൻ അല്ലാതെ അടച്ചു കെട്ടിയ ഒരു സ്ഥലം വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുതന്നതുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണീ ഖണ്ഡം.

ഖണ്ഡം 57.—അവകാശവാദമുന്നയിക്കപ്പെടാത്ത വസ്തുവിനെ സംബന്ധിച്ച് പോലീസുദ്യോഗസ്ഥന്റെ കർത്തവ്യങ്ങളും അത്തരം സംഗതികളിൽ അനുവർത്തിക്കേണ്ടതായ നടപടിക്രമവും വിനിർദ്ദേശിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 58.—കാണാതായ ആളിനെ സംബന്ധിച്ച വിവരം രജിസ്റ്റർ ചെയ്യുന്നതിനും നേരിട്ടെടുക്കാവുന്ന കുറ്റം ഉൾപ്പെടുന്ന കേസുകൾ അന്വേഷിക്കുന്നതിനും പോലീസിനെ അധികാരപ്പെടുത്തുന്നതിനും ഇൗ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 59.—നഷ്ടപ്പെട്ട സാധനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും അതിനെക്കുറിച്ച് അന്വേഷിക്കുന്നതിനും സ്റ്റേഷൻ ഹൗസ് ഓഫീസറെ ചുമതലപ്പെടുതന്ന താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 60.—ജില്ലാ പോലീസ് മേധാവിയെ, അദ്ദേഹത്തിന്റെ തദ്ദേശാധികാരപ്രദേശത്ത് ഏതെങ്കിലും ഒരു വ്യക്തി യാതൊരു കുറ്റകൃത്യത്തിലും ഇടപെട്ടിട്ടില്ല എന്ന നിലയിലും ഒര ു സർട്ടിഫിക്കറ്റ് നൽകുന്നതിന് ചുമതലപ്പെടുത്തുന്നതിനും ആയതിന് ഈടാക്കേണ്ട തുക നിശ്ചയിക്കുന്നതിന് സർക്കാരിനെ ചുമതലപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള താണ് ഈ ഖണ്ഡം.

ഖണ്ഡം 61.—ഒരു ജില്ലാ പോലീസ് മേധാവിയ്ക്ക് അദ്ദേഹത്തിന്റെ തദ്ദേശാധികാരപ്ര ദേശത്തിലെ ഏതെങ്കിലും സ്ഥലത്ത് അസാധാരണമായി വൻതുകയോ കൂടുതൽ വിലപിടി പ്പുള്ള ജംഗമവസ്തുക്കളോ സൂക്ഷിച്ചിരിക്കുന്നതായോ ഏതെങ്കിലും പൊതുപ്രാധാന്യമുള്ള പ്രദേശം ഗൗരവമുള്ള സുരക്ഷാഭീഷണി നേരിടുന്നതായോ വിവരം ലഭിക്കുമ്പോൾ, അദ്ദേഹം തിരഞ്ഞെടുക്കുന്ന വ്യക്തികളിലൂടെ സുര്കഷാ പരിശോധന നടത്തിക്കുവാൻ അധികാരപ്പെ ടുത്തുന്നതിനുദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം

ഖണ്ഡം 62.—ഡ്യൂട്ടിയിലുള്ള പോലീസുദ്ദേഗസ്ഥനെ ഗത ാഗതം ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ബന്ധപ്പെട്ട എല്ലാപേർക്കും അപ്രകാരം ഗതാഗതം നിയന്ത്രിക്കുന്ന തിനും ക്രമീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നതിനും പ്രാപ്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 63.—പൊതുജനത്തിനോ അതിന്റെ ഏതെങ്കിലും വിഭാഗത്തിനോ ഏതെങ്കിലും ആളുകൾക്കോ, കൂട്ടത്തിനോ അഥവാ സ്ഥാപനത്തിനോ സംഭവിച്ചേയ്ക്കാവുന്ന ആക്സ്മിക അപകടം തടയുന്നതിനോ അകറ്റുന്നതിനോ ഉദ്ദേശിച്ചുകൊണ്ട് കൂടുതൽ സേനയെ നിയോ ഗിക്കുന്നതിന് ജില്ലാ പോലീസ് മേധാവിയെയോ സംസ്ഥാന പോലീസ് മേധാവിയെയോ സ്റ്റേഷൻ ഹൗസ് ഓഫീസറെയോ അധികാര്പെടുത്തുന്നതിനും അപ്രകാരം അധിക പോലീസ് സേനയെ നിയോഗിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമവും, വ്യക്തിക്കോ സ്ഥാപന ത്തിനോ അപ്രകാരം അധിക പോലീസ് സേനയെ വിന്യസിപ്പിച്ച് നൽകുന്നതിനുള്ള നിബ ന്ധനകളും നിർണ്ണയികക്കുന്നതിന് സർക്കാരിനെ ചുമതലപ്പെടുത്തന്നതിനും ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 64.—ഏതൊങ്കിലും ആളുകളെയോ ആളുകളുടെ സംഘമോ തമ്മിലുള്ള തർക്കം എത്രയും പെട്ടന്ന് പരിഹരിക്കാത്തപക്ഷം അത് ഒരു കൊഗ്നൈസബിൾ കുറ്റമായി പരിണമി ക്കുന്ന സാഹചര്യം ഉണ്ടാകാനുള്ള സാധ്യത പോലീസിന്റെ ശ്രദ്ധയിൽ പെടുന്നിടത്ത് ആവ ശയമായ നടപടി എടുക്കാൻ സ്റ്റേഷൻ ഹൗസ് ഓഫീസറെ ചുമതലപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 65.—ഓരോ പോലീസ് സ്റ്റേഷനിലും പോലീസുകാരുടെ പ്രവർത്തനത്തെ സഹായിക്കുന്നതിനായി കമ്മ്യൂണിറ്റി ലെയ്സൺ വിഭാഗം രൂപീകരിക്കുന്നതിനും പ്രവർത്തി പ്പിക്കുന്നതിനും ജില്ലാ പോലീസ് മേധാവിയെ പ്രാപ്തമാക്കാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശി ക്കുന്നു..

ഖണ്ഡം 66.—ഓരോ പോലീസ് സ്റ്റേഷന്റെയും അധികാര പരിധിക്കുള്ളിലെ പ്രദേശത്തെ ബീറ്റുകളായി വിഭജിക്കുന്നതിനും ഓരോ ബീറ്റു പ്രദേശത്തും ദിവസവും ആവശ്യമായത്ര ബീറ്റ് പെട്രോൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 67.—പ്രത്യേകമായി എടുത്ത് പറയത്തക്ക സേവനങ്ങൾ നൽകിയ പൊതുജനങ്ങൾക്ക് ജില്ലാ പോലീസ് മേധാവി മുഖാന്തിരം പാരിതോഷികം നൽകുന്നതിന് ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 68.—ആകസ്മികമായി ലഹള സംഭവിക്കാവുന്ന ഏതെങ്കിലും സ്ഥലത്ത് ഹാജരുള്ള ഏറ്റവും സീനിയറായ ഉദ്യോഗസ്ഥനെ 48 മണിക്കൂറിൽ കവിയാത്ത ഒരു കാലയളവിലേക്ക് ഏതൊരു കെട്ടിടമോ മറ്റ് പ്രദേശമോ അധീനപ്പെടുത്തുന്നതിനും അതിൽ നിന്നും എല്ലാപേരേയുമോ ഏതെങ്കിലും ആളെയോ ഒഴിപ്പിക്കുന്നതിനും അപ്രകാരമുള്ള ഏതെങ്കിലും ആളിനുമുത്രം പ്രവേശനം നൽകുന്നതിനും അധികാരപ്പെടുത്തുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 69.—ഒരു പ്രദേശത്ത് ഗുരുതരമായ ആപത്തോ അത്യാഹിതമോ സംഭവിക്കുന്നിടത്ത് ആളുകൾ എങ്ങനെ പെരുമാറണമെന്നതിനെ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ പൊലീസ് ഉദ്യോഗസ്ഥനെ പ്രാപ്തനാക്കാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 70.—ഏതെങ്കിലും പ്രദേശത്ത് അഗ്നിബാധയോ, ദുരന്തമോ അപകടമോ ഉണ്ടാകുമ്പോൾ ആവശ്യമായ നടപടികൾ എടുക്കാൻ പോലീസിനെയോ, ഫയർഫോഴ്സിലെ ഒരു അംഗത്തിനെയോ, മജിസ്ട്രേറ്റിനെയോ അവരുടെ അഭാവത്തിൽ ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥനെയോ പ്രാപ്തനാക്കാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 71.—പോലീസ് ഔദ്യോഗികമായി അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി കൈവശം വച്ചിരിക്കുന്ന ഏതെങ്കിലും സജ്ജീകരണങ്ങൾക്കോ അഥവാ വസ്തക്കൾക്കോ ഏതെങ്കിലും നിയമത്തിൻ കീഴിലെ ലൈസൻസ് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കാൻ സർക്കാരിനെ പ്രാപ്തനാക്കാൻ ഈ ഫണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 72.—ഒരു പോലീസ് ഉദ്യോഗസ്ഥൻ മജിസ്ട്രേറ്റിന് മുമ്പാകെ വിവരം സമർപ്പിക്കുന്നതിനും സമൻസ്, വാറണ്ട് സെർച്ചുവാറണ്ട് അത്തരം മറ്റ് നിയമനടപടികൾ എന്നിവയ്ക്കായി അപേക്ഷിക്കുന്നതിനും വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 73.—അപായം, തടസം, പൊതിജനത്തിനുള്ള അസൗകര്യം എന്നിവ തടയുന്നതിനും ഗതാഗതവും അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും ക്രമീകരിക്കുന്നതിനു വേണ്ടി ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ജില്ലാ പോലീസ് മേധാവിയെ പ്രാപ്തനാക്കാനും ഗതാഗത നിയന്ത്രണത്തിൽ പൊതുജനം സ്വമേധയാ സഹായിക്കുന്നതിനുള്ള രീതി നിശ്ചയിക്കുന്നതിനും ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 74.—പെർമിറ്റില്ലാതെ പൊതിജനത്തിന് കായികഭ്യാസത്തിൽ പരിശീലനം നൽകുകയോ അപ്രകാരമുള്ള പരിശീലനത്തിന് ഏതെങ്കിലും കെട്ടിടം അനുവദിച്ചു നൽകുകയോ ചെയ്യുന്ന ഒരാളിനെ തടയുന്നതിനും പരിശീലനം നൽകുന്നതിനായി ഒരാൾക്ക് പെർമിറ്റ്

നൽകാൻ അയാൾ പാലിക്കേണ്ടുന്ന നിബന്ധനകളും അപ്രകാരം പെർമിറ്റ് നൽകാൻ അർഹ തപ്പെട്ട അധികാരസ്ഥാനത്തെയും നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 75.—71-ാം ഖണ്ഡപ്രകാരമുള്ള പെർമിറ്റ് റദ്ദ് ചെയ്യുന്നതിനോ അഥവാ സസ്പെൻഡ് ചെയ്യുന്നതിനോ പബ്ലിക് അതോറിറ്റിയെ ചുമതലപ്പെടുത്തുന്നതിനും പ്രസ്തുത പബ്ലിക് അതോറിറ്റിയുടെ തീരുമാനത്തിനെതിരെ അപ്പീൽ അധികാരസ്ഥന്റെ മുമ്പാകെ ഫയൽ ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 76.—പൊതു അറിയിപ്പോ ഉത്തരവോ വഴി കൂട്ടായ കായിഭ്യാസത്തെയോ അഥവാ ആയുധങ്ങളോടുകൂടിയോ ആയുധങ്ങൾ വഹിച്ചുകൊണ്ടോ ആളുകൾ നടത്തുന്ന പരിശീല നത്തെയോ നിരോധിക്കുന്നതിന് ജില്ലാ മജിട്രേറ്റിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 77.—പൊതുവായ അറിയിപ്പിലൂടെ ഏതെങ്കിലും പൊതു ആവശ്യത്തിലേക്കായി ഏതെങ്കിലും തെരുവോ പൊതു സ്ഥലമോ താൽക്കാലികമായി നീക്കി വയ്ക്കുന്നതിനും അപ്രകാരം നീക്കിവച്ച പ്രദേശത്ത് ആളുകൾ പ്രവേശിക്കുന്നത് നിരോധിക്കുന്നതിനും, ജില്ലാ പോലീസ് മേധാവിയെ പ്രാപ്തനാക്കാൻ തക്ക ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാ രിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 78.—ഏതെങ്കിലും തെരുവിലോ, തുറന്ന പ്രദേശത്തോ മറ്റേതെങ്കിലും സമീപ പ്രദേശത്തോ ശബ്ദം മൂലമുണ്ടാകുന്ന ശല്യം തടയുന്നതിന് ആവശ്യമായ നിർദ്ദേശം നൽകാൻ ജില്ലാ പോലീസ് അധികാരിയെ ചുമതലപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 79.—ആളുകൾ ആയുധങ്ങളോ നശീകരണ വസ്തുക്കളോ, കല്ലുകളുടെ ശേഖ രമോ കൈവശം വയ്ക്കുന്നതോ മാംസാവശിഷ്ടങ്ങളോ, ചിഹ്നങ്ങളോ, പ്ലാക്കാർഡുകളോ പൊതുജനങ്ങളുടെ സദാചാരത്തിന്റെ സാധാരണ നിലവാരത്തിനെതിരെയുള്ള അച്ചടിച്ച കട ലാസുകളോ പ്രദർശിപ്പിക്കുന്നത് നിരോധിച്ചുകൊണ്ടോ, ക്രമീകരിച്ചുകൊണ്ടോ അക്രമയം തടയുന്നതിന് വേണ്ടി വിജ്ഞാപനം പുറപ്പെടുവിക്കാൻ ജില്ലാ പോലീസ് മേധാവിയെ പ്രാപ്ത നാക്കാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 80.—ഒരു പ്രാദേശത്തിൽ പൊതു വ്യവസ്ഥയോ സമാധാനമോ നിയമവാ ഴ്ചയോ സംരക്ഷിക്കുന്നതിനായി ഏതെങ്കിലും ജനക്കാട്ടത്തെ തടയുന്നതിനോ കരാറോ ലൈ സൻസോ പ്രകാരം ക്രമീകരിക്കുന്നതിനോ വിജ്ഞാപനം പുറപ്പെടുവിക്കാൻ ജില്ലാ പോലീസ് മേധാവിയെ പ്രാപ്തനാക്കാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 81.—ജില്ലാ പോലീസ് മേധാവിയോടും തദ്ദേശാധികാരസ്ഥാനത്തോടും കൂടി യാലോചിച്ച് പ്രസ്തുത ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങൾക്കായി ചട്ടങ്ങളും റെഗു ലേഷനുകളുമുണ്ടാക്കാൻ ജില്ലാ മജിസ്ട്രേറ്റിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടു ദ്ദേശിക്കുന്നു.

ഖണ്ഡം 82.—തർക്കം നിലനിൽക്കുന്ന ഒരു പൊതു സ്ഥലത്ത് സമാധാനത്തിന് ഭംഗം വരാൻ സാധ്യതകൾ കാണുന്ന പക്ഷം പ്രസ്തുത സ്ഥലത്തെ സമാധാന പരിപാലിക്കാൻ വേണ്ടി ഉത്തരവ് പുറപ്പെടുവിക്കാൻ ജില്ലാ മജിസ്ട്രേറ്റിനെ ചുമതലപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 83.—സമാധാനം നിലനിർത്തുന്നതിന് ഏതെങ്കിലും ആളിന്റെ ആളുകളുടെ കൂട്ടത്തിന്റെയോ സേവനങ്ങളെ തൊഴിൽപരമായോ ബുദ്ധിപരമായോ കായിക പരമായോ, ആയ സേവനങ്ങളായി തരം തിരിക്കുന്നതിന് ജില്ലാ മജിസ്ട്രേറ്റിനെയോ അഥവാ സർക്കാരിനെയോ ചുമതലപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 84.—ഏതെങ്കിലും പ്രദേശത്തെ പ്രത്യേക സുരക്ഷാ മേഖല ആയി വിജ്ഞാപനം ചെയ്യുന്നതിനും സമീപ പ്രദേശങ്ങളും വാഹനങ്ങളും ഉപയോഗിക്കുന്നത് സംബന്ധിച്ച് യുക്തമായ നിയന്ത്രണങ്ങൾ നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 85.—പോലീസ് ഉദ്യോഗസ്ഥൻമാരുടെ നിയമനവും സേവന വേതന വ്യവസ്ഥകളും നിശ്ചയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 86.—പോലീസ് ഉദ്യോഗസ്ഥർക്കും പോലീസ് പരിശീലനം നടന്നികൊണ്ടിരിക്കുന്നവർക്കു വേണ്ടിയുള്ള അച്ചടക്ക നിയമ സംഹിത തയ്യാറാക്കാൻ സംസ്ഥാന പോലീസ് മേധാവിയെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 87.—ഒരു പോലീസ് ഉദ്യോഗസ്ഥനായി നിയമനം ലഭിക്കുന്നതിനുള്ള അയോഗ്യത വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 88.—പരിശീലനത്തിനുശേഷം നിയമിക്കപ്പെടുന്ന ഒരു പോലീസ് ഉദ്യോഗസ്ഥൻ ചെയ്യേണ്ടുന്ന സത്യപ്രതിജ്ഞയുടെയോ ദൃഢ പ്രിജ്ഞയുടെയോ മാതൃക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 89.—പോലീസ് ഉദ്യോഗസ്ഥന്, ഈ ആക്റ്റിൻ കീഴിൽ ഉള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനു പ്രാപ്തനാക്കുന്നതിലേക്കായി, ഒരു സർട്ടിഫിക്കറ്റ് ഓഫ് അതോറിറ്റി നൽകുന്നതിന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം  കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 90.—അവധിയിലോ, പ്രത്യേകമായി ഒഴിവാക്കപ്പെട്ടിരിക്കുമ്പോഴോ സസ്പെൻഷനിൽ ആയിരിക്കുമ്പോഴോ ഒഴികെ ഓരോ പോലീസുദ്യോഗസ്ഥനെയും ഇന്ത്യയിൽ ഏത് ഭാഗത്തും ഡ്യൂട്ടിക്കായി നിയോഗിക്കാൻ സംസ്ഥാന പോലീസ് മേധാവിയെ പ്രാപ്തനാക്കാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 91.—പോലീസ് സേനയിലെ എല്ലാ അംഗങ്ങളും പോലീസിന്റെ ഏതൊരു വിഭാഗത്തിലും പ്രവർത്തി എടുക്കുന്നതിനായി ഉത്തരവ് നൽകാൻ സംസ്ഥാന പോലീസ് മേധാവിയെ പ്രാപ്തനാക്കാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 92.—സംസ്ഥാന പോലീസു മേധാവിയുടെയോ അതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള മറ്റു ഉദ്യോഗസ്ഥരുടെയോ രേഖാമൂലമുള്ള അനുവാദം കൂടാതെ ഒരു ഉദ്യോഗസ്ഥനും ജോലി രാജി വയ്ക്കുകയൊ ഡ്യൂട്ടിയിൽ നിന്ന് വിട്ടു നിൽക്കുയോ ചെയ്യാൻ പാടുള്ളതല്ല എന്ന്  വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 93.—ഒരു പോലീസുദ്യോഗസ്ഥനും, ഈ ആക്റ്റ് പ്രാകാരമുള്ള ഡ്യൂട്ടിയല്ലാതെ മറ്റൊരു തൊഴിലും ഏർപ്പെടാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 94.—ഒരു പോലീസുദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളും ചുമതലകളും പ്രത്യക അവകാശങ്ങളും അയാൾ സസ്പെൻഷനിൽ ആകുമ്പോൾ മാറ്റി വയ്ക്കുന്നതാണെന്ന് വിനിർദ്ദേശിക്കുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 95.—ഒരു ദിവസത്തിൽ സാധാരണയായി ഡ്യൂട്ടി ചെയ്യേണ്ടുന്ന എട്ട് മണിക്കൂറിൽ കൂടുതൽ ജോലിയെടുക്കുന്നതിനു പോലീസ് ഉദ്യോഗസ്ഥന് അധിക പ്രതിഫലം നൽകുന്നതിന് വ്യവസ്ഥ ചെയ്യാൻ ഇൗ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 96.—പോലീസ് ഉദ്യോഗസ്ഥർ നിയമപരമായി അവരുടെ ഡ്യൂട്ടികൾ നിർവ്വഹിക്കുമ്പോൾ ഉണ്ടായേക്കാവുന്ന കായികാമയ അപായങ്ങൾ അഭിമുഖീകരിക്കാൻ സന്ധദ്ധനായിരിക്കേണ്ടതാണെന്നും ഭീരുത്വം കാണിക്കുന്നവനാകാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 97.—പോലീസ് ഉദ്യോഗസ്ഥർ എപ്പോഴും ഡ്യൂട്ടിക്ക് സന്നദ്ധനായിരിക്കേണ്ടതാണെന്നും അയാളുടെ സാന്നിദ്ധ്യത്തിൽ മറ്റൊരു പോലീസുദ്യോഗസ്ഥൻ നടത്തുന്ന ഏതൊരു അഴിമതി പ്രവർത്തിയെയയും, പീഢന പ്രവർത്തിയെയും കുറിച്ച് ജില്ലാ പോലീസ് മേധാവിക്കു മുമ്പാകെ സംസ്ഥാന പോലീസു മേധാവിക്കു മുമ്പാകെയോ റിപ്പോർട്ടു നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 98.—പോലീസ് ഡയറക്ടർ ജനററിന്റെയും, ഇൻസ്പെക്ടർ ജനറലിന്റെയും, ജില്ലകളുടെ ചുമതലയിലുള്ള പോലീസ് സൂപ്രണ്ടിന്റെയും പൊലീസ് സ്റ്റേഷനുകളുടെ ചുമതലയുള്ള സ്റ്റേഷൻ ഹൗസ് ഓഫീസറുടെയും തസ്തികളിൽ ചുമതലയയേൽക്കുന്ന ഒരു ഉദ്യോഗസ്ഥന് ആ തസ്തികയിൽ കുറഞ്ഞത് രണ്ടു വർഷകാലയളവിലേക്ക് സേവനം ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 99.—സർക്കാർ പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിനു വിധേയമായി നല്ല സ്വഭാവമുള്ള 18-നും 60-നും ഇടക്കു പ്രായമായുള്ളവരുമായ താൽപ്പര്യ ഏതൊരാളേയും ക്രമസമാധാന പാലനത്തിന് പോലീസിനെ സഹായിക്കുന്നതിനായി, സ്പെഷ്യൽ പോലീസായി വാടകയ്ക്ക് നിയോഗിക്കാൻ ജില്ലാ പോലീസ് മേധാവിയെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 100.—ഡ്യൂട്ടിയിൽ അനാസ്ഥകാണിക്കുന്ന ഇൻസ്പെക്ടറുടെ പദവിയിലും അതിനു താഴെയുമുള്ള ഉദ്യോഗസ്ഥരുടെ പിരിച്ചുവിടൽ, നീക്കം ചെയ്യൽ, സസ്പെൻഡ് ചെയ്യൽ, തരം താഴ്ത്തൽ എന്നിവ ക്രമീകരിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു..

ഖണ്ഡം 101.—പോലീസുദ്യോഗസ്ഥൻമാർ മറ്റേതെങ്കിലും ആളിനോ ഉദ്യോഗസ്ഥനോ വേണ്ടി വ്യക്തിപരായി ദാസ്യവൃത്തി നിർവ്വഹിക്കുന്നത് നിരോധിക്കാൻ ഈ ഖണ്ഡം കോണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 102.—ഏതെങ്കിലും കോടതിയുടെയോ നിയനാനുസരണം സ്ഥാപിക്കപ്പെട്ട ഏതെങ്കിലും അധികാര സ്ഥാനത്തിന്റെ മുമ്പാകെ നിലവിലുള്ള ഏതെങ്കിലും കേസോ നടപടിയുമായോ ബന്ദപ്പെട്ട ഡ്യൂട്ടിക്കിടയിൽ ചെയ്ത ഒരു പ്രവർത്തിയെ സംബന്ധിച്ച തർക്കം ഉണ്ടാക്കുകയാണെങ്കിൽ അതിനെ കുറിച്ച് അന്വേഷിക്കുന്നതിന് സംസ്ഥാന പോലീസ് മേലധികാരിയെയോ ജില്ലാ പോലീസു മേലധികാരിയെയോ അധികാരപ്പെടുത്തുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 103.—ഔദ്യോഗിക നടപടി ദൂഷ്യത്തിന് പേലീസുദ്യോഗസ്ഥനുള്ള ശിക്ഷയും വകുപ്പ് തല അന്വേഷണവും നടപടിക്രമവും അന്വേഷണവും നടപടിക്രമം വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 104.—സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി അച്ചടക്കനടപടിയെടുക്കുന്ന അധികാരസ്ഥാനങ്ങൾ നൽകേണ്ട ശിക്ഷകൾ ഒരേ ക്രമത്തിൽ ആക്കി ക്രോഡീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 105.—പോലീസുദ്യോഗസ്ഥന്മാർക്കു നൽകുന്ന വകുപ്പു തല ശിക്ഷകളെ സംബന്ധിച്ചുള്ള അപ്പീലും റിവിഷനും നടപടിക്രമവും വിജ്ഞാപനം ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 106.—വെൽഫയർ ബ്യൂറോ സ്ഥാപിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ വ്യവസ്ഥ ചെയ്യുവാനും ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 107.—പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 108.—പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡി ചുമതലകൾ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 109.—സബ്ഇൻസ്പെക്ടറുടെ പദവിയ ിലും അതിന്റെ താഴത്തെയോ പദവിയിലുള്ള പോലീസുദ്യോഗസ്ഥൻമാരുടെ പരാതികൾ പരിഹരിക്കുന്നതിനായി ഡെപ്യൂട്ടി പോലീസ് സുപ്രണ്ടിന്റെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ പോലീസ് വെൽഫയർ ഓഫീസറായി നാമനിർദ്ദേശം ചെയ്യുന്നതിന് സംസ്ഥാന പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 110.—എല്ലാ പോലീസുകാർക്കും മെഡിക്കൽ ഇൻഷ്വറൻസുകൾ ഉൾപ്പെടെയുള്ള ആവശ്യമായ ഇൻഷ്വറൻസ് പരിരകഷ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 111.—പോലീസ് അസോസിയേഷൻ രൂപീകരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 112.—പോലീസ് കംപ്ലയന്റ്സ് അതോറിറ്റി സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 113.—പോലീസ് ഓഫീസർമാർക്കെതിരെയുള്ള എല്ലാ പരാതികളും സംസ്ഥാന അഥവാ ജില്ലാ പോലീസ് കംപ്ലയന്റ്സ് അതോറിറ്റിക്കു മുമ്പാകെ സമർക്കിക്കണമെന്ന വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 114.—പഞ്ചായത്ത് പ്രസിഡന്റുമാരും നിയമസഭയിലെയ ു ം പാർലമെന്റിലെയും അംഗങ്ങളും പോലീസിനെതിരെയുള്ള പരാതികൾ പോലീസ് കംപ്ലയന്റ്സ് അതോറിറ്റിക്കു മുമ്പാകെ നൽകണമെന്നും അത്തരം അതോറിറ്റി തെരഞ്ഞെടുക്കപ്പെട്ട പ്രിതിനിധികൾക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്നു വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 115.—പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി അതിന്റെ പരിഗണനയിൽ ഉള്ള കേസ്സുകൾ ദ്രുതഗതിയിൽ നടപടികൾ കൈക്കൊള്ളണമെന്നും അതോറിറ്റിക്ക് അതിന്റെ പരിഗണനയിൽ ഉള്ള ഏതെങ്കിലും കാര്യം സംബന്ധിച്ച് പബ്ലിക് സർവ്വന്റിന് മാർഗ്ഗനിർദേശങ്ങൾ നൽകാനും വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 116.—പോലീസ് ഉദ്യോഗസ്ഥർ ഈ ആക്റ്റനുസരിച്ച് ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ പ്രവർത്തിക്ക് പരിര്കഷ നൽകുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 117.—പോലീസ് ഉദ്യോഗസ്ഥൻ അയാളുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ ചെയ്തതായി ആരോപിക്കപ്പെടുന്ന ഒരു കുറ്റത്തെ സംബനധിച്ച് നടപടി എടുക്കുന്നതിനുള്ള ഈ സമയ പരിധിയും നഷ്ടം വരുത്തി എന്ന അവകാശവാദത്തിന്മേൽ ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ കേസെടുക്കേണ്ടുന്നതിനുള്ള സമയ പരിധിയും വ്യയവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 118.—ഒരു പോലീസ് ഉദ്യോഗസ്ഥനെ ഏതൊക്കെ സാഹചര്യങ്ങളിൽ കൃത്യവിലോപത്തിന് ബാദ്ധ്യസ്ഥനാക്കാമെന്നും അങ്ങനെയുള്ള ഉദ്യോഗസ്ഥർക്ക് നൽകേണ്ട ശിക്ഷകളെന്തൊക്കെയെന്നും വ്യവസ്ഥചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നും.ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 119.—കൈക്കൂലിയോ അനധികൃത പാരിതോഷികമോ മറ്റേതെങ്കിലും തരത്തിലുള്ള പ്രതിഫലമോ കൈപ്പറ്റുന്ന ഒരു പോലീസുദ്യോഗസ്ഥന് നൽകാവുന്ന ശിക്ഷയുടെ തോത് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 120.—ഉപദ്രവകരമായ നിയമാനുസൃതമല്ലായോ ഒരാളിനെ തടഞ്ഞുവക്കുകയൊ പരിശോധിക്കുകയോ അറസ്റ്റ് ചെയ്യുകയോ അഥവാ ഏതെങ്കിലും ആളിന്റെ വസുതുവകകൾ കണ്ടുകെട്ടുകയോ ചെയ്യുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന് നൽകേണ്ട ശിക്ഷ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 121.—പോലീസ് പ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് പിഴ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 122.—ഗുരുതരമായ ക്രമക്കേടോ പൊതു ജനത്തിനോ പൊതു സുരക്ഷക്കോ ഭീഷണിയോ ഉണ്ടാകുന്നതിന് ശിക്ഷ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 123.—ശല്യമുണ്ടാക്കുന്ന ആളുകൾക്ക് ശിക്ഷ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 124.—ഇൗ ആക്റ്റിൻ കീഴിൽ പ്രത്യേകമായി ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത കുറ്റങ്ങൾക്കുള്ള ശിക്ഷ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 125.—ഈ ആക്റ്റിൽ കീഴിലുള്ള കുറ്റം ഒരു കമ്പനി ചെയ്യുകയാണെങ്കിൽ കമ്പിനിയിലെ ഉത്തരവാദിത്വപ്പെട്ട ഓരൊ ഉദ്യോഗസ്ഥനും കമ്പിനി കുറ്റത്തിനുത്തരവാദികളായി കരുതപ്പെടുന്നതിന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 126.—ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള ഒരു വ്യവസ്ഥയും ഒരാളിനെ ഈ ആക്റ്റിന്റെയോ മറ്റേതെങ്കിലും നിയമത്തിന്റെയോ കീഴിൽ ചെയ്ത ഏതെങ്കിലും കുറ്റത്തിന്

വിചാരണ ചെയ്യുന്നത് തടസപ്പെടുത്തുന്നതല്ലായെന്ന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 127.—ഈ ആക്റ്റിന്റെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയോ വ്യവസ്ഥകൾക്കനുസൃതമായി ഏതെങ്കിലും പ്രവർത്തി ചെയ്യുമ്പോൾ അതിന്റെ മാതൃകയിലുള്ള ഏതെങ്കിലും പിശകോ നടപടി ക്രമത്തിലെ അപാകതയോ കാരണം അസാധുവാകുന്നതല്ലായെന്ന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 128.—ഈ ആക്റ്റിലെ 120, 121, 122 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ നേരിട്ടെടുക്കുവുന്നതും ജാമ്യം ലഭിക്കുന്നതമാക്കുന്നതിനും 119-ാം വകുപ്പു പ്രകാരമുള്ള കുറ്റം നേരുട്ടെടുക്കാവുന്നതും ജാമ്യം ലഭിക്കാത്തതും ആക്കുന്നതിനും വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 129.—ഒരു കോടതിക്ക് ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം വിചാരണയ്ക്കെടുക്കുന്നതിന് സ്റ്റേഷൻ ഹൗസ് ഓഫീസറിൽ നിന്നുമുള്ള ഒരു റിപ്പോർട്ട് അത്യന്താപേക്ഷിതമാണെന്ന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 130.—കുറ്റം ചെയ്ത ആളിന്റെ അപേക്ഷയിന്മേൽ ഈ ആകറ്റിൻ കീഴിലുള്ള കുറ്റങ്ങൾ രാജിയാക്കുന്നത് സംബന്ധിച്ചവ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 131.—ചില ചെലവുകൾ നേരിടുന്നതിനായി ക്രിമിനൽ ജസ്റ്റിസ് മിസ്സ്ലെനിയസ്സ് എക്സപെൻസസ് ഫണ്ട് പരിപാലിക്കുന്നതിനും ഭരണം നടത്തുന്നതിനും സംസ്ഥാന പോലീസ് മേധാവിയെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 132.—ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി സംസ്ഥാന പോലീസ് മേധാവി നടപ്പിലാക്കേണ്ടുന്ന നിർദ്ദേശങ്ങൾ നൽകാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 133.—ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി മുൻകാല പ്രാബല്യത്തോടെയോ പിൻകാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുതന്നതാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 134.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഉണ്ടാകാവുന്ന ഏതെങ്കിലും വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത എന്തും ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുതന്നതാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഖണ്ഡം 135.—1960-ലെ കേരള പോലീസ് ആക്റ്റ് റദ്ദാക്കുന്നതിനുംഅപ്രകാരം റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരം ചെയ്തതോ, എടുത്തതോ, തുടങ്ങിവച്ചതോ ആയ പ്രവർത്തികൾ ഈ ആക്റ്റിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം ചെയതായോ എടുത്തതായോ തുടങ്ങിവച്ചതായോ കണക്കാക്കുന്നതിനും വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.